# നവകേരളത്തിന്റെ ഹരിതകവാടം

## പരിസ്ഥിതി പുനസ്ഥാപനത്തിന്റെ പത്തുവർഷം

**കാസർഗോഡ് ജില്ല**

ചീഫ് എഡിറ്റർ
**ഡോ. ടി.എൻ. സീമ**
കോർഡിനേറ്റർ,നവകേരളം കർമപദ്ധതി-2
വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

എഡിറ്റർ
**കെ. ബാലകൃഷ്ണൻ**
ജില്ലാ കോർഡിനേറ്റർ

സമാഹരണം, ഏകോപനം
**ഹരിത കേരളം മിഷൻ ടീം**

പ്രസിദ്ധീകരണം
**ഹരിത കേരളം മിഷൻ**
ഫെബ്രുവരി 2026

ഹരിത കേരളം മിഷൻ
മൂന്നാം നില, ബി.എസ്.എൻ.എൽ. ഭവൻ
ഉപ്പളം റോഡ്, സ്റ്റാച്യു, തിരുവനന്തപുരം-695001
ഫോൺ : 0471-2449939
Email: navakeralamgok@gmail.com
www.haritham.kerala.gov.in



കേരള സർക്കാർ

പിണറായി വിജയൻ
മുഖ്യമന്ത്രി

# സന്ദേശം

കേരളത്തിന്റെ വികസന ചരിത്രത്തിൽ പരിസ്ഥിതി സൗഹൃദമായ ഒരു നവകേരള നിർമ്മിതിക്ക് അടിത്തറയിട്ട ദൗത്യമാണ് ഹരിതകേരളം മിഷൻ. ശുചിത്വവും ജലസമൃദ്ധിയും സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉൽപാദനവും ലക്ഷ്യമിട്ടുള്ള ഹരിതകേരളം മിഷൻ, ഒരു സർക്കാർ ദൗത്യം എന്നതിലുപരി ഒരു ജനകീയ സംസ്കാരമായി മാറിയിരിക്കുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഗോള വെല്ലുവിളികളെ നേരിടാൻ ഹരിതകേരളം മിഷൻ നടത്തുന്ന പ്രാദേശിക ഇടപെടലുകൾ നാടിന്റെ പാരിസ്ഥിതിക സുസ്ഥിതി ഉറപ്പാക്കുന്നതിൽ മുഖ്യ പങ്കുവഹിക്കുക യാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെയും ഏജൻസികളെയും ഏകോപിപ്പിച്ചുകൊണ്ട് നടത്തിയ ഈ പ്രവർത്തനങ്ങൾ രാജ്യത്തിനുതന്നെ മാതൃകയാണ്. ജില്ലയുടെ സവിശേഷ പാരിസ്ഥിതിക സാഹചര്യവും മിഷന്റെ നേതൃത്വത്തിൽ നടന്ന ഒരു ദശാബ്ദക്കാലത്തെ പ്രവർത്തനങ്ങളും നേട്ടങ്ങളും ഭാവിയിലേ ക്കുള്ള ദിശാ സൂചനകളും ഉൾക്കൊള്ളുന്ന ഈ പുസ്തകം പരിസ്ഥിതി പ്രവർത്തകർക്കും ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കും ഒരു പോലെ ഉപകാരപ്പെടുമെന്ന് പ്രത്യാശിക്കുന്നു. എല്ലാവിധ ആശംസകളും നേരുന്നു.

പിണറായി വിജയൻ



# അവതാരിക

സംസ്ഥാനത്തിന്റെ പാരിസ്ഥിതിക വീണ്ടെടുപ്പിന് പുത്തൻ ദിശാബോധമാണ് ഹരിതകേരളം മിഷൻ നൽകിയത്. കേവലം ഒരു സർക്കാർ ദൗത്യം എന്നതിലുപരി തദ്ദേശഭരണ സ്ഥാപനങ്ങളുടെ മുൻകൈയിൽ ജനകീയ പങ്കാളിത്തത്തോടെയുള്ള പ്രായോഗിക പ്രവർത്തനങ്ങളിലൂടെ പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളിൽ നേതൃപരമായ പങ്കുവഹിക്കാൻ ഹരിതകേരളം മിഷന് കഴിഞ്ഞിട്ടുണ്ട്. കേരളം നേരിട്ടുകൊണ്ടിരിക്കുന്ന രൂക്ഷമായ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ശാസ്ത്രീയ പരിഹാര മാർഗ്ഗങ്ങളാണ് ഹരിതകേരളം മിഷൻ ആവിഷ്കരിച്ചതും നടപ്പാക്കിയതും. ഏകോപനവും സംയോജനവും ഉറപ്പാക്കിക്കൊണ്ടുള്ള ആസൂത്രണത്തിലും പദ്ധതികൾ ജനകീയ പങ്കാളിത്തത്തോടെ കർമപഥത്തിലെത്തിച്ചതിലും കാട്ടിയ മികവ് ഈ മിഷനെ ദേശീയ ശ്രദ്ധയാകർഷിച്ച ഒരു ബദൽ വികസന മാതൃകയാക്കിമാറ്റി.

കേരളം പ്രകൃതി സൗന്ദര്യത്തിലും ജൈവവൈവിധ്യത്തിലും സമ്പന്നമായ നാടാണ്. പച്ചപ്പിന്റെ പാരമ്പര്യവും ജലസമ്പത്തിന്റെ സമൃദ്ധിയും ഗ്രാമീണ കാർഷിക സംസ്കാരവും ചേർന്നതാണ് കേരളത്തിന്റെ സത്ത. എന്നാൽ കാലാവസ്ഥാ മാറ്റം, അതിവേഗത്തിലുള്ള നഗരവൽക്കരണം, മാലിന്യപ്രശ്നങ്ങൾ, ജലസ്രോതസ്സുകളുടെ ക്ഷയം, കൃഷിഭൂമികൾ തരിശാവുന്നത് തുടങ്ങിയ വെല്ലുവിളികൾ പരിസ്ഥിതി സന്തുലിതാവസ്ഥയെ ബാധിച്ചു. ഈ പശ്ചാത്തലത്തിലാണ് 2016ൽ ഹരിതകേരളം മിഷൻ രൂപീകൃതമാവുന്നത്. ഒരു ദശാബ്ദക്കാലത്തെ പ്രവർത്തനം കൊണ്ട് പരിസ്ഥിതി മേഖലയിൽ ശ്രദ്ധേയങ്ങളായ മാറ്റങ്ങൾ കൊണ്ടുവരാൻ ഹരിതകേരളം മിഷന് കഴിഞ്ഞിട്ടുണ്ട്. സുസ്ഥിര വികസനമെന്നത് കേവലം വാക്കുകളല്ല മറിച്ച് പ്രായോഗികമായ പ്രവർത്തനങ്ങളാണെന്ന് ഈ മിഷൻ തെളിയിച്ചു. പദ്ധതി പ്രവർത്തനങ്ങളിലെ ജനപങ്കാളിത്തം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുടെ നേതൃത്വം, മറ്റ് വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ഏജൻസികളുടെയും സന്നദ്ധസംഘടനകളുടെയും സഹകരണം തുടങ്ങിയവ മിഷൻ പ്രവർത്തനങ്ങൾക്ക് ഊർജമായി.

സംസ്ഥാനമൊട്ടാകെ നടപ്പാക്കിയവയാണ് മിക്ക പദ്ധതികളും ക്യാമ്പയിനുകളും. അതോടൊപ്പം ജില്ലകളുടെ സവിശേഷ ഇടപെടലുകളുടെ ഭാഗമായുള്ള പ്രവർത്തനങ്ങളും നടന്നു. ശുചിത്വവും മാലിന്യസംസ്കരണവും, ജലസംരക്ഷണവും ജലസ്രോതസ്സുകളുടെ പുനരുജ്ജീവനവും, കൃഷി വ്യാപനവും ജൈവവൈവിധ്യ സംരക്ഷണവും തുടങ്ങി വിവിധ മേഖലകൾ കേന്ദ്രീകരിച്ച് നടപ്പാക്കിയ പദ്ധതികളും ക്യാമ്പയിനുകളും വിജയം കണ്ടു. ബോധവൽക്കരണ പ്രവർത്തനങ്ങളെല്ലാം ശക്തമായ ജനകീയ വിദ്യാഭ്യാസമായി മാറി. സംസ്ഥാനമൊട്ടാകെ നടന്ന പ്രവർത്തനങ്ങൾ ജില്ലാടിസ്ഥാനത്തിൽ വിലയിരുത്തുകയാണ് ഈ പുസ്തകത്തിലൂടെ. കാസർഗോഡ് ജില്ലയുടെ പ്രവർത്തനങ്ങളാണ് ഈ റിപ്പോർട്ടിലുള്ളത്.

കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭീഷണി നേരിടുന്ന കേരളത്തിന്റെ പരിസ്ഥിതി നിലനില്പിന് ഈ പ്രവർത്തനങ്ങളുടെ തുടർച്ച അനിവാര്യമാണ്. പ്രകൃതിയോട് ചേർന്നുള്ള വികസനം സാധ്യമാക്കി, പരിസ്ഥിതി സംരക്ഷണത്തെ ജീവിത ശൈലിയായി മാറ്റി ഹരിതസമൃദ്ധ നവകേരളം യാഥാർത്ഥ്യമാക്കാനാവും.

**ഡോ. ടി.എൻ. സീമ**

കോർഡിനേറ്റർ, നവകേരളം കർമപദ്ധതി-2

വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

# ഉള്ളടക്കം

ആമുഖം ........ 7

ജില്ലയുടെ പാരിസ്ഥിതിക സവിശേഷതകളും വെല്ലുവിളികളും ........ 9

പരിസ്ഥിതി പ്രശ്നങ്ങളിലെ ഇടപെടൽ സാധ്യതകൾ........ 25

ഹരിതകേരളം മിഷൻ നടത്തിയ ഇടപെടലുകളും നേട്ടങ്ങളും........ 32

സൃഷ്ടിക്കപ്പെട്ട മാതൃകകൾ........ 59

മിഷൻ നേട്ടങ്ങളുടെ പ്രവർത്തന വഴികൾ ........ 90

ഹരിതകേരളം മിഷനിലൂടെ സാധ്യമായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ
ശാക്തീകരണം........ 113

സുസ്ഥിര പരിസ്ഥിതിക്കായുള്ള ഭാവിപ്രവർത്തനങ്ങൾ ........ 129

# ആമുഖം

വികസനമോ? പരിസ്ഥിതിയോ? വളരെ പഴയ ചോദ്യമാണിതെങ്കിലും ഏകാഭിപ്രായ സ്വഭാവമുള്ള ഉത്തരം ഇപ്പോഴുമില്ല. ഭരണഘടനയുടെ ആർട്ടിക്കിൾ 21 പ്രകാരം ശുദ്ധമായ പരിസ്ഥിതി, ശുചിത്വം, മലിനീകരണ രഹിത വായു, വെള്ളം എന്നിവയ്ക്കുള്ള അവകാശം മൗലികാവകാശങ്ങളാണെന്ന് സുപ്രീം കോടതി പലതവണ അംഗീകരിച്ചിട്ടുണ്ട്.

ചരിത്ര പ്രസിദ്ധമായ ഡൂൺവാലി കേസിൽ നാൽപ്പത് വർഷങ്ങൾക്കു മുമ്പ് ബഹു.സുപ്രീം കോടതി ആർട്ടിക്കിൾ 21 നെ വ്യാഖ്യാനിച്ചതിൽ തുടങ്ങി സുപ്രധാനമായ വിധികൾ ഈ മേഖലയിലുണ്ടായിട്ടുണ്ടെങ്കിലും മികച്ച പരിസ്ഥിതിയിൽ ജീവിക്കാനുള്ള പൗരന്മാരുടെ അവകാശം ഭരണ സംവിധാനങ്ങളുടെ പരിഗണനയിൽ മുഖ്യ പ്രാധാന്യത്തോടെ ഇന്നും കടന്നു വന്നിട്ടില്ല എന്നതാണ് പൊതു സ്ഥിതി.

ഇൻഡോറിലേതുപോലെ നഗര കേന്ദ്രീകൃതമായ ചില മാലിന്യ സംസ്കരണ സംവിധാനങ്ങൾ, തെലുങ്കാനയിലെ ഹരിതഹാരം പോലെ ചില വൃക്ഷവത്ക്കരണ പ്രവർത്തനങ്ങൾ, രാലിഗാൻ സിദ്ദി ഗ്രാമത്തിലേതുപോലെ ചില ജലസംരക്ഷണ ഇടപെടലുകൾ എന്നിങ്ങനെ പ്രാദേശികമായി നടപ്പാക്കിയ കുറേ മാതൃകകൾക്കപ്പുറം സംസ്ഥാനാടിസ്ഥാനത്തിൽ നടപ്പാക്കപ്പെട്ട പരിസ്ഥിതി ഇടപെടലുകൾ രാജ്യത്തെവിടെയും ഇല്ല എന്നതായിരുന്നു സ്ഥിതി.

2016 ൽ കേരളത്തിൽ അധികാരത്തിൽ വന്ന സർക്കാർ ആർട്ടിക്കിൾ 21 അതിന്റെ വിപുലമായ അർത്ഥത്തിൽ നടപ്പാക്കാനായി പുതിയൊരു കർമപദ്ധതിക്ക് തുടക്കം കുറിച്ചത് രാജ്യത്തു തന്നെ സമാനതകൾ ചൂണ്ടിക്കാണിക്കാനില്ലാത്ത ലക്ഷ്യങ്ങളോടെയായിരുന്നു. ജീവിക്കാനുള്ള അവകാശത്തിന്റെ വിപുലമായ വ്യാഖ്യാനം വിദ്യാഭ്യാസം, ഉപജീവനമാർഗ്ഗം, പാർപ്പിടം, ആരോഗ്യം പരിസ്ഥിതി എന്നിവയിലെല്ലാമൂന്നുന്ന ഒരു പുതിയ സാമൂഹിക-സാമ്പത്തിക വ്യവസ്ഥിതിയെ അനിവാര്യമാക്കുന്നു എന്ന് തിരിച്ചറിഞ്ഞാണ് ഇവയുമായി ബന്ധപ്പെട്ട 4 മിഷനുകളുമായി നവകേരളം കർമ്മ പദ്ധതിക്ക് 2016 ൽ തുടക്കം കുറിച്ചത്.

നവകേരളം കർമ്മപദ്ധതിയുടേയും അതിലുൾച്ചേർന്ന മിഷനുകളുടേയും പ്രവർത്തന പരിധിയായി ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയോ പ്രദേശങ്ങളേയോ നിശ്ചയിക്കുകയല്ല ചെയ്തത് എന്നതാണ് ഈ പ്രവർത്തനത്തെ അതുല്യമാക്കി മാറ്റിയത്. സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തും ഗ്രാമ - നഗര വ്യത്യാസമില്ലാതെ നടപ്പാക്കാനായാണ് ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിതകേരളം എന്നീ നാലു മിഷനുകളും വിഭാവനം ചെയ്യപ്പെട്ടത്.

തുടക്കത്തിൽ ഉന്നയിച്ച ചോദ്യത്തിന് ഒരു സംസ്ഥാന സർക്കാർ മുന്നോട്ടു വച്ച ഏറ്റവും ശക്തമായ മറുപടിയായിരുന്നു ഹരിതകേരളം മിഷൻ. 'വികസനമോ പരിസ്ഥിതിയോ' എന്ന ചോദ്യത്തിന് 'വികസനവും പരിസ്ഥിതിയും' എന്ന ആ മറുപടി അത്ര ലളിതമായി നടപ്പാക്കാൻ സാധിക്കുന്നതായിരുന്നില്ല. ഉയർന്ന പർവ്വതപ്രദേശങ്ങളും, കായലും കടലുമെല്ലാം ചേർന്ന തീര പ്രദേശവും, ആയിരക്കണക്കിന് ചെറുനീർച്ചാലുകളുടെ സാന്നിദ്ധ്യവും, ഉയർന്ന ജനസാന്ദ്രതയുമെല്ലാം ചേർന്ന കേരളത്തിന്റെ സവിശേഷ സ്ഥിതി, പരിസ്ഥിതി സംബന്ധമായ ഏത് ഇടപെടലിനേയും സങ്കീർണമാക്കുന്നതായിരുന്നു. ഗോത്രവർഗ ഗ്രാമങ്ങൾ മുതൽ മെട്രോ നഗരങ്ങൾ വരെയുള്ള വൈജാത്യവും വെല്ലുവിളിയായി നിന്നിരുന്നു. ഈ സങ്കീർണതകൾക്കിടയിലും സംസ്ഥാനത്തെ

മുഴുവൻ പ്രദേശങ്ങളിലും പരിസ്ഥിതി പുനസ്ഥാപനത്തിന്റെ പുതിയ അദ്ധ്യായം കുറിച്ചു എന്നതാണ് ഹരിതകേരളം മിഷനെ രാജ്യത്തിന്റെ തന്നെ ശ്രദ്ധയിലേയ്ക്കുയർത്തുന്നത്.

"വെള്ളം, വൃത്തി, വിളവ് " എന്ന പരിസ്ഥിതി മുദ്രാവാക്യം ഹരിതകേരളം മിഷൻ കേരളീയ ജനമനസുകളിലേയ്ക്ക് കടത്തിവിട്ടു. പ്രാദേശിക സർക്കാരുകളും ജനങ്ങളും അതേറ്റെടുത്തപ്പോൾ മാലിന്യക്കൂനകൾ മാഞ്ഞു , മാലിന്യ ശേഖരണസംസ്കരണ സംവിധാനങ്ങൾ ഉണ്ടായി വന്നു, നീർച്ചാലുകൾ വീണ്ടെടുക്കപ്പെട്ടു, തരിശു നിലങ്ങളിൽ കൃഷി തിരിച്ചെത്തി, ഹരിത പെരുമാറ്റച്ചട്ടവും ഹരിത ടൂറിസവും ഹരിതവിദ്യാലയവും ഹരിത കലാലയവുമെല്ലാം ചേരുന്ന ഹരിത ജീവിത രീതിയുടെ മാതൃകയായി കേരളം മാറാൻ തുടങ്ങി.

ജലസംരക്ഷണം, മാലിന്യ സംസ്കരണം, കൃഷി - പരിസ്ഥിതി പുനസ്ഥാപനം എന്നീ സുപ്രധാനമായ മൂന്ന് പരിസ്ഥിതി മേഖലകളിലെയും പ്രശ്നങ്ങൾക്ക് ശാസ്ത്രീയവും സുസ്ഥിരവുമായ പരിഹാരമാർഗങ്ങളാണ് ഹരിതകേരളം മിഷൻ മുന്നോട്ടു വച്ചത്. അവ നടപ്പാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതായിരുന്നു മിഷന്റെ പ്രവർത്തന സമീപനം. പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ജനങ്ങളുടെ ശീലവത്ക്കരണം സുപ്രധാന ഘടകമായതിനാൽ ജനകീയതയെയാണ് ഈ പ്രവർത്തനങ്ങളിലെ മുഖ്യ മൂലധനമായി പ്രയോജനപ്പെടുത്തിയത്. നേട്ടങ്ങളിലെ സുസ്ഥിരത ഉറപ്പുവരുത്താനും ജനകീയതയുടെ പിൻബലമാണ് പ്രയോജനപ്പെടുത്തിയത്. ഈ ജനകീയതയിലും പ്രാദേശിക സർക്കാരുകളുടെ ശാക്തീകരണത്തിലും കഴിഞ്ഞ പത്തു വർഷക്കാലം നടന്ന ക്യാമ്പയിനുകളും അവയിലൂടെ സൃഷ്ടിച്ച മാറ്റങ്ങളും വരും തലമുറകൾക്ക് പ്രചോദനമായും പഠനവിഷയമായും മാറാനായി രേഖപ്പെടുത്തി വയ്ക്കേണ്ടതുണ്ടെന്ന ചിന്തയിലാണ് ഈ പുസ്തകം തയ്യാറാക്കിയിരിക്കുന്നത്.

കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ പത്ത് വർഷക്കാലം ഹരിതകേരളം മിഷന്റെ നേരിട്ടും അല്ലാതെയുമുള്ള ഇടപെടലിൽ നടന്ന പരിസ്ഥിതി സംരക്ഷണ-പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ മുഴുവൻ ഈ പുസ്തകത്തിൽ സംഗ്രഹിക്കുക സുസാധ്യമല്ല. അതിനാൽ ഏറ്റവും മാതൃകാപരമായവയ്ക്ക് മുൻഗണന നൽകുക എന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

കാസർഗോഡ് ജില്ലയുടെ ഈ ഹരിതപുസ്തകം കൂടുതൽ പാരിസ്ഥിതിക സുസ്ഥിരതയുള്ള നവകേരളത്തിലേയ്ക്ക് വഴിതെളിക്കുമെന്ന് പ്രത്യാശിക്കുന്നു.

# ജില്ലയുടെ പാരിസ്ഥിതിക സവിശേഷതകളും വെല്ലുവിളികളും

സപ്തഭാഷാ സംഗമഭൂമിയായ കാസറഗോഡ് കേരളത്തിന്റെ ഏറ്റവും വടക്കേ അറ്റത്ത് സ്ഥിതിചെയ്യുന്നു. മലയാളം, തുളു, കന്നട, ബ്യാരി, മറാത്തി, കൊങ്കണി, ഉർദു എന്നീ ഭാഷകൾ ഇവിടെ പ്രചാരത്തിലുണ്ട്. കിഴക്ക് പശ്ചിമഘട്ട മലനിരകളും പടിഞ്ഞാറ് അറബിക്കടലും വടക്ക് ദക്ഷിണ കന്നഡ ജില്ലയും തെക്ക് കണ്ണൂർ ജില്ലയും അതിർത്തികളാണ്. അന്താരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്രവും കേരളത്തിലെ ഏറ്റവും വലിയ കോട്ടയുമായ ബേക്കൽക്കോട്ട, കേരളത്തിലെ ഊട്ടി എന്നറിയപ്പെടുന്ന റാണിപുരം എന്നിവ ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളാണ്.

ജില്ലയിലെ രേഖാംശം 74°59’17.5668” കിഴക്കും അക്ഷാംശം 12°30’27.5148” വടക്കുമാണ്. വിസ്തീർണം 1992 ചതുരശ്ര കിലോമീറ്റർ. കണ്ണൂർ ജില്ലയുടെ ഭാഗമായിരുന്ന കാസറഗോഡ് 1984 മെയ് 24-നാണ് പുതിയ ജില്ലയായി മാറിയത്. “കുസിരകൂട്” (കാഞ്ഞിരക്കൂട്ടം) എന്ന കന്നട പദത്തിൽ നിന്നാണ് കാസറഗോഡ് എന്ന പേര് വന്നതെന്ന് കരുതപ്പെടുന്നു. മഞ്ചേശ്വരം, കാസറഗോഡ്, ഹോസ്ദുർഗ്, വെള്ളരിക്കുണ്ട് എന്നിവയാണ് താലൂക്കുകൾ. 1956 നവംബർ ഒന്നിന് സംസ്ഥാന പുനർവ്യവസ്ഥാ



നിയമപ്രകാരം തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിലേക്ക് മലബാർ ജില്ലയും ദക്ഷിണ കന്നഡയിലെ കാസറഗോഡ് താലൂക്കും ഉൾപ്പെടുത്തിയാണ് കേരള സംസ്ഥാനം രൂപം കൊണ്ടത്. ജില്ലാപഞ്ചായത്ത്, ആറു ബ്ലോക്ക് പഞ്ചായത്തുകൾ, മൂന്ന് മുനിസിപ്പാലിറ്റികൾ, 38 ഗ്രാമപഞ്ചായത്തുകൾ എന്നിവയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ. 2 റവന്യൂ ഡിവിഷനുകളിലായി 4 താലൂക്കുകളും, 127 വില്ലേജുകളും, അഞ്ച് നിയമസഭാ മണ്ഡലങ്ങളുമുണ്ട്. വിനോദസഞ്ചാര മേഖലയിൽ ബേക്കൽ കോട്ട, ചന്ദ്രഗിരി കോട്ട, റാണിപുരം, ചെമ്പരിക്ക ബീച്ച്, പള്ളിക്കര ബീച്ച്, അഴിത്തല ബീച്ച്, കുമ്പള അനന്തപുരം തടാക ക്ഷേത്രം, ആനന്ദാശ്രമം, പൊസടിഗുംബെ, എന്നിവ കാസറഗോഡിനെ ശ്രദ്ധേയമാക്കുന്നു.



## നദികൾ

കേരളത്തിൽ ഏറ്റവും കൂടുതൽ നദികൾ ഉള്ള (12 എണ്ണം) ജില്ലയാണ് കാസറഗോഡ്. ചന്ദ്രഗിരി (105KM), കാര്യങ്കോട് (65KM), ഷിറിയ (62KM), ഉപ്പള (50KM), നീലേശ്വരം (46KM), മൊഗ്രാൽ (34KM), കവ്വായി (31KM), ചിത്താരി (25KM), മഞ്ചേശ്വരം (16KM), കുമ്പള (11KM), ബേക്കൽ (11KM), കളനാട് (8KM) എന്നിവയാണവ. കാസറഗോഡ് ജില്ലയിലെ നദികളിൽ പൊതുവെ രൂക്ഷമായ വെള്ളപ്പൊക്കം ഉണ്ടാകാറില്ല. എല്ലാ നദികളിലെയും ഉപ്പുവെള്ളം കയറുന്നതുവരെയുള്ള ഭാഗങ്ങളിലെ ശുദ്ധജലം കൃഷിക്ക് പ്രയോജനപ്പെടുത്തുന്നു. ജില്ലയിലെ നദികൾ താരതമ്യേന മലിനീകരണം കുറഞ്ഞവയാണ്. ചന്ദ്രഗിരിപ്പുഴയിൽ നിലവിലുള്ള ബാവിക്കര റഗുലേറ്റർ കം ബ്രിഡ്ജ് കാസറഗോഡ് മുൻസിപ്പാലിറ്റിയിലെയും ചെങ്കളയിലെയും കുടിവെള്ളവിതരണത്തിന് ഉപയോഗപ്പെടുത്തുന്നു. നീലേശ്വരം പുഴയിൽ നമ്പ്യാർക്കൽ ഉപ്പ് വെള്ള പ്രതിരോധ അണക്കെട്ട് മുതൽ മുകൾഭാഗത്തേക്ക് ലഭിക്കുന്ന ശുദ്ധജലം മടിക്കൈ, കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റി, നീലേശ്വരം ഭാഗങ്ങളിലേക്ക് കൃഷിക്കും കുടിവെള്ളത്തിനും പ്രയോജനപ്പെടുത്തുന്നു. ചന്ദ്രഗിരിപ്പുഴയുടെ കൈവഴിയായ കരിച്ചേരിപ്പുഴയിലുള്ള ഡാമിൽ നിന്നാണ് ബേക്കൽ ടൂറിസം പ്രദേശത്തേക്കും സമീപ പഞ്ചായത്തുകളിലേക്കും കുടിവെള്ളം എത്തിക്കുന്നത്. പാലായിവളവ് റഗുലേറ്റർ കം ബ്രിഡ്ജ് കാര്യങ്കോട് നദിയിലെ ഉപ്പുവെള്ള പ്രതിരോധത്തിന് സഹായകമാണെങ്കിലും കുടിവെള്ള വിതരണത്തിന് ശുദ്ധജല വിതരണ പദ്ധതികൾ ആരംഭിച്ചിട്ടില്ല.

## ചന്ദ്രഗിരി പുഴ

കാസറഗോഡ് ജില്ലയിലെ ഏറ്റവും വലിയ നദിയാണ് ചന്ദ്രഗിരി പുഴ. ചരിത്രപരമായും സാംസ്കാരികമായും പ്രാധാന്യമുള്ള ചന്ദ്രഗിരി പുഴയുടെ ഉത്ഭവം കർണാടകയിലെ ചിക് മാംഗളൂർ ജില്ലയിലെ ബാലേഘട്ട മലനിരകളിൽ നിന്നാണ്. 105 കിലോമീറ്റർ ദൈർഘ്യമുള്ള പുഴ കർണാടകയിലെ കൊഡഗു, ബെൽതങ്ങാടി ഭാഗങ്ങളിലൂടെ കടന്ന് കേരളത്തിലെ കായികട്ടി, കുഡ്ലൂർ, പനയാൽ,



ചന്ദ്രഗിരി, തളങ്കര, കാസറഗോഡ് പട്ടണം എന്നിവ വഴി ചന്ദ്രഗിരിയിലൂടെ അറബിക്കടലിൽ പതിക്കുന്നു. പുഴയുടെ ശരാശരി വീതി 60 മുതൽ 120 മീറ്റർ വരെയാണ്. ചില സ്ഥലങ്ങളിൽ 150 മീറ്റർ വരെ വീതിയുള്ള ഭാഗങ്ങളും ഉണ്ട്.

## കാര്യങ്കോട് / തേജസ്വിനി പുഴ

ജില്ലയിലെ രണ്ടാമത്തെ വലിയ നദിയാണ് കാര്യങ്കോട് / തേജസ്വിനി പുഴ. കർണാടകയിലെ പശ്ചിമഘട്ടം റിസർവ് ഫോറസ്റ്റിലെ നിഷാനി മോട്ടെയിൽ നിന്ന് ആരംഭിച്ച് കണ്ണൂർ–കാസറഗോഡ് ജില്ലകളിലെ 9 പഞ്ചായത്തുകൾ, 4 ബ്ലോക്കുകൾ എന്നിവിടങ്ങളിലൂടെ ഒഴുകി തുരുത്തിക്ക് സമീപം വച്ച് അറബിക്കടലിൽ പതിക്കുന്നു. 442.02sq.km വിസ്തീർണ്ണമുള്ള നദീതടത്തിന്റെ ആദ്യഭാഗം സമുദ്രനിരപ്പിൽ നിന്ന് 1527 മീറ്റർ ഉയരത്തിലാണ്. 1046 മീറ്റർ മുതൽ 102 മീറ്റർ വരെയുള്ളവ മധ്യ മേഖലയിലാണ്. 63 മീറ്റർ മുതൽ 15 മീറ്റർ വരെ താഴ്ന്ന മേഖലയിലും ഉൾപ്പെടുന്നു. ചരിത്ര പ്രസിദ്ധമായ കർഷക സമര കേന്ദ്രമായ കയ്യൂർ ഗ്രാമം തേജസ്വിനിയുടെ തീരത്താണ്.

## ഷിറിയ പുഴ

ഷിറിയ പുഴ കർണാടകയിലെ ജാൽസൂരിനടുത്തുള്ള അനേഗുണ്ടി റിസർവ് ഫോറസ്റ്റിൽ നിന്നാണ് ഉത്ഭവിക്കുന്നത്. സമുദ്രനിരപ്പിൽ നിന്ന് ഏകദേശം 270 മീറ്റർ ഉയരത്തിലാണ് ഈ പ്രദേശം. തെക്ക്-പടിഞ്ഞാറ് ദിശയിൽ ഒഴുകുന്ന പുഴ കുമ്പള കായലിലൂടെ അറബിക്കടലിൽ ചേരുന്നു. തെക്ക് വടക്ക് ഭാഗങ്ങളിൽ കാസറഗോഡ് താലൂക്കും, കിഴക്ക് കർണാടകയുമാണ് അതിരുകൾ. ആകെ 587 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള ഈ നദീതടത്തിന്റെ 297 ചതുരശ്ര കിലോമീറ്റർ

കർണാടകയിലും 290 ചതുരശ്ര കിലോമീറ്റർ കേരളത്തിലുമാണ് ഉള്ളത്. 67 കിലോമീറ്റർ നീളമുള്ള പ്രധാന നദിയിലേക്ക് 10 കൈവഴികൾ ചേരുന്നുണ്ട്. 17 വില്ലേജുകളിലും 8 ഗ്രാമപഞ്ചായത്തുകളിലുമായി ഈ പുഴ വ്യാപിച്ചു കിടക്കുന്നു.

## ഉപ്പള പുഴ

തെക്കുവടക്ക് ഭാഗങ്ങളിൽ കാസറഗോഡ് താലൂക്കും കിഴക്ക് കർണാടക സംസ്ഥാനവും പടിഞ്ഞാറ് അറബിക്കടലും ഈ പുഴ അതിർത്തി പങ്കിടുന്നു. പുഴയുടെ നീർത്തടത്തിന്റെ ആകെ വിസ്തീർണ്ണം 98.78 sq.km ആണ്. മഞ്ചേശ്വരം താലൂക്കിലെ ഈരിക്കുളം, കള്ളങ്കൈ, മീഞ്ച പ്രദേശങ്ങളിലെ ചെറു മലനിരകളിൽ നിന്നും (വീരക്കമ്പാക്കുന്നുകൾ) ഉത്ഭവിച്ച് പടിഞ്ഞാറോട്ട് 50 കി.മീ. ഒഴുകി അറബിക്കടലിൽ പതിക്കുന്നു.

## നീലേശ്വരം പുഴ

കിനാനൂർ കൂടോൽ മലകളിൽ നിന്നുത്ഭവിക്കുന്നു. 46 കി.മീ ദൈർഘ്യത്തിൽ ഒഴുകി അഴിത്തല അഴിമുഖത്തിനടുത്തു വെച്ച് കാര്യങ്കോട് പുഴയുമായി ചേർന്ന് അറബിക്കടലിൽ പതിക്കുന്നു. ബളാൽ, കോടോം ബേളൂർ, കിനാനൂർ-കരിന്തളം, മടിക്കൈ എന്നീ പഞ്ചായത്തുകളിലൂടെയും, കാഞ്ഞങ്ങാട്, നീലേശ്വരം എന്നീ നഗരസഭകളിലൂടെയും ഈ നദി ഒഴുകുന്നു.

## മൊഗ്രാൽ പുഴ

കർണാടക റിസർവ് വനത്തിലുള്ള കാനത്തൂർ പ്രദേശത്ത് നിന്ന് മൊഗ്രാൽപുഴ ഉത്ഭവിക്കുന്നു. 121.7 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുണ്ട് പുഴയ്ക്ക്. 34 കിലോമീറ്റർ സഞ്ചരിച്ച് മൊഗ്രാൽ പുത്തൂരിൽ വച്ച് അറബിക്കടലിൽ പതിക്കുന്നു. ബെട്ടിപ്പടി, മുളിയാർ എന്നിവയാണ് പ്രധാന പോഷകനദികൾ.

## കവ്വായി കായലും പുഴയും

ചീമേനി കുന്നുകളിൽ നിന്നും ആരംഭിക്കുന്നു. കാസറഗോഡ്, കണ്ണൂർ ജില്ലകളിലൂടെ ഒഴുകുന്നു. ആകെ വിസ്തീർണം 164.76 ച.കി.മീ ആണ്. വടക്കൻ കേരളത്തിലെ ഏറ്റവും വലിയ തണ്ണീർത്തട ആവാസ വ്യവസ്ഥയാണിത്. വലിയപറമ്പ ദ്വീപ് (16 ചതുരശ്ര കിലോമീറ്റർ) ഉൾപ്പെടെ നിരവധി ചെറുതും വലുതുമായ ദ്വീപുകൾ ഈ പുഴയുടെ ഭാഗമാണ്. വടക്ക് നീലേശ്വരം മുതൽ തെക്ക് ചെമ്പല്ലിക്കുണ്ട് വരെ 40 കിലോമീറ്റർ നീളമുള്ളതാണ് ഈ ജലാശയം.



### ചിത്താരിപ്പുഴ

സമുദ്രനിരപ്പിൽ നിന്നും 231 മീറ്റർ ഉയരത്തിലുള്ള ചെട്ടിയാംചാൽ പ്രദേശത്തുനിന്നുള്ള കുളങ്ങളിൽ നിന്നാണ് 25 കിലോ മീറ്റർ നീളമുള്ള ചിത്താരിപ്പുഴയുടെ ഉത്ഭവം. ചിത്താരിപ്പുഴയുടെ ഭാഗമായുള്ള ചിത്താരി നീർത്തടം 9584 ഹെക്ടർ (101.32 Sq.km) വിസ്തൃതിയിലുള്ളതാണ്. 15 സബ് വാട്ടർ ഷെഡുകളും 30 മൈക്രോ വാട്ടർ ഷെഡുകളും ഇതിൽ ഉൾപ്പെടുന്നു. ചിത്താരിപുഴ ചേറ്റുകുണ്ട് ഭാഗത്തുനിന്ന് വടക്കോട്ടൊഴുകി നാലു കിലോമീറ്ററിലധികം സഞ്ചരിച്ച് രണ്ടായി പിരിഞ്ഞ്, അജാനൂർ കടപ്പുറം അഴിമുഖത്ത് വെച്ച് കടലിൽ ചേരുന്നു.

### മഞ്ചേശ്വരം പുഴ

കാസറഗോഡ് ജില്ലയുടെ വടക്കേയറ്റത്തുള്ള മഞ്ചേശ്വരം പുഴ കേരളത്തിലെ ഏറ്റവും ചെറിയ നദിയാണ്. ഇതിന്റെ ആകെ നീളം 16 കി.മീ.ആണ്. മഞ്ചേശ്വരം പഞ്ചായത്തിന്റെ കിഴക്കൻ ഭാഗത്തുള്ള 60 മീറ്റർ ഉയരത്തിലുള്ള ചെറിയ മലനിരകളായ ബലേപുനിയിൽ നിന്ന് ഉത്ഭവിക്കുന്നു. കുഞ്ചത്തൂർ, ബങ്കര, പാവൂർ എന്നിവയാണ് ഇതിന്റെ പോഷകനദികൾ. നദീതടത്തിന്റെ വിസ്തീർണ്ണം 90ച.കി.മി



ആണ്. നദിയിൽ ലഭിക്കുന്ന വർഷപാത അനുപാതം 3478mm ആണ്. ഈ നദിക്ക് തലപ്പാടിപ്പുഴ എന്നും പേരുണ്ട്. ഇത് മഞ്ചേശ്വരം പട്ടണത്തിലൂടെ പടിഞ്ഞാറോട്ടൊഴുകി അറബിക്കടലിൽ ചേരുന്നു.

### കുമ്പള പുഴ

കിദൂർ ഭാഗത്ത് നിന്നാരംഭിച്ച് 11 കിലോമീറ്റർ നീളത്തിൽ ഒഴുകുന്ന ചെറിയ പുഴയാണിത്. മഞ്ചേശ്വരം - കുമ്പള പ്രദേശത്ത് സ്ഥിതി ചെയ്യുന്ന പുഴ ജൈവവൈവിധ്യ സമ്പന്നമാണ്. ചെമ്മീൻ, ഞണ്ട്, വിവിധയിനം മത്സ്യങ്ങൾ എന്നിവ കായലിനു സമാനമായ ഈ പുഴയിൽ ധാരാളമായുണ്ട്. വിവിധയിനം ദേശാടനപക്ഷികളുടെ ആവാസകേന്ദ്രമാണിവിടം.

### കളനാട്പുഴ

കളനാടിൽ നിന്ന് തുടങ്ങി പടിഞ്ഞാറോട്ടൊഴുകുന്ന ചെറിയ പുഴയാണിത്. ഇതിന്റെ നീളം 8 കി.മീ ആണ്. ചെമ്മനാട് ഗ്രാമപഞ്ചായത്തിലെ കളനാട് ഗ്രാമത്തിലൂടെയും പരിസരപ്രദേശമായ മേൽപറമ്പിലൂടെയും ഒഴുകി അറബിക്കടലിൽ പതിക്കുന്നു. പ്രദേശത്തെ പ്രധാന ജലസ്രോതസ്സായ ചന്ദ്രഗിരി നദീതടത്തിന്റെ ഭാഗമാണ് ഈ പുഴ.



## ബേക്കൽ പുഴ

വടക്കൻ കേരളത്തിലെ മനോഹരമായ ബേക്കൽപുഴയുടെ മൊത്തം നീളം 11 കിലോമീറ്റർ ആണ്. ശരാശരി വീതി 30 മീറ്റർ മുതൽ 60 മീറ്റർ വരെയും ചില ഭാഗങ്ങളിൽ 100 മീറ്റർ വരെയുമാണ്. ആറാട്ടുകടവ് മുതൽ തുടങ്ങുന്ന പുഴയുടെ നീർത്തട വിസ്തൃതി ഏകദേശം 28 ചതുരശ്ര കിലോമീറ്റർ ആണ്. പുഴ പടിഞ്ഞാറോട്ട് ഒഴുകി ബേക്കൽ കടൽമുഖത്ത് വെച്ച് അറബിക്കടലിൽ ചേരുന്നു.

## മലനാട്, ഇടനാട്, തീരപ്രദേശം (ഭൂപ്രകൃതി)

കാസറഗോഡ് ജില്ലയെ ഭൂപ്രകൃതിയനുസരിച്ച് മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ തിരിക്കാം. കിഴക്കൻ അതിർത്തിയോട് ചേർന്ന് കിടക്കുന്ന പർവ്വതനിരകളും വൻകാടുകളും ചേർന്നതാണ് മലനാട്. 6% മാണ് ജില്ലയിൽ മലനാട് പ്രദേശം. സമുദ്രനിരപ്പിൽ നിന്ന് 300 മുതൽ 1000 മീറ്റർ വരെ ഉയരത്തിലാണ് ഈ പ്രദേശം. ദേലംപാടി, എൻമകജെ, കുറ്റിക്കോൽ, പനത്തടി, കള്ളാർ, ബളാൽ, വെസ്റ്റ് എളേരി, ഈസ്റ്റ് എളേരി, കോടോം ബേളൂർ എന്നീ പഞ്ചായത്തുകളിലെ ചില ഭാഗങ്ങൾ മലനാട് മേഖലയിൽ ഉൾപ്പെടുന്നു. നദികളുടെയും ചെറുനദികളുടെയും ഉത്ഭവസ്ഥലമായ ഇവിടം ജില്ലയിലെ ജലസമ്പത്തിനും പരിസ്ഥിതി സന്തുലിതാവസ്ഥയ്ക്കും അടിസ്ഥാനമാണ്. വർഷം മുഴുവൻ പച്ചപ്പോടെ നിലനിൽക്കുന്ന ഭാഗങ്ങൾ ജില്ലയുടെ കാലാവസ്ഥാ നിയന്ത്രണത്തിനും ജലസ്രോതസുകളുടെ സംരക്ഷണത്തിനും വലിയ സംഭാവന ചെയ്യുന്നു. മഴവെള്ളം പിടിച്ചു നിർത്താനും മണ്ണിന്റെ ഉർവ്വരത സംരക്ഷിക്കാനും മലനാടിന്റെ സസ്യാവരണം സഹായിക്കുന്നു. അതോടൊപ്പം ജൈവവൈവിധ്യത്തിലും പരിസ്ഥിതി സന്തുലനത്തിനും വലിയ പങ്ക് വഹിക്കുന്നു.

10 മീറ്റർ മുതൽ 300 മീറ്റർ വരെ സമുദ്രനിരപ്പിൽ നിന്നും ഉയരത്തിലുള്ള കുന്നുകളും വയലുകളും നിറഞ്ഞ പ്രദേശമാണ് ഇടനാട്. കാസറഗോഡ് ജില്ലയിലെ ഭൂവിസ്തൃതിയിൽ 84% ഇടനാട് പ്രദേശമാണ്. കിനാനൂർ-കരിന്തളം, കയ്യൂർ-ചീമേനി, പിലിക്കോട്, ചെറുവത്തൂർ, തൃക്കരിപ്പൂർ, പടന്ന, മടിക്കൈ, പുല്ലൂർ-പെരിയ, ബേഡഡുക്ക, മുളിയാർ, ബെള്ളൂർ, കുംബഡാജെ, ബദിയടുക്ക, മധുർ, ചെങ്കള, വോർക്കാടി, പൈവളിഗെ, പുത്തിഗെ, കാറഡുക്ക, കോടോംബേളൂർ തുടങ്ങിയ പഞ്ചായത്തുകൾ ഇടനാട് മേഖലയിലാണ്. കൃഷി, വ്യാപാരങ്ങൾ, ചെറുകിട വ്യവസായങ്ങൾ എന്നിവയുടെ ഒത്തുചേരലാണ് ഇടനാടിന്റെ സവിശേഷത.

അറബിക്കടലിനോട് ചേർന്ന് കിടക്കുന്ന 88 കിലോമീറ്റർ വരുന്ന തീരപ്രദേശത്തിന് ഏകദേശം 10% വിസ്തൃതിയുണ്ട്. വലിയപറമ്പ് പഞ്ചായത്ത് പൂർണ്ണമായും തീരദേശ മേഖലയാണ്. കൂടാതെ കാസറഗോഡ്, കാഞ്ഞങ്ങാട്, നീലേശ്വരം നഗരസഭകളും മഞ്ചേശ്വരം, മംഗൽപാടി, കുമ്പള, മൊഗ്രാൽപുത്തൂർ, ചെമ്മനാട്, ഉദുമ, പള്ളിക്കര, അജാനൂർ പഞ്ചായത്തുകളിലെ തീരദേശഭാഗങ്ങളും ഈ മേഖലയിൽ ഉൾപ്പെടുന്നു. തീരപ്രദേശങ്ങൾ ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. അനധികൃത നിർമ്മാണങ്ങളും മണ്ണിട്ടുനികത്തലുകളും തീരത്തിന്റെ സ്വാഭാവികതയും ജലത്തിന്റെ ഒഴുക്കും തടസ്സപ്പെടുത്തുന്നു. പല പ്രദേശങ്ങളിലും മഴക്കാലത്ത് ഗുരുതരമായ വെള്ളക്കെട്ടും ജലമലിനീകരണവും ഇതുമൂലം ഉണ്ടാകുന്നു. വേനൽക്കാലത്ത് നീരുറവകൾ കുറയുന്നതും തീരപ്രദേശത്തുള്ള സ്വാഭാവിക ജലസംഭരണികളായ 'ആവികൾ' വരണ്ടു പോകുന്നതും ജനജീവിതത്തെ നേരിട്ട് ബാധിക്കുന്നു.




തീരപ്രദേശത്തെ കരയിടിച്ചിലും കണ്ടൽമരങ്ങളുടെ നാശവും കടൽ ആവാസവ്യവസ്ഥയ്ക്ക് ഭീഷണിയാണ്. അനിയന്ത്രിതമായ കെട്ടിടനിർമ്മാണം, മണൽ ഖനനം, പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ആധിക്യം, തുടർച്ചയായ കടൽക്ഷോഭം, കടൽനിരപ്പ് ഉയരുന്നത് എന്നിവ തീരമേഖല നേരിടുന്ന പ്രശ്നങ്ങളാണ്. തീരദേശ ആവാസവ്യവസ്ഥ സംരക്ഷിക്കാൻ ശക്തമായ നിയന്ത്രണങ്ങളും ജനകീയ ബോധവത്കരണവും അടിയന്തിരമായി ആവശ്യമാണ്.

### മഴ

കാസറഗോഡ് ജില്ലയിൽ വർഷത്തിൽ ശരാശരി 3500 മില്ലീമീറ്റർ മഴ ലഭിക്കുന്നു. എന്നാൽ 2016 മുതൽ 2024 വരെയുള്ള കാലഘട്ടത്തിലെ രേഖകൾ പരിശോധിച്ചാൽ, മഴയുടെ ലഭ്യതയിൽ ഏറ്റക്കുറച്ചിൽ പ്രകടമാണ്.

കേരളത്തിലെ പൊതു സവിശേഷതയിൽ നിന്ന് വ്യത്യസ്തമായി ജില്ലയിൽ കാലവർഷത്തിൽ കൂടുതൽ മഴദിനങ്ങളും മഴയും ലഭിക്കുന്നു. തുലാമഴയും, വേനൽമഴയും കുറയുകയും ചെയ്യുന്നു.

ഇതുമൂലം വരൾച്ചയും കുടിവെള്ള ക്ഷാമവും നേരിടുന്നു. (അവലംബം: ജില്ലാ ജലബജറ്റ് രേഖ). പത്ത് വർഷങ്ങൾക്കു മുമ്പ് മഴക്കാലം 50 മുതൽ 60 ദിവസം വരെ നീണ്ടുനിന്നിരുന്നു. അന്ന് തുടർച്ചയായി അതിശക്തമായ മഴ ലഭിച്ചിരുന്നു. ഇന്ന് അത് ചുരുങ്ങിയ ദിനങ്ങളിലേക്ക് ഒതുങ്ങി. താൽക്കാലിക വെള്ളപ്പൊക്കത്തിനും, ജലക്ഷാമത്തിനും ഇത് കാരണമായി. കഴിഞ്ഞ പത്ത് വർഷത്തിനിടെ ചന്ദ്രഗിരി പുഴയുടെ മലയോര പ്രദേശങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിച്ചത്. ശരാശരി 3574.93mm. (അവലംബം-ജലബജറ്റ്, സി.പി.സി.ആർ.ഐ, കാസറഗോഡ് )




തെക്ക് പടിഞ്ഞാറൻ കാലവർഷത്തിൽ മഴ ദിനങ്ങൾ കൂടിവരുന്നു. എന്നാൽ വടക്ക്-കിഴക്കൻ തുലാവർഷത്തിൽ നവംബർ മാസത്തെ മഴ ദിനങ്ങളും ഏപ്രിൽ-മെയ് മാസങ്ങളിലെ വേനൽ മഴ ദിനങ്ങളും കുറഞ്ഞിട്ടുണ്ട് (സി.പി.സി.ആർ.ഐ, കാസറഗോഡ് നിന്നും ലഭിച്ച കണക്കുകളിൽ കാലാവസ്ഥ വ്യതിയാനം വ്യക്തമാണ്).

കാലാവസ്ഥാ മാറ്റങ്ങൾ ജില്ലയുടെ ജീവിതരീതിയെയും പ്രകൃതിയെയും കാര്യമായ രീതിയിൽ സ്വാധീനിച്ചിട്ടുണ്ട്. മുൻകാലത്ത് ദൈർഘ്യമേറിയതും സ്ഥിരതയേറിയതുമായ മൺസൂൺ മഴകൾ ലഭിച്ചിരുന്നു. ഇപ്പോൾ കുറഞ്ഞ ദിവസങ്ങൾക്കുള്ളിൽ അത്യധികം ശക്തിയോടെ പെയ്യുന്ന തീവ്രമഴയിലേക്ക് മാറിയിട്ടുണ്ട്. തീരത്തിലെ മണലും മണ്ണും ഉൾപ്രദേശങ്ങളിലെ പാറയും മണ്ണും ചൂട് കൂടുതൽ സംഭരിക്കുന്നതിനാൽ വേനൽക്കാല താപനില വർഷംതോറും അൽപ്പാൽപ്പം ഉയരുന്നുണ്ട്. കാസറഗോഡ് സി പി സി ആർ ഐ രേഖകൾ പ്രകാരം ജില്ലയിലെ താപനില 1985 മുതൽ 2017 വരെ ഡിസംബറിൽ ഉണ്ടായിരുന്ന താപനിലയിൽ നിന്നും ശരാശരി കൂടുന്നുണ്ട്. ഈ കാലയളവിലെ കുറഞ്ഞ താപനില 16.60 നിന്നും 21.70 ആയും കൂടിയ താപനില ഏപ്രിൽ മാസത്തിൽ 33.2 ൽ നിന്നും 34 ഡിഗ്രി ആയും വർധിച്ചു.

കാസറഗോഡ്, മഞ്ചേശ്വരം ബ്ലോക്കുകളിലെ ഭൂഗർഭജലനിരപ്പിലെ വലിയ ഇടിവ് ക്രിട്ടിക്കൽ, സെമിക്രിട്ടിക്കൽ ബ്ലോക്കുകളാക്കി പ്രഖ്യാപിക്കാൻ കാരണമായിട്ടുണ്ട്. കാഞ്ഞങ്ങാട്, നീലേശ്വരം, പടന്ന പ്രദേശങ്ങളിൽ ജലക്ഷാമം രൂക്ഷമാണ്. മൊഞ്ചപ്പള്ളം, ബേക്കൽ, തളങ്കര തുടങ്ങിയ തീരഗ്രാമങ്ങൾ




ശക്തമായ തിരമാലകളുടെയും കടലേറ്റത്തിന്റെയും ഭീഷണി നേരിടുന്നു. കടൽച്ചുഴലിക്കാറ്റുകളുടെ ആവർത്തനവും കടൽക്കാറ്റിന്റെ തീവ്രതയും മുമ്പത്തേക്കാൾ അധികമാകുന്നതായി റിപ്പോർട്ടുകൾ ഉണ്ട്. (DDMA -2024 രേഖ)

മലയോരമേഖലകളിൽ ശക്തമായ മഴ പെയ്യുന്ന സമയത്ത് മണ്ണൊലിപ്പും മണ്ണിടിച്ചിലുകളും വർധിച്ചിട്ടുണ്ട്. പരപ്പ, എളേരി, പുല്ലൂർ, കാറഡുക്ക തുടങ്ങിയ പ്രദേശങ്ങളിൽ ഇത്തരം പ്രശ്നങ്ങൾ ഉണ്ട്. തീരദേശങ്ങളിൽ ലവണാംശമുള്ള ജലവും നഞ്ച് കലർന്ന വെള്ളവും കുടിവെള്ളത്തെ ബാധിക്കുന്നു. ഇത് ജലസംരക്ഷണം, തീര സംരക്ഷണം, ശാസ്ത്രീയ കൃഷിരീതികൾ, പരിസ്ഥിതി സംരക്ഷണ നടപടികൾ എന്നിവ അനിവാര്യമാക്കുന്നുണ്ട്.

## കാർഷിക മേഖല

കാസറഗോഡ് ജില്ലയിലെ കാർഷിക മേഖലയ്ക്ക് കഴിഞ്ഞ ദശാബ്ദത്തിൽ ഗണ്യമായ ഇടിവ് സംഭവിച്ചിട്ടുണ്ട്. 2003 ൽ 1,56,000 ഹെക്ടർ കൃഷിഭൂമിയുണ്ടായിരുന്നെങ്കിലും അത് 2024 ൽ 1,38,161 ഹെക്ടർ ആയി കുറഞ്ഞിരിക്കുകയാണ്. പ്രത്യേകിച്ച് നെൽകൃഷി 2003-ലെ 6,234 ഹെക്ടറിൽ നിന്ന് 2009-10-ൽ 4,394 ഹെക്ടർ എന്ന നിലയിലേക്ക് ചുരുങ്ങിയിട്ടുണ്ട്. കുരുമുളക്, മരച്ചീനി, കശുമാവ് തുടങ്ങിയ പ്രധാന വരുമാന വിളകളുടെ കൃഷിവിസ്തൃതിയിലും ഉൽപ്പാദനത്തിലും സ്ഥിരമായ ഇടിവ് കണ്ടുവരുന്നു.

ജില്ലയിലെ കൃഷിയിലെ ഉൽപ്പാദന കുറവിന് കാരണം പ്രധാനമായും കാലാവസ്ഥ വ്യതിയാനമാണ്. താപനില ഒരു ഡിഗ്രി ഉയർന്നാൽ നെല്ലിന്റെ ഉൽപ്പാദനം 10% വരെയും മറ്റ് കൃഷികളുടെ ഉല്പാദനത്തിൽ 6% വരെയും ഇടിവുണ്ടാകുമെന്നു കണ്ടെത്തിയിട്ടുണ്ട്. ചൂട് വർധിക്കുന്നതോടെ വിളകൾക്കുള്ള വളർച്ചാകാലയളവ് ചുരുങ്ങുകയും അത് ഉല്പ്പാദനത്തിൽ കുറവുണ്ടാക്കുകയും ചെയ്യുന്നുവെന്നത് ജില്ലയുടെ കാര്യത്തിലും പ്രസക്തമാണ്.

ജില്ലയിലെ കർഷകരിൽ 84% പേരും ചെറുകിട കർഷകരാണ്. താപ വർധനവിനോട് അതിവേഗം പ്രതികരിക്കുന്ന കുരുമുളക്, കൊക്കോ തുടങ്ങിയ വിളകളിൽ കീടവ്യാപനം വർധിക്കുന്നു. കൂടാതെ കാലം തെറ്റിയ മഴയും അനിയന്ത്രിത കാലാവസ്ഥയും നെല്ല്, പച്ചക്കറി, കവുങ്ങ്, തെങ്ങ്, കശുമാവ്,

കുരുമുളക്, റബ്ബർ എന്നിവയുൾപ്പെടെ എല്ലാ പ്രധാന വിളകളിലും രോഗബാധയും ഉൽപ്പാദനകുറവും ഉണ്ടാക്കിയിട്ടുണ്ട്. ഉപ്പുവെള്ളം കയറുന്നത് തീരപ്രദേശങ്ങളിലെ നെൽകൃഷിയെ പ്രതികൂലമായി ബാധിക്കുന്നു. ശൈത്യക്കാലത്ത് താപനില കൂടുന്ന പ്രവണത കൃഷിയെ ബാധിക്കുന്നു. (അവലംബം: ജില്ലാ പദ്ധതി 2019)

## ഭൂജല ലഭ്യത

ഭൂജല ലഭ്യത അനുസരിച്ച് കേരള ഭൂജല റിസോഴ്സ് റിപ്പോർട്ട് 2024 പ്രകാരം ജില്ലയിലെ കാഞ്ഞങ്ങാട്, പരപ്പ, നീലേശ്വരം, കാറഡുക്ക ബ്ലോക്കുകളിലുൾപ്പെടുന്ന പ്രദേശം 70% ത്തിനു താഴെ ഭൂജല വിനിയോഗമുള്ള സുരക്ഷിത (Safe) മേഖലയിലാണ്. 70% നും 90% നും ഇടയിൽ ഭൂജല ചൂഷണ പ്രശ്നമുള്ള സെമിക്രിട്ടിക്കൽ മേഖലയിലാണ് മഞ്ചേശ്വരം ബ്ലോക്കിലെ ഏഴു പഞ്ചായത്തുകൾ. തീരദേശ പ്രദേശമായ ചന്ദ്രഗിരി പുഴയുടെയും, മൊഗ്രാൽ പുഴയുടെയും ഇടയിലുള്ള കാസറഗോഡ് ബ്ലോക്ക് 90% നും 100% നും ഇടയിൽ ഭൂജലം ഉപയോഗിച്ചു കഴിഞ്ഞ ക്രിട്ടിക്കൽ വിഭാഗത്തിൽ ഉൾപ്പെടുന്നു. കേരളത്തിലുള്ള 3 ക്രിട്ടിക്കൽ ബ്ലോക്കുകളിൽ തീരദേശത്തുള്ളത് കാസറഗോഡ് മാത്രമാണ്.

കാലവർഷ മഴ 2500mm വരെ ലഭിക്കുന്നുണ്ട്. കാസറഗോഡ് ബ്ലോക്കിൽ നിരന്തരമായ ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഫലമായും ബോധവൽക്കരണം മുഖേനയും മുൻവർഷത്തെ അപേക്ഷിച്ച് 2% മുതൽ 4% വരെ ഭൂജല വിനിയോഗം കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പ്രദേശത്തെ ക്രിസ്റ്റലൈൻ പാറകളുടെ സ്വഭാവ സവിശേഷതകളാണ് ക്രിട്ടിക്കൽ ബ്ലോക്കായി തുടരുന്നതിന് കാരണമായി വിദഗ്ധർ അഭിപ്രായപ്പെടുന്നത്. സുഷിരങ്ങൾ (pores) കുറവായ ഇത്തരം പാറകൾക്ക് ജലസംഭരണശേഷി കുറവായിരിക്കും. ജലം സംഭരിക്കുന്നത് പാറയിലെ വിള്ളലുകളിലാണ്. പൊട്ടലുകൾ കുറഞ്ഞ പാറ ജലം സംഭരിക്കുന്നത് കുറയുന്നു. ഇത്തരം വിള്ളലുകൾ കുറവായതിനാലാണ് ഭൂജല കുറവ് അനുഭവപ്പെടുന്നത്. മഴ പെയ്യുമ്പോൾ ജലനിരപ്പ് ഉയരുമെങ്കിലും മഴ കുറയുമ്പോൾ ഭൂജല നിലയും കുറയുന്നു.

## പ്രകൃതിദുരന്തങ്ങൾ

2016 മുതൽ 2025 വരെയുള്ള കാലഘട്ടത്തിൽ കാസറഗോഡ് ജില്ല വലുതും ചെറുതുമായ പലവിധ പ്രകൃതിദുരന്തങ്ങളെയും അഭിമുഖീകരിച്ചിട്ടുണ്ട്. ഓരോ സംഭവവും ജില്ലയുടെ സാമൂഹിക ജീവിതത്തെയും പ്രകൃതിയെയും വ്യത്യസ്തമായി ബാധിച്ചു.



ചെറുവത്തൂർ വീരമലക്കുന്നിന്റെ ഭാഗം ഇടിഞ്ഞ് ദേശീയപാതയിലേക്ക് പതിച്ചപ്പോൾ

2018 ലെ മഹാപ്രളയം മറ്റു ജില്ലകളെ അപേക്ഷിച്ച് കാസറഗോഡിനെ ചെറിയ തോതിൽ മാത്രമാണ് ബാധിച്ചത്. 2025 ജൂൺ മാസത്തിൽ കനത്ത മഴയിൽ ചെറുവത്തൂർ ഗ്രാമപഞ്ചായത്തിലെ വീരമലകുന്നിൽ ഉണ്ടായ മണ്ണിടിച്ചിലിൽ ഒരാളുടെ മരണം റിപ്പോർട്ട് ചെയ്തു. ഉദുമ ഗ്രാമപഞ്ചായത്ത് പരിധിയിലെ തൃക്കണ്ണാട് അമ്പലത്തിനോട് ചേർന്ന തീരപ്രദേശത്തെ വീടുകൾ പൂർണമായും തകർന്നു. ചെങ്കള ഗ്രാമപഞ്ചായത്തിലെ ചെർക്കള ദേശീയപാതയിൽ മണ്ണിടിച്ചിൽ ഉണ്ടായെങ്കിലും ആളപായം ഉണ്ടായില്ല. 2020 ഓഗസ്റ്റ് 19 ന് ബേഡഡുക്ക ഗ്രാമപഞ്ചായത്തിലെ ഒളിയത്തടുക്ക ഭാഗത്തും മണ്ണിടിച്ചിൽ മൂലമുള്ള നാശനഷ്ടങ്ങൾ ഉണ്ടായി. വെള്ളരിക്കുണ്ട് താലൂക്കിലെ ബളാൽ, വെസ്റ്റ് എളേരി, ഈസ്റ്റ് എളേരി എന്നീ പഞ്ചായത്തുകളിലും നേരിയ മണ്ണിടിച്ചിലുകൾ റിപ്പോർട്ട് ചെയ്തു. (അവലംബം-ദുരന്തനിവാരണ അതോറിറ്റി കാസറഗോഡ്).

## കടലാക്രമണം

കാസറഗോഡ് ജില്ലയുടെ തീരപ്രദേശങ്ങളിൽ കടലാക്രമണം പതിവായി അനുഭവപ്പെടുന്നു. 87.65 കിലോമീറ്റർ നീളമുള്ള തീരത്തിൽ അതിശക്തമായ മഴയും വലിയ തിരമാലകളും പല ഭാഗങ്ങളിലും വലിയ നാശനഷ്ടങ്ങൾ ഉണ്ടാക്കി. കണ്വതീർത്ഥ കടപ്പുറത്ത് ഏകദേശം 1300 മീറ്റർ നീളത്തിൽ കര കടലെടുത്തതോടെ DTPC യുടെ ചുറ്റുമതിലും ബീച്ച് റോഡും തകർന്നു. സമീപത്തുള്ള തെങ്ങുകളും മറ്റു മരങ്ങളും നശിച്ചു. പെരിങ്ങാടി കടപ്പുറത്ത് ബീച്ച് റോഡിന്റെ ഭാഗങ്ങളും 300 മീറ്റർ നീളമുള്ള റോഡും ഒലിച്ചു പോയി. ഈ റോഡിനെ മാത്രം ആശ്രയിച്ചിരുന്ന 100 വീടുകൾ ഇപ്പോൾ ഒറ്റപ്പെടുന്ന അവസ്ഥയിലാണ്. കാസറഗോഡ് നഗരസഭയിലെ ചേരങ്കൈ കടപ്പുറം, മൊഗ്രൽ–പുത്തൂർ പഞ്ചായത്തിലെ കാവുഗോളി, ചെമ്മനാട് പഞ്ചായത്തിലെ കീഴൂർ കടപ്പുറം, ചെമ്പരിക്ക – കല്ലംവളപ്പ് കടപ്പുറം, ഉദുമ പഞ്ചായത്തിലെ കണ്ണി, ജന്മ, കൊവ്വൽ, കൊപ്പൽ, കാപ്പിൽ കടപ്പുറം, കോട്ടിക്കുളം-ബേക്കൽ കടപ്പുറം, അജാനൂർ ഗ്രാമപഞ്ചായത്തിലെ അജാനൂർ തീരപ്രദേശങ്ങളിലുമെല്ലാം തീരദേശ റോഡുകളും കൃഷിയിടങ്ങളും കടൽഭിത്തികളും തകർന്നു. ചില സ്ഥലങ്ങളിൽ വീടുകളും പൊതുകെട്ടിടങ്ങളും അപകടാവസ്ഥയിലായി. മത്സ്യത്തൊഴിലാളികൾ താമസിക്കുന്ന അജാനൂർ പോലുള്ള ജനവാസ മേഖലകളിൽ ജീവനും സ്വത്തിനും ഭീഷണി നേരിട്ടു. വലിയപറമ്പയും മാവിലാ കടപ്പുറവും വർഷങ്ങളായി തീരശോഷണം അനുഭവിക്കുന്ന പ്രദേശങ്ങളാണ്. (അവലംബം-ദുരന്തനിവാരണ അതോറിറ്റി കാസറഗോഡ്).



കടലാക്രമണം- കണ്വതീർത്ഥ കടപ്പുറം



തൃക്കണ്ണാട് അമ്പലത്തോട് ചേർന്ന തീരപ്രദേശം

## വരൾച്ചമൂലം ഉണ്ടായ കൃഷിനാശം, കുടിവെള്ളക്ഷാമം

2016 മുതൽ 2025 വരെയുള്ള കാലയളവിൽ മഴ സാധാരണയേക്കാൾ കുറവായി ലഭിച്ച വർഷങ്ങളിൽ ജില്ലയിലെ പല ഭാഗങ്ങളിലും കടുത്ത വരൾച്ച അനുഭവപ്പെട്ടു. 2016, 2017 വർഷങ്ങളിൽ തന്നെ മഴക്കുറവ് ഗൗരവമായി പ്രകടമായി. പ്രത്യേകിച്ച് വേനൽക്കാലത്ത് കിണറുകൾ, കുളങ്ങൾ, ചെറുനദികൾ എന്നിവയുടെ ജലനിരപ്പ് വേഗത്തിൽ താഴ്ന്നു. പല പഞ്ചായത്തുകളിലും കുടിവെള്ള വിതരണം വാടക ടാങ്കറുകളെ ആശ്രയിച്ചായിരുന്നു. കാർഷികോല്പാദനം കുറയുകയും ചില ഇടങ്ങളിൽ കൃഷി പൂർണ്ണമായും നശിക്കുകയും ചെയ്തു.

2018-ൽ മഴ ശരാശരി അളവിൽ മാത്രമെ ലഭിച്ചിരുന്നുള്ളുവെങ്കിലും കുടിവെള്ളക്ഷാമം കുറവായിരുന്നു. എന്നാൽ 2019-ൽ കാലവർഷം കൂടുതൽ അളവിൽ ലഭിച്ചിരുന്നെങ്കിലും തുലാവർഷത്തിന്റെയും വേനൽമഴയുടെയും കുറവ് മൂലം വീണ്ടും കനത്ത വരൾച്ച അനുഭവപ്പെട്ടു. ശൈത്യകാലമഴയും വേനൽമഴയും കുറവായതോടെ മണ്ണിലെ ഈർപ്പം കുറഞ്ഞു. കൃഷിയിടങ്ങളിൽ ജലക്ഷാമം നേരിട്ടത് മൂലം നെല്ല്, തെങ്ങ്, കുരുമുളക്, കവുങ്ങ്, പഴവർഗങ്ങൾ മുതലായ വിളകളെ പ്രതികൂലമായി ബാധിച്ചു. 2020 മുതൽ 2022 വരെ മഴയുടെ സ്വഭാവം ഏറെ അസാധാരണമായി. ചില വർഷങ്ങളിൽ കുറച്ച് ദിവസങ്ങൾ കനത്ത മഴ ലഭിച്ചെങ്കിലും ആകെ ലഭിച്ച മഴ സാധാരണയേക്കാൾ കുറവായിരുന്നു. വെള്ളം സംഭരിക്കുന്ന പരമ്പരാഗത മാർഗങ്ങൾ നിർജ്ജീവമായതും ഭൂഗർഭജലനിരപ്പിൽ ഇടിവുണ്ടായതും സ്ഥിതി കൂടുതൽ വഷളാക്കി. (അവലംബം: സി പി സി ആർ ഐ റിപ്പോർട്ട്)

ജില്ലയിൽ കഴിഞ്ഞ ഒരു ദശാബ്ദമായി വേനൽക്കാലത്ത് കുടിവെള്ളക്ഷാമം പ്രശ്നമായി തുടരുന്നു. 2023 ലെ വേനൽക്കാലത്ത് ജില്ലയിൽ ബെള്ളൂർ, മീഞ്ച ഗ്രാമപഞ്ചായത്തുകൾ ഒഴികെയുള്ള 39 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജനങ്ങൾക്ക് പതിവിലും കവിഞ്ഞ കുടിവെള്ള ക്ഷാമം നേരിടേണ്ടി വന്നു. ചില പഞ്ചായത്തുകളിൽ മാർച്ച് മൂന്നാം വാരം മുതൽ ടാങ്കർ വഴിയുള്ള കുടിവെള്ള വിതരണം ആരംഭിക്കേണ്ടിവന്നു. കാലവർഷം വൈകിയെത്തിയതിനെ തുടർന്ന് പല പ്രദേശങ്ങളിലും കുടിവെള്ള വിതരണം ജൂൺ അവസാനം വരെ തുടർന്നു. ഉദുമ, കുമ്പഡാജെ, പൈവളികെ എന്നീ പഞ്ചായത്തുകളിൽ ഏകദേശം ഒരു മാസത്തോളം മാത്രമാണ് ക്ഷാമം അനുഭവപ്പെട്ടത്. എന്നാൽ പതിനെട്ടോളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രണ്ടുമാസത്തിലധികം കുടിവെള്ളവിതരണം നടത്തേണ്ട സാഹചര്യം ഉണ്ടായി. ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ചേർന്ന് ആകെ അഞ്ചേകാൽ കോടി ലിറ്റർ ജലമാണ് വിതരണം ചെയ്തത്. ഇതിന് മൊത്തമായി 3.19 കോടി രൂപ ചെലവഴിച്ചു. ബേഡഡുക്ക, കിനാനൂർ-കരിന്തളം, തൃക്കരിപ്പൂർ, ചെറുവത്തൂർ, പിലിക്കോട്, ചെമ്മനാട് എന്നീ പഞ്ചായത്തുകളിൽ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ അധിക കുടിവെള്ള വിതരണം നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. (അവലംബം: തദ്ദേശ സ്വയംഭരണ സ്ഥാപനവിവരങ്ങൾ- ജെ ഡി ഓഫീസ് കാസറഗോഡ്)

കൃഷി വകുപ്പിൽ നിന്നു ലഭ്യമായ കണക്കുകൾ പ്രകാരം 2023 ൽ നീലേശ്വരം, കാഞ്ഞങ്ങാട്, പരപ്പ, കാറഡുക്ക എന്നീ കാർഷിക ബ്ലോക്കുകളിൽ 2,953 തെങ്ങുകൾ, 20,322 കവുങ്ങുകൾ, 750 വാഴ, 0.292 ഹെക്ടർ കുരുമുളക് എന്നിവയാണ് ജലക്ഷാമം മൂലം നഷ്ടപ്പെട്ടത്. ഇതിലൂടെ 1.02 കോടി രൂപയോളം കൃഷിനാശം രേഖപ്പെടുത്തിയിട്ടുണ്ട്.

## ജലഗതാഗതം

ജില്ലയിൽ ദേശീയ ജലപാത ആരംഭിക്കുന്നത് ബേക്കലിൽ നിന്നാണ്. നിലവിൽ ജലഗതാഗത രംഗത്ത് കൊറ്റി മുതൽ കോട്ടപ്പുറം വരെയുള്ള ബോട്ട് സർവ്വീസ് നിലവിലുണ്ട്. കോട്ടപ്പുറം മുതൽ നീലേശ്വരം പുഴയിലൂടെ ചിത്താരിപുഴയെ ബന്ധിപ്പിക്കുന്ന തീരദേശ ജലപാതയുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. കോട്ടപ്പുറം കവ്വായി കായലിൽ 280 ഓളം ഹൗസ്ബോട്ട് സർവ്വീസ് നിലവിലുണ്ട്. ഹൗസ് ബോട്ടുകളിലെ അശാസ്ത്രീയമായ മാലിന്യസംസ്കരണ രീതി ജലമലിനീകരണത്തിന് വലിയ തോതിൽ കാരണമാകുന്നു.

## മണ്ണിനങ്ങൾ




തീരപ്രദേശങ്ങളിൽ മണലും എക്കലും കലർന്ന തവിട്ടും മഞ്ഞയും നിറമുള്ള മണ്ണാണ് കാണപ്പെടുന്നത്. ജൈവാംശവും സൂക്ഷ്മമൂലകങ്ങളും കുറവായതിനാൽ ഇവിടുത്തെ മണ്ണിന് ഫലപുഷ്ടി കുറവാണ്. ഉയർന്ന ജലനിരപ്പുണ്ടെങ്കിലും ഈർപ്പം പിടിച്ചുവെക്കാനുള്ള കഴിവ് കുറവാണ്. എന്നിരുന്നാലും നെല്ല്, തെങ്ങ്, മധുരക്കിഴങ്ങ്, പച്ചക്കറികൾ, വാഴ, പുകയില, കവുങ്ങ് തുടങ്ങിയ വിളകൾക്ക് ഈ പ്രദേശത്തെ മണ്ണ് അനുയോജ്യമാണ്.

ഇടനാട് പ്രദേശങ്ങളിൽ നല്ല ആഴവും നീർവാർച്ചയും ഉള്ള തവിട്ടും ചുവപ്പും കലർന്ന നിറത്തിലുള്ള ലോമി മണ്ണും കളിമണ്ണും കാണപ്പെടുന്നു. ഈ മണ്ണുകൾ അല്പം അമ്ലസ്വഭാവമുള്ളതും താരതമ്യേന കുറഞ്ഞ ജൈവാംശവും ഫലപുഷ്ടിയും ഉള്ളവയുമാണ്. ഇവ കൂടുതലായി പുഴയോരങ്ങളിലും സമതല പ്രദേശങ്ങളിലും കാണപ്പെടുന്നു.

മലനാട് പ്രദേശങ്ങളിൽ പശ്ചിമഘട്ടത്തിലെ കരിങ്കൽ പാറകളിൽ നിന്ന് രൂപാന്തരപ്പെട്ട നല്ല ആഴവും നീർവാർച്ചയും ഉള്ള മണ്ണാണ് കാണുന്നത്. ചരലടങ്ങിയ ചുവപ്പും തവിട്ടും കലർന്ന നിറമുള്ള ഈ മണ്ണിന് അമ്ലസ്വഭാവം കുറവായതിനാൽ ഫലപുഷ്ടി കൂടുതലാണ്. ഇങ്ങനെ ഓരോ പ്രദേശത്തെയും മണ്ണിന്റെ സ്വഭാവ വ്യത്യാസമാണ് അവിടത്തെ കൃഷിരീതിയെയും സസ്യാവരണത്തെയും നിശ്ചയിക്കുന്നത്.

## പാറ, മണ്ണ്, മണൽ പ്രശ്നങ്ങൾ

നിർമാണ പ്രവർത്തനങ്ങൾക്ക് അത്യാവശ്യമായ പ്രധാന പ്രകൃതി വിഭവങ്ങളായ പാറ, മണ്ണ്, മണൽ എന്നിവയ്ക്ക് ആവശ്യകത കൂടിയതോടെ ഇടനാടൻ പ്രദേശങ്ങളിൽ ഖനനവും അതിനോടൊന്നിച്ചുള്ള പരിസ്ഥിതി പ്രശ്നങ്ങളും വർധിച്ചു. അനിയന്ത്രിതമായ ഖനനം കാരണം കുന്നിൻഭാഗങ്ങൾ ഇടിഞ്ഞുവീഴൽ, മണ്ണൊലിപ്പ്, ഭൂജല നിരപ്പ് കുറയൽ തുടങ്ങിയ ഗൗരവമായ പ്രശ്നങ്ങൾ ഇടനാടൻ ഗ്രാമങ്ങളിൽ കാണപ്പെടുന്നു. കൂടാതെ പ്രധാന നദീതടങ്ങളിൽ നടക്കുന്ന അമിത മണൽ ഖനനം നദികളുടെ സ്വാഭാവിക പ്രവാഹം മാറ്റുകയും മഴവെള്ളം നിലനിർത്താനുള്ള ശേഷി കുറക്കുകയും ചെയ്യുന്നു. വേനൽക്കാലത്ത് ജലക്ഷാമം കൂടുതൽ രൂക്ഷമാകുന്നു. മലയോരങ്ങളിലെ പാറക്വാറികളിൽ നടക്കുന്ന അനിയന്ത്രിതമായ സ്ഫോടന പ്രവർത്തനങ്ങൾ സമീപവാസികളുടെ വീടുകളിൽ വിള്ളലുകൾ വരുത്തുകയും ശബ്ദ-പൊടി മലിനീകരണത്തിന് വഴിവെക്കുകയും ചെയ്യുന്നുവെന്നത് ജനകീയ സമരങ്ങൾക്ക് കാരണമായിട്ടുണ്ട് . മൈനിംങ് & ജിയോളജി വകുപ്പിന്റെ ഇടപെടലിലൂടെ അനധികൃത ക്വാറികളെ കണ്ടെത്തി നടപടി സ്വീകരിക്കുന്നുണ്ട്. മണൽ ശേഖരണ കേന്ദ്രങ്ങളിൽ മണൽ ശേഖരിച്ച് വിതരണം ചെയ്യുന്നുണ്ട്. എന്നാലും കൃത്യമായ വിലയിരുത്തൽ ജില്ലയിലെ എല്ലാ നദികളിലും നടന്നിട്ടില്ല.

## മാലിന്യ പ്രശ്നങ്ങൾ

ജില്ലയിൽ പൊതുവായും വടക്കൻ പ്രദേശങ്ങളിൽ വർധിച്ച തോതിലും ജൈവ അജൈവ മാലിന്യങ്ങളുടെ വലിച്ചെറിയൽ രൂക്ഷമായ പ്രശ്നമായിരുന്നു. ഫ്ലാറ്റുകൾ, ഹോട്ടലുകൾ എന്നിവിടങ്ങളിലെ ദ്രവമാലിന്യങ്ങൾ, ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ മാലിന്യ നിക്ഷേപങ്ങൾ, ബാർബർ ഷോപ്പുകളിലെ മുടി മാലിന്യങ്ങൾ, ഡയപ്പറുകൾ അടക്കമുള്ള സാനിറ്ററി മാലിന്യങ്ങൾ, ഓഫീസുകളിലെ കേടായ ഇ-വേസ്റ്റുകൾ, കോഴി മാലിന്യങ്ങൾ എന്നിവ ജില്ലയിൽ നിലവിലുണ്ടായിരുന്ന പ്രധാന പ്രശ്നങ്ങളാണ്. ജനസംഖ്യ വർധനവും നഗരവൽക്കരണവും വിപണികൾ, ഉത്സവങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവയുടെ വർധനവും മൂലം ഖരമാലിന്യങ്ങളുടെ അളവ് ദിവസേന കൂടിക്കൊണ്ടിരിക്കുകയാണ്. പ്ലാസ്റ്റിക് കവറുകൾ, വെള്ളക്കുപ്പികൾ, ഭക്ഷ്യ മാലിന്യങ്ങൾ, പഴകിയ വസ്തുക്കൾ എന്നിവ പൊതുസ്ഥലങ്ങളിലും റോഡരികുകളിലും ജലാശയങ്ങളിലും കൂട്ടമായി കിടക്കുന്ന സ്ഥിതി പല പ്രദേശങ്ങളിലും കാണപ്പെടുന്നു.

കാഞ്ഞങ്ങാട് നഗരസഭയിലെ ചെമ്മട്ടംവയൽ പ്രദേശം മാലിന്യകൂമ്പാരകേന്ദ്രമായിരുന്നെങ്കിലും നിലവിൽ പ്രശ്നം പരിഹരിക്കപ്പെട്ടു. കാസറഗോഡ് നഗരസഭയിലെ കേളുഗുഡ്ഡെ പ്രദേശത്തുണ്ടായിരുന്ന മാലിന്യ നിക്ഷേപം വലിയ തലവേദനയായിരുന്നെങ്കിലും പരിഹരിക്കപ്പെട്ടു. മംഗൽപ്പാടി പഞ്ചായത്തിലെ കുബനൂർ, ദേശീയപാത 66-ന്റെ അരികിൽ സ്ഥിതിചെയ്യുന്നത് കൊണ്ട് അവിടെ മാലിന്യങ്ങൾ തള്ളുന്ന പ്രവണതയും കൂടുതലാണ്. വാഹനങ്ങളിൽ എത്തിച്ചേരുന്ന ചിലർ മാലിന്യം റോഡരികിലേക്ക് വലിച്ചെറിയുന്നതും കൂട്ടമായി തള്ളി പോകുന്നതും അവിടെ കാണപ്പെടുന്നു. ഇത് യാത്രക്കാരുടെയും പ്രദേശവാസികളുടെയും ആരോഗ്യത്തിനും പരിസര ശുചിത്വത്തിനും വലിയ ദോഷമാണ് വരുത്തുന്നത്. ഇത് ഫലപ്രദമായ ഇടപെടലിലൂടെ ഒരളവ് വരെ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. സ്വകാര്യ ആക്രി കച്ചവടക്കാർ ശേഖരിക്കുന്ന ഇലക്ട്രോണിക് മാലിന്യങ്ങൾ ഉൾപ്പെടെയുള്ളവ സ്വകാര്യ സ്ഥലങ്ങളിലും, തുറന്ന സ്ഥലങ്ങളിലും നിക്ഷേപിക്കുന്നത് പരിഹരിക്കേണ്ടതുണ്ട്.

ഇതോടൊപ്പം തന്നെ ഇ-വേസ്റ്റ് (ഇലക്ട്രോണിക് മാലിന്യം) കൂടുന്നു. പഴയ മൊബൈൽ ഫോണുകൾ, കമ്പ്യൂട്ടറുകൾ, ടിവികൾ, ബാറ്ററികൾ, ചാർജറുകൾ തുടങ്ങിയവ സാധാരണ മാലിന്യങ്ങളോടൊപ്പം തന്നെ കളയുന്നതു മൂലം അവയിലുള്ള വിഷരാസവസ്തുക്കൾ മണ്ണിലേക്കും വെള്ളത്തിലേക്കും കലരുന്നു. ഇത് മണ്ണിന്റെ ഗുണനിലവാരം കുറയ്ക്കുകയും കുടിവെള്ള സ്രോതസ്സുകളെ മലിനമാക്കുകയും ചെയ്യുന്നു. ചില സ്ഥലങ്ങളിൽ നിയമവിരുദ്ധമായി മാലിന്യം നിക്ഷേപിക്കുന്ന സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. ഇത് നദികളുടെയും കുളങ്ങളുടെയും മലിനീകരണത്തിന് കാരണമാകുന്നു. സീറോ വേസ്റ്റ് കാസറഗോഡ് എന്ന ലക്ഷ്യത്തോടെ ഇരുപത് വർഷമായി ഫലപ്രദമായ ഇടപെടലുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്നു വരുന്നുണ്ടെങ്കിലും ചിലയിടങ്ങളിലെ മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കാൻ ജനകീയ ഇടപെടൽ അനിവാര്യമാണ്. കോഴി മാലിന്യം സംസ്കരിക്കുന്നതിന് അനന്തപുരത്ത് 2 ചിക്കൻ റെന്ററിംഗ് പ്ലാന്റുകൾ നിലവിലുണ്ട്. മെഡിക്കൽ മാലിന്യങ്ങൾ ഇമേജ് മുഖേനയാണ് ശേഖരിക്കുന്നത്.

വലിച്ചെറിയൽമുക്ത കാമ്പയിന്റെ ഭാഗമായി ഈ പ്രശ്നങ്ങൾ നിയന്ത്രിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഗ്രീൻ പ്രോട്ടോകോൾ, മാലിന്യം വേർതിരിക്കൽ, ഹരിതകർമ്മസേനയുടെ പ്രവർത്തനം, കമ്പോസ്റ്റിംഗ് യൂണിറ്റുകളുടെ സ്ഥാപനം തുടങ്ങിയവ വഴി മാലിന്യസംസ്കരണം ക്രമാനുഗതമായി മെച്ചപ്പെടുകയാണ്. വീടുകളിലും സ്ഥാപനങ്ങളിലും മാലിന്യം വേർതിരിച്ച് നിക്ഷേപിക്കാൻ ആളുകളെ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങളും നടന്നു കൊണ്ടിരിക്കുകയാണ്. പൊതുജന ബോധവത്കരണവും സർക്കാർ, തദ്ദേശസ്ഥാപനങ്ങൾ, സ്വകാര്യ മേഖല, നാട്ടുകാർ എന്നിവരുടെ കൂട്ടായ പരിശ്രമവും തുടർച്ചയായി ശക്തമാക്കിയാൽ, കാസറഗോഡ് ജില്ലയിലെ മാലിന്യ പ്രശ്നങ്ങൾ ക്രമേണ കുറയ്ക്കാനും ശുദ്ധവും ആരോഗ്യകരവുമായ പരിസ്ഥിതി സൃഷ്ടിക്കാനും സാധിക്കുമെന്ന് പ്രതീക്ഷിക്കാം. സാനിറ്ററി മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് മഞ്ചേശ്വരത്തും നീലേശ്വരത്തും ഡബിൾ ചേമ്പർ ഇൻസിനറേറ്ററുകളുടെ നിർമാണം ആരംഭിച്ചിട്ടുണ്ട്.

നഗരമാലിന്യങ്ങളുടെ കൂട്ടത്തിൽ കെട്ടിടങ്ങളുടെ അവശിഷ്ടങ്ങൾ ധാരാളമായി ഉണ്ട്. സിമന്റുകട്ടകളും, കമ്പി, കരിങ്കൽ ചീളുകളും നീക്കം ചെയ്യാതെ കിടക്കുന്നതും ഒരു പ്രശ്നമാണ്. കൃഷി ഭൂമികളിലേക്ക് ഇവ അനധികൃതമായി നിക്ഷേപിക്കുന്നതും പതിവാണ്.

## തണ്ണീർത്തടങ്ങളുടെയും കണ്ടൽ കാടുകളുടെയും പ്രശ്നങ്ങൾ

ജില്ലയിലെ തണ്ണീർതടങ്ങളും കണ്ടൽക്കാടുകളും നാശത്തിലേക്ക് നീങ്ങുകയാണ്. മഞ്ചേശ്വരം, കുമ്പള, ചന്ദ്രഗിരി-തേജസ്വിനി നദീതീരങ്ങൾ, കയ്യാർ, നീലേശ്വരം, കാഞ്ഞങ്ങാട് തുടങ്ങിയ പ്രദേശങ്ങളിലെ കായലുകളും ചതുപ്പുകളും പല സ്ഥലങ്ങളിലും മണ്ണിട്ട് നികത്തപ്പെട്ടു. വീടുകളും റോഡുകളും മറ്റ് നിർമ്മാണങ്ങളും നടത്താൻവേണ്ടി തണ്ണീർതടങ്ങൾ ഇല്ലാതാക്കപ്പെട്ടത് മൂലം മഴവെള്ളം പോകാനുള്ള സ്വാഭാവിക വഴി തടസപ്പെട്ടതിന്റെ ഫലമായി നിരവധി പ്രദേശങ്ങളിൽ വെള്ളക്കെട്ടും ചെറിയ വെള്ളപ്പൊക്കങ്ങളും പതിവായി. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ കായലുകളിലേക്കും പുഴകളിലേക്കും തള്ളുന്നതും വ്യാപകമായതിനാൽ വെള്ളത്തിന്റെ ഗുണനിലവാരം കുറയുകയും മത്സ്യസമ്പത്ത് നശിക്കുകയും ചെയ്തു. കുമ്പള കായൽ, ചന്ദ്രഗിരിപ്പുഴ തീരം, മഞ്ചേശ്വരം ഭാഗങ്ങൾ എന്നിവയിൽ ഉണ്ടായിരുന്ന കണ്ടൽക്കാടുകൾ പല സ്ഥലങ്ങളിലും വെട്ടിമാറ്റി. ഇതോടെ കടൽക്ഷോഭവും മണ്ണൊലിപ്പും കൂടുകയും മത്സ്യക്കുഞ്ഞുങ്ങൾക്കും പക്ഷികൾക്കും സുരക്ഷിതമായ വാസസ്ഥലം നഷ്ടപ്പെടുകയും ചെയ്തു. മനുഷ്യ ഇടപെടലും പ്രകൃതി വിഭവങ്ങളുടെ അനിയന്ത്രിത ഉപയോഗവും മൂലം കാസറഗോഡ് ജില്ലയിലെ തണ്ണീർതടങ്ങളും കണ്ടൽക്കാടുകളും നശിച്ചു പോകാനും പാരിസ്ഥിതിക തുലനാവസ്ഥ തകരാനും കാരണമാകുന്നു.

## അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകൾ

**ജില്ലയിലെഅഗ്രോഇക്കോളജിക്കൽയൂണിറ്റുകൾ**

| ക്രമ നമ്പർ | ബ്ലോക്ക് | അഗ്രോഇക്കോളജിക്കൽ യൂണിറ്റുകൾ | വിസ്തൃതി (ഹെക്ടറിൽ) | കൃഷിചെയ്യുന്നവിളകൾ | പ്രോത്സാഹിപ്പിക്കാവുന്നവിളകൾ |
|---|---|---|---|---|---|
| 1 | മഞ്ചേശ്വരം | AEU 2,11 | 34410 | തെങ്ങ്, കവുങ്ങ്, പച്ചക്കറിവിളകൾ, സുഗന്ധവ്യഞ്ജനങ്ങൾ, ഫലവർഗ്ഗങ്ങൾ, കിഴങ്ങ് വർഗ്ഗങ്ങൾ, കശുമാവ് തുടങ്ങിയവ | തെങ്ങ്, കവുങ്ങ്, പച്ചക്കറിവിളകൾ, സുഗന്ധവ്യഞ്ജനങ്ങൾ, ഫലവർഗ്ഗങ്ങൾ, കിഴങ്ങ് വർഗ്ഗങ്ങൾ, കശുമാവ് തുടങ്ങിയവ |
| 2 | കാസറഗോഡ് | AEU 2,11 | 22790 | " | " |
| 3 | കാറഡുക്ക | AEU 11, 15 | 34410 | " | " |
| 4 | കാഞ്ഞങ്ങാട് | AEU 2,7,11 | 18200 | " | " |
| 5 | നീലേശ്വരം | AEU 2,7,11 | 30304 | " | " |
| 6 | പരപ്പ | AEU 11, 13,15 | 50000 | " | " |

അവലംബം: കാർഷികസർവകലാശാല, കൃഷിവകുപ്പ്കേരളസർക്കാർ 2023-24

### വനം വന്യജീവി സംഘർഷം

കാറഡുക്ക, പരപ്പ ബ്ലോക്കുകളിലെ വനാതിർത്തികളുമായി ചേരുന്ന പ്രദേശങ്ങളിൽ ആന, പുലി, പന്നി, കുരങ്ങുകൾ എന്നിവ കൃഷിഭൂമിയിലേക്ക് കടന്നു വരികയും വലിയ തോതിൽ കന്നുകാലികൾക്കും വിളവുകൾക്കും നാശമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള ആനമതിലിനു കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്.





### അധിനിവേശ സസ്യങ്ങളുടെ വ്യാപനം

ജില്ലയിലെ വനമേഖലയിലും ചെങ്കൽപ്പാറകളിലും കടൽത്തീരങ്ങളിലും ദേശീയ പാതയോരത്തും മറ്റും അക്കേഷ്യ, സിംഗപ്പൂർ ഡെയ്സി, ധൃതരാഷ്ട്രപ്പച്ച, ആനത്തൊട്ടാവാടി തുടങ്ങിയ അധിനിവേശ സസ്യങ്ങൾ വളർന്നു വരുന്നുണ്ട്. സോഷ്യൽ ഫോറസ്ട്രി മുഖേന നട്ടു വളർത്തിയ അക്കേഷ്യക്ക് പുറമെ വ്യാപകമായി വളർന്നു വന്നവയും നിലവിലുണ്ട്. ഇവയെ നശിപ്പിച്ച് തനതു നാടൻ വൃക്ഷങ്ങൾ വയ്ക്കുന്നതിന് ശ്രദ്ധിക്കുന്നു.

### കുന്നിടിക്കൽ

ചെങ്കൽകുന്നുകളുടെ നാശം ഇടനാടൻ പ്രദേശങ്ങളിൽ രൂക്ഷമാണ്. ദേശീയപാത, സംസ്ഥാന പാത എന്നിവയുടെ നിർമ്മാണത്തിനായും കുന്നിടിക്കൽ വേണ്ടി വന്നിട്ടുണ്ട്. ചെറുവത്തൂരും തെക്കിൽഭാഗത്തും ദേശീയപാതയോരത്ത് കുന്നിടിഞ്ഞത് ഗൗരവമായ പ്രശ്നമാണ്.

### കുഴൽക്കിണറുകളുടെ അമിതമായ ഉപയോഗം

കുഴൽ കിണറുകൾ വഴി അമിതമായി നടത്തുന്ന ജലചൂഷണമാണ് കാസറഗോഡ്, മഞ്ചേശ്വരം ബ്ലോക്കുകൾ ക്രിട്ടിക്കൽ, സെമി ക്രിട്ടിക്കൽ മേഖലയിലുൾപ്പെടാൻ കാരണം.

### വെള്ളക്കെട്ട്

ജില്ലയിലെ തീരപ്രദേശങ്ങളിൽ പ്രത്യേകിച്ച് ചെറുവത്തൂർ, അജാനൂർ, പടന്ന, വലിയപറമ്പ, തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തുകളിലും നീലേശ്വരം നഗരസഭയിലും കാലവർഷക്കാലത്ത് അതിശക്തമായ മഴയുണ്ടാകുന്ന ഘട്ടങ്ങളിൽ വെള്ളക്കെട്ട് ഉണ്ടാകാറുണ്ട്. വേനൽകാലത്ത് ജില്ലയിലെ എല്ലാ നദികളിലും ഉപ്പുവെള്ളം കയറുകയും ഓരുജലമൂലം കൃഷി നാശം ഉണ്ടാകുകയും ചെയ്യാറുണ്ട്.

# പരിസ്ഥിതി പ്രശ്നങ്ങളിലെ ഇടപെടൽ സാധ്യതകൾ

മാലിന്യ നിക്ഷേപങ്ങൾ, ജലക്ഷാമം, വനശോഷണം, തണ്ണീർത്തടങ്ങളുടെയും കണ്ടൽക്കാടുകളുടെയും നാശം, മണൽ, ചെങ്കൽ ഖനനം മൂലമുള്ള പ്രശ്നങ്ങൾ, നെൽവയലുകൾ നികത്തൽ എന്നിങ്ങനെ നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾ കാസറഗോഡ് ജില്ലയിൽ നിലനില്ക്കുന്നതായി അധ്യായം 1 ൽ സൂചിപ്പിച്ചല്ലോ. ഈ പ്രശ്നങ്ങളെ സൂക്ഷ്മമായി പരിശോധിച്ചാൽ ഇവയിൽ മിക്കവാറും എല്ലാം തന്നെ മനുഷ്യരുടെ വിവേചന രഹിതമായ പ്രവർത്തനങ്ങളുടെ ഫലമായി ഉണ്ടായതാണെന്ന് കാണാൻ കഴിയും. വിവേകപൂർവ്വമുള്ള ശാസ്ത്രീയ ഇടപെടലുകളിലൂടെ ഈ പ്രശ്നങ്ങളെല്ലാം പൂർണ്ണമായി പരിഹരിക്കാനോ അവയുടെ തീവ്രത കുറയ്ക്കുവാനോ സാധിക്കും. കാസറഗോഡ് ജില്ലയിലെ നിലവിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഇടപെടൽ സാധ്യതകളാണ് ഇവിടെ പരിശോധിക്കുന്നത്. കഴിഞ്ഞ 10 വർഷക്കാലം ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജില്ലയിൽ നടന്ന പ്രവർത്തനങ്ങളുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് ഇടപെടൽ സാധ്യതകൾ സൂചിപ്പിക്കുന്നത്.

## മാലിന്യ നിക്ഷേപങ്ങൾ

കാസറഗോഡ് ജില്ലയുടെ വടക്കൻ ഭാഗങ്ങളിൽ ജൈവ - അജൈവ മാലിന്യ സംസ്കരണത്തിനുള്ള സുസ്ഥിര സംവിധാനം ഇല്ലാത്തത് വലിച്ചെറിയപ്പെടുന്ന മാലിന്യങ്ങളുടെ അളവ് വർധിക്കുവാൻ കാരണമായിട്ടുണ്ട്. ദേശീയപാതയുടെ ഇരു വശങ്ങളിൽ മഞ്ചേശ്വരം മുതൽ ബന്തിയോട് വരെയും മറ്റു ഉൾനാടൻ റോഡുകളുടെ ഇരു വശങ്ങളിലും മാലിന്യക്കെട്ടുകൾ വലിച്ചെറിയുന്ന ദുശ്ശീലം പ്രകടമാണ്. ഫ്ലാറ്റുകളിൽ മാലിന്യ സംസ്കരണ സംവിധാനം ഇല്ലാത്തതാണ് പ്രശ്നം രൂക്ഷമാക്കിയത്. ഉറവിടത്തിൽ തന്നെ ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള ഉപാധികൾ ലഭ്യമാക്കിയും RRF, MCF എന്നിവ മെച്ചപ്പെടുത്തിയും മിനി MCF കളുടെ എണ്ണം വർധിപ്പിച്ചും പ്രശ്നം പരിഹരിക്കുവാൻ കഴിയും. ശുചിത്വ മിഷന്റെയും ഗ്രാമപഞ്ചായത്തുകളുടെയും ഫണ്ടുകൾ ഇതിനായി ഉപയോഗപ്പെടുത്താം.



ഹരിതകർമ്മസേനകളുടെ എണ്ണക്കുറവ് പല പഞ്ചായത്തുകളിലും നിലവിലുണ്ട്. വാതിൽപ്പടി സേവനത്തിലൂടെ യൂസർഫീസ് ശേഖരണം വർധിപ്പിച്ച് വരുമാന വർധനവ് ഉറപ്പാക്കിക്കൊണ്ട് ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കും. മൊബൈൽ ഫോൺ വാങ്ങാൻ സാമ്പത്തിക പ്രയാസം അനുഭവിക്കുന്ന ഹരിതകർമ്മ സേനാംഗങ്ങൾക്ക് കൺസോർഷ്യം ഫണ്ടിൽ നിന്നും വായ്പയായി തുക അനുവദിച്ചു കൊടുക്കാൻ സാധിക്കും. ഹരിത കർമ്മ സേനാംഗങ്ങൾക്ക് നിയമപരമായ പരിരക്ഷയും അംഗീകാരവും നൽകി പ്രോത്സാഹിപ്പിക്കാൻ കഴിയും.

വർഷങ്ങളായി തുടർന്നു വന്ന വലിച്ചെറിയൽ ശീലത്തിൽ നിന്ന് മാറാനുള്ള സമൂഹത്തിന്റെ താല്പര്യക്കുറവും ശാസ്ത്രീയ മാലിന്യ സംസ്കരണത്തെക്കുറിച്ചുള്ള അവബോധമില്ലായ്മയും ശക്തമായ വിവര - വിദ്യാഭ്യാസ - ആശയവിനിമയത്തിലൂടെ [IEC] പരിഹരിക്കുവാൻ സാധിക്കും.

ആഘോഷങ്ങൾ, വിവാഹ സൽക്കാരങ്ങൾ എന്നിവയിൽ ഹരിതചട്ടം പാലിക്കാതിരിക്കുന്നതിനെതിരെ തദ്ദേശ സ്വയംഭരണതല എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തി പരിഹരിക്കുവാൻ സാധിക്കും.

നഗരപ്രദേശങ്ങളിലെ ഹോട്ടലുകളിൽ നിന്ന് ഒഴുകുന്ന ദ്രവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് നിലവിൽ സംവിധാനങ്ങൾ കുറവാണ്. തൊഴിലുറപ്പ് പദ്ധതി, പൊതുമരാമത്ത് വകുപ്പ് എന്നിവയുമായി സംയോജിപ്പിച്ച് സോക്ക് പിറ്റുകൾ, സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് [STP] എന്നിവ നിർമ്മിച്ച് പ്രശ്നം പരിഹരിക്കുവാൻ കഴിയും. ഒപ്പം പുതിയ നിർമ്മിതികൾക്ക് സെപ്റ്റിക് ടാങ്ക്, സോക്ക് പിറ്റ് എന്നിവ നിർബന്ധമാക്കിക്കൊണ്ട് ഭാവിയിൽ ഉണ്ടാകുന്ന പ്രശ്നങ്ങളും പരിഹരിക്കാൻ സാധിക്കും. കക്കൂസ് മാലിന്യ സംസ്കരണത്തിനായി ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റുകളും [FSTP] സാനിറ്ററി മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഡബിൾ ചേമ്പർ ഇൻസിനറേറ്ററുകളും സ്ഥാപിച്ച് പ്രശ്നപരിഹാരം നടത്തണം.

വർധിച്ചുവരുന്ന നഗരവത്കരണത്തിന്റെ ഭാഗമായി കോൺക്രീറ്റ് കെട്ടിട മാലിന്യങ്ങൾ വർധിക്കുന്നത് നീക്കം ചെയ്യാനുള്ള ശ്രമങ്ങൾ കെ എസ് ഡബ്ല്യു എം പി യുടെ നേതൃത്വത്തിൽ ആരംഭിച്ചു.

### ജലക്ഷാമം

ഭൂജല വിനിയോഗത്തിൽ കാസറഗോഡ്, മഞ്ചേശ്വരം ബ്ലോക്കുകളിൽ യഥാക്രമം ക്രിട്ടിക്കൽ, സെമി ക്രിട്ടിക്കൽ വിഭാഗത്തിൽ ഉൾപ്പെടുന്നു. മാർച്ച്, ഏപ്രിൽ മാസങ്ങളിൽ പ്രസ്തുത ബ്ലോക്കുകളിലും ജില്ലയിലെ മറ്റു ബ്ലോക്കുകളിലെ ഏതാനും പഞ്ചായത്തുകളിലും കുടിവെള്ളം ടാങ്കർ ലോറികളിൽ വിതരണം ചെയ്തു വരുന്നുണ്ട്. ജില്ലയിൽ വൻകിട ജലപദ്ധതികൾ ഒന്നും നിലവിലില്ല. ഉപ്പു വെള്ളം കയറുന്നതു മൂലം പല സ്രോതസ്സുകളിലും വേനൽക്കാലത്ത് ശുദ്ധജലം ലഭിക്കുന്നില്ല. ഹരിതകേരളം



മിഷൻ തയ്യാറാക്കിയ ജലബജറ്റിലെ കണക്കുകൾ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പിന്നിട്ട 10 വർഷങ്ങളിൽ ജൂൺ മുതൽ ഫെബ്രുവരി വരെ ജലമിച്ചം ഉണ്ട്. തുലാവർഷത്തിലും വേനൽ മഴയിലും ഉള്ള കുറവ് ജലക്ഷാമം രൂക്ഷമാക്കുന്നു. രൂക്ഷമായ മണ്ണൊലിപ്പും ഇടനാടൻ കുന്നിൻ പ്രദേശങ്ങളിലെ കുന്നിടിക്കലുകളും മണ്ണിന്റെ ജലാഗിരണശേഷി കുറക്കുന്നു. കിണറുകളുടെ ജലലഭ്യത കുറയുകയും ചെയ്യുന്നു. കുഴൽ കിണറുകളുടെ അമിതോപയോഗം ഭൂജലശോഷണം വർധിപ്പിക്കുന്നു.

നദികളിലെ ശുദ്ധജല ലഭ്യത ഉറപ്പു വരുത്തുന്നതിന് ഓരു ജലം കയറുന്നത് തടയണം. ഉപ്പുവെള്ള പ്രതിരോധ ബണ്ടുകൾ സ്ഥാപിച്ച് ഇത് പരിഹരിക്കുവാൻ സാധിക്കും. വരൾച്ചാ തീവ്രത കുറക്കുന്നതിന് എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും മഴവെള്ള സംഭരണി നിർബ്ബന്ധമാക്കൽ, കിണർ റീച്ചാർജിംഗ് എന്നിവയിലൂടെ സാധിക്കും. കുഴൽക്കിണറുകളുടെ റീചാർജ്ജിംഗ് കൂടി നടത്തിയാൽ കുടിവെള്ള ക്ഷമം ശാശ്വതമായി പരിഹരിക്കുവാൻ സാധിക്കും. അതു വഴി ടാങ്കർ ലോറികളിലുള്ള കുടിവെള്ള വിതരണം പൂർണ്ണമായി അവസാനിപ്പിക്കുവാൻ സാധിക്കും.

തുലാവർഷക്കാലത്ത് തരിശുഭൂമികളിൽ മഴക്കുഴികൾ, തടങ്ങൾ എന്നിവ ഒരുക്കി മഴവെള്ളം മണ്ണിലേക്കിറക്കി ജലസംഭരണശേഷി വർധിപ്പിക്കുവാൻ സാധിക്കും. തെങ്ങ്, കവുങ്ങ് എന്നിവയുടെ കൃഷിയിടങ്ങളിലും ശാസ്ത്രീയ മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാം.

അയ്യങ്കാളി, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതികളുമായി ഏകോപിപ്പിച്ച് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള സമഗ്ര നീർത്തടാധിഷ്ഠിത പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കും. തട്ടുതിരിക്കൽ, മണ്ണു കയ്യാല, പുൽവരമ്പുകൾ, ചെറു ചെക്ക് ഡാമുകൾ എന്നിവയിലൂടെ ജലം മണ്ണിലേക്കിറക്കാൻ സാധിക്കും.

**താഴെ പറയുന്ന ജലസംരക്ഷണ പ്രവർത്തനങ്ങൾക്കൂടി ജില്ലയിൽ നടപ്പിലാക്കുവാൻ സാധിക്കും.**

* നീർത്തടങ്ങളിലെ ഫസ്റ്റ് ഓർഡർ മുതൽ അനുയോജ്യമായ തടയണ രീതികൾ അവലംബിച്ച് ഒഴുകുന്ന ജലത്തെ മണ്ണിലേക്ക് കിനിഞ്ഞിറക്കാൻ സാധിക്കും.
* അരുവികൾ, തോടുകൾ, എന്നിവയുടെ ഉത്ഭവ പ്രദേശങ്ങളിൽ വനവല്ക്കരണ പ്രവൃത്തികൾ ഏറ്റെടുക്കുവാൻ സാധിക്കും.
* പ്രധാന നദികളിൽ നിന്ന് ലിഫ്റ്റ് ഇറിഗേഷൻ വഴി മഴക്കാലത്തുള്ള അധികജലം ജലദൗർലഭ്യമുള്ള പ്രദേശങ്ങളിൽ സംഭരിക്കാൻ സാധിക്കും.







* ഉപേക്ഷിക്കപ്പെട്ട കിണറുകൾ, കുളങ്ങൾ, സ്വാഭാവിക ജലാശയങ്ങൾ എന്നിവ പുനരുജ്ജീവിപ്പിച്ച് ജലസംഭരണശേഷി വർധിപ്പിക്കുവാൻ സാധിക്കും.
* പ്രധാന നദികളുടെ പോഷക നദികൾ മാലിന്യ മുക്തമാക്കുകയും വശങ്ങളിൽ കൈത, മുള എന്നിവ വെച്ചു പിടിപ്പിക്കുകയും ചെയ്ത് ശുദ്ധജല ലഭ്യത ഉറപ്പാക്കാൻ കഴിയും.
* നദികൾ, കിണറുകൾ, മറ്റു ജലാശയങ്ങൾ എന്നിവയിൽ നിന്നും കാർഷികാവശ്യത്തിന് മോട്ടോർ പമ്പ് ഉപയോഗിച്ച് തുടർച്ചയായി നടന്നു വരുന്ന ജലചൂഷണം അവസാനിപ്പിച്ച് തുള്ളി നന, സ്പ്രിഗ്ളർ തുടങ്ങിയ ആധുനിക ജലസേചന രീതി നടപ്പിലാക്കാൻ സാധിക്കും.
* കുറഞ്ഞ ജലം ആവശ്യമുള്ള മില്ലറ്റ് കൃഷി പ്രോത്സാഹിപ്പിക്കുവാൻ സാധിക്കും.
* ക്രിട്ടിക്കൽ, സെമി ക്രിട്ടിക്കൽ ബ്ലോക്കുകളിൽ സമഗ്ര ജലസുരക്ഷാ പദ്ധതികൾ തയ്യാറാക്കി ജനകീയ ക്യാമ്പയിൻ സംഘടിപ്പിക്കുവാൻ സാധിക്കും.
* ജലാശയങ്ങളും കുളങ്ങളും പുനരുജ്ജീവിപ്പിക്കുക, പുതിയ കുളങ്ങൾ നിർമ്മിക്കുക, സുരങ്കങ്ങളുടെ ശാസ്ത്രീയ പരിപാലനം നടത്തുക എന്നിവയിലൂടെ ജലസുരക്ഷ ഉറപ്പാക്കാൻ സാധിക്കും.
* ജലം പൊതുസ്വത്താണെന്ന അവബോധം വളർത്തുന്നതിന് വിദ്യാലയങ്ങളിൽ ജലക്ലബ്ബുകൾ രൂപികരിക്കുവാൻ സാധിക്കും.

### വനശോഷണം

ജില്ലയിലുള്ള സംരക്ഷിത വനവിസ്തൃതി 857 ച.കി.മീറ്ററാണ്. ഇതിൽ നിബിഡ വനമായി 306 ച.കി. മീറ്ററും തുറസ്സായ വനപ്രദേശമായി 551 ച.കി.മീറ്ററും ഉണ്ട്. തുറസ്സായ വനങ്ങളിൽ തനതു വൃക്ഷ സമ്പത്തുകൾ കുറവാണ്. അക്കേഷ്യ, മാഞ്ചിയം തുടങ്ങിയ മരങ്ങളും കുറ്റിച്ചെടികളുമാണ് അവിടെ ഉള്ളത്. തുറസ്സായ വനങ്ങൾ കൂടുതലും ചെങ്കൽപ്പാറകളിലാണ്. ജില്ലയിൽ 200 മീറ്റർ ഉയരമുള്ള മേഖലകളിൽ

കാലാവസ്ഥയിൽ നിർണ്ണായക സ്വാധീനം ചെലുത്തേണ്ട വനഭൂമിക്ക് വിവിധകാരണങ്ങളാൽ ശോഷണം സംഭവിച്ചിട്ടുണ്ട്. ഉൾവനങ്ങളിൽ വന്യജീവികൾക്ക് ഭക്ഷ്യയോഗ്യമായ ഫലവൃക്ഷങ്ങളും തീറ്റപ്പുല്ലുകളും വളർത്തിക്കൊണ്ട് ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാം. ഇതുവഴി മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുകയും ചെയ്യാം.. കൂടാതെ തുറസ്സായ വനപ്രദേശങ്ങളിലും പുറത്തും സാമൂഹ്യ വനവൽക്കരണ വകുപ്പിന്റെയും ഹരിതകേരളം മിഷന്റെയും നേതൃത്വത്തിൽ വനവൽക്കരണം നടത്തുവാൻ സാധിക്കും. അക്കേഷ്യ, മാഞ്ചിയം തുടങ്ങിയ അധിനിവേശ സസ്യങ്ങൾ മുറിച്ചു മാറ്റുന്ന പ്രോജക്ടുകളും സാമൂഹ്യ വനവല്ക്കരണ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുവാൻ സാധിക്കും. കാവുകളിലും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഉണ്ടാക്കിയ പച്ചത്തുരുത്തുകളിലും മരത്തൈകൾ നട്ട് സംരക്ഷിക്കുവാൻ സാധിക്കും.



### അധിനിവേശസസ്യ നിർമ്മാജ്ജനം

ജില്ലയിലെ വനമേഖലകളിൽ മഞ്ഞക്കൊന്നയുടെ വ്യാപനം താരതമ്യേന കുറവാണെങ്കിലും, കൃഷിയിടങ്ങളിലും തരിശുഭൂമികളിലും സിംഗപ്പൂർ ഡെയ്സി, ആനത്തൊട്ടാവാടി, അരിപ്പൂ ചെടി, ധൃതരാഷ്ട്രപ്പച്ച തുടങ്ങിയ അധിനിവേശ സസ്യങ്ങൾ വലിയ ഭീഷണി ഉയർത്തുന്നുണ്ട്. ഇവയെ പ്രതിരോധിക്കുന്നതിനായി തരിശുരഹിത പദ്ധതിയുടെ ഭാഗമായി എം.ജി.എൻ.ആർ.ഇ.ജി അസിസ്റ്റന്റ് എൻജിനീയർമാരുടെയും ജില്ലാ ജൈവവൈവിധ്യ ബോർഡ് റിസോഴ്സ് പേഴ്സൺമാരുടെയും നേതൃത്വത്തിൽ വിപുലമായ ആസൂത്രണ യോഗങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ട്. അധിനിവേശ സസ്യങ്ങളെ പരിചയപ്പെടുത്തുന്ന സ്ലൈഡുകൾ ഉപയോഗിച്ച് ബ്ലോക്ക് തലത്തിൽ മേറ്റുമാർക്ക് വിദഗ്ധ പരിശീലനം നൽകുകയും, അവർ വഴി തൊഴിലാളികൾക്കിടയിൽ കൃത്യമായ ബോധവൽക്കരണം ഉറപ്പാക്കുകയും വേണം. ഈ സസ്യങ്ങളെ ശാസ്ത്രീയമായി ഇല്ലാതാക്കാനുള്ള പ്രവർത്തനങ്ങൾ കേവലം ഔദ്യോഗിക തലത്തിൽ ഒതുക്കാതെ, പൊതുജന പങ്കാളിത്തത്തോടെയുള്ള ഒരു ജനകീയ മുന്നേറ്റമായി നടപ്പിലാക്കുന്നത് ഇത്തരം സസ്യങ്ങളുടെ വ്യാപനം പൂർണ്ണമായും തടയാൻ സഹായിക്കും.

### മനുഷ്യ വന്യജീവി സംഘർഷം

കാറഡുക്ക, പരപ്പ ബ്ലോക്കുകളിലെ വനാതിർത്തികളിൽ വന്യമൃഗങ്ങളുടെ കടന്നാക്രമണം പ്രതിരോധിക്കുന്നതിനായി വനംവകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സംയുക്ത ആഭിമുഖ്യത്തിൽ നിർമ്മിച്ച ആനമതിലുകൾ വലിയ വിജയമാണ് കൈവരിച്ചിരിക്കുന്നത്. വനമേഖലയിൽ കുടിവെള്ളത്തിന്റെ ലഭ്യത കുറയുന്നത് വന്യജീവികൾ ജനവാസ മേഖലകളിലേക്ക് ഇറങ്ങാൻ കാരണമാകുന്ന സാഹചര്യത്തിൽ, വനത്തിലെ നീരുറവുകളും നീർച്ചാലുകളും സംരക്ഷിക്കുന്നതിനായി ജില്ലാ ജലസുരക്ഷാ പ്ലാനിന്റെ ഭാഗമായി 'വനനീർ' എന്ന സവിശേഷ പദ്ധതി വനംവകുപ്പ് വിഭാവനം ചെയ്തിട്ടുണ്ട്. വന്യജീവികൾക്ക് സ്വാഭാവിക ഭക്ഷണലഭ്യത ഉറപ്പുവരുത്തുന്നതിനായി വനത്തിനുള്ളിൽ വ്യാപകമായി ഫലവൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുകയും, വനസംരക്ഷണ സമിതികളുടെ സഹകരണത്തോടെ വിത്തുണ്ടകൾ നിക്ഷേപിക്കുകയും ചെയ്യുന്നത് മികച്ച പരിഹാരമാർഗ്ഗങ്ങളാണ്. വന്യജീവി സംഘർഷം

ലഘൂകരിക്കുന്നതിനുള്ള ഇത്തരം മാതൃകാപരമായ പ്രവർത്തനങ്ങൾ ജനകീയ പങ്കാളിത്തത്തോടെ വിപുലമായി നടപ്പിലാക്കേണ്ടതുണ്ട്.

## തണ്ണീർ തടങ്ങളുടെയും കണ്ടൽ കാടുകളുടെയും നാശം

ജില്ലയിലെ 12 നദികളുടെയും പതന പ്രദേശങ്ങളിൽ ധാരാളമായി തണ്ണീർ തടങ്ങളുണ്ട്. ഇവയിൽ മിക്കവയിലും കണ്ടൽക്കാടുകൾ വളരുന്നുണ്ട്. ഉദാ: ചിത്താരി, മാടക്കാൽ, കവ്വായി, കുമ്പള, മൊഗ്രാൽ പുത്തൂർ, തുരുത്തി. കണ്ടൽക്കാടുകൾ നശിപ്പിക്കുന്നത് ജൈവ വൈവിധ്യങ്ങളെ ഗുരുതരമായി ബാധിക്കുന്നുണ്ട്. തീരദേശ തണ്ണീർ തടങ്ങൾ വ്യാപകമായ കൈയേറ്റ ഭീഷണിയിലാണ്. ഹൈവേ നിർമ്മാണത്തിനായി നികത്തപ്പെട്ട തണ്ണീർത്തടങ്ങളുമുണ്ട്. ചെങ്കൽപ്പാറകളിലെ തണ്ണീർത്തടങ്ങളായ പള്ളങ്ങൾ മാലിന്യങ്ങൾ നിറഞ്ഞ് നശിക്കുന്നു.

വലിയപറമ്പ ഗ്രാമപഞ്ചായത്തിലെ മാടക്കാലിൽ ആയിരക്കണക്കിന് കണ്ടൽ തൈകൾ ജനകീയമായി നട്ടുപിടിപ്പിച്ചതുപോലെ ഇതര തണ്ണീർ തടങ്ങളിലും സമാന പ്രവൃത്തികൾ നടത്തുവാൻ കഴിയും. കൃഷിയുക്തമായ തണ്ണീർ തടങ്ങൾ മെച്ചപ്പെടുത്തി മത്സ്യകൃഷി, കല്ലുമ്മക്കായ കൃഷി, ചെമ്മീൻ കൃഷി തുടങ്ങിയ ഓരുജലകൃഷി രീതികൾ അവലംബിക്കുവാൻ സാധിക്കും. പള്ളങ്ങളിലെ ഖരമാലിന്യങ്ങൾ നീക്കം ചെയ്ത് തണ്ണീർത്തട സംരക്ഷണം നടപ്പിലാക്കാൻ കഴിയും..



## മണൽ, ചെങ്കൽ ഖനനം

കാസറഗോഡ് ജില്ലയിൽ നിർമ്മാണ മേഖലയിൽ മണലിനും ചെങ്കല്ലിനും വലിയ ആവശ്യകതയാണ് ഉള്ളത്. കെട്ടിടനിർമ്മാണത്തിന് ഇവയാണ് ഉപയോഗിക്കുന്നത്. നിയന്ത്രണമില്ലാത്ത മണൽ, ചെങ്കൽ ഖനനം പരിസ്ഥിതിക്ക് ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നുണ്ട്. നദികളിൽ നടക്കുന്ന മണൽ ഖനനവും കുന്നുകളിൽ നടക്കുന്ന ചെങ്കൽ ഖനനവും പ്രകൃതിയുടെ സ്വാഭാവികത തകർക്കുന്നു. നദികളുടെ അടിത്തട്ടിൽ നിന്ന് മണൽ നീക്കം ചെയ്യുമ്പോൾ ആഴം കൂടുന്നതിനനുസരിച്ച് നദീതീരം ഇടിഞ്ഞു പോവുകയും ഒഴുക്ക് വ്യതിചലിക്കുകയും ചെയ്യുന്നു. മഴക്കാലത്ത് വെള്ളപ്പൊക്കത്തിനുള്ള സാധ്യതയും ഉണ്ടാകുന്നു. ശുദ്ധജലം മണ്ണിനടിയിലേക്ക് എത്തിക്കാൻ അരിപ്പ പോലെ പ്രവർത്തിക്കുന്ന മണൽ നിരപ്പ് ഇല്ലാതാവുന്നത് വരൾച്ചക്കും കാരണമാകുന്നു. ചെങ്കൽ ഖനനം വഴി ഭൂമിയുടെ ഉപരിതല പാളി നഷ്ടപ്പെടുന്നത് വ്യാപകമായ മണ്ണൊലിപ്പിനും കാരണമാകുന്നു. കൂടാതെ ഫലഭൂയിഷ്ഠത നഷ്ടപ്പെട്ട് വനനാശം, കൃഷി നാശം, ആവാസ വ്യവസ്ഥ നശീകരണം എന്നിവയ്ക്കും കാരണമാകുന്നു.

നിയമവിധേയമല്ലാത്ത മണൽ, ചെങ്കൽ ഖനനങ്ങൾ ഒഴിവാക്കാൻ സാധിക്കും. ബദൽ നിർമ്മാണ സാമഗ്രികളുടെ ഉപയോഗങ്ങൾ പ്രോത്സാഹിപ്പിച്ച് മണൽ, ചെങ്കൽ എന്നിവയുടെ ആവശ്യകത കുറച്ചു കൊണ്ടുവരാൻ സാധിക്കും. ചെങ്കൽപ്പാറകളിൽ തരിശു രഹിതമാക്കുന്നതിന്റെ ഭഗമായി കൃഷി, വൃക്ഷവല്ക്കരണം എന്നിവ നടത്തുവാൻ സാധിക്കുന്നതാണ്.

## നെൽവയലുകൾ നികത്തൽ

കാസറഗോഡ് ജില്ലയുടെ ആകെ വിസ്തൃതിയായ 199166 ഹെക്ടറിൽ 78.8 % സ്ഥലത്ത് വിവിധ കൃഷികൾ ചെയ്തു വരുന്നു. സംസ്ഥാനത്ത് തരിശു ഭൂമി കുറവുള്ള ജില്ലയാണ് കാസറഗോഡ് (4.48%). പാടശേഖരങ്ങൾ ഗൃഹനിർമ്മാണത്തിനും തെങ്ങ്, കവുങ്ങ് കൃഷികൾക്കും വേണ്ടി ഉപയോഗിക്കുന്നവരുണ്ട്.

കൃഷിയോഗ്യമായ തരിശു നിലങ്ങളിൽ അനുയോജ്യമായ കാർഷിക വിളകൾ കൃഷി ചെയ്യുന്നതിനുള്ള സമഗ്ര പദ്ധതികൾ നീർത്തടാധിഷ്ഠിത പ്ലാനുമായി ബന്ധപ്പെടുത്തി തയ്യാറാക്കാവുന്നതാണ്. ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതും അല്ലാത്തവയുമായ നെൽവയലുകൾ നികത്തപ്പെടുകയോ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുകയോ ചെയ്യുന്ന സാഹചര്യം നിരുത്സാഹപ്പെടുത്തുവാൻ സാധിക്കും. പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ [ട്രാക്ടർ വേ, കനാൽ നിർമ്മാണം, കാർഷിക യന്ത്രോപകരണങ്ങൾ] വർധിപ്പിക്കുന്നതിലൂടെ നെൽകൃഷി കൂടുതൽ വ്യാപിപ്പിക്കുവാൻ സാധിക്കും. മലയോര മേഖലകളിൽ വന്യമൃഗങ്ങളുടെ ആക്രമണം മൂലം കൃഷി തടസപ്പെടുന്ന അവസ്ഥയുണ്ട്. ഈ പ്രദേശങ്ങളിൽ ഔഷധ സസ്യകൃഷിയും സുഗന്ധവിള കൃഷിയും [കൊടുവേലി, മഞ്ഞൾ] വ്യാപിപ്പിക്കുന്നത് വഴി ഈ പ്രശ്നം ഒരു പരിധി വരെ പരിഹരിക്കാൻ കഴിയും. ജലസേചന സൗകര്യക്കുറവുള്ള പ്രദേശങ്ങളിൽ മില്ലറ്റ് കൃഷിയും വ്യാപിപ്പിക്കുവാൻ സാധിക്കും

## വെള്ളക്കെട്ട്

ജില്ലയിലെ തീരപ്രദേശങ്ങളിൽ വെള്ളക്കെട്ട് തടയുന്നതിനും ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനും കവ്വായി, കാര്യങ്കോട്, നീലേശ്വരം, ചന്ദ്രഗിരി പുഴകളിൽ ഉപ്പുവെള്ള പ്രതിരോധ റെഗുലേറ്ററുകൾ നിർമ്മിച്ചിട്ടുണ്ട്. ഉപ്പള, ഷിറിയ, പുഴകളിലും ചെക്ക് ഡാമുകൾ ഉപ്പുവെള്ള പ്രതിരോധത്തിന് സഹായകമാകുന്നു. ചിത്താരി പുഴയിൽ നിർമ്മിക്കുന്ന പുതിയ റെഗുലേറ്റർ ഏറെ പ്രയോജനപ്പെടും.



# ഹരിതകേരളം മിഷൻ നടത്തിയ ഇടപെടലുകളും നേട്ടങ്ങളും

ജില്ല അഭിമുഖീകരിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളിൽ മാലിന്യസംസ്കരണം, ജലസംരക്ഷണം, കൃഷി, പരിസ്ഥിതി പുനസ്ഥാപനം എന്നിവ വിശദമായി അധ്യായം രണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടല്ലോ. ഈ രംഗത്ത് ഹരിതകേരളം മിഷന്റെ ഏകോപനത്തോടെ നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

### മാലിന്യകൂനയില്ലാത്ത പൊതുഇടങ്ങൾ

ജൈവ അജൈവ മാലിന്യസംസ്കരണത്തിന് നടപ്പാക്കിയ പ്രവർത്തനങ്ങളാണ് ഇവിടെ പരാമർശിച്ചിട്ടുള്ളത്. ഏതാനും മാതൃക പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

പത്തു വർഷംമുൻപ് ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതു ഇടങ്ങളിലും മാലിന്യങ്ങൾ വ്യാപകമായി ഉണ്ടായിരുന്നു. കവലകൾ തോറും മാലിന്യക്കൂനകൾ കാണാമായിരുന്നു. മാലിന്യത്തിന്റെ ദോഷവശങ്ങളെ കുറിച്ച് വേണ്ടത്ര അറിവില്ലാത്തതിനാൽ ജനങ്ങൾ ജൈവമെന്നോ അജൈവമെന്നോ നോക്കാതെ വലിച്ചെറിഞ്ഞിരുന്നു.

2016 ൽ ഖര-ദ്രവ മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട നിയമങ്ങൾ രൂപീകരിച്ച് മുന്നോട്ടു വന്നതോടെ മാലിന്യ സംസ്കരണ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങളാണ് ഉണ്ടായത്. ഹരിതകേരളം മിഷൻ ഈ രംഗത്ത് മാതൃകാപരമായി പ്രവർത്തനങ്ങൾ ആരംഭിച്ചു. ജില്ലയിലെ എല്ലാ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലും ഹരിതകർമ്മസേനയെ കണ്ടെത്തി. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാലിന്യങ്ങൾ വാതിൽപ്പടി സേവനത്തിലൂടെ ശേഖരിച്ചുതുടങ്ങി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ തലങ്ങളിലുള്ള ബോധവല്ക്കരണക്ലാസ്സുകളും അനുബന്ധപ്രവർത്തനങ്ങളും നടത്തി. കിലയുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന സമിതിയംഗങ്ങൾക്ക് പരിശീലനം നൽകി. അയൽക്കൂട്ടതലത്തിൽ മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യം പ്രചരിപ്പിച്ചു. "സീറോ വേസ്റ്റ് കാസറഗോഡ്" എന്ന ലക്ഷ്യത്തോടെ സമഗ്രമായ ഇടപെടലുകൾ ഏകോപിപ്പിച്ചു.

മാലിന്യ സംസ്കരണത്തിനാവശ്യമായ അടിസ്ഥാന സൗകര്യമൊരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലും എം.സി.എഫ്, ആർ.ആർ.എഫ്, മിനി എം.സി.എഫുകൾ എന്നിവ ഉണ്ടാക്കുന്നതിന് പ്രൊജക്ടുകൾ വെച്ചു. ശുചിത്വ മിഷന്റെ സാമ്പത്തിക സഹായത്തോടെ നിലവിൽ ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സ്ഥിരമായ എം.സി. എഫ്/ ആർ.ആർ.എഫ് സംവിധാനം നിലവിൽ വന്നു. സ്ഥിരം സംവിധാനമില്ലാത്ത പഞ്ചായത്തുകളിൽ താൽക്കാലിക സംവിധാനമൊരുക്കിയിട്ടുണ്ട്. ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും എല്ലാ വാർഡുകളിലും മിനി എം.സി.എഫുകൾ സ്ഥാപിച്ചിട്ടുണ്ട്. ജില്ലയിൽ 40 സ്ഥിരം എം.സി. എഫുകളും 3 താൽക്കാലിക എം.സി.എഫുകളും 1797 മിനി എം.സി.എഫുകളുമുണ്ട്.

ബേഡഡുക്ക, കിനാനൂർ കരിന്തളം, പനത്തടി, കോടോംബേളൂർ, പള്ളിക്കര, കാഞ്ഞങ്ങാട് നഗരസഭ, നീലേശ്വരം നഗരസഭ, നീലേശ്വരം ബ്ലോക്ക് എന്നിവിടങ്ങളിൽ ആർ.ആർ.എഫ് പ്രവർത്തിക്കുന്നുണ്ട്. വലിയപറമ്പ ഗ്രാമപഞ്ചായത്തിൽ ദ്രവമാലിന്യ സംസ്കരണത്തിന് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 2000 സോക്ക്പിറ്റുകൾ നിർമ്മിച്ചത് ദ്രവമാലിന്യ സംസ്കരണത്തിന് സഹായകമായി. ജലവിതാനം ഉയർന്ന പ്രദേശമായതിനാൽ എല്ലാ വീടുകളിലും സെപ്റ്റിക് ടാങ്കുകൾ നിർമ്മിക്കുന്നതിന് ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ "നിത്യമുക്തി" എന്ന പേരിൽ പ്രവർത്തനം ആരംഭിച്ചു.

ക്ലീൻ കേരള കമ്പനിയുടെയും, സ്വകാര്യ ഹരിതസഹായസ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ തദ്ദേശസ്ഥാപനങ്ങളിലെ അജൈവമാലിന്യം ശേഖരിക്കുന്നു. എം.സി.എഫുകളിൽ ബെയിലിംഗ് മെഷീനുകൾ, വെയിംഗ് മെഷീനുകൾ, കൺവെയർ ബെൽറ്റ്, ഷ്രെഡ്ഡിംഗ് മെഷീനുകൾ തുടങ്ങിയവയും അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, ടോയ്ലറ്റ് തുടങ്ങിയവയും സ്ഥാപിച്ചു. ഹരിതകർമ്മസേനക്ക് അജൈവ മാലിന്യങ്ങൾ മിനി എം.സി.എഫുകളിൽ നിന്നും എം.സി.എഫുകളിലേക്ക് കൊണ്ടു പോകുന്നതിന് ഇലക്ട്രിക് ഓട്ടോ വാഹനം ശുചിത്വമിഷൻ ഫണ്ടിലൂടെ വാങ്ങാൻ സാധിച്ചു. 31 തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലായി 34 വാഹനങ്ങൾ സ്വന്തമായും 6 തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലായി 6 വാഹനങ്ങൾ വാടകയ്ക്കും ഉപയോഗിക്കുന്നുണ്ട്. കുംബഡാജെ, ബളാൽ, പനത്തടി, വെസ്റ്റ് എളേരി



## മാലിന്യ കൂമ്പാരത്തിൽ നിന്ന് ഹരിതമനോഹര തീരത്തേക്ക്
## ചെമ്മട്ടംവയൽ ഡമ്പിംഗ് ഗ്രൗണ്ട് - കാഞ്ഞങ്ങാട് നഗരസഭ

കാഞ്ഞങ്ങാട് നഗരസഭയിലെ ചെമ്മട്ടംവയലിലായിരുന്നു 2017 ന് മുമ്പ് നഗരസഭയുടെ മാലിന്യ നിക്ഷേപം നടത്തിയിരുന്നത്. വാർഡുകളിൽ നിന്ന് ശുചീകരണതൊഴിലാളികൾ ശേഖരിക്കുന്ന അജൈവ പാഴ് വസ്തുക്കൾ തള്ളുന്ന ഇടമായിരുന്നു ചെമ്മട്ടം വയൽ ഡമ്പിംഗ് ഗ്രൗണ്ട്. ഡമ്പിംഗ് ഗ്രൗണ്ടിലെ അര ഏക്കർ സ്ഥലത്ത് കുഴികളുണ്ടാക്കി മാലിന്യം നിക്ഷേപിച്ച് മണ്ണിട്ട് മൂടുന്നുതായിരുന്നു സംസ്കരണ രീതി. കൂടാതെ മാലിന്യങ്ങൾ കത്തിക്കുന്ന രീതിയും ഇവിടെ നിലനിന്നിരുന്നു. ഇതേ തുടർന്ന് വളരെ ചെറിയ കാലയളവിനുള്ളിൽ വലിയ തോതിലുള്ള പാരിസ്ഥിതി പ്രശ്നങ്ങളുണ്ടാകുകയും ജനകീയ പ്രതിഷേധങ്ങൾക്ക് കാരണമാവുകയും ചെയ്തു. മാലിന്യങ്ങൾ കത്തിക്കുമ്പോഴുണ്ടാകുന്ന വിഷപ്പുകയും ഡമ്പിംഗ് ഗ്രൗണ്ടിലെ മാലിന്യങ്ങളിൽ നിന്ന് ഒഴുകിയെത്തുന്ന മലിനജലവും കാരണം പരിസരവാസികളിൽ പലരും താമസം മറ്റുസ്ഥലങ്ങളിലേക്ക് മാറ്റി. മെഹ്ബൂബ ഗ്രീൻസൊലൂഷൻസ്, ക്ലീൻ കേരള കമ്പനി എന്നീ ഹരിത സഹായ സ്ഥാപനങ്ങളുടെ സഹായത്തോടെ പരിഹാര പ്രവർത്തനങ്ങൾ ആരംഭിച്ചു. 2017 ൽ ഹരിതകേരളം മിഷന്റെ ഏകോപന പ്രവർത്തനങ്ങളുടെ ഭാഗമായി ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ വീടുകളിലും പൊതു സ്ഥാപനങ്ങളിലും ഉണ്ടാക്കിയെടുക്കാൻ സാധിച്ചു.

ഡമ്പിംഗ് ഗ്രൗണ്ടിൽ ഒരു ആർ.ആർ.എഫ് സ്ഥാപിച്ചു. കൂടാതെ ഷ്രഡിംഗ്, ബെയിലിംഗ് പ്രക്രിയയിലൂടെ ഉണ്ടാകുന്ന അജൈവ പാഴ് വസ്തുക്കളുടെ നിക്ഷേപം കുറയ്ക്കുകയും ഒപ്പം ഡമ്പിംഗ് ഗ്രൗണ്ടിലെ മണ്ണിൽ നിന്ന് ഖര മാലിന്യങ്ങൾ വേർതിരിച്ച് നീക്കം ചെയ്യുന്ന പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. അതിന്റെ ഭാഗമായി ഹരിതകർമ്മസേനയുടെ ഓഫീസ്, ആർ.ആർ.എഫ് എന്നിവ നവീകരിച്ച് ആകർഷകമാക്കി അനുബന്ധ സൗകര്യങ്ങളുണ്ടാക്കി. ശുചിത്വമിഷൻ ഫണ്ട് ഉപയോഗിച്ച് ബാംഗ്ലൂർ ആസ്ഥാനമായിട്ടുള്ള ഗ്രീൻസ് കമ്പനിയുമായി കരാറിൽ ഏർപ്പെട്ടു. പ്രസ്തുത കമ്പനിയുടെ സഹായത്തോടെ നിലവിലുള്ള മാലിന്യത്തിൽ നിന്ന് മണ്ണ് നീക്കം ചെയ്തു. വേർതിരിച്ച മാലിന്യങ്ങൾ കമ്പനി സംസ്കരണ കേന്ദ്രങ്ങൾക്ക് കൈമാറി. വീണ്ടെടുത്ത സ്ഥലം പുന്തോട്ടമാക്കി മാറ്റുന്നതിന് നടപടികൾ ആരംഭിച്ചു. നഗരസഭയുടെ വികസന ചരിത്രത്തിലെ പൊൻതൂവലാണ് ചെമ്മട്ടംവയൽ ഡമ്പിംഗ് ഗ്രൗണ്ടിന്റെ നവീകരണ പ്രക്രിയ. ഇതോടൊപ്പം അജൈവ മാലിന്യ സംസ്കരണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് താഴെ പറയുന്ന സംവിധാനങ്ങളുണ്ടാക്കി.



★ മുഴുവൻ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവമാലിന്യം ശേഖരിക്കുന്നതിന് 101 അംഗങ്ങളുള്ള ഹരിതകർമ്മ സേനയെ നിയോഗിച്ചു.

★ ശേഖരിക്കുന്ന ദിവസങ്ങളിൽ തന്നെ പാഴ് വസ്തുക്കൾ വണ്ടികളിൽ ലോഡ് ചെയ്ത് എംസിഫിലേക്ക് എത്തിക്കുന്നതിനുള്ള സംവിധാനം ഒരുക്കി.

★ എം.സി.എഫിൽ എത്തിയ അജൈവമാലിന്യം റീസൈക്ലിംഗ് ചെയ്ത് ബെയിൽ ചെയ്ത് സംസ്കരണ കമ്പനികൾക്ക് സി.കെ.സി.എൽ വഴി കൈമാറുന്നു. റിജക്റ്റ്ഡ് പാഴ് വസ്തുക്കൾ ഷ്രെഡിംഗ് മിഷൻ ഉപയോഗിച്ച് പൊടിച്ച് റോഡ് നിർമ്മാണത്തിന് പറ്റുന്നവ പൊതുമരാമത്ത് കരാറുകാർക്ക് കൈമാറുന്നു.

ഇതിന് 950 ചതുരശ്ര അടി വിസ്തീർണമുള്ള രണ്ട് എം.സി.എഫുകൾ പ്രവർത്തിക്കുന്നു. 4 ടിപിഡി കപ്പാസിറ്റി ഇതിനുണ്ട്. കെഎസ്ഡബ്ല്യുഎംപി ഫണ്ട് പ്രയോജനപ്പെടുത്തി 2800 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പുതിയ കെട്ടിട നിർമ്മാണം ആരംഭിച്ചു. 9500 ചതുരശ്ര അടി വിസ്തീർണ്ണം ഉള്ള ആർആർഎഫ് നിലവിൽ വന്നു. ഇതിന് 10 TPD കപ്പാസിറ്റിയാണുള്ളത്.

എം.സി.എഫിൽ 3 ബെയിലിംഗ് മിഷൻ, ഒരു ഷ്രെഡിംഗ് മിഷൻ, ഒരു ഡി ഡസ്റ്റർ, 3 സോർട്ടിംഗ് ടേബിൾ, 5 ട്രോളി, 2 വെയിംഗ് മിഷൻ, 11 ഫയർ എക്സ്റ്റിംഗ്യൂഷർ, 2 സിസിടിവി, 1 ടിപ്പർ, 2 പിക്കപ്പ്, 3 ഇലക്ട്രിക്ക് ഓട്ടോകൾ എന്നിവ ഉണ്ട്. ഈ അനുബന്ധ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി മാലിന്യ സംസ്കരണം ശാസ്ത്രീയവും കാര്യക്ഷമവും ആക്കി മാറ്റാൻ കഴിഞ്ഞു. മാലിന്യകൂമ്പാരമായിരുന്ന ചെമ്മട്ടംവയൽ ഇന്ന് നഗരസഭയുടെ ഹരിതകവാടമായി മാറി. ഡമ്പിംഗ് ഗ്രൗണ്ടിന്റെ പരിസരത്ത് താമസിച്ചിരുന്ന 20 ഓളം കുടുംബങ്ങൾ ആരോഗ്യ പ്രശ്നങ്ങൾ മൂലവും കുടിവെള്ളം മലിനമാകുന്നത് കൊണ്ടും വീടു വിട്ടുപോയ സാഹചര്യത്തിൽ നിന്നാണ് ഈ മാറ്റം എന്നുള്ളത് ശ്രദ്ധേയമാണ്. മാലിന്യ സംസ്കരണ പ്രവർത്തനത്തിൽ ഏർപ്പെടുന്നവർ, തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾ, വിദ്യാർത്ഥികൾ തുടങ്ങിയവർ സന്ദർശിക്കുന്ന സ്ഥലമായി ഹരിതകവാടം മാറി.

ഗ്രാമപഞ്ചായത്തുകളിൽ വാഹന സൗകര്യം ലഭ്യമാകേണ്ടതുണ്ട്. സ്കൂളുകളിൽ അജൈവ മാലിന്യ സംസ്കരണത്തിന് പ്രത്യേക ബിന്നുകൾ കളക്ടേഴ്സ് @ സ്കൂൾ എന്ന പേരിൽ ലഭ്യമാക്കി. 'ടീച്ചറും കുട്ട്യോളും' എന്ന പേരിൽ പ്രത്യേക ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.

ജൈവമാലിന്യ സംസ്കരണ സംവിധാനത്തിന്റെ അഭാവമായിരുന്നു പ്രധാന പ്രശ്നമായിരുന്നത്. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനാവശ്യമായ ബയോബിൻ, റിംഗ് കമ്പോസ്റ്റ് മുതലായ ഉപാധികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വീടുകളിലും സ്ഥാപനങ്ങളിലും വിതരണം ചെയ്യാൻ തുടങ്ങി. ജില്ലയിൽ 110547 വീടുകളിൽ ഉപാധികൾ വിതരണം നടന്നിട്ടുണ്ട്. വിപുലമായ ബോധവൽക്കരണ ക്ലാസുകൾ സ്കൂൾ, കോളേജ്തലത്തിലും അയൽക്കൂട്ട തലത്തിലും സംഘടിപ്പിച്ചു.

അജൈവമാലിന്യ ശേഖരണത്തിൽ കൃത്യമായ വാതിൽപ്പടി ശേഖരണവും ട്രാൻസ്പോർട്ടേഷൻ ലിഫ്റ്റിംഗ് പ്ലാനും നടപ്പാക്കി വരുന്നു. ഹരിതമിത്രം ആപ്പ് മുഖേന പ്രതിമാസ ശേഖരണം ഫലപ്രദമായി നടന്നുവരുന്നു. മോണിറ്ററിംഗിനു വേണ്ടി നഗരസഭ, ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്തലങ്ങളിൽ പ്രതിമാസ അവലോകനം ഹരിതകേരളം മിഷൻ മുഖേന നടത്താറുണ്ട്. മിഷൻ യോഗങ്ങളിലും സൂക്ഷ്മമായ വിലയിരുത്തൽ നടത്തി പ്രശ്ന പരിഹാരമുണ്ടാക്കുന്നു.

ഇതേ മാതൃകയിൽ മംഗൽപ്പാടി ഗ്രാമപഞ്ചായത്തിലെ കുമ്പന്നൂരും കാസറഗോഡ് മുൻസിപ്പാലിറ്റിയിലെ കേളുഗുഡെയും ഫലപ്രദമായ പ്രവർത്തനങ്ങൾ നടത്തി മാലിന്യത്തിൽ നിന്നും വീണ്ടെടുത്ത പ്രദേശങ്ങളാണ്.

### ഹരിതടൂറിസം കേന്ദ്രമായി മാറ്റിയവ

## നീലേശ്വരം - അഴിത്തല മാതൃകാ

# ഹരിത ടൂറിസ്റ്റ് കേന്ദ്രം

നീലേശ്വരം നഗരസഭയിലെ ഒരു കടലോരഗ്രാമമാണ് അഴിത്തല. നീലേശ്വരം പുഴയുടെ അഴിമുഖത്തിന് വടക്ക് 27 ഏക്കറിൽ വ്യാപിച്ചു കിടക്കുന്ന പ്രകൃതി രമണീയമായ കടലോര ടൂറിസ്റ്റ് കേന്ദ്രമാണ് അഴിത്തല. ഒരു പുലിമുട്ട് കൂടി ഇവിടെയുണ്ട്. പ്രധാനപ്പെട്ട ആഘോഷവേളകളിൽ ഇവിടെ 5000 ത്തിലധികം സഞ്ചാരികൾ എത്തുന്നു. മൂന്ന് ഹോം സ്റ്റേകൾ സമീപത്തായി ഉണ്ട്; രണ്ട് തടാകങ്ങളും. സുരക്ഷിതത്വത്തിനായി കോസ്റ്റൽ പോലീസ് സ്റ്റേഷൻ ഇവിടെയുണ്ട്. നഗരസഭയുടെ കൈവശമുള്ള 25 സെന്റ് സ്ഥലം ഡിടിപിസിക്ക് കൈമാറിയിട്ടുണ്ട്. പുറമ്പോക്കായി കിടക്കുന്ന ഈ പ്രദേശം കലക്ടറുടെ നേതൃത്വത്തിൽ അളന്ന് ഡി.ടി.പി.സിക്ക് നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്. അഴിത്തല ബീച്ച് പാർക്ക് നിർമ്മാണത്തിന് ടൂറിസം വകുപ്പ് 1.47 കോടി രൂപയുടെ ഭരണാനുമതി നൽകി. 2 ശുചീകരണ തൊഴിലാളികളെ ഡിടിപിസി ഇവിടെ നിയമിച്ചിട്ടുണ്ട്. അവർ എല്ലാ ദിവസവും കടൽ തീരം ശുചീകരിക്കുന്നു. ബീച്ചിൽ വലിച്ചെറിയപ്പെട്ട വാട്ടർ ബോട്ടിലുകൾ ഉപയോഗിച്ച് സ്ഥാപിച്ച മത്സ്യത്തിന്റെ ശില്പം ഹരിത ടൂറിസ്റ്റ് കേന്ദ്രത്തെ കൂടുതൽ ആകർഷകമാക്കിയിട്ടുണ്ട്. ഹരിതകേരളം മിഷൻ, ഡിടിപിസി, നഗരസഭ, വിവിധ വകുപ്പുകൾ എന്നിവ ഏകോപിപ്പിച്ച് തുടർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. തീരപ്രദേശമായ പള്ളിക്കര ബീച്ച്, ബേക്കൽ ബീച്ച്, കാഞ്ഞങ്ങാട് കൈറ്റ് ബീച്ച് എന്നിവയും ഹരിതാഭമായി സംരക്ഷിക്കുന്നു. വലിയപറമ്പ, കോട്ടപ്പുറം, പൊലിയംതുരുത്ത്, പള്ളിക്കര, അനന്തപുരം, ഗുരുവനം, കാസറഗോഡ് കസബ, റാണിപുരം, മടിക്കൈ പത്തായപുര, സാന്റൽ മിസ്റ്റ് എന്നി ടൂറിസം കേന്ദ്രങ്ങളും മാലിന്യമുക്തമാക്കി ഹരിതടൂറിസ്റ്റ് കേന്ദ്രമായി ജില്ലയിൽ മാറി കഴിഞ്ഞു.



## മാലിന്യസംസ്കരണ ഉപമിഷൻ നേട്ടങ്ങൾ

2017 ഹരിതകർമ്മസേന രൂപീകരണം മുതൽ പടിപടിയായി അജൈവ മാലിന്യ സംസ്കരണത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ജില്ലയിൽ ഉണ്ടായി. വലിച്ചെറിയൽ സംസ്കാരത്തിൽ നിന്ന് പാഴ് വസ്തു ശേഖരണ രീതിയിലേക്ക് മാറുന്നതിനും പാഴ് വസ്തുക്കൾ നിക്ഷേപിക്കുന്നതിന് പൊതുയിടങ്ങളിലും സ്ഥാപനങ്ങളിലും സംവിധാനം ഉണ്ടാക്കുന്നതിനും കഴിഞ്ഞു. അതിന്റെ ഫലമായി പൊതു ഇടങ്ങളും ജലാശയങ്ങളും പൊതു സ്ഥാപനങ്ങളും ശുചിത്വപൂർണ്ണമായി പരിപാലിക്കാൻ സാധിച്ചു.

വലിച്ചെറിയൽ മുക്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ യാഥാർത്ഥ്യമാക്കാൻ മാലിന്യമുക്തം നവകേരളം ക്യാമ്പയനിലൂടെ വിവിധ മേഖലകളിൽ ജനകീയമായി ഇടപ്പെട്ടു. അതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഗ്രാമത്തിലെയും നഗരത്തിലെയും ടൗണുകൾ,



വഴിയോരങ്ങൾ, പൊതു ഇടങ്ങൾ, സ്വകാര്യമേഖലയിൽ അടക്കമുള്ള സ്ഥാപനങ്ങൾ എന്നിവ മാലിന്യമുക്തമായി. പൊതുജനങ്ങളിലും ജീവനക്കാരിലും വലിച്ചെറിയൽ വിരുദ്ധ മനോഭാവം രൂപപ്പെട്ടുവന്നു. ഹരിത ടൗണുകൾ, ഹരിത വിദ്യാലയങ്ങൾ, ഹരിത ഓഫീസുകൾ, ഹരിത ഗ്രന്ഥാലയങ്ങൾ, ഹരിത അയൽക്കൂട്ടങ്ങൾ എന്നീ പ്രഖ്യാപനങ്ങളിലൂടെ എല്ലാ മേഖലകളിലും മാലിന്യമുക്തം സന്ദേശം പ്രചരിപ്പിക്കാൻ സാധിച്ചു. അതാത് മേഖലകളിലെ സംഘടനാ സംവിധാനങ്ങൾ വഴി മാലിന്യമുക്ത പ്രവർത്തനങ്ങൾക്ക് തുടർച്ചയുണ്ടാക്കാനും കഴിഞ്ഞു.

ഇനി ഞാൻ ഒഴുകട്ടെ, തെളിനീരൊഴുകും നവകേരളം ജനകീയ ക്യാമ്പയിനിലൂടെ അരുവികളും തോടുകളും ഇതര ജലാശയങ്ങളും മാലിന്യമുക്തവും വലിച്ചെറിയൽ രഹിതവും ആക്കി മാറ്റിയെടുക്കാൻ ഈ കാലയളവിൽ സാധിച്ചു. എൻസിസി, എൻഎസ്എസ്, സ്കൗട്ട് ആൻഡ് ഗൈഡ്സ്, എസ്.പി.സി എന്നിവയുടെ സഹകരണം ഈ ക്യാമ്പയിനുകളിൽ ശ്രദ്ധിക്കപ്പെട്ടു. ത്രിതല പഞ്ചായത്ത്

ജനപ്രതിനിധികളുടെ നേതൃത്വത്തിൽ കടലോര ശുചീകരണ ക്യാമ്പയിനുകൾ സംഘടിപ്പിച്ചു. കോളേജ് വിദ്യാർത്ഥികളുടെ നല്ല പങ്കാളിത്തമുണ്ടായി. തീരദേശവാസികളുടെ വർധിച്ച പങ്കാളിത്തം ഈ മേഖലയിൽ മാലിന്യമുക്തം പ്രവർത്തനങ്ങൾക്ക് കരുത്ത് പകർന്നു. തൽഫലമായി കടൽത്തീരത്തെ 70% ഖരമാലിന്യങ്ങൾ ശേഖരിച്ച് സംസ്കരണ കേന്ദ്രങ്ങളിൽ എത്തിച്ചു.

## കടൽത്തീരശുചീകരണം

ജൈവ മാലിന്യങ്ങൾ, ഭക്ഷണ അവശിഷ്ടങ്ങൾ, ഹോട്ടൽ മാലിന്യങ്ങൾ, അറവ് ശാലയിലെ മാലിന്യങ്ങൾ എന്നിവ ശാസ്ത്രീയമായി സംസ്കരിക്കുന്ന ശീലം ഇല്ലാതിരുന്ന സമൂഹത്തിന് ഹരിതകേരളം മിഷന്റെ രൂപീകരണത്തോടെ നിരന്തര ബോധവൽക്കരണവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലുകളും വഴി ജൈവമാലിന്യ സംസ്കരണ മേഖലയിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞു. പൊതു മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ ജില്ലയെ സംബന്ധിച്ച് വളരെ അപൂർവ്വമായിരുന്നു. ശുചിത്വമിഷൻ ധനസഹായത്തോടെ കാഞ്ഞങ്ങാട് നഗരസഭയിൽ ആലാമിപള്ളി ബസ് സ്റ്റാൻഡിലും പുതിയകോട്ട പോലീസ് സ്റ്റേഷനു സമീപവും തുമ്പൂർമൂഴി ജൈവമാലിന്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപിച്ചു. ബേഡഡുക്ക പഞ്ചായത്തിൽ നെല്ലിയടുക്കത്ത് എം.സി.എഫിനോട് അനുബന്ധിച്ച് ജൈവ മാലിന്യ സംസ്കരണ പ്ലാൻറ് സ്ഥാപിച്ചു. നീലേശ്വരം ബ്ലോക്ക് ആർ.ആർ.എഫിനോടനുബന്ധിച്ച് ജൈവവള നിർമ്മാണ യൂണിറ്റും, കിനാനൂർ കരിന്തളം പഞ്ചായത്തിൽ ഘടകസ്ഥാപനങ്ങളിൽ തുമ്പൂർമൂഴി യൂണിറ്റുകളും സ്ഥാപിച്ചു. പീലിക്കോട് പഞ്ചായത്തിലെ ഘടക സ്ഥാപനങ്ങളായ ജി.യു.പി.എസ് പീലിക്കോട്, ജി.യു.പി.എസ് പാടിക്കീൽ എന്നിവിടങ്ങളിലും, ചീമേനി പള്ളിക്കര പഞ്ചായത്തുകളിലെ ഘടകസ്ഥാപനങ്ങളിലും ജൈവമാലിന്യ സംസ്കരണം ഉൾപ്പെടെയുള്ള ശുചിത്വ സമുച്ചയങ്ങൾ നിർമ്മിച്ചു. ജൈവമാലിന്യ സംസ്കരണത്തിനായുള്ള ഗോവർദ്ധൻ ബയോഗ്യാസ് പ്ലാൻറുകൾ തുറന്ന ജയിൽ ചീമേനി, ജി.എം.ആർ.എസ് വെള്ളച്ചാൽ, സിവിൽ സ്റ്റേഷൻ കാസറഗോഡ് തുടങ്ങിയ സ്ഥാപനങ്ങളിലും സ്ഥാപിച്ചു.





'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം' എന്നതിന്റെ ഭാഗമായി വീടുകളിലും സ്ഥാപനങ്ങളിലും ജൈവമാലിന്യ സംസ്കരണ ഉപാധികൾ ലഭ്യമാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈയെടുത്തു. ഘടക സ്ഥാപനങ്ങളിൽ ഈ സംവിധാനങ്ങൾ പ്രോജക്ട് വഴി നേരിട്ടു നടപ്പിലാക്കി. ഗ്രാമസഭയിൽ നിന്ന് ഗുണഭോക്താക്കളുടെ ലിസ്റ്റ് ശേഖരിച്ചുകൊണ്ട് ഗുണഭോക്തൃ വിഹിതം വാങ്ങി വീടുകളിലേക്ക് റിംഗ് കമ്പോസ്റ്റ്, പൈപ്പ് കമ്പോസ്റ്റ്, ബയോബിൻ, ബൊക്കാഷി ബക്കറ്റ് തുടങ്ങിയവ






ഘട്ടംഘട്ടമായി നൽകിക്കൊണ്ട് ജൈവമാലിന്യ സംസ്കരണ രംഗത്ത് വലിയ മുന്നേറ്റം നടത്തി. 2024 മാർച്ചിൽ ജില്ലയിൽ ഉടനീളം ഓരോ വീട്ടിലും ഉള്ള ജൈവമാലിന്യ സംസ്കരണ ഉപാധികളുടെ വിശദാംശങ്ങൾ പരിശോധിച്ച് ഗ്യാപ്പ് ഫില്ലിംഗിനായി വിവിധ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തു.

ജൈവമാലിന്യ സംസ്കരണ ഉപാധികളുടെ ശാസ്ത്രീയമായ പരിപാലനത്തിനായി ഹരിതകർമ്മസേനയുടെ ആഭിമുഖ്യത്തിൽ പിലിക്കോട്, തൃക്കരിപ്പൂർ, ബേഡഡുക്ക, കുറ്റിക്കോൽ ഗ്രാമപഞ്ചായത്തുകളിൽ ഇനോക്കുലം യൂണിറ്റുകൾ സ്ഥാപിച്ചു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വീടുകളിലും, സ്ഥാപനങ്ങളിലും ജൈവമാലിന്യ സംസ്കരണത്തിനായി കമ്പോസ്റ്റ് പിറ്റുകൾ സ്ഥാപിച്ചു.

ഇ-വേസ്റ്റ് മാലിന്യം - ജില്ലയിലെ വിവിധ സർക്കാർ സ്ഥാപനങ്ങളിലും സ്കൂളുകളിലും ഉപയോഗ ശൂന്യമായി കിടക്കുന്ന ഇലക്ട്രോണിക് ഉല്പന്നങ്ങളും, കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സംസ്കരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഹരിതകേരളം മിഷൻ ജില്ലാതലത്തിൽ യോഗം ചേർന്ന് ശാസ്ത്രീയ പുനഃചംക്രമണത്തിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. വിദ്യാലയങ്ങളിലെ





കമ്പ്യൂട്ടറുകളുടെയും മറ്റും ഉപയോഗാവസ്ഥ വിലയിരുത്തി സാക്ഷ്യപത്രം നൽകാൻ കൈറ്റ് ജില്ലാ ടീമിന്റെ നേതൃത്വത്തിൽ സംവിധാനം ഒരുക്കി. ക്ലീൻ കേരള കമ്പനി മുഖേന ഓരോ പഞ്ചായത്തിലും മുനിസിപ്പൽതലത്തിലും ശേഖരിക്കുന്നതിനും തൂക്കി വില കണക്കാക്കുന്നതിനും പ്രത്യേകം ക്യാമ്പുകൾ സംഘടിപ്പിച്ചു. ഹരിതസ്ഥാപനങ്ങളിൽ നിന്നെല്ലാം 95,258.58 കിലോ ഇ വേസ്റ്റ് ശേഖരിച്ച് ക്ലീൻ കേരള കമ്പനി മാതൃകയായി. ഇക്കാര്യത്തിൽ കൃത്യമായ ഇടപെടലിന് ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാർ നേതൃത്വം നൽകി.

## ഹരിതനിയമങ്ങൾ

മണ്ണ്, ജലം, വായു എന്നിവ വർധിച്ചതോതിൽ മലിനീകൃതമാകാതെ സംരക്ഷിക്കപ്പെടുന്നതിന് ഹരിതനിയമങ്ങൾ കർശനമായി നടപ്പിലാക്കാൻ ഹരിതകേരളം മിഷൻ മുൻകൈയെടുത്ത് സ്ഥാപനങ്ങൾ സന്ദർശിച്ച് അവയെ ഹരിതവിലയിരുത്തൽ നടത്തി. മാലിന്യങ്ങൾ വലിച്ചെറിയുന്നതിനും, കത്തിക്കുന്നതിനും കുന്നു കൂട്ടുന്നതിനും എതിരെ പഞ്ചായത്ത് രാജ് നിയമത്തിൽ അനുശാസിക്കുന്ന പിഴകൾ ഈടാക്കി. നിയമം ബാധകമാക്കുന്നതിന് മുമ്പ് തന്നെ വിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾക്ക് ക്ലാസുകൾ നൽകുകയും






കുടുംബശ്രീ അയൽക്കൂട്ടതലം വരെ ആർ.പി.മാരെ പങ്കെടുപ്പിച്ച് ശില്പശാലകൾ നടത്തുകയും ചെയ്തു. പഞ്ചായത്ത് തലത്തിൽ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഹരിതനിയമത്തെക്കുറിച്ചും ഗ്രീൻ പ്രോട്ടോക്കോൾ പാലനത്തിന്റെ ആവശ്യകതയെ കുറിച്ചും ശില്പശാലകൾ സംഘടിപ്പിച്ചു.

പഞ്ചായത്തുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിന് ഹെൽത്ത് ഇൻസ്പക്ടർമാരുടെ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തി. പൊതുചടങ്ങുകളിലും, നൂറിൽ കൂടുതൽ പേർ പങ്കെടുക്കുന്ന സ്വകാര്യ ചടങ്ങുകളിലും ഗ്രീൻ പ്രോട്ടോക്കോൾ കർശനമാക്കി. ഒറ്റത്തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന പ്ലാസ്റ്റിക്കുകളുടെ ഉപയോഗം ഇല്ലാതാക്കുന്നതിന് ബദൽ പ്രവർത്തനമായി ഹരിതകർമ്മസേനയുടെ സ്റ്റീൽ ഗ്ലാസ് പ്ലേറ്റ് സംരംഭങ്ങൾ, തുണിസഞ്ചി നിർമ്മാണ യൂണിറ്റുകൾ, പേപ്പർ ബാഗ് യൂണിറ്റുകൾ എന്നിവ ആരംഭിച്ചു. തെരഞ്ഞെടുപ്പ്, ആഘോഷങ്ങൾ, ചടങ്ങുകൾ എന്നിവയിൽ അലങ്കാരങ്ങൾക്ക് പ്രകൃതി സൌഹൃദ വസ്തുക്കൾ ഉപയോഗിക്കുന്ന രീതി സാർവത്രികമാക്കി. ഹരിതചട്ടപാലനം കർശനമാക്കുന്നതിന് എല്ലാ ഓഫീസിലും ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി നിശ്ചയിച്ച് ചുമതല നൽകി. പാഴ് വസ്തുക്കൾ തരംതിരിക്കൽ നിർബന്ധമാക്കിയും ഹരിതനിയമങ്ങളെക്കുറിച്ചുള്ള അവബോധം നൽകിയും ജനകീയമായ ഇടപെടലുകൾ ശക്തിപ്പെടുത്തി. ജില്ലയിൽ നടന്ന 75 ശിൽപ്പശാലകളിലായി 20948 പേർ പങ്കെടുത്തു.

സംസ്ഥാന സർക്കാരിന്റെ വാർഷികാഘോഷത്തിന്റെ ഭാഗമായി പിലിക്കോട് ഗ്രാമ പഞ്ചായത്തിലെ കാലിക്കടവ് മൈതാനത്ത് “എന്റെ കേരളം” പ്രദർശന വിപണന മേള സംഘടിപ്പിച്ചിരുന്നു. പൂർണ്ണമായും ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചു കൊണ്ടാണ് മേള നടന്നത്. മേളയിൽ കാസറഗോഡ് ജില്ലാ ഹരിതകേരളം മിഷന്റെ സ്റ്റാൾ ഒരുക്കിയിരുന്നു. പ്രകൃതി സൗഹൃദ വസ്തുക്കൾ കൊണ്ട് ഉണ്ടാക്കിയ സ്റ്റാളിൽ കൃഷിയിടങ്ങളും കനാലുകളും സുരംഗങ്ങളും പച്ചത്തുരുത്തും കണ്ടൽ തുരുത്തും ഒരുക്കിയിരുന്നു. മേള കാണുവാനെത്തിയ ആയിരക്കണക്കിനാളുകളെ ഹരിതനിയമങ്ങൾ പാലിക്കേണ്ടതിന്റെ പ്രാധാന്യം ബോദ്ധ്യപ്പെടുത്തുവാൻ സാധിച്ചു.




## ഹരിത ടൗൺ, ഹരിത കെഎസ് ആർ ടി സി

വ്യാപാരി സമൂഹത്തിന്റെയും പൊതുജനങ്ങളുടെയും കാഴ്ചപ്പാടിൽ ഉണ്ടായ മാറ്റം പ്രതിഫലിപ്പിക്കുന്നതാണ് ഹരിത ടൗണുകളുടെ രൂപീകരണം. ജില്ലയിൽ പുതിയകോട്ട, പാലക്കുന്ന്, ഇരിയണ്ണി, കുണ്ടംകുഴി, വെള്ളരിക്കുണ്ട്, വെള്ളച്ചാൽ, മുള്ളേരിയ തുടങ്ങി 34 ഹരിതടൗണുകൾ നിലവിൽ വന്നു. അവയിലെല്ലാം മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.



കാസറഗോഡ്, കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി ഡിപ്പോകളെ ജീവനക്കാരുടെ പങ്കാളിത്തത്തോടെ ഹരിത കെ.എസ്.ആർ.ടി.സി സ്ഥാപനമാക്കി മാറ്റി. കുടുംബശ്രീ അയൽക്കൂട്ടത്തിന്റെയും, വ്യാപാരി വ്യവസായി സമിതികളുടെയും, തൊഴിലാളി സംഘടനകളുടെയും നേതൃത്വത്തിലുള്ള ഹരിതവീഥികൾ, ഗ്രന്ഥശാല സംഘത്തിന്റെ സഹകരണത്തോടെ ഹരിത ഗ്രന്ഥാലയങ്ങൾ, കുടുംബശ്രീ മിഷന്റെ സഹകരണത്തോടെ ഹരിത അയൽക്കൂട്ടങ്ങൾ എന്നിവയെല്ലാം ഈ രംഗത്ത് ഉണ്ടായ മാതൃകാപരമായ മാറ്റങ്ങളാണ്.

## വീണ്ടെടുത്ത ജലാശയങ്ങൾ

2016 ഡിസംബർ 8 ന് ഹരിതകേരളം മിഷൻ ജില്ലയിൽ ആരംഭിച്ചത് നീലേശ്വരം കോവിലകം ചിറ



ശുചികരിച്ചുകൊണ്ടായിരുന്നു. അന്നേ ദിവസം 41 തദ്ദേശസ്ഥാപനങ്ങളിലും ജലാശയ ശുചീകരണ പ്രവർത്തനം നടന്നു. ഇനി ഞാൻ ഒഴുകട്ടെ, തെളിനീരുരൊഴുകും നവകേരളം, ജലാശയ പുനരുജ്ജീവനം എന്നിവയാണ് ഈ രംഗത്ത് പ്രധാനമായും ഏറ്റെടുത്തത്.

2016 ന് മുമ്പ് കാസറഗോഡ് ജില്ലയിൽ പുഴകളും കായലുകളും കുളങ്ങളും നീർച്ചാലുകളും മലിനമാകാതെ സൂക്ഷിക്കേണ്ടതിന്റെ പ്രാധാന്യം ജനങ്ങളിൽ വേണ്ടത്ര എത്തിയിരുന്നില്ല. അതുകൊണ്ടു തന്നെ പലതും മാലിന്യം നിറഞ്ഞതായിരുന്നു. 2019 ൽ "ഇനി ഞാൻ ഒഴുകട്ടെ" ക്യാമ്പയിൻ പ്രവർത്തനങ്ങൾ ആരംഭിച്ചപ്പോഴാണ് ബോധവല്ക്കരണവും തുടങ്ങിയത്. ക്യാമ്പയിനിന്റെ ഭാഗമായി ജനകീയമായി ജലാശയ ശുചീകരണം ആരംഭിച്ചു. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ക്യാമ്പയിൻ ഏറ്റെടുത്തു. ക്യാമ്പയിനിന്റെ ഭാഗമായി ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ, പുഴനടത്തം, ബോധവല്ക്കരണ ക്ലാസ്സുകൾ, ശുചീകരണം എന്നീ പ്രവർത്തനങ്ങളാണ് നടന്നത്. ഈ ക്യാമ്പയിൻ മൂന്ന് വർഷത്തോളം മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി നടന്നു. ഇതുവഴി ഭൂരിഭാഗം ജലാശയങ്ങളും മാലിന്യമുക്തമാക്കുവാൻ സാധിച്ചു.

ഇനി ഞാൻ ഒഴുകട്ടെ ക്യാമ്പയിന്റെ ഭാഗമായി ഒന്നാംഘട്ടത്തിൽ 38 നീർച്ചാലുകൾ 92.762 കി.മീ നീളത്തിലും രണ്ടാംഘട്ടത്തിൽ 229 നീർച്ചാലുകൾ 183.338 കി.മീ നീളത്തിലും മൂന്നാംഘട്ടത്തിൽ 59 നീർച്ചാലുകൾ 130.15 കി.മീ നീളത്തിലുമായി ആകെ 326 നീർച്ചാലുകൾ 406.25 കി.മീ നീളത്തിൽ ശുചീകരിച്ചു. (അവലംബം: പടവുകൾ - അടയാളങ്ങൾ -2016-21: കാസറഗോഡ് ഹരിതകേരളം മിഷൻ പ്രസിദ്ധീകരിച്ച പുസ്തകം)

2016 മുതൽ 2021 വരെ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നടത്തിയ ജലസംരക്ഷണ പ്രവർത്തനങ്ങളാണ് 1097 തോടുകളുടെ നവീകരണം (623.352 കി.മീ), 473 കുളം നവീകരണം, 1016 കുളം നിർമ്മാണം, 2666 കിണർ റീചാർജ്ജിംഗ്, 84 ജലസേചന കനാൽ നവീകരണം, 89408 സ്ഥലങ്ങളിൽ വൃഷ്ടി പ്രദേശ പരിപാലനം (2982.05 ഹെക്ടർ), 116 ചെക്ക്ഡാം/ വിസിബി നിർമ്മാണം, 1848 താൽക്കാലിക തടയണ നിർമ്മാണം, 241 ചെക്ക് ഡാം/ വിസിബി നവീകരണം, 118 ക്വാറികളിലെ ജലം ഉപയോഗിച്ച് മത്സ്യകൃഷി എന്നിവ. (അവലംബം:പടവുകൾ-അടയാളങ്ങൾ- 2016-21: കാസറഗോഡ് ഹരിതകേരളം മിഷൻ പ്രസിദ്ധീകരിച്ച പുസ്തകം)

2020 ൽ "തെളിനീരൊഴുകും നവകേരളം" എന്ന ക്യാമ്പയിൻ ആരംഭിച്ചു. മാലിന്യമുക്തമായ ജലാശയങ്ങൾ നിലനിർത്തുകയും മലിനമായവ ശുചീകരിക്കുകയും ചെയ്യുക എന്നതായിരുന്നു ലക്ഷ്യം. " ഇനി ഞാൻ ഒഴുകട്ടെ " ക്യാമ്പയിനിന്റെ തുടർച്ച തന്നെയായിരുന്നു ഈ ക്യാമ്പയിനും. കാസറഗോഡ് ജില്ലയിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഈ ക്യാമ്പയിനും മാതൃകാപരമായി ഏറ്റെടുത്തു. ഓരോ വാർഡിലും സാനിറ്റേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിലാണ് ഈ പ്രവർത്തനം നടത്തിയത്. കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പു തൊഴിലാളികൾ, സന്നദ്ധ പ്രവർത്തകർ എന്നിവരെല്ലാം ഈ ക്യാമ്പയിനുമായി സജീവമായി സഹകരിച്ചു. ഇതിന്റെ ഭാഗമായി ബോധവല്ക്കരണ ക്ലാസ്സുകൾ വ്യാപകമായി സംഘടിപ്പിച്ചു. ഫോക്കസ് ഗ്രൂപ്പ് ചർച്ചകളുടെ അടിസ്ഥാനത്തിലാണ് ജലാശയങ്ങൾ വീണ്ടെടുക്കൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തത്. ക്യാമ്പയിനിന്റെ ഭാഗമായി ജില്ലയിലുടനീളം ഓരോ വാർഡിലും ജല പരിശോധന നടത്തുകയുണ്ടായി. ഒരു വാർഡിൽ 4 സാമ്പിളുകൾ എന്ന വിധത്തിലാണ് ടെസ്റ്റ് നടത്തിയത്. ജില്ലയിൽ പരിശോധിച്ച 3200 ഓളം സാമ്പിളുകളിൽ 80% സാമ്പിളുകളും ഇ.കോളി ബാക്ടീരിയ കലർന്നതായിരുന്നു. പരിശോധനാഫലം ജനങ്ങളെ ഉത്കണ്ഠാകുലരാക്കി. എങ്കിലും ജലാശയങ്ങൾ മാലിന്യമുക്തമാക്കേണ്ടതിന്റെയും അവ നിലനിർത്തേണ്ടതിന്റെയും ആവശ്യകത ബോധ്യപ്പെടുത്തുവാൻ ഈ പ്രവർത്തനത്തിലൂടെ സാധിച്ചു. ഈ ക്യാമ്പയിൻ രണ്ടു വർഷമായി തുടരുന്നു. എല്ലാ വർഷവും മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി ജലാശയ വീണ്ടെടുക്കലുകളും നടന്നിട്ടുണ്ട്. 2021 ഏപ്രിൽ തൊട്ട് 2025 ഒക്ടോബർ മാസം വരെ 1970.33 കി മീ നീളത്തിൽ നീർച്ചാൽ പുനരുജ്ജീവനം നടത്തിയിട്ടുണ്ട്. 167 കുളങ്ങൾ പുനരുജ്ജീവിപ്പിച്ചു. 479 കുളങ്ങൾ നിർമ്മിച്ചു. 1028 കിണറുകൾ റീചാർജ്ജ് ചെയ്തു. 1455 കിണറുകൾ നിർമ്മിച്ചു. 83 സ്ഥിരം തടയണകളും 2651 താൽക്കാലിക തടയണകളും നിർമ്മിച്ചിട്ടുണ്ട്.

2024 ൽ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ ആരംഭിച്ചപ്പോൾ ജലാശയങ്ങൾ വീണ്ടെടുക്കലും സജീവമായി ഏറ്റെടുത്തു. വീണ്ടെടുത്ത ജലാശയങ്ങൾ ക്യാമ്പയിനിന്റെ ഭാഗമായി നിലനിർത്തുവാൻ സാധിച്ചു. ക്യാമ്പയിനിന്റെ ഭാഗമായി ജനപങ്കാളിത്തത്തോടെ 388 നീർച്ചാലുകൾ 367.66 കി മീ നീളത്തിൽ ശുചീകരിച്ചു. 8866 പേർ ക്യാമ്പയിനിൽ പങ്കാളികളായി.

## ജലസംരക്ഷണ ഉപമിഷൻ

പരമ്പരാഗത ജലസംരക്ഷണത്തിനായി നീരുറവ് പദ്ധതി, ജല ജീവനം എന്നിവ നടപ്പിലാക്കി. ജനകീയ കൂട്ടായ്മയിലൂടെ പുഴകളും അരുവികളും സംരക്ഷിക്കേണ്ടതാണെന്ന പൊതുബോധം ഉണ്ടാക്കിയെടുക്കാൻ ഹരിതകേരളം മിഷന്റെ പ്രവർത്തനം സഹായിച്ചു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച് കാർഷികാവശ്യത്തിന് കുളങ്ങൾ, ജലസേചനത്തിനായി കിണറുകൾ, ചെറുതടയണകൾ, പുഴകളുടെ പാർശ്വസംരക്ഷണം എന്നിവ നടപ്പിലാക്കാൻ കഴിഞ്ഞു. പാഴ്ജല സംസ്കരണത്തിനായി സോക്ക് പിറ്റുകൾ നിർമ്മിച്ചു. ജല പുനരുപയോഗത്തിനായി സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിതമായി. മൈനർ ഇറിഗേഷന്റെയും, സോയിൽ കൺസർവേഷന്റെയും നേതൃത്വത്തിൽ വി.സി.ബികളും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും നടപ്പിലായി. മഴവെള്ള സംഭരണികളിലൂടെ ജലം സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വ്യക്തിപരമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലും മഴ വെള്ളസംഭരണികൾ സ്ഥാപിച്ചു. തുറന്ന കിണറിലും കുഴൽകിണറിലും കിണർ റീചാർജിംഗ് പദ്ധതികൾ വ്യാപകമാക്കി. അതോടൊപ്പം ഗ്രാമപഞ്ചായത്തുകളിലെ പൊതുകുളങ്ങൾ നവീകരിക്കപ്പെട്ടു. ഹരിതകേരളം മിഷന്റെ ഇടപെടലിലൂടെ കാഞ്ഞങ്ങാട് നഗരസഭയിലെ ആലാമിപ്പള്ളിക്കുളം വീണ്ടെടുത്തു.

ജലബജറ്റ് - ഒരു പ്രദേശത്തെ മഴ ലഭ്യത, ഭൂജലസ്രോതസ്സ് തുടങ്ങിയവ പരിഗണിച്ചുകൊണ്ട് ജലലഭ്യതയും ഗാർഹിക മേഖല, കാർഷിക, വ്യാവസായിക പ്രവർത്തനങ്ങൾ എന്നിവയ്ക്കുവേണ്ട ജല ആവശ്യകതയും പരിഗണിച്ചുകൊണ്ട് ഓരോ വർഷവും ജൂൺ മുതൽ മെയ് വരെയുള്ള ഓരോ 10 ദിവസത്തെയും കണക്കുകൾ പൊരുത്തപ്പെടുത്തിയാണ് ജലബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. സംസ്ഥാനത്ത്



ഏറ്റവും ആദ്യം മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജലബജറ്റ് തയ്യാറാക്കിയത് കാസറഗോഡ് ആണ്. പ്രാദേശിക ജലസഭകൾ ചേർന്ന് ജലബജറ്റിലെ കണ്ടെത്തലുകൾ ചർച്ച ചെയ്യുകയും ജലസുരക്ഷയ്ക്കാവശ്യമായ കർമ്മപദ്ധതികൾ തയ്യാറാക്കുകയും ചെയ്തു.

തീരദേശത്താണെങ്കിലും കാസറഗോഡ് ബ്ലോക്ക്, സംസ്ഥാനത്തെ 3 ക്രിട്ടിക്കൽ ബ്ലോക്കുകളിൽ ഒന്നാണ്. ഭൂമിക്കടിയിലെ ക്രിസ്റ്റലൈൻ പാറകളുടെ വിന്യാസം മൂലം വെള്ളം കിനിഞ്ഞിറങ്ങി സംഭരണ നിരക്ക് വർധിക്കാതിരിക്കുന്നതാണ് കാരണം. മഞ്ചേശ്വരം ബ്ലോക്ക് സെമിക്രിട്ടിക്കൽ മേഖലയിലാണ്. ഇവയെല്ലാം പരിഗണിച്ചാണ് സമഗ്രമായ ജലബജറ്റും ജലസുരക്ഷാ പ്ലാനും തയ്യാറാക്കിയത്. ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് മണ്ണുജല സംരക്ഷണത്തിനും നീർച്ചാൽ പുനരുജ്ജീവനത്തിനും ഉതകുന്ന കർമ്മപരിപാടികൾ തയ്യാറാക്കി നടപ്പാക്കിവരുന്നുണ്ട്.



## നീർച്ചാലുകൾ

ഇനി ഞാൻ ഒഴുകട്ടെ, തെളിനീരൊഴുകും നവകേരളം തുടങ്ങിയ ക്യാമ്പയിനിന്റെ ഭാഗമായി ജില്ലയിൽ ഏച്ചിക്കാനം തോട് (മടിക്കൈ), ബാരതോട് (ഉദുമ), പതിക്കാൽപുഴ (ചെറുവത്തൂർ), കൂടാനംതോട് (പുല്ലൂർ പെരിയ), തായത്തൊടി തോട് (ചെമ്മനാട്), മുളിയാർതോട്(മുളിയാർ) തുടങ്ങി വിവിധ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലായി ഘട്ടംഘട്ടമായി ശുചീകരണം നടന്നു. 1970.33 കി.മി. നീളത്തിൽ ശുചീകരണം നടത്താൻ സാധിച്ചു. പ്രധാന നീർച്ചാലുകളുടെ വശങ്ങളിൽ ജലസംരക്ഷണത്തിന് കണ്ടൽ ചെടികളും മറ്റു പുഴയോര സസ്യങ്ങളും വച്ചുപിടിപ്പിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി നീർച്ചാൽ സംരക്ഷണസമിതികളുടെ പ്രവർത്തനം മാതൃകാപരമായി നടന്നുവരുന്നു.



## അഞ്ച് പുഴകൾ തടസ്സമില്ലാതെ ഒഴുകി

നീർച്ചാലുകളിൽ മാലിന്യവും എക്കലും അടിഞ്ഞുകൂടി സ്വാഭാവിക ഒഴുക്ക് തടയുകയും ജനങ്ങളുടെ ജീവിതം ദുഷ്കരമാക്കുകയും ചെയ്തിരുന്ന അഞ്ച് തോടുകൾ പുനരുജ്ജീവിപ്പിച്ച് കരസംരക്ഷണം ഉറപ്പുവരുത്തി, ജലസംരക്ഷണം നൽകുന്നതിനുള്ള കർമ്മപരിപാടികൾ നടപ്പാക്കി. കാസറഗോഡ് വികസന പാക്കേജ് മുഖേന ജലസേചന വകുപ്പും, മണ്ണുസംരക്ഷണ വിഭാഗവുമാണ് പ്രവർത്തനങ്ങൾ ഏറ്റെടുത്തത്. ഐഇസി പ്രവർത്തനങ്ങൾക്ക് ഹരിതകേരളം മിഷൻ നേതൃത്വം നൽകി. മഞ്ചേശ്വരം ബ്ലോക്കിലെ സുറുമതോട്, കാറഡുക്കയിലെ ശ്രീമല ബേത്തലം, കാസറഗോഡ് നഗരസഭയിലെ കൽമാടി, കാഞ്ഞങ്ങാട് ബ്ലോക്കിലെ മാനൂരിചാൽ നീലേശ്വരം ബ്ലോക്കിലെ പതിക്കാൽ പുഴ എന്നിവയിലാണ് പുനരുജ്ജീവന പ്രവർത്തനം നടത്തിയത്.

## ജലഗുണനിലവാര പരിശോധന ലാബുകൾ

ജില്ലയിൽ തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിൽ ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ 12 ജലഗുണനിലവാര പരിശോധന ലാബുകൾ ഹയർസെക്കന്ററി വിദ്യാലയങ്ങളിൽ സ്ഥാപിച്ചു. ജലസ്രോതസ്സുകളുടെയും, കുടിവെള്ളത്തിന്റെയും ഗുണനിലവാരം ഉറപ്പുവരുത്തി ജലജന്യരോഗങ്ങളെ തടയുന്നതിനും, ജലസാക്ഷരത വിദ്യാർത്ഥികളിലും പൊതുജനങ്ങളിലും ഉണ്ടാക്കുന്നതിനും, ജലഗുണനിലവാര അവബോധം വ്യാപിപ്പിക്കുന്നതിനും കഴിഞ്ഞു. ജില്ലയിൽ ഇത് വരെ ഈ ലാബുകൾ വഴി 1187 സാമ്പിളുകൾ ടെസ്റ്റ് ചെയ്തു.



## കയ്യൂരിലെ ജലപരിശോധന ലാബ്

ഹരിതകേരളം മിഷൻ പ്രവർത്തനത്തിന്റെ ഭാഗമായി ജി.വി.എച്ച്.എസ്.എസ് കയ്യൂരിൽ കാസറഗോഡ് ജില്ലാ പഞ്ചായത്ത് 2023-24 വാർഷിക പദ്ധതിൽ ഉൾപ്പെടുത്തി ജലഗുണനിലവാര പരിശോധന ലാബ് ആരംഭിച്ചു. ജില്ലയിൽ അനുവദിക്കപ്പെട്ട 12 ലാബുകളിൽ ഒന്നാണിത്. ജില്ലയിൽ ഏറ്റവും കൂടുതൽ ജലഗുണനിലവാര പരിശോധന നടത്തിയത് ജി.വി.എച്ച്.എസ്.എസ് കയ്യൂരാണ്. അനുവദിക്കപ്പെട്ട 200 പരിശോധന കിറ്റും ഉപയോഗിച്ചിട്ടുണ്ട്. കയ്യൂർ - ചീമേനി പഞ്ചായത്തിലെ സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും കിണറുകളിലെ വെള്ളമാണ് പരിശോധിച്ചത്. പരിശോധനയുടെ ഭാഗമായി പലോത്ത് കമ്മ്യൂണിറ്റി ഹാളിൽ ക്യാമ്പ് സംഘടിപ്പിച്ചു. പ്രസ്തുത ക്യാമ്പിൽ നൂറോളം കിണറുകളിലെ ജലപരിശോധനയാണ് നടത്തിയത്. ഹയർ സെക്കണ്ടറി വിഭാഗത്തിലെ എൻ എസ് എസ് വളണ്ടിയർമാരും സയൻസ് വിദ്യാർത്ഥികളും പരിശോധന നടത്തുന്നതിന് സഹകരിച്ചിട്ടുണ്ട്. ഈ വർഷം പരിശോധന കിറ്റ് ലഭിച്ച ഉടനെത്തന്നെ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. ഇതുവരെയായി സ്കൂൾ പരിസരത്തെ 25 കിണറുകളിലെ ജല പരിശോധനപൂർത്തിയായി. രണ്ട് വർഷമായി നടന്നു വരുന്ന ജലഗുണനിലവാര പരിശോധന ജനങ്ങളിൽ ശുദ്ധജലത്തിന്റെ ആവശ്യകത, ജലാശയങ്ങൾ മലിനമാക്കരുതെന്ന ആശയം, കിണറുകൾ ക്ലോറിനേറ്റു ചെയ്യേണ്ടതാണെന്ന അറിവ് എന്നിവ വ്യാപകമാക്കാൻ സഹായിച്ചു.

## കൃഷി പരിസ്ഥിതി പുനഃസ്ഥാപനം

മണ്ണിന്റെ ഘടനയിലും ജലസാന്നിദ്ധ്യത്തിലും കൃഷിയിലും പ്രാദേശികമായ ഭേദങ്ങൾ ഇവിടെ ദൃശ്യമാണ്. മറ്റേതൊരു പ്രദേശത്തേയും പോലെ കാലാവസ്ഥയും ഭൂപ്രകൃതിയും ഇവിടുത്തെ കാർഷികവ്യവസ്ഥയേയും ജൈവവൈവിധ്യത്തേയും സമ്പന്നമാക്കുന്നു. അസംഖ്യം ജന്തുജാലങ്ങൾ കൊണ്ട് സമ്പന്നമായ കാർഷിക സംസ്കൃതിയുടെ ഇടം എന്ന പെരുമ കാസറഗോഡ് ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്തുകളുടെ സവിശേഷതയാണ്. തരിശുരഹിതഗ്രാമ പ്രഖ്യാപനം, ഹരിതസമൃദ്ധി, പച്ചത്തുരുത്തുകൾ, നെറ്റ് സീറോ കാർബൺ ജനങ്ങളിലൂടെ തുടങ്ങിയ പ്രവർത്തനങ്ങൾ എത്രത്തോളം പാരിസ്ഥിതിക പുനഃസ്ഥാപനത്തിന് പ്രയോജനപ്പെടുന്നു എന്നതാണ് ഇവിടെ പ്രതിപാദിക്കുന്നത്.

ഹരിതകേരളം മിഷന്റെ ഉപമിഷനുകളിലൊന്നാണ് കൃഷി. കാർഷിക മേഖലയിൽ ഹരിതകേരളം മിഷന്റെ ഇടപെടലുകൾ വഴി കഴിഞ്ഞ 10 വർഷം നടന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. തദ്ദേശസ്ഥാപനങ്ങളുടെ പ്രൊജക്ടുകളായാണ് പ്രവർത്തനങ്ങൾ നടന്നിട്ടുള്ളത്.

## തരിശുരഹിതനാട് നൻമയുടെ നാട്ടകം

നെൽ വയലുകളുടെ കാര്യക്ഷമത പൂർണ്ണമായും ഉപയോഗപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ അവ അമൂല്യ ജലശേഖരവും കൂടിയാണ് എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ കർഷക ജനതയെ കൃഷിയിടങ്ങളിലേക്ക് എത്തിക്കാനുള്ള ആസൂത്രിത ശ്രമങ്ങളാണ് നടന്നുവരുന്നത്. മൂന്നാംവിളകൾ എടുക്കേണ്ടുന്ന സ്ഥലത്ത് അവ പൂർൺണമായും എടുക്കാതെ കൃഷിയിൽ നിന്നും അകന്നു നില്ക്കുന്ന പ്രവണത ഒഴിവാക്കാനുള്ള ശ്രമമാണ് തരിശുരഹിത ഗ്രാമം പരിപാടിയിലൂടെ ലക്ഷ്യമിട്ടത്.

| ക്രമനം | ബ്ലോക്കിന്റെ പേര് | തരിശുഭൂമി (ഹെക്ടറിൽ) | | കൃഷിയോഗ്യമാക്കിയ തരിശുഭൂമി (ഹെക്ടറിൽ) | |
|---|---|---|---|---|---|
| | | 2018-19 | 2022-23 | 2018-19 | 2022-23 |
| 1 | മഞ്ചേശ്വരം | 340 | 320 | 280 | 260 |
| 2 | കാസറഗോഡ് | 525 | 500 | 430 | 405 |
| 3 | കാറഡുക്ക | 1310 | 1280 | 960 | 930 |
| 4 | കാഞ്ഞങ്ങാട് | 372 | 346 | 320 | 294 |
| 5 | നീലേശ്വരം | 230 | 214 | 180 | 164 |
| 6 | പരപ്പ | 260 | 230 | 140 | 110 |
| | ആകെ | 3037 | 2890 | 2310 | 2163 |

ജില്ലയിലെ തരിശിട്ട പാടശേഖരങ്ങളിൽ ഭൂരിഭാഗവും നിലവിൽ കൃഷി ചെയ്യുന്ന അവസ്ഥയിൽ എത്തിയിട്ടുണ്ട്. 2019-20 കാലയളവിൽ ജില്ലയിലെ 18 പഞ്ചായത്തുകൾ (ബേഡഡുക്ക, മടിക്കൈ, കിനാനൂർ കരിന്തളം, പിലിക്കോട്, തൃക്കരിപ്പൂർ, പുല്ലൂർ പെരിയ, ചെറുവത്തൂർ, വെസ്റ്റ് എളേരി,



ഈസ്റ്റ് എളേരി, കയ്യൂർചീമേനി, ബളാൽ, മീഞ്ച, ചെമ്മനാട്, അജാനൂർ, പടന്ന, നീലേശ്വരം നഗരസഭ, കാഞ്ഞങ്ങാട് നഗരസഭ, കോടോംബേളൂർ) തരിശു രഹിതമായി പ്രഖ്യാപിച്ചിട്ടുണ്ട്. അതിൽ ഭൂരിഭാഗവും നിലനിർത്തി പോകുന്നുണ്ട്.

ഹരിതസമൃദ്ധി വാർഡുകൾ: 2019-2020 വർഷത്തിൽ 43 വാർഡുകളാണ് ഹരിതസമൃദ്ധി വാർഡുകളായി പ്രഖ്യാപിച്ചിട്ടുള്ളത്. 2023 മുതൽ 25 വരെ 163 ഹരിതസമൃദ്ധി വാർഡുകളുടെ പ്രഖ്യാപനം നടന്നിട്ടുണ്ട്.

ദേവഹരിതം: മൂന്ന് അമ്പലങ്ങളിൽ ഉത്സവവുമായി ബന്ധപ്പെട്ട് കൃഷി ചെയ്തിട്ടുണ്ട്. അത് കൂടാതെ 22 പച്ചത്തുരുത്തുകൾ (കാവുകൾ അല്ലാതെ) ക്ഷേത്രങ്ങളിൽ സംരക്ഷിച്ചു വരുന്നുണ്ട്.

വ്യവസായ സ്ഥാപനകൃഷി: ഉദുമ സ്പിന്നിംഗ് യൂണിറ്റ്, കരിന്തളത്തുള്ള കെ സി സി പി എൽ കേന്ദ്രം എന്നിവിടങ്ങളിൽ വ്യവസായസ്ഥാപനകൃഷി ചെയ്തുവരുന്നു.



പച്ചക്കറി കൃഷി രംഗത്ത് വിപ്ലവകരമായ മാറ്റമാണ് ജില്ലയിൽ ഈ കാലയളവിൽ നടന്നിട്ടുള്ളത്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും പ്രൊജക്ട് വഴി കൃഷിഭവൻ മുഖേന ഓരോ വർഷവും പതിനായിരക്കണക്കിന് പച്ചക്കറി വിത്തുകളും തൈകളുമാണ് വിതരണം ചെയ്തിട്ടുള്ളത്. കൂടാതെ ഫലവൃക്ഷ തൈകൾ, മട്ടുപ്പാവ് കൃഷിക്കാവശ്യമായ പച്ചക്കറി തൈകൾ, കുറ്റിക്കുരുമുളക് തൈകൾ, തെങ്ങിൻ തൈകൾ, കവുങ്ങിൻ തൈകൾ, വാഴ കന്നുകൾ എന്നിവയും എല്ലാ വർഷവും കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്നുണ്ട്.

## പച്ചത്തുരുത്ത്, സംസ്ഥാനത്ത് ഒന്നാമത്

ഹരിതകേരളം മിഷൻ ഏറ്റെടുത്തിട്ടുള്ള മാലിന്യ സംസ്കരണം, ജലസംരക്ഷണം, കൃഷി എന്നീ മൂന്നു മേഖലകളെയും പ്രതിനിധാനം ചെയ്യുന്നതും തീർത്തും നവീനവുമായ ഒരു കാഴ്ചപ്പാടാണ് പച്ചത്തുരുത്തുകൾ. അതിജീവനത്തിനു വേണ്ടിയുള്ള ചെറുവനങ്ങൾ കൂടിയാണവ.

കാലാവസ്ഥാ വ്യതിയാനത്തെ നേരിടുന്നതിനുള്ള പ്രാദേശിക പ്രതിരോധ മാതൃക സൃഷ്ടിക്കലിന്റെ മുഖ്യകണ്ണിയായി രൂപപ്പെടുന്നവയാണ് ജൈവ വൈവിധ്യത്തിന്റെ പച്ചത്തുരുത്തുകൾ. നിലവിലുള്ള




കൃഷിഭൂമിയുടെയോ വനഭൂമിയുടെയോ ഘടനയ്ക്ക് മാറ്റമൊന്നും വരുത്താതെ, വിവിധ ഭാഗങ്ങളിൽ ഉപയോഗരഹിതമായി ഒഴിച്ചിട്ടിരിക്കുന്ന പൊതു/സ്വകാര്യ സ്ഥലങ്ങളിൽ പ്രദേശത്തിന്റെ സവിശേഷതകൾക്കിണങ്ങുന്ന വൃക്ഷങ്ങൾ നട്ടുവളർത്തി രൂപപ്പെടുത്തിയെടുക്കുന്ന ചെറു വനങ്ങളാണ് പച്ചത്തുരുത്തുകൾ. രൂക്ഷമായ വരൾച്ചയെ ചെറുക്കാനും കാർബൺ സംഭരണം വർധിപ്പിക്കാനും പരിപാലിക്കുന്ന മരങ്ങൾക്ക് കഴിയുന്നു. പരിസ്ഥിതി പുനസ്ഥാപനത്തിന് ഫലപ്രദമായ ഇടപെടൽ എന്നതിലുപരി ജില്ലയിൽ ഇടനാടൻ ചെങ്കൽകുന്നുകളുടെ ഹരിതാഭ വർധിപ്പിക്കാനും ജൈവവൈവിധ്യ സംരക്ഷണത്തിനും ഈ പച്ചത്തുരുത്തുകൾ സഹായിക്കുന്നു.

2019 ജൂൺ 5 പരിസ്ഥിതി ദിനത്തിൽ ജില്ലയിൽ പച്ചത്തുരുത്ത് ആരംഭിച്ചു. ആ വർഷം 30 തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലായി 89 പച്ചത്തുരുത്തുകൾ നിർമ്മിച്ചു. 2020 ലെ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ജില്ലയിലാകെ 342 പച്ചത്തുരുത്തുകൾ പുതുതായി തുടങ്ങുവാൻ കഴിഞ്ഞു. അങ്ങനെ 41 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി മൊത്തം 431 പച്ചത്തുരുത്തുകൾക്ക് ജില്ലയിൽ തുടക്കം കുറിച്ചു. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പച്ചത്തുരുത്തുകൾ ഉണ്ടാക്കിയത് കാസറഗോഡ് ജില്ലയാണ്.

തുടർന്ന് ഓരോ വർഷവും കൂടുതൽ കൂടുതൽ പച്ചത്തുരുത്തുകൾ ഉണ്ടാക്കുവാൻ ജില്ലക്ക് സാധിച്ചു. നിലവിൽ 874 പച്ചത്തുരുത്തുകളാണ് ജില്ലയിലുള്ളത്. 34228 സെന്റ് സ്ഥലത്താണ് പച്ചത്തുരുത്ത് സ്ഥിതി ചെയ്യുന്നത്. ഈ പച്ചത്തുരുത്തുകളിലെല്ലാം കൂടി ആകെ 186892 മരങ്ങളുണ്ട്. ആറു മാസത്തിലൊരിക്കൽ പച്ചത്തുരുത്തുകൾ പുനസന്ദർശനം നടത്തി അവസ്ഥ വിലയിരുത്താറുണ്ട്. പരിപാലനത്തിന് സംഘാടക സമിതികൾ പ്രവർത്തിച്ചു വരുന്നു.

2025 ജൂൺ 5 ന് പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് "ഒരു തൈ നടാം" ക്യാമ്പയിൻ ആരംഭിച്ചു. ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ക്യാമ്പയിൻ ഏറ്റെടുത്തു. അതിന്റെ ഫലമായി




2025 ഡിസം: 31 വരെ ജില്ലയിൽ 666612 തൈകൾ നടുകയുണ്ടായി. നിലവിലുള്ള പച്ചത്തുരുത്തുകളിലും പൊതുസ്ഥലങ്ങളിലും സ്ഥാപനങ്ങളുടെയും വിദ്യാലയങ്ങളുടെയും കോമ്പൗണ്ടുകളിലും വീട്ടുപറമ്പുകളിലുമാണ് തൈകൾ നട്ടിട്ടുള്ളത്. ഇതിനുപുറമെ സോഷ്യൽഫോറസ്ട്രി ഒരു ലക്ഷം തൈകൾ കൂടി ഉൽപ്പാദിപ്പിച്ചത് വിതരണം ചെയ്യാൻ തയ്യാറായിട്ടുണ്ട്.

## നെറ്റ് സീറോ കാർബൺ കേരളം - ജനങ്ങളിലൂടെ

കാസറഗോഡ് ജില്ലയിൽ 12 പഞ്ചായത്തുകളിലാണ് ക്യാമ്പയിൻ നടക്കുന്നത്. പിലിക്കോട്, ചെറുവത്തൂർ, വലിയപറമ്പ, തൃക്കരിപ്പൂർ, കയ്യൂർ - ചീമേനി, കിനാനൂർ - കരിന്തളം, മടിക്കൈ, പുല്ലൂർ - പെരിയ, ബേഡഡുക്ക, മൂളിയാർ, ദേലമ്പാടി, പുത്തിഗെ എന്നീ പഞ്ചായത്തുകളാണ് ക്യാമ്പയിൻ ഏറ്റെടുത്തത്.

ക്യാമ്പയിൻ ഏറ്റെടുത്തിട്ടുള്ള 12 ഗ്രാമപഞ്ചായത്തുകളിലും പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നു വരുന്നു. ഊർജ്ജസംരക്ഷണം, പരിസ്ഥിതി പുനഃസ്ഥാപനം, കൃഷി, മാലിന്യസംസ്കരണം തുടങ്ങിയ പ്രവർത്തനങ്ങളാണ് ഈ ക്യാമ്പയിന്റെ ഭാഗമായി ഏറ്റെടുത്തിട്ടുള്ളത്.

ജൈവ - അജൈവ മാലിന്യ സംസ്കരണങ്ങൾക്കായി വിവിധ പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നുണ്ട്. ആധുനിക സൗകര്യങ്ങളോടു കൂടിയ എം.സി.എഫുകൾ നെറ്റ് സീറോ പഞ്ചായത്തുകളിലെല്ലാം ഒരുക്കിയിട്ടുണ്ട്. ബെയിലിംഗ് മെഷീൻ, വെയിംഗ് മെഷീൻ, ട്രോളി, റസ്റ്റ് റൂം, ടോയ്ലറ്റ്, കുടിവെള്ളം, അഗ്നി സുരക്ഷാ സംവിധാനങ്ങൾ, ഇലക്ട്രിക് ഓട്ടോറിക്ഷ തുടങ്ങിയ സൗകര്യങ്ങളാണ് എം.സി. എഫിൽ ഒരുക്കിയിട്ടുള്ളത്. എല്ലാ വാർഡുകളിലും മിനി എം.സി.എഫുകൾ സ്ഥാപിച്ചിട്ടുണ്ട്. അജൈവ മാലിന്യ ശേഖരണ പരിപാടി ഫലപ്രദമായി നടന്നുവരുന്നു. പ്ലാസ്റ്റിക്ക് ഉള്പ്പടെയുള്ള മാലിന്യങ്ങൾ കലണ്ടർ പ്രകാരം ശേഖരിച്ചുവരുന്നു.

ജില്ലയിൽ പരിസ്ഥിതി പുനസ്ഥാപനത്തിന്റെ ഭാഗമായി 12 നെറ്റ് സീറോ പഞ്ചായത്തുകളിൽ 10033.5 സെന്റ് വിസ്തൃതിയിൽ 448 പച്ചത്തുരുത്തുകൾ ഉണ്ടാക്കിയിട്ടുണ്ട്. ഊർജ്ജ സംരക്ഷണ രംഗത്ത് ജില്ലയിലാകെ മെച്ചപ്പെട്ട മാറ്റമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പ്രത്യേകിച്ച് നെറ്റ് സീറോ പഞ്ചായത്തുകളിൽ 341 ഊർജ്ജസംരക്ഷണക്ലാസുകളും ഗതാഗതമേഖലയിൽ 9 ഊർജ്ജസംരക്ഷണ ക്ലാസുകളും നൽകിയിട്ടുണ്ട്. ഈ രംഗത്ത് ഏറ്റവുമധികം പ്രവർത്തനങ്ങൾ നടന്നത് പിലിക്കോട് ഗ്രാമപഞ്ചായത്തിലാണ്. ഊർജ്ജയാനം എന്ന ജനകീയ ഊർജ്ജ സംരക്ഷണ പദ്ധതിയിലൂടെ ഇന്ത്യയിലെ ആദ്യത്തെ ഫിലമെന്റ് ബൾബ് രഹിത ഗ്രാമപഞ്ചായത്തായി മാറാനും ഊർജ്ജ സംരക്ഷണത്തിന് ദേശീയതലത്തിൽ ശ്രദ്ധയാകർഷിക്കാനും കഴിഞ്ഞു.

നെറ്റ് സീറോ കാർബൺ കേരളം - ജനങ്ങളിലൂടെ ക്യാമ്പയിൻ നടപ്പാക്കുന്ന 11 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് എനർജി മാനേജ്മെന്റ് സെന്റർ കേരള മുഖേന അംഗൻജ്യോതി പദ്ധതി നടപ്പാക്കിയത്. ഊർജ്ജ സംരക്ഷണത്തിന് ബോധവൽക്കരണം, ദക്ഷത കൂടിയ ഉപകരണങ്ങളുടെ വ്യാപനം എന്നിവയാണ് ഏറ്റെടുത്ത് നടത്തിയത്. ഇതുവഴി കാർബൺ എമിഷൻ കുറക്കുവാൻ സാധിക്കുന്നു.

വിറകടുപ്പുകൾ ഒഴിവാക്കി പാചകത്തിന് ഇൻഡക്ഷൻ സ്റ്റൗ ഉപയോഗിക്കുന്നത് കാർബൺ ഉൽസർജനം ഇല്ലാതാക്കും. പാചക ഉപകരണങ്ങളും ദക്ഷത കൂടിയതാവണം. അതിന് പ്രഷർ



കുക്കറുകൾ ഉപയോഗിക്കണം. അംഗൻ ജ്യോതി പദ്ധതിയുടെ ഭാഗമായി ഇൻഡക്ഷൻ സ്റ്റൗ, പ്രഷർ കുക്കർ, മിൽക്ക് കുക്കർ, ഇഡലി കുക്കർ, സ്റ്റീൽ ഉരുളി, സോസ്പാൻ, ചൂടാറാപ്പെട്ടി എന്നിവ നെറ്റ് സീറോ പഞ്ചായത്തുകളിൽ വിതരണം ചെയ്തിട്ടുണ്ട്. ആദ്യഘട്ടത്തിൽ നെറ്റ് സീറോ ക്യാമ്പയിനിൽ ഉൾപ്പെട്ട 11 ഗ്രാമപഞ്ചായത്തുകളിലെ ( കയ്യൂർ ചീമേനി ഒഴികെ) 321 അംഗൻവാടികളിലുമാണ് ഉപകരണങ്ങൾ വിതരണം ചെയ്തത്.

നെറ്റ് സീറോ കാർബൺ കേരളം ക്യാമ്പയിനിന്റെ ഭാഗമായി നടക്കുന്ന മറ്റൊരു പരിപാടി സ്ഥാപന തല സർവ്വേയാണ്. 2026 ജനുവരി 6 വരെ 231 സ്ഥാപനങ്ങളിൽ സർവ്വെ നടന്നു. 17 സ്ഥാപനങ്ങൾ നെഗറ്റീവ് സ്റ്റാറ്റസ് കൈവരിച്ചിട്ടുണ്ട്. സ്ഥാപനത്തിൽ സോളാർ സ്ഥാപിച്ചും വൃക്ഷവല്ലരണം നടത്തിയും എത്ര മാത്രം കാർബൺ എമിഷൻ കുറക്കുന്നുവെന്നും വിവിധ മാർഗങ്ങളിലൂടെ എത്ര മാത്രം കാർബൺ എമിഷൻ ഉണ്ടാക്കുന്നുവെന്നുമാണ് സർവ്വേ വഴി കണക്കാക്കുന്നത്. അത് വഴി പ്രസ്തുത സ്ഥാപനം കാർബൺ നെഗറ്റീവാണോ പോസിറ്റീവാണോ എന്ന് കണക്കാക്കുവാൻ സാധിക്കുന്നു. ജില്ലയിൽ ഇതുവരെ നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ കാഞ്ഞങ്ങാട് നഗരസഭയിലെ നെഹ്റു ആർട്സ് ആന്റ് സയൻസ് കോളേജ് പടന്നക്കാട്, എ.സി.കെ.എൻ. എസ്.ജി.യു.പി.എസ് മേലാങ്കോട്ട് എന്നീ സ്ഥാപനങ്ങൾ ആദ്യഘട്ടത്തിൽ നെറ്റ് സീറോ നെഗറ്റീവ് സ്ഥാപനമായി പ്രഖ്യാപിക്കുകയും തിരുവനന്തപുരത്ത് വെച്ച് നടന്ന പരിസ്ഥിതി സംഗമത്തിൽ അനുമോദനം ഏറ്റുവാങ്ങുകയും ചെയ്തു. തുടർ സർവ്വെയിൽ ബേഡഡുക്ക ഗ്രാമപഞ്ചായത്തിലെ ടാഷ്കോ സ്റ്റോൺ ക്രഷർ ഓഫീസ്, ജി.എൽ. പി.എസ് കൊളത്തൂർ 1, ജി എൽ പി എസ് താരംതട്ടടുക്ക, ജി എൽ പി എസ് വാവടുക്കം, ഗവ ആയുർവേദ ഡിസ്പെൻസറി ബേഡഡുക്ക, വില്ലേജ് ഓഫീസ് മുന്നാട്, മുളിയാർ ഗ്രാമപഞ്ചായത്തിലെ കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള – കാസറഗോഡ് എസ്റ്റേറ്റ്- മുളിയാർ ഡിവിഷൻ ഓഫീസ്, മുളിയാർ വെറ്റിനറി ഡിസ്പെൻസറി, മുളിയാർ കൃഷിഭവൻ, പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്തിലെ ആയുർവേദ ഡിസ്പെൻസറി പുല്ലൂർ, മടിക്കൈ ഗ്രാമപഞ്ചായത്തിലെ ജി.എൽ.പി.എസ് മലപ്പച്ചേരി, പിലിക്കോട് ഗ്രാമപഞ്ചായത്തിലെ കൃഷിഭവൻ



പിലിക്കോട്, കിനാനൂർ കരിന്തളം പഞ്ചായത്തിലെ ജി.യു.പി.എസ് ചാമക്കുഴി കുവാറ്റി, ജി.എൽ.പി.എസ് പെരിയങ്ങാനം എന്നീ സ്ഥാപനങ്ങളാണ് നിലവിൽ നെഗറ്റീവ് സ്റ്റാറ്റസ് കൈവരിച്ചിട്ടുള്ളത്.

കൃഷി രംഗത്തും നെറ്റ് സീറോ പഞ്ചായത്തുകളിൽ ഇടപെടലുകൾ നടന്നിട്ടുണ്ട്. ഈ പഞ്ചായത്തുകളിലെ 171 വാർഡുകളെ ഹരിതസമൃദ്ധിയിലേക്കെത്തിക്കുവാൻ സാധിച്ചിട്ടുണ്ട്. ഭൂരിഭാഗം തരിശു നിലങ്ങളും കൃഷി ചെയ്യുന്ന നിലയിലേക്ക് എത്തിക്കുവാനും കഴിഞ്ഞിട്ടുണ്ട്. ഇതോടൊപ്പം ഹരിതകേരളം മിഷന്റെ ഇടപെടലിന്റെ ഭാഗമായി ജില്ലാ പഞ്ചായത്ത് മുഖേന പ്രത്യേക പ്രൊജക്ടുകൾ തയ്യാറാക്കുകയും ഘടകസ്ഥാപനങ്ങളും ജില്ലയിലെ ഹയർസെക്കണ്ടറി സ്കൂളുകളും നെറ്റ് സീറോ കാർബൺ സ്ഥാപനങ്ങളാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഊർജ്ജ ഓഡിറ്റ് നടന്നുവരുന്നു. എല്ലാ വിദ്യാലയങ്ങളിലും സോളാർ പ്ലാന്റുകൾ സ്ഥാപിച്ചും മാലിന്യ സംസ്കരണ ഉപാധികൾ വിതരണം ചെയ്തും പച്ചത്തുരുത്തുകൾ സ്ഥാപിച്ചും ലക്ഷ്യപ്രാപ്തിയിലേക്ക് നീങ്ങുകയാണ് കാസർഗോഡ് ജില്ല.

എൽ.ഇ.ഡി പരിശീലനം - നെറ്റ്സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഭാഗമായി ഊർജ്ജക്ഷമതാ ഉപകരണങ്ങൾ വ്യാപിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ചുരുങ്ങിയ സമയത്തെ പരിശീലനം കൊണ്ട് എൽഇഡി ബൾബുകളുടെ കേടുപാടുകൾ മാറ്റാൻ കഴിയുമെന്നതിന്റെ അടിസ്ഥാനത്തിൽ എനർജി മാനേജ്മെന്റ് സെന്ററിന്റെ സാങ്കേതിക സഹായത്തോടെ ഹരിതകർമ്മസേന അംഗങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ടവർക്ക് പരിശീലനം നൽകി. തിരുവനന്തപുരത്ത് നിന്ന് ലഭിച്ച പരിശീലനത്തിനപ്പുറം ജില്ലയിലും പ്രത്യേകം പരിശീലനം നൽകിയിരുന്നു. പിലിക്കോട് ഗ്രാമപഞ്ചായത്തിൽ ഊർജ്ജായനം, ഹരിതവാനം പദ്ധതികളുടെ ഭാഗമായി ഈ പ്രവർത്തനം നടന്നുവരുന്നുണ്ട്. പുതിയ സംരംഭങ്ങളായി ആരംഭിക്കുന്നതിനാണ് നിർദ്ദേശം നൽകിയത്.

## കാർഷികരംഗത്തുണ്ടായ മാറ്റങ്ങൾ

ഹരിതകേരളം മിഷൻ കൃഷി വകുപ്പുമായി ചേർന്നു കൊണ്ടുള്ള പ്രവർത്തനങ്ങൾ കാർഷിക രംഗത്ത് വലിയ മാറ്റത്തിന് തുടക്കം കുറിച്ചു. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഒന്നോ രണ്ടോ

വാർഡുകൾ ഹരിത സമൃദ്ധിയായി പ്രഖ്യാപിക്കാനുള്ള ഇടപെടലുകൾ നടത്തി. പ്രസ്തുത വാർഡുകളിലെ എല്ലാ വീടുകളിലും പച്ചക്കറി ഇനങ്ങൾ കൃഷി ചെയ്യുന്നതിന് ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ ആളുകളെ പ്രേരിപ്പിച്ചു. വിഷരഹിത പച്ചക്കറി, ഓണത്തിന് ഒരുമുറം പച്ചക്കറി, എന്നിവ ഇതിന്റെ തുടർച്ചയായി നടന്ന പ്രവർത്തനങ്ങളാണ്. തരിശു രഹിത പഞ്ചായത്തുകൾ പ്രഖ്യാപിച്ചതും, തരിശുരഹിത പഞ്ചായത്ത് നിലനിർത്തൽ പ്രഖ്യാപനം നടത്തിയതും പ്രസ്താവ്യമാണ്. ഒരു കോടി വൃക്ഷ തൈയുടെ വിതരണം ഇതിന്റെ ഭാഗമായി ആസൂത്രണം ചെയ്തു നടപ്പിലാക്കി. അങ്കണവാടികളിൽ പോഷക തോട്ടവും വിദ്യാലയങ്ങളിൽ ഹരിതസ്ഥാപന കൃഷിയും നിലവിൽവന്നു. തരിശിട്ട വയലുകളിൽ കൃഷിചെയ്ത് പ്രത്യേകം ബ്രാൻഡിൽ അരി വിതരണം ചെയ്യാൻ പാടശേഖരസമിതി കൂട്ടായ്മകൾക്ക് സാധിച്ചു. ഉദാഹരണമായി ബേഡകം, കിനാനൂർ കരിന്തളം, കാരാട്ട് വയൽ എന്നിവിടങ്ങളിലെ നെൽകൃഷി, കരിന്തളം പഞ്ചായത്തിലെ കെസിസിപിഎല്ലിൽ മൂന്ന് ഏക്കറോളം സ്ഥലത്ത് കോവൽ കൃഷിയും ഫാഷൻ ഫ്രൂട്ട് കൃഷിയും ഇതിന്റെ ഭാഗമായി ആരംഭിച്ചു.

ഹൊസ്ദുർഗ് ജയിൽ, ചീമേനി തുറന്ന ജയിൽ എന്നിവിടങ്ങളിൽ പച്ചക്കറി കൃഷി ആരംഭിക്കുകയും വിപണന സ്റ്റാളുകളിലൂടെ വിറ്റഴിക്കുകയും ചെയ്തു. ദേവാലയങ്ങളോട് അനുബന്ധിച്ച് തരിശു ഭൂമികളിലും പാടങ്ങളിലും ദേവഹരിതം എന്ന പേരിൽ കാർഷിക പ്രവർത്തനങ്ങൾ നടന്നു. ഉത്സവങ്ങളോട് അനുബന്ധിച്ച് കലവറ നിറയ്ക്കലിനും അന്നദാനത്തിനും ആവശ്യമായ നെല്ലും പച്ചക്കറികളും കൃഷി ചെയ്യുന്ന രീതിയിലേക്ക് ക്ഷേത്രങ്ങളെ കൊണ്ടുവരുന്നതിനും ഫലപ്രദമായ കാർഷിക സംസ്കൃതിയുടെ തുടക്കത്തിനും ഹരിതകേരളം മിഷൻ പ്രേരകമായി.

## അതിജീവനത്തിനായി കുറ്റിക്കോലിന്റെ “ജീവനം” മാതൃക

ഹരിതകേരളം മിഷൻ വിഭാവനം ചെയ്യുന്ന പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾക്ക് സഹായകരമാവുന്ന രീതിയിൽ കുറ്റിക്കോൽ ഗ്രാമ പഞ്ചായത്തിൽ ഒരു കൂട്ടം പരിസ്ഥിതി പ്രവർത്തകർ ചേർന്ന് “ജീവനം” എന്ന പേരിൽ ജൈവ വൈവിധ്യ സമിതി കൂട്ടായ്മ രൂപീകരിച്ച് മാതൃകാപരമായി പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ ജൈവ വൈവിധ്യങ്ങളെക്കുറിച്ച് വിശദമായി പഠനം നടത്തുകയും സംരക്ഷണ പരിപാലന പ്രവർത്തനങ്ങൾ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും സംരക്ഷണം ഏറ്റെടുക്കുന്നതിനും ജീവനം നന്നായി ഇടപെടുന്നു. കാവ് സംരക്ഷണം, പൈതൃക മരങ്ങളുടെ സംരക്ഷണം, തണ്ണീർത്തട സംരക്ഷണം, വനവൽക്കരണം, തുടങ്ങിയ രംഗങ്ങളിലെല്ലാം നല്ല രീതിയിൽ ഇടപെടാൻ ഈ കൂട്ടായ്മയ്ക്ക് കഴിയുന്നുണ്ട്. ഹരിതകേരളം മിഷൻ നടപ്പിലാക്കുന്ന പച്ചത്തുരുത്ത് പോലുള്ള പ്രവർത്തനങ്ങൾ പഞ്ചായത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കാൻ ജീവനം കൂട്ടായ്മ മാതൃകാപരമായി രംഗത്ത് വന്നു. തവനം സ്കൂളിൽ മധുര വനം ഒരുക്കുന്നതിൽ ഇടപെട്ടു. കുറ്റിക്കോലിലെ ചരിത്ര ശേഷിപ്പുകളായ മുനിയറ, ചുമട് താങ്ങി, തൊപ്പി കല്ല്, പൈതൃക മരമായ കുറ്റിക്കോൽ ടൗണിലെ കാശാവ്, ചെമ്പകം, എന്നിവയുടെ സംരക്ഷണം ജീവനം സമിതി ഏറ്റെടുത്ത് നടത്തുന്നു.. പരിസ്ഥിതി സംരക്ഷണ പ്രവർത്തനവുമായി ബന്ധപ്പെട്ട് നിരന്തരം ജനങ്ങളുമായി സംവദിച്ചും ചർച്ചകൾ നടത്തിയും ദൈനം ദിന പ്രവർത്തനം നടത്തിയും ജീവനം ജൈവവൈവിധ്യ സമിതി ജില്ലയിൽ മാതൃകയാവുന്നു.

## അംഗീകാരങ്ങൾ

★ സംസ്ഥാനതലത്തിൽ ഏറ്റവും കൂടുതൽ പച്ചത്തുരുത്തുകൾ സ്ഥാപിക്കാൻ നേതൃത്വം നൽകിയതിനുള്ള മുഖ്യമന്ത്രിയുടെ പച്ചത്തുരുത്ത് പുരസ്കാരം കാസറഗോഡ് ജില്ലയ്ക്ക് ലഭിച്ചു. ജില്ലയിലെ 12 പച്ചത്തുരുത്തുകൾക്ക് സംസ്ഥാനതല അവാർഡ് ലഭിച്ചു.

★ തദ്ദേശസ്ഥാപനതലത്തിൽ മികച്ച പച്ചത്തുരുത്തുകളായി അജാനൂർ ഗ്രാമപഞ്ചായത്തിലെ പുലയനാർത്തോട് പച്ചത്തുരുത്ത് (ആനന്ദവനം) മൂന്നാംസ്ഥാനവും, തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിലെ തൃക്കരിപ്പൂർ നടക്കാവ് പച്ചത്തുരുത്ത് ഹരിതവീഥി  നാലാംസ്ഥാനവും നേടി.

★ വിദ്യാലയതലം വിഭാഗത്തിൽ പിലിക്കോട് ഗ്രാമപഞ്ചായത്തിലെ ജി.യു.പി.എസ് പാടിക്കിൽ രണ്ടാം സ്ഥാനവും കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്തിലെ ജി യു പി എസ് ചാമക്കുഴി കൂവാറ്റി മൂന്നാം സ്ഥാനവും നേടി.

★ ദേവഹരിതം വിഭാഗത്തിൽ പിലിക്കോട് ഗ്രാമപഞ്ചായത്തിലെ വീത്കുന്ന് പച്ചത്തുരുത്ത് ഒന്നാം സ്ഥാനം നേടി.

★ മുളന്തുരുത്ത് വിഭാഗത്തിൽ ചെമ്മനാട് ഗ്രാമപഞ്ചായത്തിലെ അണിഞ്ഞ കുന്നുപാറ മുളന്തുരുത്ത് മൂന്നാം സ്ഥാനം നേടി.

★ കണ്ടൽത്തുരുത്ത് വിഭാഗത്തിൽ വലിയപറമ്പ് ഗ്രാമപഞ്ചായത്തിലെ മാടക്കാൽ കണ്ടൽത്തുരുത്ത് ഒന്നാം സ്ഥാനവും കാസറഗോഡ് നഗരസഭയിലെ നഗരവനം പള്ളം കണ്ടൽതുരുത്ത് രണ്ടാം സ്ഥാനവും കുമ്പള ഗ്രാമപഞ്ചായത്തിലെ ഷിറിയപുഴ കണ്ടൽത്തുരുത്ത് മൂന്നാം സ്ഥാനവും നേടി.

★ കാവുകൾ വിഭാഗത്തിലെ ബേഡഡുക്ക ഗ്രാമപഞ്ചായത്തിലെ മോലോത്തുങ്കാൽ കാവ് പച്ചത്തുരുത്ത് ഒന്നാം സ്ഥാനവും ഉദുമ ഗ്രാമപഞ്ചായത്തിലെ കാലിച്ചാംകാവ്-കാപ്പുകയം രണ്ടാം സ്ഥാനവും കോടോംബേളൂർ ഗ്രാമപഞ്ചായത്തിലെ എണ്ണപ്പാറ കോളിക്കാൽ ഭഗവതി കാവ് മൂന്നാം സ്ഥാനവും നേടി.

★ സെപ്റ്റംബർ 16 ന് തിരുവനന്തപുരത്ത് വെച്ച് നടന്ന ചടങ്ങിൽ അവാർഡുകൾ ഏറ്റുവാങ്ങി.

**മുഖ്യമന്ത്രിയുടെ പച്ചത്തുരുത്ത് പുരസ്കാരത്തിന് ജില്ലയിൽ നിന്ന് സംസ്ഥാനതല മത്സരത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവ.**

| ക്രമ നം | ബ്ലോക്ക് | ത.സ്വ.ഭ സ്ഥാപനത്തിന്റെ പേര് | വിഭാഗം | സ്ഥാനം | പച്ചത്തുരുത്തിന്റെ പേര് |
|---|---|---|---|---|---|
| 1 | കാഞ്ഞങ്ങാട് ബ്ലോക്ക് | അജാനൂർ | തദ്ദേശ സ്വയം ഭരണ സ്ഥാപനം | 1 | പുലയനാർത്തോട് പച്ചതുരുത്ത് (ആനന്ദവനം) |
| 2 | നീലേശ്വരം ബ്ലോക്ക് | കയ്യൂർ ചീമേനി | തദ്ദേശ സ്വയം ഭരണ സ്ഥാപനം | 2 | ജില്ലാ ജൈവവൈവിധ്യപഠനകേന്ദ്രം നാലിലാംകണ്ടം |
| 3 | നീലേശ്വരം ബ്ലോക്ക് | തൃക്കരിപ്പൂർ | തദ്ദേശ സ്വയം ഭരണ സ്ഥാപനം | 3 | തൃക്കരിപ്പൂർ നടക്കാവ് പച്ചത്തുരുത്ത് - ഹരിതവീഥി |
| 4 | കാഞ്ഞങ്ങാട് ബ്ലോക്ക് | മടിക്കൈ | സ്കൂളുകൾ | 1 | ജി എൽ പി എസ് മലപ്പച്ചേരി |
| 5 | നീലേശ്വരം ബ്ലോക്ക് | പിലിക്കോട് | സ്കൂളുകൾ | 2 | ജി.യു.പി.എസ് പാടിക്കിൽ |
| 6 | പരപ്പ ബ്ലോക്ക് | കിനാനൂർ കരിന്തളം | സ്കൂളുകൾ | 3 | GUPS ചാമക്കുഴി കൂവാറ്റി |

| | | | | | |
|---|---|---|---|---|---|
| 7 | കാസറഗോഡ് നഗരസഭ | കാസറഗോഡ് നഗരസഭ | കലാലയങ്ങൾ | 1 | ഗവ കോളേജ് കാസറഗോഡ് പച്ചത്തുരുത്ത് |
| 8 | പരപ്പ ബ്ലോക്ക് | കോടോം ബേളൂർ | കലാലയങ്ങൾ | 2 | പി. എൻ പണിക്കർ സൌഗൃദ ആയുർവ്വേദ മെഡിക്കൽ കോളേജ്, പറക്കളായി പച്ചത്തുരുത്ത് |
| 9 | കാഞ്ഞങ്ങാട് നഗരസഭ | കാഞ്ഞങ്ങാട് നഗരസഭ | കലാലയങ്ങൾ | 3 | NAS കോളേജ് പച്ചത്തുരുത്ത് - ശാന്തിസ്ഥൽ |
| 10 | നീലേശ്വരം ബ്ലോക്ക് | പിലിക്കോട് | മറ്റു സ്ഥാപനം | 1 | ഹരിതവനം RARS |
| 11 | കാറഡുക്ക ബ്ലോക്ക് | ബേഡഡുക്ക | മറ്റു സ്ഥാപനം | 2 | ടാഷ്കോ തുരുത്ത് പെർളടുക്കം |
| 12 | കാസറഗോഡ് ബ്ലോക്ക് | ചെങ്കള | മറ്റു സ്ഥാപനം | 3 | എടനീർ ശ്രീ വനശാസ്താവ് കാവ് പച്ചത്തുരുത്ത് |
| 13 | നീലേശ്വരം ബ്ലോക്ക് | പിലിക്കോട് | ദേവഹരിതം | 1 | വീത്കുന്ന് പച്ചത്തുരുത്ത് |
| 14 | കാഞ്ഞങ്ങാട് ബ്ലോക്ക് | മടിക്കൈ | ദേവഹരിതം | 2 | മുണ്ടോട്ട് കാവ് |
| 15 | നീലേശ്വരം നഗരസഭ | നീലേശ്വരം നഗരസഭ | ദേവഹരിതം | 3 | പട്ടേന കാവ് |
| 16 | കാറഡുക്ക ബ്ലോക്ക് | ബേഡഡുക്ക ഗ്രാമപഞ്ചായത്ത് | കാവുകൾ | 1 | മോലോത്തുങ്കാൽ കാവ് പച്ചത്തുരുത്ത് |
| 17 | കാഞ്ഞങ്ങാട് ബ്ലോക്ക് | ഉദുമ ഗ്രാമപഞ്ചായത്ത് | കാവുകൾ | 2 | കാലിച്ചാംകാവ്-കാപ്പുകയം |
| 18 | പരപ്പ ബ്ലോക്ക് | കോടോംബേളൂർ | കാവുകൾ | 3 | എണ്ണപ്പാറ കോളിക്കാൽ ഭഗവതി കാവ് |
| 19 | കാസറഗോഡ് നഗരസഭ | കാസറഗോഡ് നഗരസഭ | കണ്ടൽ പച്ചത്തുരുത്ത് | 1 | നഗരവനം പള്ളം കണ്ടൽതുരുത്ത് |
| 20 | കാസറഗോഡ് ബ്ലോക്ക് | കുമ്പള | കണ്ടൽ പച്ചത്തുരുത്ത് | 2 | ഷിറിയപുഴ കണ്ടൽത്തുരുത്ത് |

| | | | | | |
|---|---|---|---|---|---|
| 21 | നീലേശ്വരം ബ്ലോക്ക് | വലിയപറമ്പ | കണ്ടൽ പച്ചത്തുരുത്ത് | 3 | മാടക്കാൽ കണ്ടൽ തുരുത്ത് |
| 22 | കാസറഗോഡ് ബ്ലോക്ക് | ചെമ്മനാട് | മുളത്തുരുത്തുകൾ | 1 | അണിഞ്ഞ കുന്നുപാറ മുളന്തുരുത്ത് |
| 23 | കാസറഗോഡ് നഗരസഭ | കാസറഗോഡ് നഗരസഭ | മുളത്തുരുത്തുകൾ | 2 | കാസറഗോഡ് ഗവ കോളേജ് മുളന്തുരുത്ത് |
| 24 | കാഞ്ഞങ്ങാട് ബ്ലോക്ക് | മടിക്കൈ | മുളത്തുരുത്തുകൾ | 3 | ജിഎൽപിഎസ് മലപ്പച്ചേരി |

**ഹരിതകേരളം ജില്ലാ മിഷന് ഈ കാലയളവിൽ താഴെ പറയുന്ന പുരസ്കാരങ്ങളും ലഭിക്കുകയുണ്ടായി.**

- ★ സംസ്ഥാന സർക്കാരിന്റെ ആയിരം ദിനാഘോഷം - മികച്ച പ്രദർശന സ്റ്റാൾ- ഒന്നാം സ്ഥാനം
- ★ 2025 ഏപ്രിൽ സംസ്ഥാന സർക്കാർ നാലാം വാർഷികം പ്രദർശന വിപണനമേളയിലെ പ്രത്യേക പുരസ്കാരം
- ★ ജില്ലാ ജലബജറ്റ് - കാസറഗോഡ് ജില്ലാ പഞ്ചായത്ത് പുരസ്കാരം







# സൃഷ്ടിക്കപ്പെട്ട മാതൃകകൾ

ഒന്നാം അധ്യായത്തിൽ കാസറഗോഡ് ജില്ലയിൽ മാലിന്യസംസ്കരണം, ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം എന്നീ മേഖലകളിൽ നിലനില്ക്കുന്ന പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. രണ്ടാം അധ്യായത്തിൽ അവയുടെ പരിഹാര നിർദ്ദേശങ്ങളും വിവരിച്ചിട്ടുണ്ട്. ജില്ലയിൽ കഴിഞ്ഞ 10 വർഷമായി നടന്ന പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളുടെയും ക്യാമ്പയിനുകളുടെയും വിവരങ്ങൾ മൂന്നാം അധ്യായത്തിൽ പ്രതിപാദിക്കുകയുണ്ടായി. ഇത്തരം പ്രവർത്തനങ്ങളുടെ ഭാഗമായി അനേകം മാതൃകകൾ രൂപപ്പെട്ടിട്ടുണ്ട്. ജില്ലയുടെ തനതു ജൈവ വൈവിദ്ധ്യ പ്രഖ്യാപനം, തനത് മാതൃകകളായ ഹരിത ജയിൽ, ബേഡകം റൈസ്, ബേഡകം തെങ്ങ്, മാലിന്യസംസ്കരണ രംഗത്തെ മാതൃകകളായ ബേഡകം മാതൃക, പിലിക്കോട് മാതൃക, വലിയപറമ്പ മാതൃക, കരിന്തളം മാതൃക, പച്ചത്തുരുത്ത് - മടിക്കൈ പച്ചപ്പെരുമ, മാടക്കാൽ കണ്ടൽ തുരുത്ത്, ആനന്ദവനം പച്ചത്തുരുത്ത്, നാലിലാങ്കണ്ടം ജൈവ വൈവിദ്ധ്യ പഠന കേന്ദ്രം,വീത്കുന്ന് സ്മൃതിവനം, ടാഷ്ക്കോ പച്ചത്തുരുത്ത്, ഹരിതവീഥി - നടക്കാവ്, കരിന്തളം കെ സി സി പി എൽ - വ്യവസായ സ്ഥാപനത്തിലെ കൃഷിയും പച്ചത്തുരുത്തും, മോലോത്തുങ്കാൽ കാവ് - പച്ചത്തുരുത്ത്, ഹരിത ഗ്രന്ഥശാല - അഭിമന്യു കലാസാംസ്കാരിക സമിതി & ഗ്രന്ഥാലയം കുതിരുംചാൽ, ഹരിതസ്ഥാപനം - RARS പിലിക്കോട്, ഹരിത വിദ്യാലയം - GUPS പാടിക്കീൽ, ഹരിത കലാലയം - നെഹ്റു ആർട്സ് & സയൻസ് കോളജ് പടന്നക്കാട്, ഹരിത ടൂറിസം - പൊലിയംതുരുത്ത് ഇക്കോ ടൂറിസ്റ്റ് കേന്ദ്രം, ഹരിത ടൗൺ - വെള്ളരിക്കുണ്ട്, മികച്ച കുളം - കാപ്പിലെ കുളം, കമനീയം കാഞ്ഞങ്ങാട് എന്നീ മികച്ച മാതൃകകളാണ് ഈ അധ്യായത്തിൽ വിവരിക്കുന്നത്.

## നാടിന് മാതൃകയായി ഹരിത ജയിൽ

ജയിൽ എന്നു കേൾക്കുമ്പോൾ എല്ലാവർക്കും ഓർമ്മ വരിക വൃത്തിഹീനമായ ചുറ്റുപാടും, വൃത്തിയില്ലാത്ത ടോയ്ലറ്റും, കൊതുകു കടിയുമൊക്കെയാണ്. ഈ ഒരു അവസ്ഥയിൽ നിന്ന് മാറ്റിയെടുക്കാൻ

### ജൈവവൈവിധ്യ പരിപാലനം തനത് സ്പീഷിസ് കണ്ടെത്തൽ സമഗ്ര ഇടപെടൽ -

## കാസറഗോഡ് ജില്ലാ ഔദ്യോഗിക പൂവ്, വൃക്ഷം, പക്ഷി, ജീവി പ്രഖ്യാപനം

കാസറഗോഡ് ജില്ലയിലെ ജൈവവൈവിധ്യ പരിപാലന സമിതിയുമായി സഹകരിച്ചുകൊണ്ട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ തനത് സ്പീഷിസുകൾ കണ്ടെത്തുന്നതിന് വിശദമായ പഠന പ്രവർത്തനങ്ങൾ നടന്നു. പെരിയ പോളിത്താളി (Malabar River Lily (Crinum malabaricum) ജില്ലാ പുഷ്പമായും കാഞ്ഞിരമരം (Nux Vomica (Strychnos nux-vomica) ജില്ലാ വൃക്ഷമായും വെള്ളവയറൻ കടൽപരുന്ത് (White Bellied Sea Eagle (Icthyophaga leucogaster) ജില്ലാ പക്ഷിയായും പാലപ്പുവൻ ആമ (Cantor's Giant Softshell Turtle (Pelochelys Cantorii) ജില്ലാ ജീവിയായും തെരഞ്ഞെടുത്ത് കാസറഗോഡ് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ പ്രഖ്യാപനം നടത്തി. അപൂർവ്വമായ ഇവയുടെ സംരക്ഷണമടക്കം ഉറപ്പാക്കുകയാണ് ഇതിന്റെ ലക്ഷ്യം. ജൈവവൈവിധ്യ പരിപാലന സമിതിയുടെ പൊലിയംതുരുത്ത് ഇക്കോ ടൂറിസം വില്ലേജിൽ സംഘടിപ്പിച്ച ജൈവവൈവിധ്യ പുരസ്കാര വിതരണ വേദിയിലാണ് ജില്ലാ സ്പീഷീസ് പ്രഖ്യാപനം നടത്തിയത്. ജില്ലയിൽ അടിയന്തിരമായി സംരക്ഷിക്കേണ്ട ഇനങ്ങളായതിനാലാണ് ഇവയെ ജില്ലാ സ്പീഷീസുകളായി പ്രഖ്യാപിച്ചത്. ജില്ലാ ജൈവവൈവിധ്യ പരിപാലന സമിതിയിലെ അംഗമാണ് ഹരിതകേരളം ജില്ലാ കോർഡിനേറ്റർ. ഇതിന്റെ പ്രാരംഭയോഗം മുതൽ പരിശോധന, വിലയിരുത്തൽ, റിപ്പോർട്ട് തയ്യാറാക്കൽ, പ്രഖ്യാപന സെമിനാർ എന്നിവയുടെ ഏകോപനത്തിലും, നിർവ്വഹണത്തിലും ജില്ലാ ഹരിതകേരളം മിഷൻ ടീമിന്റെ നേതൃത്വം ഉണ്ടായിരുന്നു. അതോടൊപ്പം പ്രഖ്യാപിച്ച സ്പീഷീസ് സംരക്ഷിക്കുന്നതിനുള്ള ബോധവല്ക്കരണത്തിലും തുടർപരിപാലന പ്രവർത്തനത്തിലും സഹായിച്ചിരുന്നു. 2025 വർഷം കാർഷിക ജൈവവൈവിധ്യ മേഖലയിലെ തനത് സ്പീഷീസായി തൈങ്ങിനത്തിൽ ബേഡകം തെങ്ങും, വളർത്തു പശു വിഭാഗത്തിൽ കാസറഗോഡ് കുള്ളനും പ്രഖ്യാപിച്ചിട്ടുണ്ട്.









കാസറഗോഡ് ഹോസ്ദുർഗ്ഗ് ജില്ലാ ജയിൽ അധികൃതർ മാതൃകാപരമായി ഇടപെട്ടു. ഹരിതകേരളം മിഷൻ വിഭാവനം ചെയ്യുന്ന ഹരിത ജയിൽ ആശയം ഇവിടെ പ്രാവർത്തികമാക്കി. ഹരിത ജയിൽ പ്രഖ്യാപനം നടത്തുകയും ചെയ്തു. ജില്ലാ ജയിലിലേക്ക് കയറിച്ചെല്ലുന്ന ഏതൊരാളെയും സ്വാഗതം ചെയ്യുന്നത് കുലച്ച് നിൽക്കുന്ന മുന്തിരി കുലകളും വിരിഞ്ഞ് നിൽക്കുന്ന ആമ്പലുകളുമാണ്. ജൈവ പച്ചക്കറി കൃഷി, പൂന്തോട്ടം, ബയോഗ്യാസ് പ്ലാന്റ്, മഴവെള്ള റീചാർജിങ് യൂണിറ്റ് തുടങ്ങി ഒട്ടനേകം കാഴ്ചകൾ ജയിലിലെ അന്തേവാസികളുടെയും ജയിലധികൃതരുടെയും കൂട്ടായ പ്രവർത്തന ഫലമാണ്. വഴുതിന, വെണ്ട, ചീര, തക്കാളി, ക്യാബേജ്, കോളിഫ്ളവർ തുടങ്ങി വിവിധങ്ങളായ പച്ചക്കറികളാണ് അവിടെ കൃഷി ചെയ്യുന്നത്. സ്ഥല പരിമിതിമൂലം സിമെന്റ് തറയിൽ ഗ്രോ ബാഗിലാണ് പച്ചക്കറികൾ നട്ടിട്ടുള്ളത്. അങ്ങനെ 2020 ലെ സംസ്ഥാന സ്കൂൾ കലോത്സവത്തിലേക്ക് ജൈവ പച്ചക്കറി നൽകാനും

ജയിലിനു കഴിഞ്ഞിട്ടുണ്ട്. ഇവയ്ക്കു പുറമെ മുന്തിരി, പാഷൻ ഫ്രൂട്ട്, മരച്ചീനി തുടങ്ങിയവയും കൃഷി ചെയ്യുന്നുണ്ട്.

ഊർജ്ജ പ്രതിസന്ധി ഏറെയുള്ള നമ്മുടെ നാടിനു മാതൃകയായി ബയോഗ്യാസ് പ്ലാന്റിലും നൂറ് ശതമാനം വിജയമാണ് ജയിലിനുള്ളിൽ നേടിയത്. ജയിലിനകത്തെ ജൈവ മാലിന്യങ്ങൾ പൂർണ്ണമായും ബയോഗ്യാസ് ആക്കി മാറ്റാൻ കഴിയുന്നുണ്ട്, അതിലൂടെ അവിടുത്തെ പാചക ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നു. കൂടാതെ ബയോഗ്യാസ് പ്ലാന്റിൽ നിന്നുള്ള സ്ലറി പച്ചക്കറി കൃഷിക്ക് പ്രയോജനപ്പെടുത്തുന്നു.

സോളാർ വൈദ്യുതി ഉല്പാദനം, ഫിലമെന്റ് രഹിത ബൾബുകൾ, എൽ ഇ ഡി ബൾബ് നിർമ്മാണം എന്നിവയിലൂടെ ഊർജ സംരക്ഷണ മേഖലയിൽ മാതൃകയായി.

കുടിവെള്ള ക്ഷാമത്തിന് പരിഹാരമായി മഴവെള്ള റീചാർജിങ് യൂണിറ്റും ജയിലിൽ നിർമ്മിച്ചിട്ടുണ്ട്. ടെറസ്സിലെ മഴവെള്ളം ഫിൽറ്റർ ചെയ്ത് കിണറിലേക്ക് എത്തിച്ച് കിണർ റീചാർജ് ചെയ്യുന്നു. സമീപത്തെ വീടുകൾക്ക് അടക്കം ഇതിലൂടെ പ്രയോജനം ലഭിക്കുന്നുണ്ട്. ജാമ്യം നേടിയും ശിക്ഷ കഴിഞ്ഞും ജയിലിനു പുറത്ത് പോകുന്ന അന്തേവാസികൾക്ക് 'മനം ഹരിതാഭം' പദ്ധതിയിലൂടെ ഫല വൃക്ഷ തൈകൾ നൽകുകയും ചെയ്യുന്നു.



സ്നേഹത്തതൂലിക- ഹരിതാക്ഷരം പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ പ്രളയ കാലത്ത് മേപ്പാടി പുത്തുമലയിലെ കുട്ടികൾക്ക് ജയിലിൽ നിർമ്മിച്ച 1000 പേപ്പർ പേനകൾ നൽകിയിരുന്നു. ജില്ലക്ക് പുറത്തും കാസറഗോഡ് ജില്ലാ ജയിലിന്റെ സ്നേഹവും കരുതലുമെത്തിയ പ്രവർത്തനമായിരുന്നു അത്. 2019 ലെ സംസ്ഥാന സ്കൂൾ കലോത്സവത്തിലും ജയിലിലെ പേപ്പർ പേനകൾ ശ്രദ്ധേയമായിരുന്നു. തുടർന്നും വിവിധ സന്നദ്ധസംഘടനകളുമായി സഹകരിച്ചുകൊണ്ട് ഹരിതകേരളമിഷന്റെ പിന്തുണയോടെ വിത്തു പേനകൾ നിർമ്മിച്ചു പ്രചരിപ്പിക്കുന്നു.

ഡിസ്പോസിബിൾ വസ്തുക്കൾ ഉപയോഗിക്കാത്ത ജയിലാണ് ജില്ലാ ജയിൽ. അവിടെ ഉണ്ടാകുന്ന മറ്റ് പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ തരംതിരിച്ച് മുനിസിപ്പാലിറ്റിക്ക് ഹരിതകർമ്മസേനവഴി കൈമാറുകയാണ് ചെയ്യുന്നത്.



മാസ്ക്, സാനിറ്റൈസർ, സോപ്പ് നിർമാണത്തിലും മുൻപന്തിയിലാണ് ജില്ലാ ജയിൽ. ശുചിത്വത്തിന്റെ കാര്യത്തിലും ഏറെ മുമ്പിലാണ്.. കൃത്യമായ ഡ്രൈനേജ് സംവിധാനത്തോട് കൂടിയ വാട്ടർ ട്രീറ്റമെന്റ്, വൃത്തിയുള്ള അടുക്കള, ടോയ്ലറ്റ്, ജയിൽ മുറികൾ തുടങ്ങി എല്ലാംകൊണ്ടും ജയിലും ചുറ്റുപാടും മറ്റുള്ളവർക്കൊരു മാതൃക കൂടിയാണ്. ഈ പ്രത്യേകതകളൊക്കെ കൊണ്ടാണ് ഹരിതകേരളം മിഷൻ കാസറഗോഡ് ജില്ലാ ജയിൽ ഹരിതജയിലായി പ്രഖ്യാപിച്ചത്.

### ബേഡകം മാതൃക

കാസറഗോഡ് ജില്ലയിലെ ഒരു മലയോര ഗ്രാമപഞ്ചായത്താണ് ബേഡഡുക്ക. കാർഷിക മേഖലയെ ആശ്രയിച്ചാണ് ഇവിടുത്തെ ജനങ്ങൾ ജീവിക്കുന്നത്. ജനങ്ങളെ കാർഷിക രംഗത്തേക്ക് കൂടുതൽ അടുപ്പിക്കുന്നതിനായി നിരവധി നൂതന ആശയങ്ങളിലൂടെ മാതൃകാപരമായ ഇടപെടൽ നടത്തിയ പഞ്ചായത്താണിത്.

### ബേഡകം റൈസ്

ഹരിതകേരളം മിഷൻ മുന്നോട്ടു വച്ച തരിശ് രഹിത പഞ്ചായത്ത് എന്ന ആശയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കർഷകർ കൃഷിയെടുക്കാതെ ഒഴിച്ചിടുന്ന വയലുകൾ പഞ്ചായത്ത് നേരിട്ട് ഏറ്റെടുത്ത് അവിടെ കൃഷിയിറക്കുകയും വിളവ് കിട്ടിയ നെല്ല് കുത്തി അരിയാക്കി ബേഡകം റൈസ് എന്ന പഞ്ചായത്തിന്റെ പ്രത്യേക ബ്രാന്റിൽ വിപണിയിൽ എത്തിക്കുകയും ചെയ്യുന്ന പ്രവർത്തനം ഇന്നും തുടർന്നു വരുന്നു. കൂടാതെ യുവാക്കളെയും മറ്റും കൃഷിയിലേക്ക് ആകർഷിക്കുന്നതിനായി ടീം ബേഡകം, കാർഷിക കർമ്മസേന എന്നിവ രൂപീകരിച്ച് കർഷകരെ സഹായിക്കുന്നതിനായി ഇടപെടുന്നു.

### ബേഡകം തെങ്ങ്

പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും തെങ്ങ് കൃഷിയെ ആശ്രയിച്ചാണ് ജീവിക്കുന്നത് കുന്നിൻ മുകളിലായാലും, താഴ്ന്ന പ്രദേശത്തായാലും, പാറപ്രദേശത്തായാലും വീട്ടുമുറ്റത്ത് ഒരു തെങ്ങ് പണ്ട് മുതലേ നിർബന്ധമാണ്. വേനൽക്കാലത്ത് വെള്ളം നനയ്ക്കാതെയും ഈ തെങ്ങുകൾ നല്ല കായ്ഫലം തരുന്നു. ഈ തെങ്ങുകളുടെ ഉൽപ്പാദനത്തിനും സംരക്ഷണത്തിനുമായി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ മാതൃകാപരമായ വേറിട്ട പദ്ധതിയാണ് ബേഡകം തെങ്ങ്. മാതൃവൃക്ഷത്തിൽ നിന്നും വിത്ത് തേങ്ങകൾ സംഭരിച്ച് കാർഷിക കർമ്മസേനയുടെ നേതൃത്വത്തിൽ പ്രത്യേകം നഴ്സറി തയ്യാറാക്കി തൈകൾ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് എത്തിക്കുന്നു. പഞ്ചായത്തിൽ മാത്രമല്ല കേരളത്തിലെ മറ്റു ജില്ലകളിൽ നിന്നും ആവശ്യക്കാർ ബേഡകം തെങ്ങിനായി എത്തുന്നു. CPCRI യിലെ വിദഗ്ധരുടെ

നേതൃത്വത്തിൽ തെങ്ങുമായി ബന്ധപ്പെട്ട ശാസ്ത്രീയപഠനം നടത്തുകയും, ഈ തെങ്ങിന് സവിശേഷതകൾ ഏറെയുണ്ടെന്ന് മനസ്സിലാക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലാ ജൈവവൈവിധ്യ പരിപാലനസമിതി ബേഡകം തെങ്ങിനെ കാസറഗോഡ് ജില്ലയുടെ തനത് തെങ്ങായി പ്രഖ്യാപിച്ചു.

### ടീം ബേഡകം

ബേഡഡുക്ക ഗ്രാമപഞ്ചായത്ത് കുടുംബശ്രീ CDS നു കീഴിൽ പ്രവർത്തിക്കുന്ന ടീം ബേഡകം അഗ്രോ ഫാർമേഴ്സ് പ്രൊഡ്യൂസിംഗ് കമ്പനി മാതൃകയായ സംവിധാനമാണ്. ഹരിതകേരളം മിഷൻ ലക്ഷ്യമിടുന്ന കാർഷിക രംഗത്തെ മുന്നേറ്റത്തിന് പഞ്ചായത്തിൽ സഹായകരമായി പ്രവർത്തിക്കുകയാണ് ടീം ബേഡകം. കാർഷികരംഗത്തെ നാനാവിധ സാധ്യതകൾ മുൻ നിർത്തി കാർഷിക അടിസ്ഥാന വികസന പദ്ധതികൾ നടപ്പിലാക്കി ഉൽപ്പാദന വിപണന രംഗത്ത് വിവിധ സംരംഭങ്ങൾ ആരംഭിക്കുക എന്നതാണ് ടീം ബേഡകം ലക്ഷ്യമിടുന്നത്. ഹൈടെക് ഫാമുകൾ, ഫാം ടൂറിസം, മാതൃകാ കൃഷി തോട്ടം, കാർഷിക വിളകളിൽ നിന്ന് മൂല്യവർധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയവ പ്രവർത്തിച്ചു വരുന്നു. 4000 സ്ത്രീകൾ മാത്രം ഓഹരി ഉടമകളായിട്ടുള്ള ഈ കമ്പനി വാർഡു തലങ്ങളിൽ ക്ലസ്റ്ററുകളായി പ്രവർത്തിക്കുന്നു. സംസ്ഥാനത്തിനകത്തു നിന്നും പുറത്തു നിന്നും വിവിധ ടീമുകൾ പഠനത്തിനായി ഇവിടെ എത്തുന്നുണ്ട്.

### മാലിന്യ പരിപാലനം

മാലിന്യ പരിപാലനരംഗത്ത് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ സംസ്ഥാന തലത്തിൽ തന്നെ മാതൃകാപരമായ പ്രവർത്തനമാണ് ബേഡഡുക്ക ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയത്. 104 മിനി എം.സി.എഫ്, കുണ്ടംകുഴി നെല്ലിയടുക്കത്ത് 2.5ഏക്കർ സ്ഥലത്ത് എല്ലാവിധ സൗകര്യങ്ങളോടു കൂടിയ എം.സി.എഫ്, ആർ ആർ എഫ് എന്നിവ പ്രവർത്തിക്കുന്നു. സോർട്ടിംഗ് ടേബിൾ, ബിന്നുകൾ, കൺവെയർ ബെൽറ്റ്, 2 ബെയിലിംഗ് മെഷീൻ, ഷ്രഡ്ഡിംഗ് മെഷീൻ തുടങ്ങിയ സംവിധാനങ്ങളെല്ലാം ആർ ആർ എഫിൽ ഒരുക്കുന്നതിന് സാധിച്ചു. കൂടാതെ മുഴുവൻ സ്കൂളുകളിലും കലക്ടേർസ് അറ്റ് സ്കൂൾ, വേസ്റ്റ് ബിൻ, എന്നിവയും പൊതു ഇടങ്ങളിലെ മാലിന്യ ശേഖരണത്തിന് ടൗണുകളിലും പൊതു ഇടങ്ങളിലും 64 ബോട്ടിൽ ബൂത്തുകൾ, ജൈവ അജൈവ മാലിന്യങ്ങൾ തരം തിരിച്ചിടുന്നതിനുള്ള വേസ്റ്റ് ബിന്നുകൾ എന്നിങ്ങനെ സ്ഥാപിച്ചു. ഒരു മാലിന്യ സംസ്കരണ വ്യവസായ എസ്റ്റേറ്റ് ആയി തന്നെ ഇവിടെ മാറ്റിയിരിക്കുകയാണ്. ജില്ലയിലെ പ്രധാന ലേണിംഗ് സെന്ററായി ഇവിടം പ്രവർത്തിക്കുന്നു.

ജൈവമാലിന്യ സംസ്കരണത്തിനായി ഘടക സ്ഥാപനങ്ങൾക്കും, വീടുകൾക്കും ബയോബിൻ, ജീബിൻ, കമ്പോസ്റ്റ് കുഴി, റിംഗ് കമ്പോസ്റ്റ്, പൈപ്പ് കമ്പോസ്റ്റ്, സോക് പിറ്റ് എന്നിവ വിവിധ പദ്ധതികളിലൂടെ നടപ്പിലാക്കി. പൊതു ജൈവ മാലിന്യ സംസ്കരണം ലക്ഷ്യം വച്ച് നെല്ലിയടുക്കം എം.സി.എഫിനടുത്ത് 6 ബിന്നുകൾ ഉള്ള തുമ്പൂർമുഴി യൂണിറ്റ് സ്ഥാപിച്ച് ജൈവ വളം നിർമ്മാണം ആരംഭിച്ചു. ഇവിടെ ഉണ്ടാവുന്ന ജൈവ വളം ബേഡകം ജൈവ വളം എന്ന ബ്രാന്റിൽ ആവശ്യക്കാർക്ക് വിതരണം ചെയ്യുന്നുണ്ട്.

### ടേക്ക് എ ബ്രേക്ക്

പഞ്ചായത്തിലെ പ്രധാന പാതയായ തെക്കിൽ ആലറ്റി റോഡരികിലായി പെർളടുക്ക, മുന്നാട് എന്നീ സ്ഥലങ്ങളിൽ എല്ലാവിധ സൗകര്യങ്ങളോട് കൂടിയ 2 ടേക്ക് എ ബ്രേക്കുകൾ നന്നായി പ്രവർത്തിക്കുന്നു.

### മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി നിരവധി മാതൃകാ പ്രവർത്തനങ്ങൾ ജനകീയമായി പഞ്ചായത്തിനകത്ത് സംഘടിപ്പിച്ചു. ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിന് പദയാത്രകൾ, പ്ലാസ്റ്റിക് ഹർത്താൽ, തെരുവുനാടകങ്ങൾ, ഫ്ലാഷ് മൊബുകൾ തുടങ്ങിയവ സംഘടിപ്പിച്ചു.

കൂടാതെ മാലിന്യമുക്തം ക്യാമ്പയിനിന്റെ ഭാഗമായി ഹരിത കേരള മിഷൻ നേതൃത്വത്തിൽ പഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളും വിലയിരുത്തൽ നടത്തിയതിന്റെ അടിസ്ഥാനത്തിൽ 32 ഹരിത സ്ഥാപനങ്ങളും 38 ഹരിതഅംഗൻവാടികളും 13 ഹരിതവിദ്യാലയങ്ങളും ഒരു ഹരിതകലാലയവും 2 ഹരിതടൂറിസ്റ്റ് കേന്ദ്രങ്ങളുടെയും 19 ഹരിതവായനശാലകളുടെയും ഹരിതപ്രഖ്യാപനം നടത്തുകയും ഹരിതസ്ഥാപന സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്തു. കൂടാതെ ഹരിതചട്ടം പാലിച്ചു കൊണ്ടുള്ള ചടങ്ങുകളും, പൊതുപരിപാടികളും, ഹരിത ചട്ടം പാലിക്കുന്ന കുടുംബങ്ങൾക്ക് പ്രത്യേക അനുമോദന പത്രം നൽകലും തുടങ്ങിയവ മാതൃകാപരമായി നടപ്പിലാക്കുന്നു. കൂടാതെ ബദൽ ഉൽപ്പന്ന നിർമ്മാണ സംരംഭങ്ങൾ, തുണിസഞ്ചി, പാള പ്ലേറ്റ്, മീൻ സഞ്ചി, പേപ്പർ ബാഗ് തുടങ്ങിയവയുടെ നിർമ്മാണ യൂണിറ്റുകളും, സ്റ്റീൽ പ്ലേറ്റ് വാടകയ്ക്ക് നൽകൽ, ഇല വാഴ കൃഷി സംരംഭവും വളരെ മാതൃകാപരമായി മുന്നോട്ടു കൊണ്ടുപോകുന്നു.

## ബേഡക പാത -ഹരിതവീഥി

ബേഡഡുക്ക ഗ്രാമപഞ്ചായത്തിന്റെ മധ്യഭാഗത്തുകൂടി കർണാടക സുള്ള്യ വരെ കടന്നുപോകുന്ന പ്രധാന പാതയാണ് തെക്കിൽ - ആലറ്റി റോഡ്. ഈ പാതയുടെ ഇരുവശവും പൂചെടികളും മരങ്ങളും വെച്ച് മനോഹരമാക്കുന്നതിന് നടത്തുന്ന ക്യാമ്പയിൻ പ്രവർത്തനമാണ് ബേഡക പാത. റോഡിന്റെ





ഇരുവശത്തുമുള്ള വ്യാപാരികൾ, സന്നദ്ധ സംഘടനകൾ, വ്യക്തികൾ, മോട്ടോർ തൊഴിലാളികൾ എന്നിവരുടെ സഹകരണത്തോടെ പാതയോരം ചെടികൾ നട്ടും പൂന്തോട്ടമുണ്ടാക്കിയും മനോഹരമാക്കുന്നു. ഇതുമൂലം പാതയോരത്ത് മാലിന്യം വലിച്ചെറിയുന്നത് ഒഴിവാക്കാൻ പഞ്ചായത്തിന് സാധിച്ചു. ഈ പാതയരികിലാണ് കാർബൺ നെഗറ്റീവ് സ്റ്റാറ്റസ് നേടിയ ടാഷ്കോ ക്രഷ് യൂണിറ്റ് ഓഫീസ്.

## ജല സംരക്ഷണ മാതൃക

പഞ്ചായത്തിൽ ചെങ്കൽ പാറ പ്രദേശങ്ങളിൽ പ്രകൃത്യാൽ രൂപപ്പെട്ട നിരവധി പള്ളങ്ങൾ നിലവിലുണ്ട്. ഇവ മാലിന്യങ്ങൾ വന്ന് നിറഞ്ഞും വെള്ളം മലിനമായും, നാമാവശേഷമായി കിടന്നിരുന്നു. ഹരിതകേരളം മിഷൻ വിഭാവനം ചെയ്ത തെളിനീരൊഴുകും നവകേരളം ക്യാമ്പയിന്റെ ഭാഗമായി ഈ തണ്ണീർതടങ്ങൾ സംരക്ഷിക്കാൻ പഞ്ചായത്ത് തീരുമാനിക്കുകയും, എൻ ആർ ഇ ജി, പഞ്ചായത്ത് പദ്ധതി എന്നിവയിലൂടെ പ്രധാനപ്പെട്ട 5 പള്ളങ്ങൾക്ക് ചുറ്റുമതിൽ നിർമ്മിച്ച് അവയെ സംരക്ഷിക്കുകയും, ചുറ്റും ചെടികൾ വച്ചുപിടിപ്പിക്കുകയും ചെയ്തു. കൂടാതെ മാലിന്യം നിറഞ്ഞ് ഉപയോഗ ശൂന്യമായി കിടന്നിരുന്ന

ബേഡകത്തെ പൊതുകുളം ബ്ലോക്ക് പഞ്ചായത്ത് പദ്ധതി പ്രകാരം ശുചീകരിച്ച് നീന്തൽ പരിശീലന കുളമായി മാറ്റിയെടുത്തു. ഇത് മാതൃകാപരമായ ഇടപെടലുകളാണ്.

## പിലിക്കോട് മാതൃക

1994 ൽ തന്നെ ദേശീയതലത്തിൽ ശുചിത്വ പരിപാലനത്തിന് നിർമ്മൽ പുരസ്കാരം നേടിയ ഗ്രാമപഞ്ചായത്താണ് പിലിക്കോട്. മാലിന്യസംസ്കരണ രംഗത്തും, നെറ്റ് സീറോ കാർബൺ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളിലും തനത് മാതൃകയുമായാണ് ഈ ഗ്രാമപഞ്ചായത്ത് മുമ്പോട്ട് നീങ്ങുന്നത്. ജൈവ - അജൈവ മാലിന്യ സംസ്കരണങ്ങള്ക്കായി വിവിധ പരിപാടികള് ആസൂത്രണം ചെയ്തുവരുന്നുണ്ട്. ആധുനിക സൗകര്യങ്ങളോടു കൂടിയ ഒരു എം സി എഫ് ആനിക്കാടിയിൽ കഴിഞ്ഞ 5 വർഷമായി പ്രവര്ത്തിക്കുന്നുണ്ട്. ബെയിലിംഗ് മെഷീൻ, വെയിംഗ് മെഷീൻ, ട്രോളി, റസ്റ്റ് റൂം, ടോയ്ലറ്റ്, കുടിവെള്ളം, അഗ്നി സുരക്ഷാ സംവിധാനങ്ങൾ, ഇലക്ട്രിക് ഓട്ടോറിക്ഷ തുടങ്ങിയ സൗകര്യങ്ങളാണ് എം സി എഫിൽ ഒരുക്കിയിട്ടുള്ളത്. എല്ലാ വാർഡുകളിലും മിനി എം സി എഫുകൾ ഉണ്ട്. ആകെ മിനി എം സി എഫുകളുടെ എണ്ണം 49 ആണ്. ഒറ്റത്തവണ പ്ലാസ്റ്റിക്കിന് പകരമായുള്ള ബദൽഉൽപ്പന്നങ്ങൾക്ക് നിരവധി സംരഭങ്ങൾ ഇവിടെ ആരംഭിച്ചിട്ടുണ്ട്. ഹരിതകർമ്മസേന സംരംഭമായി തനിമ കാറ്ററിംഗ് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. അജൈവ മാലിന്യ ശേഖരണ പരിപാടി ഫലപ്രദമായി നടന്നുവരുന്നു. 16 വാർഡുകളിലായി 32 ഹരിതകര്മ്മ സേനാംഗങ്ങൾ എല്ലാ മാസവും വീടുകള് സന്ദര്ശിച്ച് പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ശേഖരിച്ചുവരുന്നു. ആകെയുള്ള 16 വാർഡുകളിൽ 8 എണ്ണത്തിൽ 100 % യൂസർഫീശേഖരണം സ്ഥായിയായി നിലനിർത്താൻ കഴിയുന്നുണ്ട്. സമ്പൂർണ്ണ യൂസർ ഫീ ശേഖരണം 2 മാസങ്ങളില് സാധിച്ചുവെങ്കിലും അതിന് സ്ഥായിയായ സ്വഭാവം നിലനിർത്തേണ്ടതുണ്ട്. വിവിധ കാലയളവിലെ പദ്ധതികളിലൂടെ താഴെ പറയുന്ന മാലിന്യ സംസ്കരണ സൌകര്യങ്ങള് ഒരുക്കുവാൻ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.






- ★ ജൈവ മാലിന്യ ഉപാധികളായി പൈപ്പ് കമ്പോസ്റ്റ്, ബയോബിൻ, റിംഗ് കമ്പോസ്റ്റ് സംവിധാനങ്ങൾ 3962 വീടുകളിൽ പഞ്ചായത്ത് നൽകിയിട്ടുണ്ട്. 1000 വീടുകളിൽ സ്വന്തമായി കമ്പോസ്റ്റ് സംവിധാനമൊരുക്കിയിട്ടുണ്ട്.
- ★ ദ്രവമാലിന്യ സംസ്കരണ സംവിധാനമായി സോക്ക്പിറ്റ് 1000 വീടുകളിൽ തൊഴിലുറപ്പിലൂടെ നിർമ്മിച്ചു.
- ★ എല്ലാ ഘടകസ്ഥാപനങ്ങളിലും സോക്ക് പിറ്റും ജൈവ മാലിന്യ സംസ്കരണ ഉപാധിയായി റിംഗ് കമ്പോസ്റ്റും നൽകിയിട്ടുണ്ട്.
- ★ MRS വെള്ളച്ചാലിൽ ഗോവർധൻ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്.
- ★ 5 വിദ്യാലയങ്ങളിൽ തുമ്പൂർമുഴി കമ്പോസ്റ്റ് സംവിധാനം ഒരുക്കിയിട്ടുണ്ട്.
- ★ 2024 ജനുവരി 26 ന് വലിച്ചെറിയല് മുക്ത പഞ്ചായത്തായി പ്രഖ്യാപനം നടത്തി. ഇതിന്റെ ഭാഗമായി താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.
- ★ 27 അങ്കണവാടികൾ, 13 വിദ്യാലയങ്ങൾ, 37 സ്ഥാപനങ്ങൾ ഉൾപ്പെടെ ആകെ 77 സ്ഥാപനങ്ങളെ ഹരിത സ്ഥാപനങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്.
- ★ 320 കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, 16 എ ഡി എസ്, സി ഡി എസ് ഹരിതപ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്.
- ★ പഞ്ചായത്തിലെ 4 ടൗണുകൾ - വെള്ളച്ചാൽ, ഓലാട്ട്, കരപ്പാത്ത്, മാണിയാട്ട് മാലിന്യമുക്തമാക്കി സൗന്ദര്യവല്ക്കരിച്ചു.

## തൃക്കരിപ്പൂർ - ഹരിതകർമ്മസേന സംരംഭം - തൃക്കരിപ്പൂർ മാതൃക

കാസറഗോഡ് ജില്ലയിൽ ഏറ്റവും കൂടുതൽ സംരംഭങ്ങൾ ആരംഭിച്ച് വിജയകരമായി നടത്തിക്കൊണ്ടുപോകുന്ന തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. താഴെ പറയുന്ന 5 സംരംഭങ്ങളാണ് വിവിധ കാലയളവിലായി ആരംഭിച്ചിട്ടുള്ളത്.

### തേജസ്സ് വെസ്സെൽസ് റെന്റൽ യൂണിറ്റ് :

ഹരിതനിയമങ്ങൾ പാലിച്ചു കൊണ്ട് തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിലെ ആഘോഷങ്ങളും ചടങ്ങുകളും വിവാഹങ്ങളും മറ്റും നടത്തുന്നതിന് സഹായിക്കുന്നതിനുവേണ്ടി ആരംഭിച്ചതാണ് ഈ സംരംഭം. സ്റ്റീൽ പ്ലേറ്റും സ്റ്റീൽ ഗ്ലാസ്സും 3000 എണ്ണം വീതം വാങ്ങി ആവശ്യക്കാർക്ക് വാടകക്ക് നൽകുന്നതാണ് സംരംഭം. ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ പാത്രം കഴുകുന്നതിനും ഹരിതകർമ്മസേനയുടെ സേവനം ലഭ്യമാണ്.

### ഉഷസ്സ് വെസ്സൽസ് റെന്റൽ യൂണിറ്റ് :

തേജസ് വെസൽസ് റെന്റൽ യൂണിറ്റിന് സമാനമായി ആരംഭിച്ച മറ്റൊരു സംരംഭമാണ് ഇത്. ഈ സംരംഭത്തിൽ ഫൈബർ പ്ലേറ്റും സ്റ്റീൽ ഗ്ലാസ്സുമാണ് വാടകക്ക് നൽകുന്നത്.

### ഹരിതം ഇനോക്കുലം യൂണിറ്റ് :

തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിലെ 5000 ത്തിലധികം വീടുകളിൽ റിംഗ് കമ്പോസ്റ്റ് പഞ്ചായത്ത് പ്രോജക്ടിന്റെ ഭാഗമായി നൽകിയിട്ടുണ്ട്. റിംഗ് കമ്പോസ്റ്റിൽ ഉപയോഗിക്കാൻ കമ്പോസ്റ്റ് മീഡിയമായ ഇനോക്കുലം ആവശ്യമായി വന്ന സാഹചര്യത്തിലാണ് ഹരിത കർമ്മസേന ഈ സംരംഭം ആരംഭിച്ചത്. ഒരു മാസം 500 ഓളം ഇനോക്കുലം ബോട്ടിലുകൾ വില്പന നടത്തുന്നുണ്ട്. ഇനോക്കുലം കൃത്യമായി വിതരണം ചെയ്യുന്നതിനാൽ ഭൂരിഭാഗം വീടുകളിലും ജൈവ മാലിന്യ സംസ്കരണം കൃത്യമായും ശാസ്ത്രീയമായും നടക്കുന്നുണ്ട്.

### ഹരിത ഫ്ളവേർസ് :

കുടുംബശ്രീ യൂണിറ്റുകൾ തൃക്കരിപ്പൂർ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പൂക്കൃഷി ആരംഭിച്ചിട്ടുണ്ട്. ഇതിന് ഒരു മാർക്കറ്റെന്ന നിലയിലാണ് ഹരിത ഫ്ളവേഴ്സ് എന്ന സംരംഭം ആരംഭിച്ചത്.



## ഗ്രീൻ ഫ്ലർ സാനിറ്റേഷൻ സൊല്യൂഷൻ :

ഹരിതകർമ്മസേനയുടെ നേതൃത്വത്തിൽ റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മിച്ചു നൽകുന്ന സംരംഭമാണ് ഗ്രീൻ ഫ്ലർ സാനിറ്റേഷൻ സൊല്യൂഷൻ. ജില്ലയിൽ ആദ്യമായാണ് ഇത്തരമൊരു സംരംഭം ആരംഭിക്കുന്നത്. 2025-26 വർഷത്തെ തൃക്കരിപ്പൂർ പഞ്ചായത്ത് പ്രോജക്ടിൽ ഉൾപ്പെട്ട 600 റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മിച്ചു കൊണ്ടാണ് സംരംഭത്തിന് തുടക്കം കുറിച്ചത്.

## കിനാനൂർ കരിന്തളം- കരിന്തളം മോഡൽ-മാതൃകാ എം.സി.എഫ്

കാസറഗോഡ് ജില്ലയിലെ മികച്ച എം.സി.എഫുകളിൽ ഒന്നാണ് കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്തിലെ എം.സി.എഫ്. ഹരിത കേരളം മിഷന്റെ ആരംഭത്തിൽ തന്നെ മിനി എം.സി.എഫുകളും എം സി എഫും അനുബന്ധിച്ച് ആർ ആർ എഫും സ്ഥാപിച്ച് ചിട്ടയായി മാലിന്യ സംസ്കരണം ആരംഭിച്ച ഗ്രാമപഞ്ചായത്ത് ആണ് കിനാനൂർ കരിന്തളം. പഞ്ചായത്തിൽ 34 ഹരിത കർമ്മസേനാംഗങ്ങളാണ് ഉള്ളത്. ഹരിത കർമ്മസേന കൺസോർഷ്യത്തിന്റെ നേതൃത്വത്തിൽ 5 സംരംഭക ഗ്രൂപ്പുകൾ മാതൃകാപരമായി പ്രവർത്തിക്കുന്നുണ്ട്. മികച്ച കൺസോർഷ്യത്തിനുള്ള ജില്ലാതല പുരസ്കാരം തുടർച്ചയായി നിലനിർത്തുന്നു.

പ്രവർത്തന കാലയളവിൽ 8500 വീടുകളിലും പാഴ് വസ്തുക്കൾ ശേഖരിച്ചുവയ്ക്കാൻ രണ്ടു വീതം തുണി ചാക്കുകൾ നൽകുകയും ഗൃഹസന്ദർശന വേളയിൽ തരംതിരിച്ച് പാഴ് വസ്തുക്കൾ തങ്ങളുടെ കൈകളിലുള്ള ചാക്കുകളിലേക്ക് മാറ്റി പ്രസ്തുത ചാക്കുകൾ ഏറ്റവും അടുത്ത മിനി എം.സി.എഫിൽ സൂക്ഷിക്കുകയും ചെയ്യുന്നു. മാസാവസാനം കൺസോർഷ്യത്തിന്റെ ഇലക്ട്രിക് ഓട്ടോയും പഞ്ചായത്തിന്റെ വണ്ടിയും ഉപയോഗപ്പെടുത്തി ഇവ എം.സി.എഫിലേക്ക് എത്തിക്കുന്നു. കൺവെയർ ബെൽറ്റ് ഉപയോഗിച്ച് രണ്ടാംഘട്ട തരംതിരിവിന് വിധേയമാക്കി പൊടിക്കേണ്ട എംഎൽപി പ്ലാസ്റ്റിക്കുകൾ ഷ്രെഡിംഗ് മെഷീൻ പരിസരത്തേക്കും മറ്റുള്ളവ ഓരോന്നും ഇനം തിരിച്ച് ആർ ആർ എഫിൽ സജ്ജീകരിച്ച ബെയിലിംഗ് മിഷൻ ഉപയോഗിച്ച് ബെയിൽ ചെയ്ത് ക്ലീൻ കേരള കമ്പനിക്ക് കൃത്യമായി കൈമാറുന്നു. പൊടിച്ച പ്ലാസ്റ്റിക്കുകൾ ടാറിങ്ങിനായി നൽകുന്നു. 32236 കിലോ ആണ് ഇതിനോടകം പൊടിച്ച് വിൽപ്പന നടത്തിയത്.





കിനാനൂർ കരിന്തളം - MCF, PAGE 51B RRF,MCF.പരിസരത്ത് പൂ ചെടികൾ ,ഫല വൃക്ഷ തൈകൾ നടുന്നു.

ക്ലീൻ കേരള കമ്പനിക്ക് 295657 കിലോ വേർതിരിച്ച പ്ലാസ്റ്റിക്കും 41102 കിലോ ഗ്ലാസ്സ് വേയ്സ്റ്റും 13585 കിലോ തുണിവേയ്സ്റ്റും നൽകി. റിജക്ട് വേയ്സ്റ്റായി 360285 കിലോ ക്ലീൻ കേരള കമ്പനി വഴി നീക്കം ചെയ്തു.

2021 മുതൽ 2025 വരെ കൺസോർഷ്യത്തിന്റെ നേതൃത്വത്തിൽ ശേഖരിച്ച യൂസർ ഫീസ് 14789555 രൂപയാണ്. പാഴ് വസ്തുക്കൾ വിറ്റ വകയിൽ ക്ലീൻ കേരള കമ്പനി 3508715 രൂപ നൽകി. ഗ്രീൻ പ്രോട്ടോക്കോൾ യൂണിറ്റ് സംരഭ പ്രവർത്തനത്തിലൂടെ 313210 രൂപ നേടാൻ സാധിച്ചു. ആരംഭ വർഷത്തിൽ കേവലം 4616 രൂപയായിരുന്നു ഹരിതകർമ്മസേനാംഗത്തിന്റെ വരുമാനം കിട്ടിയിരുന്നത്. ഇപ്പോൾ 14271 രൂപയായി ക്രമത്തിൽ ഉയർന്നു. 100 ശതമാനം വാതിൽപ്പടി സേവനം തുടക്കം മുതൽ എല്ലാ മാസവും നടത്തിയ കൺസോർഷ്യമാണിത്.

### വലിയപറമ്പ മോഡൽ -ദ്രവ മാലിന്യ സംസ്ക്കരണം - വലിയപറമ്പ മാതൃക

കാസറഗോഡ് ജില്ലയിൽ നീലേശ്വരം ബ്ലോക്കിൽ സ്ഥിതിചെയ്യുന്ന ഒരു തീരദേശ ഗ്രാമപഞ്ചായത്താണ് വലിയപറമ്പ. രാജ്യത്തിന് മാതൃകയായി ദ്രവമാലിന്യ സംസ്കരണ പ്രവർത്തനം തൊഴിലുറപ്പ് പദ്ധതിയിലൂടെ നടത്തിയ പഞ്ചായത്താണ്.

കേരള സംസ്ഥാനമാകെ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ 2017 മുതൽ മാലിന്യമുക്തമാക്കാനുള്ള സമഗ്രവും സജീവവുമായ ക്യാമ്പയിൻ നടന്നു വരുന്നതിന്റെ ഭാഗമായാണ് പഞ്ചായത്തിലെ എല്ലാ വീടുകളിലും ഘടക സ്ഥാപനങ്ങളിലും സോക്ക്പിറ്റ് നിർമ്മിക്കാനുള്ള പ്രോജക്ട് പഞ്ചായത്ത് ഏറ്റെടുത്തത്. ഈ പ്രോജക്ട് നടപ്പിലാക്കിയതിന്റെ ഫലമായി പഞ്ചായത്തിലെ മുഴുവൻ വീടുകളിലും സോക്ക് പിറ്റ് സംവിധാനം ഒരുക്കുവാൻ സാധിച്ചു. 3197 വീടുകളുള്ള പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെയാണ് 1727 വീടുകളിൽ സോക്ക് പിറ്റ് ഉണ്ടാക്കിയത്. മറ്റു വീടുകളിൽ സ്വയമേവ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് പ്രോജക്ട് വഴി എല്ലാ ഘടകസ്ഥാപനങ്ങളിലും സോക്ക്പിറ്റ് നിർമ്മിച്ചിട്ടുണ്ട്. അങ്ങനെ എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ദ്രവ മാലിന്യ സംസ്കരണ ഉപാധിയായ സോക്ക്പിറ്റുള്ള ഒരു പഞ്ചായത്തായി വലിയപറമ്പ മാതൃകയായി.

പഞ്ചായത്തിലെ മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലും സെപ്റ്റിക് ടാങ്ക് സ്ഥാപിക്കുന്നതിനുള്ള ഒരു പ്രോജക്ട് “നിത്യമുക്തി” എന്ന പേരിൽ ആരംഭിച്ചിട്ടുണ്ട്. ശുചിത്വ കേരളം ഫണ്ട്, ജില്ലാ/ബ്ലോക്ക്

പഞ്ചായത്ത് ഫണ്ട് എന്നിവ ഉപയോഗപ്പെടുത്തിയാണ് ഈ പ്രോജക്ട് നടത്തുന്നത്. ഇതുവരെ 197 വീടുകളിൽ സെപ്റ്റിക് ടാങ്ക് സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്.

## പച്ചത്തുരുത്ത്- മടിക്കൈയുടെ പച്ചപ്പെരുമ

ചെങ്കൽപാറകൾ നിറഞ്ഞ മടിക്കൈ കാലാവസ്ഥാ വ്യതിയാനത്തിന്റെ ദുരന്ത ഭീഷണി നേരിടുന്ന ഭൂപ്രദേശമാണ്. കടുത്ത വേനലിലെ ഉയർന്ന താപനില ലഘൂകരിക്കാൻ ആഗോളതാപനത്തിന് മരമാണ് മറുപടിയെന്ന മുഖ്യമന്ത്രിയുടെ ഹരിതകേരള സന്ദേശം ഏറ്റെടുത്തു കൊണ്ട് 2018 മുതൽ പച്ചത്തുരുത്തിന്റെ മാതൃകകൾക്ക് മടിക്കൈ കളമൊരുക്കി. വിദ്യാലയങ്ങളിൽ ലഭ്യമായ സ്ഥലങ്ങളിൽ മരങ്ങൾ വെച്ച് പിടിപ്പിച്ചും ഉള്ളവയെ പരിരക്ഷിച്ചും ആദ്യപച്ചത്തുരുത്തുകൾക്ക് രൂപം കൊടുത്തു. ജി.എച്ച്എസ്.എസ് കാഞ്ഞിരപ്പൊയിലിൽ തയ്യാറാക്കിയ പച്ചത്തുരുത്താണ് ജില്ലാതല ഉദ്ഘാടനത്തിന് തിരഞ്ഞെടുക്കപ്പെട്ടത്. പഞ്ചായത്തിലെ നാശോന്മുഖമായികൊണ്ടിരിക്കുന്ന 100 ലധികം കാവുകൾ വേലി കെട്ടി സംരക്ഷിച്ചു. നശിച്ചു പോയവയ്ക്ക് പകരം പുതിയ തൈകൾ നട്ട് തൊഴിലുറപ്പുകളിലൂടെ സംരക്ഷണമൊരുക്കി. പഞ്ചായത്ത് ഭരണസമിതിയിൽ പച്ചത്തുരുത്ത് സംരക്ഷണം മുഖ്യഅജണ്ടയായി എടുത്ത് അതാത് വാർഡുകളിലെ കാവുകളിൽ പച്ചത്തുരുത്തു കാവ് സംരക്ഷണ സമിതികൾ രൂപീകരിക്കാൻ തീരുമാനമെടുത്തു. അവയിലെല്ലാം ഹരിതകേരളമിഷന്റെ നിർദ്ദേശാനുസരണം ബോർഡുകൾ സ്ഥാപിക്കാൻ ധാരണയായി.

ഓരോ വർഷവും തൊഴിലുറപ്പ് പദ്ധതിയുടെ ഇടപെടലിലൂടെ കളസസ്യങ്ങളെ മാറ്റി പുതിയവ വെച്ച് പിടിപ്പിച്ച് കാവുകളെ ജൈവകലവറകളാക്കി നിലനിർത്തിവരുന്നു. മരുത്, ഇരുൾ, ബങ്കണ, തടിച്ചിൽ തുടങ്ങിയ കാട്ടുമരങ്ങളും കാശാവ്, നിലനാരകം തുടങ്ങിയ ചെറുസസ്യങ്ങളും നിലപ്പന, ഉറിതൂക്കി, അവിൽപ്പൊരി, വാതംകൊല്ലി, നറുനീണ്ടി, ഇടംപിരി വലംപിരി തുടങ്ങിയ ഔഷധസസ്യങ്ങളുടെയും സംരക്ഷണകേന്ദ്രമായി പച്ചത്തുരുത്തുകൾ മാറി. മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി പക്ഷികളുടെയും അണ്ണാൻ, മുയൽ തുടങ്ങിയ ചെറുജീവികളുടെ ആവാസകേന്ദ്രമായി മാറി. വർഷങ്ങൾ പിന്നിട്ടപ്പോൾ





തുരുത്തുകൾക്ക് സമീപമുള്ള വയലുകളിലും ജലസ്രോതസുകളിലും നീരുറവകളുടെ വർധനവ് ഉണ്ടായി എന്നത് പ്രസ്താവ്യമാണ്. മലപ്പച്ചേരി പോലുള്ള പച്ചത്തുരുത്തുകളിൽ ജില്ലയുടെ പല ഭാഗത്തുള്ള വിദ്യാലയത്തിൽ നിന്നും കുട്ടികൾ ജൈവവൈവിധ്യ പഠനത്തിനായി എത്തുന്നു. വാർഡ്സഭകളിലും സംരക്ഷണ സമിതികളിലും നടത്തിയ ബോധവൽക്കരണത്തിന്റെ ഭാഗമായി 159 പച്ചത്തുരുത്തുകൾ സ്ഥാപിക്കാനായി. ഇതിന്റെ ഫലമായി കാർഷിക സംസ്കൃതി പരിപോഷിപ്പിക്കപ്പെട്ടു. പ്രാദേശിക ടൂറിസത്തിന്റെ സാധ്യതകളിലേക്ക് ആലോചനകൾ നടക്കുന്നു. ഹരിതകേരളം മിഷന്റെയും ജില്ലാ പഞ്ചായത്തിന്റെയും സംസ്ഥാനതലത്തിലും ജില്ലാതലത്തിലുമുള്ള അംഗീകാരങ്ങൾ പച്ചത്തുരുത്തുകളുടെ സംരക്ഷണത്തിന് സഹായകമായി.

## മാടക്കാൽ കണ്ടൽ തുരുത്ത്

കാസറഗോഡ് ജില്ലയിലെ ഹൊസ്ദുർഗ്ഗ് താലൂക്കിൽ 16.12 ച.കി.മി വിസ്തൃതിയിലും 24 കി.മി നീണ്ടുകിടക്കുന്നതും പടിഞ്ഞാറ് അറബിക്കടലും കിഴക്ക് കവ്വായി കായലും അതിരിടുന്നതും ജൈവവൈവിധ്യങ്ങൾ കൊണ്ട് സമ്പന്നമായതുമായ ലോകടൂറിസം ഭൂപടത്തിൽ ഇടം നേടിയതുമായ ഗ്രാമപഞ്ചായത്താണ് വലിയപറമ്പ്. ഈ പഞ്ചായത്തിന്റെ ചുറ്റും സാധ്യമായ ഇടങ്ങളിലെല്ലാം കണ്ടലുകളും കണ്ടൽ സഹായികളും നട്ടുവളർത്തി പരിപാലിക്കാൻ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെയും പഞ്ചായത്ത് പദ്ധതി വിഹിതത്തിലൂടെയും പ്രൊജക്ടുകൾ തയ്യാറാക്കി നടപ്പാക്കിയിട്ടുണ്ട്. കായൽ തീരത്തെ മനോഹരമായ ഇടതൂർന്ന വൻമരങ്ങളുള്ള ഇടയിലക്കാട്ട് കാവ് ഇവിടെയാണ്.

24 കിലോമീറ്റർ കടൽത്തീരവും 2 അഴിമുഖവും ഉള്ള 4 ദ്വീപുകളുടെ കൂട്ടമാണ് വലിയപറമ്പ ഗ്രാമപഞ്ചായത്ത്. കവ്വായി പുഴയിൽ മാടക്കാൽ ഭാഗത്ത് പുഴക്കകത്ത് അര ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണത്തിൽ ഒരു മണൽത്തിട്ടയുണ്ട്. അവിടെയാണ് കണ്ടലുകൾ നട്ട് സംരക്ഷിച്ചിട്ടുള്ളത്. വലിയപറമ്പ പഞ്ചായത്തിന്റെ പല ഭാഗത്തും വിവിധ തരത്തിലുള്ള കണ്ടലുകൾ ഉണ്ടെങ്കിലും മാടക്കാൽ മണൽത്തിട്ടയിലും ബണ്ടിന്റെ ഇരുവശങ്ങളിലുമായുള്ള കണ്ടലുകൾ ആരേയും ആകർഷിക്കുന്നതാണ്. ഏകദേശം 500 ഓളം വലിയ ഭ്രാന്തൻ കണ്ടലുകളാണ് ഇവിടെയുള്ളത്. ഓരോ വർഷവും പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി കണ്ടൽ നട്ടതിന്റെ ഒരു ബാക്കിപത്രമാണ് ഈ കണ്ടൽ തുരുത്ത്. ഈ കണ്ടൽ തുരുത്ത് കാണുന്നതിന് ധാരാളം വിനോദ സഞ്ചാരികൾ ഇവിടെ എത്തുന്നുണ്ട്. വേലിയിറക്ക



സമയത്ത് തോണിയിൽ ചെന്ന് മണൽത്തിട്ടയിൽ ഇറങ്ങി കൂടുതൽ അടുത്ത് നിന്ന് കാണുവാൻ അവസരവുമുണ്ട്. കഴിഞ്ഞ ജൂൺ 5 ന് പരിസ്ഥിതി ദിനത്തിന് വേലിയിറക്ക സമയത്ത് പുഴയിലൂടെ നടന്ന് മണൽത്തിട്ടയിലെത്തി 1000 കണ്ടൽ തൈകൾ നടുകയുണ്ടായി.

വലിയപറമ്പ ഗ്രാമപഞ്ചായത്തിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 15000 ത്തോളം കണ്ടൽതൈകളുടെ നഴ്സറികൾ തയ്യാറാക്കി 2 ാം ഘട്ടമായി നട്ടുവളർത്തിവരുന്നുണ്ട്. ഹരിതകേരളം മിഷന്റെ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിൻ ഏറ്റെടുത്തിട്ടുള്ള വലിയപറമ്പിൽ സസ്യസംരക്ഷണത്തിന് കണ്ടലോരം എന്ന പേരിൽ മികവാർന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു. ദൂരെനിന്ന് നോക്കുമ്പോൾ മാടക്കാൽ കണ്ടൽതുരുത്ത് ദൃശ്യമനോഹര കാഴ്ചയാണ്. വലിയപറമ്പ് ജൈവവൈവിധ്യ പരിപാലനസമിതിയുടെ സവിശേഷ പ്രവർത്തനമായി കണ്ടൽ സംരക്ഷണം ജനകീയമായി ഏറ്റെടുത്തിട്ടുണ്ട്. കണ്ടലോരം ക്യാമ്പയിൻ വലിയപറമ്പ നിവാസികളുടെ നിലനിൽപ്പിനുള്ള ആവാസവ്യവസ്ഥ സംരക്ഷിക്കുന്നതിനുള്ള ശ്രമമായി ഏറ്റെടുത്തിട്ടുണ്ട്. കണ്ടൽതുരുത്തുകളുടെ സംരക്ഷണത്തിനും തുടർപരിപാലനത്തിനും വാർഡ്തല സമിതികൾ പ്രവർത്തിക്കുന്നു. എല്ലാ വർഷവും ഒഴിഞ്ഞുകിട്ടുന്ന പുതിയ ചതുപ്പുകളിൽ പുതിയ തൈകൾ വച്ചുപിടിപ്പിക്കുന്നു.

### അജാനൂർ ഗ്രാമപഞ്ചായത്ത് - പുലയനടുക്കം തോട് - ആനന്ദവനം പച്ചത്തുരുത്ത്

അജാനൂർ ഗ്രാമപഞ്ചായത്തിലെ മാവുങ്കാലിനടുത്ത് ആനന്ദാശ്രമത്ത് മഞ്ഞംപൊതിക്കുന്നിന്റെ വടക്കുഭാഗം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ശേഖരിക്കുന്ന മാലിന്യങ്ങൾ കുന്നുക്കൂട്ടിയിരുന്ന സ്ഥലമായിരുന്നു. പ്രസ്തുത സ്ഥലം മികവാർന്ന പച്ചത്തുരുത്താക്കി മാറ്റിയത് ഈ പ്രദേശത്തെ ഒരു പ്രധാനപ്പെട്ട സന്ദർശക വേദിയാകാൻ വഴിയൊരുക്കി. ഈ മലഞ്ചെരുവിലുള്ള പച്ചത്തുരുത്തിന്റെ ഒരു വശത്തുകൂടി ജലസമൃദ്ധമായി പുലയനടുക്കം തോട് ഒഴുകുന്നത് ആനന്ദവനം പച്ചത്തുരുത്തിന്റെ വൃക്ഷസമൃദ്ധിക്ക് സഹായകമായി. ആദ്യഘട്ടത്തിൽ പ്രാദേശികമായി സന്നദ്ധസംഘടനകളുടെ നേതൃത്വത്തിൽ ഈ കുന്നിൻപുറത്ത് മരങ്ങൾ നട്ടു വളർത്താനുള്ള പ്രവർത്തനങ്ങൾ സജീവമായി നടന്നു. തുടർന്ന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ 2009 -2010 കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ വൃക്ഷവത്കരണം പദ്ധതിയുടെ ഭാഗമായി 11/05/2009 ലെ 41/09(2) നമ്പർ പ്രകാരം 32000 രൂപയുടെ എസ്റ്റിമേറ്റിനു ഭരണാനുമതി നൽകുകയുണ്ടായി. 2009 ജൂൺ 5 പരിസ്ഥിതി ദിനത്തിന് ഫലവൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ച് ഉദ്ഘാടനം ചെയ്തു.



സോഷ്യൽ ഫോറസ്ട്രിയിൽ നിന്നും ലഭിച്ച 1800ഓളം തൈകൾ പഞ്ചായത്തിന്റെ 3 ഏക്കറോളം വരുന്ന സ്ഥലത്തു 2009 ൽ വച്ചു പിടിപ്പിക്കകയുണ്ടായി. 2009-10 സാമ്പത്തിക വര്ഷത്തിൽ നെല്ലി, കാറ്റാടി, കരിമരുത്, വേങ്ങ, മരുത്, പതിമുഖം, താന്നി, കാഞ്ഞിരം, സീതാപ്പഴം തുടങ്ങിയ തൈകൾ വെച്ചു പിടിപ്പിച്ചു. 17375/-രൂപ തൊഴിലാളികളുടെ വേതനം ഉൾപ്പെടെ 21168 /-രൂപ ചെലവഴിച്ചു. തുടർന്ന് ഇങ്ങോട്ട് എല്ലാ വർഷങ്ങളിലും പച്ചത്തുരുത്ത് പരിപാലനം ലക്ഷ്യമാക്കി പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് വന്നിരുന്നു.

ഹരിതകേരളം മിഷൻ 2019 ൽ പച്ചത്തുരുത്ത് പദ്ധതി ആരംഭിച്ചപ്പോൾ അജാനൂർ ഗ്രാമപഞ്ചായത്തിലെ പുലയനടുക്കം തോട് ഉൾപ്പെടുത്തുകയും സജീവമായ പരിപാലനസമിതി രൂപീകരിക്കുകയും ചെയ്തു. മരങ്ങൾ ടാഗു ചെയ്യുന്നതിന് വിദഗ്ധരുടെ സഹായം മിഷൻ ലഭ്യമാക്കി. ജൈവവൈവിധ്യത്തിന്റെ പ്രധാന കേന്ദ്രമായി ആനന്ദവനം മാറി. ഔഷധസസ്യങ്ങളെയും അപൂർവജനുസുകളിൽ പെട്ട കുറ്റിക്കാടുകളെയും തൊഴിലുറപ്പ് തൊഴിലാളികൾക്ക് മിഷൻ പരിചയപ്പെടുത്തികൊടുത്തു. അതോടൊപ്പം ജലസമ്പന്നമായി വന്ന പുലയനാർത്തോടിന്റെ ഇരുഭാഗങ്ങളിലും നിരവധി ജീവി വർഗങ്ങൾക്ക് ഈറ്റില്ലമായി താമസസ്ഥലമൊരുക്കി. അതിന് തെക്കുഭാഗത്തുള്ള ഭൂമി സ്വകാര്യ വ്യക്തിയുടേത് ആണെങ്കിലും മതിലിനുള്ളിൽ കാട് പിടിച്ച് കിടക്കുന്നതിനാൽ ഈ പച്ചത്തുരുത്തിന് അനുകൂല സാഹചര്യത്തിന് വഴിയൊരുക്കി. അധിനിവേശ സസ്യങ്ങളെ പരിചയപ്പെടുത്തി നടത്തിയ ക്ലാസ് ഏറെ പ്രയോജനപ്പെട്ടു. അക്വേഷ്യ, ധൃതരാഷ്ട്രപച്ച, സിഗപ്പൂർ ഡെയ്സി എന്നിവയെല്ലാം ഉന്മൂലനം ചെയ്യാൻ മിഷന്റെ ഇടപെടൽ സഹായകമായി. നിലവിൽ 2009 മുതൽ നട്ട 400 കുമുത്, 100 നെല്ലി, 10 വേങ്ങ, 50 മരുത്, 5 കാറ്റാടി, 10 പതിമുകം,, 100 താന്നി, 10 കാഞ്ഞിരം, 100 പുളി, 60 ചന്ദനം, 60 മുള, 100 രാമച്ചം, 100 പൂവരശ്, 100 വീട്ടി, 80 സീതാപ്പഴം, 50 പേര, 20 നീർമരുത് എന്നിവ ചെറുതും വലുതുമായി വളർന്നു വരുന്നു.

2021-22 സാമ്പത്തിക വർഷത്തിൽ പുളി, കൊന്ന, കശുമാവ്, മാവ് തുടങ്ങിയ തൈകളും കൂടാതെ പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിയില് ഉണ്ടാക്കിയ തൈകളും ഇതേ സ്ഥലങ്ങളിൽ വെച്ചുപിടിപ്പിക്കുകയുണ്ടായി. ഇതിനായി 103198/രൂപയും ചെലവഴിക്കുകയുണ്ടായി. 2022-23 സാമ്പത്തികവർഷം പൊതുഭൂമിയിലെ മരം വെച്ചുപിടിപ്പിക്കൽ ഭൂവികസന പ്രവര്ത്തികൾ എന്ന പ്രവര്ത്തിയിലൂടെ നെല്ലി, കൊന്ന പൂവരശ് രാമപ്പഴം, ഊങ്ങ് തുടങ്ങിയ തൈകളും വെച്ചു പിടിപ്പിക്കുകയുണ്ടായി.

2025-26 സാമ്പത്തിക വർഷം പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ വനവത്കരണത്തിനായി 2,00,000/-രൂപ വകയിരുത്തിയിട്ടുണ്ട്. പഞ്ചായത്ത് പദ്ധതിയും തൊഴിലുറപ്പ് പദ്ധതിയും സംയോജിപ്പിച്ച്



വനവത്കരണ പരിപാടിയുടെ ഭാഗമായി 2025 ജൂലൈ 11 ന് ആനന്ദവനത്തിൽ വൃക്ഷത്തൈ നട്ടു ജില്ലയിലെ തന്നെ ഏറ്റവും വലിയ പച്ചത്തുരുത്താണ് ആനന്ദനവനം. എണ്ണിത്തിട്ടപ്പെടുത്തുവാൻ സാധിക്കാത്ത അത്രയും കുറ്റിച്ചെടികൾ കൊണ്ട് സമ്പന്നമാണ് നമ്മുടെ ആനന്ദവനം. 2865 ൽ പരം വിവിധ വൃക്ഷത്തൈകൾ നിലവിൽ ഇവിടെ ഉണ്ട്. വള്ളിച്ചെടികളും ധാരാളമായി കാണപ്പെടുന്നു. പക്ഷികൾ പൂമ്പാറ്റകൾ തുമ്പികൾ എന്നിവയുടെ സാന്നിദ്ധ്യം ആണ് ഇവിടെ ഏറെ ആകർഷണീയമാക്കുന്നത്. പച്ചത്തുരുത്തിന്റെ വടക്ക് ഭാഗത്തായുള്ള പുലയനടുക്കം തോട് ആനന്ദവനത്തിന്റെ മുതൽകൂട്ടാണ്. വംശനാശ ഭീഷണി നേരിടുന്ന വിവിധയിനം സസ്യങ്ങൾ ഇവിടെ കാണാൻ സാധിക്കുകയുണ്ടായി. അജാനൂർ ഗ്രാമപഞ്ചായത്തിന്റെ മാവുങ്കാലിൽ ഉള്ള ഖരമാലിന്യ സംസ്കരണപ്ലാന്റിന്റെ അടുത്തായിട്ടാണ് മൂന്ന് വശവും ചുറ്റുമതിലും ഒരുവശം ജൈവവേലിയോടും കൂടിയുള്ള ആനന്ദവനം സ്ഥിതിചെയ്യുന്നത്. തരിശായി കിടന്നിരുന്ന മഞ്ഞംപൊതിക്കുന്നിൽ മരതൈകൾ വച്ചുപിടിപ്പിച്ചതിലൂടെ കാലാവസ്ഥ വ്യതിയാനത്തിന്റെ ദോഷഫലങ്ങൾ കുറയ്ക്കാൻ സാധിക്കും എന്നത് കൂടാതെ പക്ഷികൾക്കും തുമ്പികൾക്കും പൂമ്പാറ്റകൾക്കും ഒരു ജൈവ ആവാസവ്യവസ്ഥ രൂപപ്പെടുത്തിയെടുക്കുവാൻ സാധിച്ചു.

## നാലിലാങ്കണ്ടം ജൈവ വൈവിധ്യ പഠന കേന്ദ്രം

കയ്യൂർ - ചീമേനി പഞ്ചായത്തിലെ 16 -ാം വാർഡിൽ ജി യു പി എസ് നാലിലാങ്കണ്ടം സ്കൂൾ കോമ്പൗണ്ടിൽ 330 സെന്റ് സ്ഥലത്ത് വ്യാപിച്ചു കിടക്കുന്ന പച്ചത്തുരുത്താണിത്. സഹ്യാദ്രിയിൽ മാത്രം കണ്ടുവരുന്ന അപൂർവ്വമായ നിരവധി സസ്യങ്ങൾ അടങ്ങുന്ന ഈ പച്ചത്തുരുത്തിനെ കാസറഗോഡ് ജില്ലാ പഞ്ചായത്ത് ജില്ലാ ജൈവ വൈവിധ്യ പഠന കേന്ദ്രമാക്കി ഉയർത്തിയിരിക്കുകയാണ്. 2010 ൽ വേണുഗോപാലൻ മാസ്റ്ററുടെ നേതൃത്വത്തിൽ നാട്ടുമാവിൻ തോട്ടം ഉണ്ടാക്കാൻ വ്യത്യസ്ഥങ്ങളായ നാട്ടുമാവുകൾ നട്ടുപിടിപ്പിച്ചു. വേനൽക്കാലത്ത് ഇതിനിടയിൽ പച്ചക്കറി കൃഷി നടത്തി. ജലസേചന സൗകര്യവും ഒരുക്കി. കൂടാതെ സമീപത്തു തന്നെ ഔഷധത്തോട്ടം ഉണ്ടാക്കി. ഒരു ഭാഗത്ത് ഏകദേശം 5-10 സെന്റ് സ്ഥലം സ്വാഭാവിക വളർച്ചയ്ക്കായി മാറ്റിവച്ചു. അവിടെ കുട്ടികളോ അധ്യാപകരോ നാട്ടുകാരോ പോകാറില്ല. ശേഷം വിദ്യാലയത്തിന്റെ മതിലിനോട് അടുപ്പിച്ച് ഒരു Green Belt ഉണ്ടാക്കാൻ 1500 ഓളം വൃക്ഷത്തൈകൾ നട്ടു സംരക്ഷിച്ചു. ഇതിനൊക്കെ പുറമെ സ്വാഭാവികമായി വളർന്ന ചെടികളെയും വൃക്ഷങ്ങളെയും സംരക്ഷിച്ചു നിർത്തി. പൂമ്പാറ്റകൾ, തുമ്പികൾ, ഉരഗങ്ങൾ, പക്ഷികൾ തുടങ്ങിയ



ജീവിവർഗങ്ങളെ പരിചയപ്പെടാനും പഠിക്കാനും ഈ ജൈവ വൈവിധ്യകേന്ദ്രം ഉപകരിക്കുന്നു. ഒരു കാലത്ത് അക്കേഷ്യ മരങ്ങൾ നിറഞ്ഞ പറമ്പായിരുന്നു. അത് മുറിച്ചു മാറ്റിയാണ് ജൈവ വൈവിധ്യം വളർത്തിയത്. അപൂർവ്വം കാണുന്ന പൂമാലക്കുറിഞ്ഞി ഇവിടെ ധാരാളമായുണ്ട്. കുയിലി, വട്ട, കാഞ്ഞിരം, താന്നി, നീർമരുത്, നെല്ലി, കശുമാവ്, ഈട്ടി, ചന്ദനം, ആലം, കനി മരുത്, മണിമരുത്, നെൻമേനിവാക, ശീമക്കൊന്ന, കണിക്കൊന്ന, മുള്ളുവേങ്ങ, നുകമരം, പൂമരം, ആൽ, ഇലവ്, കനിമരം, മുള, അരയാൽ തുടങ്ങി അനേകം മരങ്ങൾ ഇവിടെ ഉണ്ട്. ശതാവരി, ഉറിതൂക്കി, ഭദ്രാക്ഷം, പഴുതാരച്ചെടി, ആനച്ചുവടി, ഇലിപ്പ, ഇലമുളച്ചി, കടലാടി, കാട്ടു കദംബ, പുല്ലാനിക്കാട്, കാശാവ്, ആടലോടകം, ആവണക്ക് തുടങ്ങി ധാരാളം ഔഷധസസ്യങ്ങളും ഇവിടെ ഉണ്ട്. നന്നാറി ധാരാളമായി വളരുന്നു.

നിലവിലുണ്ടായിരുന്ന മരങ്ങൾക്ക് പുറമെ പച്ചത്തുരുത്ത് പദ്ധതിയുടെ ഭാഗമായി കൂടുതൽ മരങ്ങൾ നട്ടുവളർത്തിയിട്ടുണ്ട്. താന്നി, നീർമരുത്, മാവ്, തേക്ക്, വീട്ടി, കുമ്പിൾ, ഇലിപ്പ, കരിനെച്ചി, അശോകം, ആര്യവേപ്പ്, പേര, താന്നി, പുളി, മുള്ളുവേങ്ങ, നെല്ലി എന്നിവയാണ് ഇവിടെ കൂടുതലായി ഉള്ളത്. ഈ കോമ്പൗണ്ടിൽ തന്നെ വന്യമായി വളർന്നു നില്ക്കുന്ന മുന്നൂറോളം മറ്റു സസ്യങ്ങളും നിലവിലുണ്ട്. പശ്ചിമഘട്ടത്തിലെ സ്ഥാനിക സസ്യമായ, ഏഴു വർഷത്തിലൊരിക്കൽ മാത്രം പൂക്കുന്ന പൂമാലക്കുറിഞ്ഞി [Strobilanthus integrifollus] ഇവിടെ സ്വാഭാവികമായി വളർന്നു നില്ക്കുന്നുണ്ട്. പശ്ചിമഘട്ടത്തിലെ മറ്റു സ്ഥാനിക സസ്യങ്ങളായ ചേരു [Holigama amottiana], കൂനൻ പാല [Tabemaemantana alternifolia] എന്നിവയ്ക്കു പുറമേ നമ്മുടെ സംസ്ഥാന ചിത്രശലഭമായ ബുദ്ധമയൂരിയുടെ ലാർവാ ഭക്ഷണ സസ്യമായ മിറ്റി മരം [Zanthoxylum rhetsa] ഇവിടെ ധാരാളമായുണ്ട്. കരിയിലാഞ്ചി, ചെറിയകൊട്ടം, വൻതുടലി, ചെറുതുടലി, കുരീൽ, ചെത്തി, വെങ്കണ, കാട്ടുമുല്ല, പുല്ലാനി, വെണ്മരുത്, കരിമരുത്, മോതിരവള്ളി, ചേരിക്കൊട്ട, മലതാങ്ങി, ചെത്തിക്കൊടുവേലി, വെട്ടടക്, നന്നാറി, വിഷ്ണുക്രാന്തി, പ്രസാരിണി, കൂരാമ്പ്, കാഞ്ഞിരം, കടകപ്പാല, ആനപ്പല, എരിക്ക്, മഞ്ചാടി, ഞാവൽ, ഇടമ്പിരി - വലമ്പിരി, ഏഴിലമ്പാല എന്നിവ ഇവയിൽ പ്രധാനപ്പെട്ടവയാണ്. വിവിധ ഇനത്തിൽ പെട്ട ധാരാളം പക്ഷികളും ചിത്രശലഭങ്ങളും ഇവിടെ കാണപ്പെടുന്നുണ്ട്. മറ്റു വിഭാഗത്തിൽ പെട്ട ജീവികളും ഇവിടെ കാണപ്പെടുന്നുണ്ട്. ഹരിതകേരളം മിഷന്റെ നിർദ്ദേശത്തോടെ ജില്ലാ പഞ്ചായത്തും കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തും സംയുക്ത പദ്ധതിയായാണ് ഇത് നടപ്പിലാക്കുന്നത്.

ജൈവ വൈവിധ്യ പഠന കേന്ദ്രമെന്ന നിലയിൽ ജില്ലാ പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് ഫണ്ടുകൾ ഉപയോഗിച്ച് നടപ്പാത ഒരുക്കിയിട്ടുണ്ട്. നിലവിൽ ഈ പച്ചത്തുരുത്ത് ആരേയും ആകർഷിക്കത്തക്ക വിധത്തിൽ വളർന്നു പന്തലിച്ചു നിലക്കുന്നു. 2000 ത്തോളം മരങ്ങൾ ഈ പച്ചത്തുരുത്തിൽ ഉണ്ട്. ജൈവ വേലി പ്രസക്തമല്ല. ചുററുമതിലുണ്ട്. ബോർഡ് ഉണ്ട്. സംരക്ഷണ സമിതിയുണ്ട്. അധിനിവേശ സസ്യങ്ങൾ ഇല്ല.

## വീത്കുന്ന് സ്മൃതി വനം

പിലിക്കോട് പഞ്ചായത്തിലെ 2, 11 വാർഡുകളിലായി സ്ഥിതി ചെയ്യുന്ന “ഒറ്റയാൻ കുന്ന്” എന്ന സവിശേഷതയുള്ള വീത്കുന്ന് 10 ഏക്കറോളം ഉപരിതല വിസ്തീർണ്ണമുള്ളതാണ്. ഒരു കാലത്ത് ഈ കുന്നിന് ചുറ്റും നെൽവയലുകൾ ആയിരുന്നു. കുന്നിന്റെ നെറുകയിൽ ഒരു വിഷ്ണുമൂർത്തിക്ഷേത്രം സ്ഥിതി ചെയ്യുന്നു. അനുഷ്ഠാനപരമായ ഒറ്റക്കോലം എല്ലാ വർഷവും ഇവിടെ കെട്ടിയാടാറുണ്ട്. പോയകാലങ്ങളിൽ ആൽ, ആരയാൽ, വെങ്കണ തുടങ്ങിയ ഒറ്റപ്പെട്ട മരങ്ങളും അവിടവിടെയായി മുള്ളുകൾ നിറഞ്ഞ കുറ്റിക്കാടുകളുമാണ് ഉണ്ടായിരുന്നത്. 2010 മുതൽ പിലിക്കോട് പഞ്ചായത്തിൽ ജൈവവൈവിധ്യ പരിപാലന സമിതിയുടെയും, ഹരിതകേരളം മിഷന്റെയും നേതൃത്വത്തിൽ ജൈവ വൈവിദ്ധ്യ സംരക്ഷണ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. പൈതൃകം നാട്ടുവാഴ പദ്ധതി, പൈതൃകം നെൽവിത്ത് ഗ്രാമം, പൈതൃകം നാട്ടുമാവ്, വീത്കുന്ന് സ്മൃതി വനം, പേര ഗ്രാമം എന്നിവ നടപ്പിലാക്കിയ പദ്ധതികളാണ്. വീത്കുന്ന് സ്മൃതിവനം പദ്ധതിയുടെ ഭാഗമായി 2010 മുതൽ ഈ കുന്നിൻ ചെരിവിൽ വ്യാപകമായി വനവല്ക്കരണ പ്രവർത്തനങ്ങൾ നടന്നു. 2015 - 2020 ഭരണ സമിതിയുടെ കാലയളവിൽ വിവിധ ഇനം നാട്ടുമാവുകൾ നട്ടുകൊണ്ട് പദ്ധതിയുടെ ഔപചാരികമായ ഉദ്ഘാടനം നിർവ്വഹിച്ചു.

തുടർന്ന് വിവിധ ഘട്ടങ്ങളിലായി ഹരിതകേരളം മിഷന്റെ പച്ചത്തുരുത്ത് വിഭാഗത്തിൽ ദേവഹരിതം ഇനത്തിൽ ഉൾപ്പെടുത്തി വൈവിധ്യമാർന്ന വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു. ബി എം സി യുടെ നേതൃത്വത്തിൽ പ്രാദേശികമായി സ്മൃതി വനം സംരക്ഷണ സമിതിയുണ്ടാക്കി, പരിപാലിച്ചു. തുടർച്ചയായി 3 വർഷം വൃക്ഷത്തൈകളുടെ കണക്കെടുപ്പും പരിശോധനയും സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ നടന്നിട്ടുണ്ട്. 218 ഇനങ്ങളിലായി 1217 മരങ്ങളാണ് വീത്കുന്ന് സ്മൃതി വനത്തിൽ ഉള്ളത്. വിവിധ പ്രായത്തിലുള്ള ചെറുതും വലുതുമായ മരങ്ങൾ വളർന്നു പന്തലിച്ചു നില്ക്കുന്നുണ്ട്. കാനന



സമാനമായ കുന്നിൽ ജന്തുക്കളുടെ കൂടി ആവാസ കേന്ദ്രമായി ഇപ്പോൾ മാറിയിട്ടുണ്ട്. വീത്കുന്ന് സ്മൃതിവനത്തിൽ ക്ഷേത്രവുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന വൃക്ഷങ്ങളും പിന്നീട് പദ്ധതിയുടെ ഭാഗമായി നാട്ടുകാർ നട്ട് പരിപാലിച്ചുവരുന്ന വിവിധതരം മരങ്ങളുമാണ് ഉള്ളത്. ആൽ, അരയാൽ, വെങ്കണ, കാഞ്ഞിരം, ക്ഷേത്ര ചെമ്പകങ്ങൾ, നാട്ടു വൈദ്യത്തിന് ഉപയോഗിച്ചു വരുന്ന ഔഷധ സസ്യങ്ങൾ, വിവിധ തരം നാട്ടുമാവുകൾ, വൈവിധ്യമാർന്ന അലങ്കാര വർണ്ണ ചെമ്പകങ്ങൾ, നെല്ലി, പ്ലാവ്, കുമുദ്,ചന്ദനം, അരളി, കൊന്ന,പാല, കശുമാവ്, കരിനെച്ചി, കൂവളം, കരിങ്ങാലി, താന്നി, തേക്ക്, നാടൻ ബദാം, മുള്ളുവേങ്ങ, വേപ്പ്, തെങ്ങ്, കവുങ്ങ് തുടങ്ങിയ മരങ്ങളാണ് പ്രധാനമായും ഉള്ളത്. പുതിയ കാലത്തിന്റെ ആവശ്യങ്ങൾ പരിഗണിച്ച് കുന്നിന്റെ ചുറ്റും കാസറഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി നിർമ്മിച്ച പൈതൃകം റിങ്ങ് റോഡ് പ്രഭാത - സായാഹ്ന സവാരിക്കാർ ഉപയോഗപ്പെടുത്തി വരുന്നു. 2023 ജൂൺ 5 നാണ് വീത്കുന്ന് സ്മൃതിവനം ഹരിതകേരളം മിഷൻ പച്ചത്തുരുത്ത് ലിസ്റ്റിൽ കാസറഗോഡ് ജില്ലയിലെ 562-ാം നമ്പർ ആയി റജിസ്റ്റർ ചെയ്തത്. 200 സെന്റ് സ്ഥലത്ത് 218 ഇനങ്ങളിലായി 1217 മരങ്ങളാണ് ഉള്ളത്. ജൈവവേലി ഇവിടെ പ്രസക്തമല്ല. ബോർഡ് വെച്ചിട്ടുണ്ട്. അധിനിവേശ സസ്യങ്ങൾ ഒന്നും തന്നെയില്ല. ജനകീയ സംരക്ഷണ സമിതിയുണ്ട്.

## ടാഷ്കോ പച്ചത്തുരുത്ത്

ബേഡഡുക്ക ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ഹരിതകേരളം മിഷന്റെ നിർദ്ദേശങ്ങളോടെ ക്രഷർ യൂണിറ്റ് പരിസരത്ത് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികളുടെ പ്രവർത്തനത്തോടുകൂടിയും കമ്പനിയുടെ സഹായത്തോടുകൂടിയും വളരെ വിപുലമായ രൂപത്തിൽ വൈവിധ്യമാർന്ന സസ്യലതാതികൾ വളർത്തിയെടുത്തിട്ടുണ്ട്. മൊത്തത്തിൽ കാർബൺ സംഭരണം പരിശോധിച്ചുനോക്കിയപ്പോൾ നെഗറ്റീവ് കാറ്റഗറിയിലേക്ക് ഉൾപ്പെട്ടു സംരക്ഷണം നടത്തുന്ന ഒരു യൂണിറ്റാണിത്.

ബേഡഡുക്ക ഗ്രാമപഞ്ചായത്തിലെ വാർഡ് 1 ൽ പ്പെട്ട പെർളടുക്ക എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന ഒരു സ്വകാര്യ കരിങ്കൽ വ്യവസായ യൂണിറ്റാണ് ടാഷ്കോ സ്റ്റോൺ ക്രഷർ യൂണിറ്റ്. ഈ ക്രഷറിന്റെ ഉടമയും പരിസ്ഥിതി സ്നേഹിയുമായ അബ്ദുൾ ഖാദർ ക്രഷറിന് ചുറ്റുമായി മരങ്ങളും ചെടികളും വച്ച് പിടിപ്പിച്ച് നല്ലൊരു പച്ചത്തുരുത്തിന് രൂപം നൽകിയിരിക്കുകയാണ്. ക്രഷർ പ്രവർത്തിക്കുമ്പോഴുള്ള പൊടി മൂലമുണ്ടാവുന്ന വായു മലിനീകരണവും, ശബ്ദ മലിനീകരണവും തടയുന്നതിനായി ഈ



വൃക്ഷവൽക്കരണത്തിലൂടെ സാധ്യമാക്കിയതിനാൽ സംസ്ഥാന പൊലൂഷൻ കൺട്രോൾ ബോർഡിന്റെ പുരസ്കാരങ്ങൾ ഇദ്ദേഹത്തിന് ലഭിക്കുകയുണ്ടായി.

വൃക്ഷവൽക്കരണം, പൂന്തോട്ട നിർമ്മാണം, നക്ഷത്ര വനം എന്നിങ്ങനെ വിവിധ തലങ്ങളിലായി ഈ പച്ചത്തുരുത്തിനെ അദ്ദേഹം മാറ്റിയിട്ടുണ്ട്. ഒരു കരിങ്കൽ വ്യവസായ കേന്ദ്രമാണെന്ന് ആർക്കും തോന്നാത്ത വിധം മരങ്ങളാലും ചെടികളാലും പച്ചത്തുരുത്തിനെ പരിപാലിക്കുന്നതു കൊണ്ട് ഒരു ഇക്കോ ടൂറിസം കേന്ദ്രമെന്നോണം ഇവിടെ നിരവധി ആൾക്കാർ സന്ദർശകരായി എത്തുകയും ഫോട്ടോ ഷൂട്ട് പോലുള്ള കാര്യങ്ങൾക്കായി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു.

പച്ചത്തുരുത്തിലെ മരങ്ങളുടെയും ചെടികളുടെയും പേര് വിവരം ബോർഡിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ കുറെയൊക്കെ ചെടികൾക്ക് അവയുടെ നെയിം ബോർഡും സ്ഥാപിച്ചിട്ടുണ്ട്. വിവിധ ഇനങ്ങളിലുള്ള മാവും ഇവിടെ നട്ടു വളർത്തുന്നുണ്ട്. നിരവധി പക്ഷികളുടെയും മാതൃശലഭങ്ങളുടെയും അഭയ കേന്ദ്രം കൂടിയാണ് ഈ പച്ചത്തുരുത്ത്. കൂടാതെ പ്രദേശത്ത് പെയ്യുന്ന മഴവെള്ളത്തെ പ്രത്യേകമായി ഒരു വഴിയിലൂടെ എത്തിച്ച് കിണർ റീചാർജിംഗ് സംവിധാനം ഏർപ്പെടുത്തിയതിലൂടെ ജലസംരക്ഷണ പ്രവർത്തനങ്ങൾക്കും ഇവിടെ പ്രാധാന്യം നൽകുന്നു.

### ഹരിതവീഥി - നടക്കാവ്

ജൈവവൈവിധ്യ സംരക്ഷണത്തിന് നൽകുന്ന പ്രാധാന്യത്തിന്റെ ഭാഗമായി തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് 4 ൽ തടിയൻ കൊവ്വൽ പോളി ടെക്നിക് കോളജ് മുതൽ നടക്കാവ് ബജാസ് കോർണർ വരെ നീണ്ടു കിടക്കുന്ന റോഡിനിരുവശവുമൊരുക്കിയ പച്ചത്തുരുത്തുകളെയാണ് ഹരിതവീഥി എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. 24 പച്ചത്തുരുത്തുകളാണ് റോഡിന് ഇരുവശവുമായി ഒരുക്കിയിട്ടുള്ളത്.

ഇതിൽ മിയാവാക്കി ഒഴികെയുള്ള പച്ചത്തുരുത്തുകളെല്ലാം ഉണ്ടാക്കിയത് സാമൂഹ്യ വനവല്ക്കരണ വിഭാഗത്തിൽ നിന്നും പ്രാദേശികമായും വൃക്ഷത്തൈകൾ ശേഖരിച്ചാണ്. തൊഴിലുറപ്പ് തൊഴിലാളികളാണ് വൃക്ഷത്തൈകൾ നട്ടത്. എല്ലാ പച്ചത്തുരുത്തുകൾക്കും ബോർഡ് വെച്ചിട്ടുണ്ട്. ജൈവവേലിയുണ്ട്.





2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തികൊണ്ട് പഞ്ചായത്ത് 150000 രൂപ ചെലവിൽ നടക്കാവിൽ ഒരു മിയാവാക്കി പച്ചത്തുരുത്ത് ഉണ്ടാക്കി. 2021 ആഗസ്റ്റിലാണ് മിയാവാക്കി തുടങ്ങിയത്. 3 സെന്റ് സ്ഥലത്ത് 300 തൈകളാണ് നട്ടത്.

സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ ഫണ്ട് 5 ലക്ഷം രൂപ തൃക്കരിപ്പൂർ പഞ്ചായത്ത് BMC ക്ക് ലഭിക്കുകയുണ്ടായി. നടക്കാവിലെ ഹരിതവീഥി ഒരുക്കുന്നതിന് ഈ ഫണ്ടും ഉപയോഗപ്പെടുത്തിയിട്ടുണ്ട്. വേനലിൽ വെള്ളമൊഴിക്കുന്നതിന് 4 സ്ഥലത്ത് വാട്ടർ ഫിൽട്ടർ സ്ഥാപിച്ചിട്ടുണ്ട്. പച്ചത്തുരുത്തുകളുടെയെല്ലാം പരിപാലന ചുമതലയും തൊഴിലുറപ്പു തൊഴിലാളികളാണ് നിർവ്വഹിക്കുന്നത്. ഈ ഹരിതവീഥിയിൽ 70 സെന്റ് സ്ഥലത്തായി 1000 ത്തോളം മരങ്ങൾ നിലനില്ക്കുന്നുണ്ട്. ഏകദേശം ഒരു കിലോമീറ്റർ ദൂരത്തിൽ റോഡിന് ഇരുവശവുമായി ഒരുക്കിയ ഹരിതവീഥി ആരേയും ആകർഷിക്കുന്നതാണ്.

## കരിന്തളം കെ സി സി പി എൽ - വ്യവസായസ്ഥാപനങ്ങളിലെ കൃഷിയും പച്ചത്തുരുത്തും

സ്ഥാപനവും പരിസരവും ഹരിതാഭമാക്കുന്നതിനായി മാതൃകാപരമായ പ്രവർത്തനം നടത്തിയ സ്ഥാപനമാണ് കിനാനൂർ കരിന്തളം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കളിമൺ / ലാറ്ററേറ്റ് ഖനന വ്യവസായ കേന്ദ്രം കെ. സി. സി. പി. എൽ. വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഈ പൊതുമേഖലാ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ കരിന്തളം തലയടുക്കത്ത് 2 ഏക്കർ ഭൂമിയിൽ കുറ്റ്യാട്ടൂർ മാവും 4 ഏക്കറിൽ പാഷൻഫ്രൂട്ടും കൃഷി ചെയ്തു വരുന്നു. അവിടത്തെ പച്ചത്തുരുത്ത് സംസ്ഥാനത്തു തന്നെ മാതൃകയാണ്. ഖനനം നടന്ന സ്ഥലത്ത് മണ്ണ് നികത്തി പ്രത്യേകം തയ്യാറാക്കിയ സ്ഥലത്താണ് പച്ചത്തുരുത്ത് നിർമ്മിച്ചത്. തരിശായി കിടന്നിരുന്ന ഈ സ്ഥലം ഹരിതാഭമാക്കിയെടുക്കുന്നതിന് സ്ഥാപനം നല്ല ഇടപെടൽ നടത്തി. 1700 ഇനങ്ങളിലുള്ള പ്രാദേശികമായി മാത്രം വളരുന്ന സസ്യങ്ങൾ കൊണ്ടുവന്നു നട്ടു. നെന്മേനിവാക, പുന്ന പോലുള്ള വംശനാശം നേരിടുന്ന സസ്യങ്ങൾ ഇതിൽ ഉൾപ്പെടുന്നുണ്ട്. കൂടുതൽ പച്ചപ്പും തണുപ്പും പ്രദാനം ചെയ്യുന്ന സസ്യങ്ങൾ ഇതിൽ ഉൾപ്പെടുന്നു. കൊടും വരൾച്ചയിലും നന്നായി വെള്ളം നനച്ചു പരിപാലിക്കുന്നതിനു തൊഴിലാളികളുടെ കൂട്ടായ സഹകരണം ഇതിലുണ്ട്. ശലഭങ്ങൾ, തേനീച്ചകൾ എന്നിവയെ പച്ചത്തുരുത്ത് ആകർഷിക്കുകയും



അവയിലൂടെ സമീപ പ്രദേശത്തുള്ള കാർഷിക വിളകളിലെ പരാഗണത്തിനു കാരണമാവുകയും ചെയ്യുന്നു. പക്ഷികൾ, ജന്തു ജീവജാലങ്ങൾ എന്നിവയ്ക്കു ഈ കൊടും വരൾച്ചയിലും ഒരു ആവാസ വ്യവസ്ഥ ഈ പച്ചത്തുരുത്തിലൂടെ സൃഷ്ടിക്കാനായി. ഖനനം ചെയ്ത കുഴിഞ്ഞ സ്ഥലത്ത് മഴ വെള്ളം ശേഖരിച്ച് മീൻകുളമായി മാറിയ ജലാശയം ഏവർക്കും കൗതുകം ജനിപ്പിക്കുന്നതാണ്. ജലാശയത്തിന് നടുവിൽ 10 സെന്റ് സ്ഥലത്ത് മിയാവാക്കി പച്ചത്തുരുത്ത് ഉണ്ട്. ജലാശയത്തിന്റെ പടിഞ്ഞാറു ഭാഗത്ത് മരച്ചീനി, ചേന, വാഴ എന്നിവ ഒരേക്കർ സ്ഥലത്ത് കൃഷി ചെയ്യുന്നുണ്ട്. എല്ലാം കൊണ്ടും ഹരിതാഭമായ ഈ വ്യവസായ കേന്ദ്രം ജില്ലയ്ക്ക് മാതൃകയായി നിലനിൽക്കുന്നു.

## കാവുകൾ

### ശ്രീ അടുക്കത്ത് ഭഗവതി ക്ഷേത്രം, മോലോത്തുങ്കാൽ കാവ് - പച്ചത്തുരുത്ത്

ബേഡഡുക്ക പഞ്ചായത്തിലെ പ്രധാന ആരാധനാലയമായ മോലോത്തുംങ്കാൽ ശ്രീ അടുക്കത്ത് ഭഗവതീ ക്ഷേത്ര പരിസരത്താണ് ഏതാണ്ട് 600 വർഷം പഴക്കമുള്ള ഈ കാവ് സ്ഥിതി ചെയ്യുന്നത്. ക്ഷേത്രാചാരപ്രകാരം, നാഗ പ്രതിഷ്ഠ, വനശാസ്താവ് എന്നിവ കാവിനകത്ത് പ്രതിഷ്ഠിച്ചിട്ടുണ്ട്. 10 ഏക്കർ സ്ഥലത്ത് വിസ്തൃതമായി കിടക്കുന്നതാണ് ഈ കാവ്. ചെറുതും വലുതുമായ 1000 ലധികം സസ്യങ്ങൾ ഈ കാവിനകത്തുണ്ട്. സർപ്പകാവ് എന്നതിനാൽ തന്നെ കാവിന്റെ ഉൾഭാഗത്തേക്ക് എല്ലാവരും കയറാറില്ല. എങ്കിലും കാവിനെ അറിയാൻ വരുന്നവർക്ക് അത്യാവശ്യം കയറി കാണാനുള്ള സൗകര്യമുണ്ട്. കാവിനകത്തേക്ക് ചെറിയ നടപ്പാത ഒരുക്കിയിട്ടുണ്ട്. അന്യം നിന്നു പോവുന്ന നിരവധി ഔഷധ സസ്യങ്ങൾ ഈ കാവിനകത്ത് ഉണ്ട്. സസ്യ വിദഗ്ധരെ എത്തിച്ച് ഇതെല്ലാം ലേബൽ ചെയ്യാനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ കാവിന്റെ ഭാഗമായി പ്രകൃത്യാ രൂപപ്പെട്ട ഒരു വറ്റാത്ത തണ്ണീർതടം ഇവിടെയുണ്ട്. ഇത് ജൈവ വൈവിധ്യത്തിന്റെ ഒരു കലവറയാണ്. ഈ കുളത്തിൽ നിറയെ ആമകൾ വസിക്കുന്നു. ഇവയെ ദൈവിക പരിഗണനയോടെ പരിപാലിക്കുന്നു. ഈ ക്ഷേത്രത്തിലെ പ്രധാന വഴിപാട് നേർച്ച ആമയ്ക്ക് ചോറ് കൊടുക്കൽ ആണ്. ആന തഴമ്പ്, അരിമ്പാറ, തുടങ്ങിയ ത്വക്ക് രോഗങ്ങൾക്ക് ശമനമുണ്ടാവാൻ ആമയ്ക്ക് ചോറ് നേർച്ചയായി വഴിപാട് നേരുന്നു. മലബാർ ദേവസ്വം ബോർഡിന് കീഴിൽ പ്രവർത്തിക്കുന്ന ഈ ക്ഷേത്രവും, കാവും ആമക്കുളവും വിനോദ സഞ്ചാര മേഖലയിൽ ഇടം നേടിയ സ്ഥലമാണ്. ടൂറിസം വകുപ്പിന്റെ ഇടപെടലും ഇവിടെ ഉണ്ടായിട്ടുണ്ട്. ഈ ദൈവിക പരിഗണന കൊണ്ടു മാത്രമാണ് പാമ്പുകളും. ആമകളും, പക്ഷികളും, മറ്റ് ജീവജാലങ്ങളും വിഹരിക്കുന്ന ഈ ആവാസ കേന്ദ്രമായ കാവും തണ്ണീർ തടവും നിലനിൽക്കുന്നത്.

കാവിന്റെ അഭിവൃദ്ധി ലക്ഷ്യമാക്കി കൊണ്ട് ഗ്രാമപഞ്ചായത്ത് 2019 ൽ ഹരിത കേരള മിഷൻ ആശയമായ പച്ചത്തുരുത്തായി കാവിനെ പ്രഖ്യാപിക്കുകയും, പഞ്ചായത്ത് എൻ ആർ ഇ ജി പദ്ധതി പ്രകാരം കാവിനകത്ത് 100 ഓളം മര തൈകൾ നടുകയും ചെയ്തു. ജൈവവേലി ഒരുക്കിയിട്ടുണ്ട്. ഇപ്പോൾ കാവ് നേരിടുന്ന വെല്ലു വിളി കാവിനകത്തെ വള്ളിച്ചെടികൾ കൂടുതലായി മരങ്ങളെ ചുറ്റിപ്പിടിച്ച് വളരാൻ അനുവദിക്കാതെ നശിപ്പിക്കുന്നു എന്നുള്ളതാണ്. ഇത് പരിഹരിക്കുന്നതിനായി ക്ഷേത്രസംരക്ഷണ സമിതി നന്നായി ഇടപെടുന്നുണ്ട്. കാവിനും ക്ഷേത്രത്തിനും ചുറ്റുമായി വേലി കെട്ടി സംരക്ഷിച്ചിട്ടുണ്ട്. ഈ കാവും, തണ്ണീർതടവും നിലനിൽക്കുന്നതിനാൽ ചുറ്റുപാടുമുള്ള പ്രദേശത്തെ വീട്ടുകാർക്ക് കുടിവെള്ള സ്രോതസുകളിൽ നന്നായി വെള്ളം ലഭിക്കുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഇതിനു സമാനമായി ജില്ലയിൽ മാതൃകപരമായി ചൂണ്ടി കാട്ടാവുന്ന കാവുകളാണ് ഉദുമ ഗ്രാമപഞ്ചായത്തിലെ കാപ്പുകയം കാലിച്ചാംകാവ്, കോടോംബേളൂർ ഗ്രാമപഞ്ചായത്തിലെ എണ്ണപ്പാറ കോളിക്കാൽ ഭഗവതി കാവ്, നെരോത്ത് കാവ്, മടിക്കൈ ഗ്രാമപഞ്ചായത്തിലെ മുണ്ടോട്ട് കാവ്, വെണ്ണന്നൂർ കാവ്, കണ്ണിപ്പാറ - ശാസ്താംകാവ്, എരിക്കുളം ശാസ്താം കാവ്, പള്ളിക്കര ഗ്രാമപഞ്ചായത്തിലെ വള്ളിയോട്ട് കാവ്, പുല്ലൂർ പെരിയയിലെ കമ്മാടത്ത് കാവ് തുടങ്ങിയവ.




## ഹരിതഗ്രന്ഥശാല

### അഭിമന്യു കലാസാംസ്കാരിക സമിതി & ഗ്രന്ഥാലയം കുതിരുംചാൽ

കയ്യൂർ - ചീമേനി ഗ്രാമപഞ്ചായത്തിലെ കുതിരുംചാൽ പ്രദേശത്ത് അഭിമന്യു കലാസാംസ്കാരിക സമിതി & ഗ്രന്ഥാലയത്തിന്റെ നേതൃത്വത്തിൽ നടന്നു വരുന്ന ഒരു പ്രോജക്ട് ആണ് ക്ലീൻ കുതിരംചാൽ. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായാണ് 2024 നവംമ്പറിൽ പ്രൊജക്ട് ആരംഭിച്ചത്. പഞ്ചായത്തിലെ 14, 15 വാർഡുകളിലായി സ്ഥിതിചെയ്യുന്ന കുതിരംചാൽ പ്രദേശത്ത് 150 വീടുകളും 3 കടകളും 3 ആരാധനാലയങ്ങളും ഒരു കാവും ഒരു കുടിവെള്ള പദ്ധതിയുമാണുള്ളത്. കുട്ടികൾ കളിക്കുന്ന ഒരു മൈതാനവും ഉണ്ട്. കൂടാതെ തോടും കുളവും ഉണ്ട്. പഞ്ചായത്ത് ഭരണസമിതിയംഗങ്ങൾ, പ്രദേശത്തെ രാഷ്ട്രീയ സാംസ്കാരിക രംഗത്തെ പ്രവർത്തകർ, ആശാവർക്കർമാർ, അങ്കണവാടി വർക്കർമാർ, ക്ലബ്ബ് പ്രവർത്തകർ, വായനശാല പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, പുരുഷ സംഘം പ്രവർത്തകർ, ഹരിത കർമ്മസേന എന്നിങ്ങനെ സമൂഹത്തിലെ എല്ലാവരും ഈ പ്രോജക്ടിൽ സഹകരിക്കുന്നുണ്ട്.

ക്ലീൻ കുതിരുംചാൽ പദ്ധതിയുടെ ലക്ഷ്യങ്ങളും പ്രവർത്തന രൂപരേഖയും ഉൾപ്പെടുത്തി ഒരു നോട്ടീസ് തയ്യാറാക്കി സ്ക്വാഡ് പ്രവർത്തനത്തിലൂടെ പ്രദേശത്തെ മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലും വിതരണം ചെയ്തു. തുടർന്ന് മാലിന്യമുക്തം നവകേരളം ആശയങ്ങളും ക്ലീൻ കുതിരുംചാൽ പ്രവർത്തനങ്ങളെക്കുറിച്ചും ജനങ്ങളോട് സംവദിക്കുന്നതിന് ബോധവല്ക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു.

ഗ്രന്ഥാലയത്തിന്റെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ കുട്ടികളുടെ കളിസ്ഥലം, ഒളിയിലപ്പാറ, അമ്പലക്കുളവും പരിസരവും, കാവ് പരിസരം, തോട്, അമ്പലം റോഡ് എന്നീ പൊതുയിടങ്ങൾ ശുചീകരിച്ചു. കുതിരംചാൽ - തിമിരി നീർച്ചാലിലെ 8 ചെറു തടയണകളിൽ തങ്ങി നിന്നിരുന്ന മാലിന്യങ്ങൾ നീക്കം ചെയ്തു. ഇതിന്റെ തുടർച്ചയായി എല്ലാ വീടുകളും സ്ഥാപനങ്ങളും ശുചീകരിക്കുന്ന

ഒരു പ്രവർത്തനമാണ് നടത്തിയത്. "വൃത്തിയുള്ള പരിസരം ഈ വീടിന്റെ ഐശ്വര്യം, മാലിന്യ മുക്ത നവകേരളം, ക്ലീൻ കുതിരുംചാൽ" എന്ന സ്റ്റിക്കർ എല്ലാ വീടുകളിലും പതിച്ചു. വീടുകൾക്കായി ശുചിത്വ മത്സരം നടത്തി ഉപഹാരങ്ങൾ നൽകി.

കുതിരുംചാൽ പ്രദേശത്ത് പൊതുയിടങ്ങളിലും വീടുകളിലുമായി പച്ചക്കറി കൃഷി ആരംഭിച്ചു. എല്ലാ വീടുകളിലും പച്ചക്കറി കൃഷി നടത്തുന്നതിന് ആവശ്യമായ വിത്തുകളും തൈകളും വിതരണം ചെയ്തു. സംഘാടക സമിതിയുടെ നേതൃത്വത്തിൽ വഴിയോര പച്ചക്കറി കൃഷി ആരംഭിച്ചു.

ശുചിത്വ സർവ്വേ നടത്തി കുതിരുംചാൽ പ്രദേശത്തെ മാലിന്യ സംസ്കരണ രംഗത്തെ ഗ്യാപ്പുകൾ കണ്ടെത്തി. കുതിരംചാൽ പ്രദേശത്തെ 150 വീടുകളിൽ 131 വീടുകളിലാണ് സർവ്വേ നടത്തുവാൻ സാധിച്ചത്. ജൈവ മാലിന്യ സംസ്ക്കരണ ഉപാധിയില്ലാത്ത വീടുകളുടെ വിവരം സർവ്വേയിലൂടെ ലഭിച്ചു. അവ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനമാരംഭിച്ചു.

പ്രൊജക്ടിന്റെ ഭാഗമായി ബോട്ടിൽ ബൂത്തുകളും 3 IEC ബോർഡുകളും സ്ഥാപിച്ചിട്ടുണ്ട്. പ്ലക്കാർഡുകളും മറ്റും തയ്യാറാക്കി ശുചിത്വ പദയാത്ര നടത്തുകയും വിപുലമായ ഉദ്ഘാടനചടങ്ങ് നടത്തുകയും ചെയ്തിട്ടുണ്ട്. ക്ലീൻ കുതിരുംചാൽ പ്രൊജക്ടിൽ നടത്തിയ പ്രവർത്തനങ്ങളിലൂടെ മാലിന്യ സംസ്കരണ രംഗത്ത് ജനങ്ങളിൽ വലിയ തോതിൽ മനോഭാവമാറ്റം ഉണ്ടാക്കുവാൻ സാധിച്ചിട്ടുണ്ട്. മാലിന്യങ്ങൾ വലിച്ചെറിയുന്നതും കത്തിക്കുന്നതും വളരെയധികം കുറഞ്ഞിട്ടുണ്ട്. ജൈവ - അജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്ക്കരിക്കേണ്ടതിന്റെ ആവശ്യകത പ്രദേശത്തെ ജനങ്ങൾക്ക് ബോധ്യമായിട്ടുണ്ട്. ശ്രദ്ധേയമായ പ്രവർത്തനങ്ങൾ മാലിന്യമുക്തം നവകേരളത്തിന്റെ ഭാഗമായി നടത്തി മാതൃകയായ അഭിമന്യൂ കലാസാംസ്ക്കാരിക സമിതി & ഗ്രന്ഥാലയത്തെ 2025 മാർച്ച് 4 ന് കയ്യൂർ - ചീമേനി ഗ്രാമ പഞ്ചായത്ത് ഉപഹാരം നൽകി അനുമോദിച്ചിട്ടുണ്ട്.

ഇതു പോലെ പരിസ്ഥിതി പുനസ്ഥാപന രംഗത്ത് മാതൃകപരമായി ഇടപെട്ടുകൊണ്ടിരിക്കുന്ന മറ്റു വായനശാലകൾ മുളിയാർ ഗ്രാമപഞ്ചായത്തിലെ എ കെ ജി സ്മാരക ഗ്രന്ഥാലയം പാണൂർ, പള്ളിക്കര ഗ്രാമപഞ്ചായത്തിലെ ഇം എം എസ് സ്മാരക വായനശാല ആലക്കോട്, കാഞ്ഞങ്ങാട് നഗരസഭയിലെ



ക്ലീൻ കുതിരുംചാൽ പദ്ധതിക്ക് നേതൃത്വം നൽകിയ അഭിമന്യു കലാസാംസ്കാരിക സമിതി ആന്റ് ഗ്രന്ഥാലയത്തിന് പഞ്ചായത്തിന്റെ അംഗീകാരം

ബാലബോധിനി ഗ്രന്ഥാലയം അതിയാമ്പൂർ, ഗീതാജ്ഞലി ചേടിറോഡ്, അജാനൂർ ഗ്രാമപഞ്ചായത്ത് ഇം എം എസ് ഗ്രന്ഥാലയം വേലാശ്വരം, പിലിക്കോട് ഗ്രാമപഞ്ചായത്തിലെ ബാലകൈരളി ഗ്രന്ഥാലയം പൊള്ളപൊയിൽ എന്നിവയാണ്.

## ഹരിതസ്ഥാപനം

### RARS പിലിക്കോട് ഒരു മാതൃകാ ഹരിത സ്ഥാപനം

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഉത്തരമേഖലാ കാർഷിക ഗവേഷക കേന്ദ്രം (RARS) പിലിക്കോട് ഒരു മാതൃകാ ഹരിത സ്ഥാപനമാണ്. 150 ഏക്കർ സ്ഥലത്ത് വ്യാപിച്ചു കിടക്കുന്ന ഗവേഷണ കേന്ദ്രത്തിന്റെ കോമ്പൗണ്ട് വിശാലമായ മാന്തോപ്പുകളും തെങ്ങിൻ തോപ്പുകളും കശുമാവിൻ തോപ്പുകളും കൊണ്ട് നിറഞ്ഞതാണ്. തിരുമുമ്പ് സംസ്കൃതി പഠന കേന്ദ്രം എന്ന ഹെറിറ്റേജ് അഗ്രിടൂറിസം സെന്ററിന്റെ ആഭിമുഖ്യത്തിൽ ഒരേക്കർ വിസ്തൃതിയിൽ ഹരിതവനം ഉണ്ടാക്കിയിട്ടുണ്ട്. കൂടാതെ ഒരു ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിച്ചിട്ടുമുണ്ട്.

ഹരിത വനത്തിന്റെ തുടർച്ചയെന്നോണം ഔഷധ തോട്ടങ്ങൾ, വിദേശ ഫലവൃക്ഷത്തോട്ടം, കുട്ടികളുടെ പാർക്ക്, ശലഭോദ്യാനം, ബാംബു പാർക്ക്, മറ്റൊരു പച്ചത്തുരുത്ത്, വിവിധ വിളകളായ നെല്ല്, പ്ലാവ്,തെങ്ങ്, വാഴ, കിഴങ്ങ് വർഗ്ഗങ്ങൾ, ഫോഡ്ഡർ ഗ്രാസ്സ്, ഇലവർഗ്ഗങ്ങൾ എന്നിവയുടെ വൈവിധ്യമാർന്ന ബയോപാർക്ക് എന്നിവയും ഒരുക്കിയിട്ടുണ്ട്.

സസ്യോത്പാദനത്തിനു പുറമെ മൃഗസംരക്ഷണവും, മത്സ്യബന്ധനവും, പക്ഷി വളർത്തലും സമന്വയിപ്പിച്ചാലേ കൃഷി കൃഷിയാവുകയുള്ളു എന്ന ആശയം അന്വർത്ഥമാക്കും വിധം കാസർകോടൻ കുള്ളൻ പശുക്കൾ, മലബാറി ആടുകൾ, താറാവുകൾ, കൂടാതെ, മത്സ്യകൃഷിയും ഇവിടെ കാണാവുന്നതാണ്. കവി ഭവനത്തിൽ ഹെറിറ്റേജ് സ്റ്റേയും ഒരുക്കിയിട്ടുണ്ട്.

മാലിന്യ സംസ്കരണത്തിന് വിപുലമായ സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്. മണ്ണിര കമ്പോസ്റ്റ് സംവിധാനം മാതൃകാപരമായാണ് ചെയ്യുന്നത്. അജൈവ മാലിന്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് ഹരിത കർമ്മസേനക്ക് കൈമാറുന്നു. കാർഷിക രംഗത്ത് നൂതനമായ ആശയങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്.





തെങ്ങ് ഗവേഷണത്തിന് പുറമെ നെല്ല്, കശുമാവ്, പച്ചക്കറി തുടങ്ങിയ പ്രധാന വിളകളിലും ഗവേഷണങ്ങൾ നടന്നു വരുന്നുണ്ട്. ഹെറിറ്റേജ് അഗ്രി ടൂറിസം സെന്റർ സന്ദർശിക്കുന്നവർക്, ഫ്രഷ് ഫ്രം ഫാം ഉത്പന്നങ്ങൾക്കൊപ്പം, തെങ്ങു, നെല്ല്, കശുമാവ് എന്നിവയിൽ നിന്നുള്ള മൂല്യവർധിത ഉത്പന്നങ്ങളും, ജൈവ ഉല്പാദന ഉപാധികളും അതിനോടൊപ്പം തന്നെ വിവിധ വിളകളുടെ വിത്തുകളും നടീൽ വസ്തുക്കളും വാങ്ങി മടങ്ങാവുന്നതാണ്.

## ഹരിതവിദ്യാലയം

### ജി യു പി എസ് പാടിക്കീൽ

കാസറഗോഡ് ജില്ലയിലെ പിലിക്കോട് ഗ്രാമപഞ്ചായത്തിലെ വിദ്യാലയമാണ് ഗവ യു പി സ്കൂൾ പാടിക്കീൽ. കാമ്പസ് ഒരു പാഠപുസ്തകമെന്ന ലക്ഷ്യത്തിലേക്ക് എത്തിക്കാനുള്ള ആദ്യചുവട് വെപ്പായിരുന്നു സ്കൂളിലെ ജൈവവൈവിധ്യ ഉദ്യാന നിർമ്മാണം. നവ്യമായ അനുഭവം വിദ്യാർത്ഥികൾക്ക് പകർന്നു നൽകാൻ കഴിയും വിധമാണ് ഈ ഉദ്യാനം നിർമ്മിച്ചിരിക്കുന്നത്. പുല്ലുപോലും മുളക്കാതിരുന്ന ചെങ്കൽപാറ പ്രദേശത്തെ ഹരിതാഭമാക്കിയെടുക്കാൻ മാതൃകപരമായ ഇടപെടലാണ് സ്കൂൾ നടത്തിയത്.

മാലിന്യമുക്ത നവകേരളത്തിനായി നാടൊന്നാകെ കൈകോർക്കുമ്പോൾ അതിൽ മികച്ച പ്രകടനം കാഴ്ച വെയ്ക്കാൻ പാടിക്കീൽ സ്കൂളിന് കഴിഞ്ഞു. സ്കൂൾ ഹരിതാഭമാക്കുന്നതിനോടൊപ്പം മാലിന്യമുക്തവും വലിച്ചെറിയൽമുക്തവുമാക്കാനുള്ള ആസൂത്രിതമായ പ്രവർത്തനങ്ങൾ ആരംഭിച്ചു. കുട്ടികളിൽ ശാസ്ത്രീയമായ ആരോഗ്യ ശുചിത്വ ശീലങ്ങൾ വളർത്തിയെടുക്കുക എന്നത് കൂടിയായിരുന്നു ലക്ഷ്യം. ലക്ഷ്യം കൈവരിക്കുന്നതിനായി മുഴുവൻ ക്ലാസുകളിലും ജൈവ അജൈവ മാലിന്യങ്ങൾ തരംതിരിച്ചു ശേഖരിക്കാനുള്ള ബിന്നുകൾ സ്ഥാപിച്ചു. ശേഖരിക്കപ്പെടുന്ന പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ, കവറുകൾ, ബോട്ടിലുകൾ മുതലായവ ഹരിതകർമ്മസേനക്ക് യൂസർഫീ നൽകിക്കൊണ്ട് കൈമാറുന്നു. പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ കുട്ടികളുടെ ഹരിതകർമ്മസേനക്ക് രൂപം നൽകി പ്രവർത്തിച്ചു വരുന്നു. സ്കൂൾ വളപ്പിൽ ഉണ്ടാകുന്ന ചപ്പുചവറുകളും ജൈവമാലിന്യങ്ങളും വളമാക്കി മാറ്റാൻ കമ്പോസ്റ്റ് കുഴികൾ നിർമ്മിച്ചു. അടുക്കള മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ബയോബിൻ, റിംഗ് കമ്പോസ്റ്റ്, പൈപ്പ് കമ്പോസ്റ്റ് എന്നിവ സ്ഥാപിച്ചു. ദ്രവ മാലിന്യ സംസ്കരണത്തിന് സോക്ക് പിറ്റ്



നിർമ്മിച്ചു. കൂടാതെ പഞ്ചായത്ത് പദ്ധതി പ്രകാരം ജൈവമാലിന്യ സംസ്കരണ ഉപാധിയായ തുമ്പൂർമുഴി മാതൃകയിലുള്ള കമ്പോസ്റ്റിംഗ് എയോറിബിക്ക് ബിന്ന് സ്കൂളിന് ലഭ്യമാക്കി. ഇങ്ങനെ ജൈവവൈവിധ്യ ഉദ്യാനവും മാലിന്യസംസ്കരണ ഉപാധിയുമുള്ള സജീവമായ സമ്പൂർണ ഹരിതവിദ്യാലയമായി മാറിയിരിക്കുകയാണ് ഗവ യു പി സ്കൂൾ പാടിക്കീൽ. ജില്ലയിലെ മികച്ച ഹരിതവിദ്യാലയത്തിനുള്ള അംഗീകാരവും സംസ്ഥാനതലത്തിൽ വിദ്യാലയതലത്തിൽ മുഖ്യമന്ത്രിയുടെ മികച്ച പച്ചത്തുരുത്തിനുള്ള അംഗീകാരവും ഈ വിദ്യാലയത്തിന് ലഭിക്കുകയുണ്ടായി.

ഇതിനു സമാനമായി മാതൃകപരമായ ഇടപെടലിലൂടെ മുന്നിട്ടു നിൽക്കുന്ന മറ്റു ഹരിതവിദ്യാലയങ്ങളാണ് എ യു പി എസ് മുള്ളേരിയ, എ സി കെ എൻ എസ് ജി യു പി എസ് മേലാങ്കോട്ട്, ജി യു പി എസ് മലപ്പച്ചേരി, ജിയുപി സ്കൂൾ ചാമക്കുഴി കൂവാറ്റി, എയുപി സ്കൂൾ മുള്ളേരിയ, ജിഎൽപി സ്കൂൾ താരംതട്ട എന്നിവ.

## ഹരിത കലാലയം

### നെഹ്റു ആർട്സ് ആന്റ് സയൻസ് കോളേജ് പടന്നക്കാട്

കാഞ്ഞങ്ങാട് നഗരസഭ പരിധിയിലാണ് നെഹ്റു ആർട്സ് & സയൻസ് കോളേജ് സ്ഥിതി ചെയ്യുന്നത്. 1352 വിദ്യാർത്ഥികളും 75 അധ്യാപകരും 34 ജീവനക്കാരുമാണ് കോളേജിലുള്ളത്.

മാലിന്യമുക്തം നവകേരളത്തിന്റെ ഭാഗമായി ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾ, അധ്യാപകർ, ജീവനക്കാർ, മാനേജ്മെന്റ് എന്നിവരുടെ യോഗം വിളിച്ച് ചേർത്ത് ഹരിതകലാലയ പ്രവർത്തനങ്ങൾക്ക് രൂപരേഖയുണ്ടാക്കി. കോളേജിലെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ, കാർബൺ എമിഷൻ, പച്ചത്തുരുത്ത് സംരക്ഷണ പ്രവർത്തനങ്ങൾ, പൂന്തോട്ട വത്കരണം, ശലഭോദ്യാനം, ഔഷധസസ്യത്തോട്ടം, എന്നിവ ചർച്ച ചെയ്ത് മേൽ പ്രവർത്തനങ്ങൾ ശാസ്ത്രീയമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് പദ്ധതികൾ തയ്യാറാക്കി. ശാസ്ത്രീയമാലിന്യ സംസ്കരണത്തിനായി ബയോ കമ്പോസ്റ്റിംഗ് സംവിധാനം, റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾ, ബയോഗ്യാസ് പ്ലാന്റുകൾ, ഇൻസിനേറ്ററുകൾ, അജൈവമാലിന്യ ശേഖരണ ബിന്നുകൾ എന്നിവ സ്ഥാപിച്ചു. സംസ്കരണ യൂണിറ്റുകളിൽ നിന്ന് ലഭ്യമാകുന്ന ജൈവ



നെഹ്റു ആർട്സ് ആന്റ് സയൻസ് കോളേജ് പടന്നക്കാട് ഹരിതകലാലയം പ്രഖ്യാപനം

വളം ചെടി പരിപാലനത്തിന് ഉപയോഗിക്കുകയും ബിന്നുകളിലെ പാഴ്‌വസ്തുക്കൾ ഹരിത കർമ്മ സേനയ്ക്ക് കൈമാറുകയും ചെയ്തു.

### പച്ചത്തുരുത്ത് പ്രവർത്തനങ്ങൾ

സോഷ്യൽ ഫോറസ്ട്രിയുടെ ഭാഗമായി കോളേജിൽ വ്യാപകമായി അക്കേഷ്യ നട്ടു പിടിപ്പിച്ചതിനാൽ മറ്റു മരങ്ങൾ പൂർണ്ണമായും ഇല്ലാതാകുകയും അക്കേഷ്യ വ്യാപിക്കുകയും ചെയ്തു. കോളേജ് ബോട്ടണി വിഭാഗം മാനേജ്മെന്റിന്റെയും വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും യോഗം ചേർന്ന് അക്കേഷ്യ മരങ്ങൾ പൂർണ്ണമായും പിഴുതെടുത്തു. അതിൽ അമ്പത് സെന്റ് മണൽ പരപ്പിൽ മണ്ണ് നിക്ഷേപിച്ച് അപൂർവ്വവും വംശനാശ ഭീഷണി നേരിടുന്നവയുൾപ്പെടെയുള്ള വൃക്ഷ ചെടികൾ നട്ടുപിടിപ്പിച്ചു. ശീമക്കൊന്ന കള്ളിമുൾ ചെടികൾ എന്നിവ ഉപയോഗിച്ച് ജൈവവേലിയുണ്ടാക്കി. വിദ്യാർത്ഥികളുടെയും നാട്ടുകാരുടെയും സംരക്ഷണ സമിതി നിലവിൽവന്നു. തുടർന്ന് കോളേജ് പരിസരം ഹരിതാഭമാക്കുന്നതിന്



പൂന്തോട്ട വത്ക്കരണം, മന്തോപ്പ് പച്ചത്തുരുത്ത്, ഔഷധസസ്യത്തോട്ടം, ശലഭോദ്യാനം, എന്നിവ തുടർച്ചയായി ഏറ്റെടുത്ത് നടപ്പിലാക്കിയത് ഹരിതകലാലയമായി മാറുന്നതിന് ഏറെസഹായകരമായി.

പച്ചത്തുരുത്ത് പ്രവർത്തനങ്ങൾ കാർബൺ സംഭരണത്തിന് സഹായകമായി. കാർബൺ എമിഷൻ കുറയ്ക്കുന്നതിനായി 100 kw സോളാർ പ്ലാന്റ് സ്ഥാപിച്ചു. ഇതിലൂടെ കോളേജിലെ ഊർജ ആവശ്യങ്ങൾ പൂർണ്ണമായും സോളാർ സംവിധാനത്തിലേക്ക് മാറി.

## നെറ്റ് സീറോ കാർബൺ നെഗറ്റീവ് സ്റ്റാറ്റസ്

ഹരിതകേരളം മിഷൻ- നെറ്റ് സീറോ കാർബൺ സ്ഥാപനതല സർവെയിലൂടെ കാർബൺ എമിഷനും കാർബൺ സീക്വസ്ട്രേഷനും വിലയിരുത്തിയപ്പോൾ നെഹ്റു കോളേജിന് നെറ്റ് സീറോ കാർബൺ നെഗറ്റീവ് സ്റ്റാറ്റസ് ലഭിച്ചു. ഹരിതചട്ട പ്രോട്ടോക്കോൾ സമിതി, എൻ എസ് എസ്, എൻ സി സി എന്നിവ ഹരിത വിജ്ഞാന വിനിമയ പ്രവർത്തനങ്ങൾ തുടരുകയും വിദ്യാർത്ഥികളിലും പരിസര പ്രദേശങ്ങളിലും പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു. കടലോര ശുചീകരണം, കണ്ടൽച്ചെടികൾ വെച്ച് പിടിപ്പിക്കൽ എന്നിവയും കാർഷിക പ്രവർത്തനങ്ങളും തുടരുന്നു. പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ്സായി തുടരുന്നതിനുള്ള മികച്ച ബദൽ പ്രവർത്തനങ്ങളും ഏറ്റെടുക്കുന്നു. ജില്ലയിലെ മികച്ച ഹരിതകലാലയമായി നെഹ്റു ആർട്സ് & സയൻസ് കോളേജ് മാതൃകയാകുന്നു.




നെഹ്റു ആർട്സ് ആന്റ് സയൻസ് കോളേജ് പടന്നക്കാട് കാർബൺ നെഗറ്റീവ് സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങുന്നു

കാസറഗോഡ് നഗരസഭയിലെ കാസറഗോഡ് ഗവ കോളേജും ഹരിതകലാലയ പ്രവർത്തനങ്ങളിലും പച്ചത്തുരുത്ത്, നെറ്റ് സീറോ പ്രവർത്തനങ്ങളിലും മുന്നിട്ടു നിൽക്കുന്ന കലാലയമാണ്.

## ഹരിതടൂറിസം

### പൊലിയംതുരുത്ത് ഇക്കോ ടൂറിസം കേന്ദ്രം

ചന്ദ്രഗിരി ഇക്കോ ടൂറിസം ഡവലപ്മെന്റ് സൊസൈറ്റിക്ക് കീഴിൽ പ്രവർത്തിക്കുന്ന ഒരു ടൂറിസം കേന്ദ്രമാണ് പൊലിയം തുരുത്ത് ഇക്കോ ടൂറിസം കേന്ദ്രം. ബേഡഡുക്ക പഞ്ചായത്തിലെ വാർഡ് 7 ൽ




പ്പെട്ട പൊലിയൻതുരുത്ത് എന്ന് സ്ഥലത്താണ് ഈ ടൂറിസം കേന്ദ്രം പ്രവർത്തിക്കുന്നത്. 4 ഭാഗത്തും പുഴകളാൽ ചുറ്റപ്പെട്ട ഒരു കുന്നിൻ തുരുത്താണ് ഇത്. ചന്ദ്രഗിരിപ്പുഴയുടെ കൈവഴിയായ പയസ്വിനിപ്പുഴയുടെ തീരത്താണ് ഈ തുരുത്ത്. പ്രകൃതി രമണീയമായ ഈ സ്ഥലത്ത് എല്ലാ സംവിധാനങ്ങളും പ്രകൃതി സൗഹൃദമായാണ് സജീകരിച്ചിട്ടുള്ളത്. ദിവസവും നിരവധി സഞ്ചാരികൾ ഇവിടെ എത്താറുണ്ട്. കുട്ടികൾക്ക് വേണ്ടിയുള്ള മിനി പാർക്ക്, കൺവെൻഷൻ ഹാൾ,ഗസ്റ്റ് ഹൗസുകൾ എന്നിവ ഇവിടെയുണ്ട്. പുഴക്ക് കുറുകെയുള്ള തൂക്കുപാലത്തിലൂടെയാണ് ഈ തുരുത്തിലേക്ക് എത്തേണ്ടത്. മാലിന്യ പരിപാലന രംഗത്ത് നല്ല ഇടപെടലാണ് ഇവിടെ നടത്തിയിട്ടുള്ളത്. സഞ്ചാരികൾക്ക് ജൈവ, അജൈവ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് പ്രത്യേകം ബിന്നുകൾ ഇടവിട്ട സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ഹരിത കർമ്മസേനയുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ദ്രവ മാലിന്യ സംസ്കരണത്തിന് എസ് ടി പി, എഫ് എസ് ടി പി തുടങ്ങിയ സംവിധാനങ്ങൾ മികച്ച രീതിയിൽ തന്നെ പ്രവർത്തിക്കുന്നുണ്ട്. പ്രകൃത്യാ ഉള്ള മരങ്ങളും, സസ്യങ്ങളും നശിപ്പിക്കാതെ തന്നെ നിർമ്മാണ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. നടപ്പാതയും റോഡും എല്ലാം ചെങ്കൽ പാകി പ്രകൃതി സൗഹൃദമാക്കിയിട്ടുണ്ട്. എല്ലാം കൊണ്ടും ഹരിതാഭമായ ടൂറിസം കേന്ദ്രം.

അഴിത്തല, മുന്നാട് സാന്റൽ മിസ്റ്റ് റിസോർട്ട്, ഹൊസ്ദുർഗ്ഗ് കൈറ്റ് ബീച്ച് സമാനമായ ഹരിതടൂറിസ്റ്റ് സെന്ററുകളാണ്.

## ഹരിത ടൗൺ

### വെള്ളരിക്കുണ്ട്

പരപ്പ ബ്ലോക്കിൽ ബളാൽ പഞ്ചായത്തിലെ പതിനാലാം വാർഡിൽ ആണ് വ്യാപാര കേന്ദ്രം കൂടിയായ വെള്ളരിക്കുണ്ട് ടൗൺ. മിനി സിവിൽ സ്റ്റേഷൻ, 5 ബാങ്കിംഗ് സ്ഥാപനങ്ങൾ, കെ.എസ്.എഫ്.ഇ, ട്രഷറി തുടങ്ങി 200 ലധികം സ്ഥാപനങ്ങൾ ഇവിടെ ഉണ്ട്. നിർമ്മലഗിരി എ.എൽ.പി.എസ്, സെന്റ് ജോസഫ് എ യു പി എസ്, സെന്റ് ജൂഡ്സ് ഹയർ സെക്കണ്ടറി സ്കൂൾ, സെന്റ് എലിസബത്ത് ഇംഗ്ലീഷ് മീഡിയം സ്കൂൾ എന്നിവയും വെള്ളരിക്കുണ്ട് ക്രിസ്ത്യൻ ദേവാലയവും ടൗണുമായി ബന്ധപ്പെട്ടു വരുന്നു. വ്യാപാരി വ്യവസായ സംഘടന ശക്തമാണ്. മങ്കയത്തുള്ള വെള്ളരിക്കുണ്ട് കുടുംബാരോഗ്യ കേന്ദ്രം മുതൽ വെള്ളരിക്കുണ്ട് പോലീസ് സ്റ്റേഷൻ, സെന്റ് മേരീസ് കോളേജ് വരെയും ഉള്ള 3 കിലോമീറ്റർ മരങ്ങൾ വെച്ച് പിടിപ്പിച്ച് ഹരിതാഭമാക്കിക്കൊണ്ടാണ് ഹരിത ടൗൺ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. പരപ്പ ബ്ലോക്ക് പഞ്ചായത്തിന്റെ ഹരിതം വെള്ളരിക്കുണ്ട് പ്രോജക്ട് വിഹിതവും വ്യാപാരി വ്യവസായ സമിതിയുടെയും സന്നദ്ധ സംഘടനകളുടെ സഹകരണവും ഹരിതാഭമാക്കാൻ സഹായിച്ചു. മൂന്നുവർഷം മുമ്പ് തുടങ്ങിയ പ്രവർത്തനം കൊണ്ട് കായ്ച്ചു നിൽക്കുന്ന ഫലവൃക്ഷങ്ങളിലേക്ക് വളർന്നു. ഇതിനു സമാന്തരമായി ഇടവേളകൾ വെച്ച് ടൗൺ ശുചീകരണം ഇതിനുവേണ്ടി രൂപീകരിച്ച ഹരിതം വെള്ളരിക്കുണ്ട് സമിതി ആസൂത്രണം ചെയ്തു. മാലിന്യങ്ങൾ സ്പെഷ്യൽ ഡ്രൈവിലൂടെ പഞ്ചായത്തു സഹകരണത്തിലൂടെയും നീക്കം ചെയ്തു. വ്യാപാരികളുടെ യോഗം പലതവണ ചേർന്ന്

ബോധവൽക്കരണം നടത്തി. എല്ലാ കടകളിലും ബിന്നുകൾ സ്ഥാപിച്ചു. 4 പ്രചരണ ബോർഡുകൾ വെച്ചിട്ടുണ്ട്. പാലക്കുന്ന്, ഇരിയണ്ണി, ചെറുവത്തൂർ ടൗണുകളിലും സമാനമായ പ്രവർത്തനം കാഴ്ച വെച്ച ഹരിത ടൗണുകളാണ്.

**കാപ്പിൽ കുളം**

കാസറഗോഡ് ജില്ലയിലെ പടന്ന ഗ്രാമപഞ്ചായത്തിൽ ഒൻപതാം വാർഡിലാണ് കാപ്പിൽ കുളം സ്ഥിതിചെയ്യുന്നത്. ജില്ലയിലെ ഏറ്റവും വലിയ കുളങ്ങളിൽ ഒന്നായ ഈ കുളത്തിന് 2 ഏക്കർ വിസ്തൃതിയുണ്ട്. ഏറെക്കാലം കുറ്റിക്കാടും ചെളിയും നിറഞ്ഞ് ശോച്യാവസ്ഥയിലായിരുന്നു ഈ കുളം. കാസറഗോഡ് ജില്ലാ പഞ്ചായത്ത് 27 ലക്ഷം രൂപ ചെലവഴിച്ച് 2024-25 വർഷം കാപ്പിലെ കുളം നവീകരിച്ചു. നവീകരണത്തിന്റെ ഭാഗമായി ചുറ്റുമതിൽ കെട്ടുകയും നാലു ഭാഗത്തുമായി ചെങ്കല്ല് പാകിയ നടപ്പാത ഒരുക്കുകയും കമ്പി വേലി കെട്ടുകയും ചെയ്ത് സുരക്ഷിതമാക്കിയിട്ടുണ്ട്. നാട്ടുകാർക്ക് പ്രഭാത - സായാഹ്ന സവാരികൾക്ക് അനുയോജ്യമായ രീതിയിലാണ് കുളത്തോടൊപ്പമുള്ള നിർമ്മാണ പ്രവൃത്തി ചെയ്തിട്ടുള്ളത്. പ്രദേശവാസികളെ കൂടാതെ തൊട്ടടുത്ത പഞ്ചായത്തുകളിലുള്ളവരും കുളത്തിൽ നീന്തുന്നതിനും പ്രഭാത - സായാഹ്ന സവാരിക്കും എത്താറുണ്ട്.

**കമനീയം കാഞ്ഞങ്ങാട്**

കാഞ്ഞങ്ങാട് നഗരസഭയിലെ സിവിൽ സ്റ്റേഷൻ പരിസരത്ത് കാലങ്ങളായി മാലിന്യങ്ങൾ കുന്നുകൂടി കിടന്നിരുന്ന പൊതു കിണർ ഹരിതകേരളം മിഷൻ നടപ്പിലാക്കിയ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി നഗരസഭയിലെ ഹരിതകർമ്മസേന അംഗങ്ങൾ ഈ കിണർ പുനരുജ്ജീവിപ്പിക്കാൻ തീരുമാനമെടുക്കുകയായിരുന്നു. 101 ഹരിതകർമ്മസേന അംഗങ്ങൾക്ക് ലഭിക്കുന്ന വരുമാനത്തിൽ നിന്ന് 2 ലക്ഷം രൂപ ചെലവഴിച്ച് കിണർ ശുചീകരണം നടത്തി മാലിന്യമുക്തമാക്കുകയും, ആരു കണ്ടാലും ആകർഷിക്കുന്ന രീതിയിൽ ഭംഗിയായി മോടി പിടിപ്പിക്കുകയും ചെയ്തു. ഒരു പൂക്കൂടയുടെ ആകൃതിയുള്ള ഈ കിണർ ഇന്ന് ഏവരുടെയും ശ്രദ്ധയാകർഷിക്കുന്നു. ഇത് ഹരിതകർമ്മസേനയുടെ മാതൃകാപരമായ പ്രവർത്തനമാണ്. അതോടൊപ്പം പുതിയ കോട്ട നഗരചത്വരവും, അലാമിപ്പള്ളി പുതിയ ബസ് സ്റ്റാന്റ് വരെയുള്ള പൂന്തോട്ടവും പച്ചത്തുരുത്തുകളും ശ്രദ്ധേയമാണ്.




പൂക്കുടയുടെ ആകൃതിയിൽ ഹരിതകർമ്മസേനാംഗങ്ങൾ പുനരുജ്ജീവിപ്പിച്ച കിണർ

# മിഷൻ നേട്ടങ്ങളുടെ പ്രവർത്തന വഴികൾ

കാസറഗോഡ് ജില്ലയിൽ സുസ്ഥിര വികസനം ലക്ഷ്യമിട്ട് പിന്നിട്ട ഒൻപതു വർഷത്തിലധികമുള്ള കാലയളവിൽ നടപ്പിലാക്കിയ സവിശേഷമായ പരിസ്ഥിതി ഇടപെടലുകളും അതിലൂടെ ആർജിക്കാൻ കഴിഞ്ഞ നേട്ടങ്ങളും സൃഷ്ടിക്കപ്പെട്ട മാതൃകകളുമാണ് അധ്യായം മൂന്നിലും നാലിലും വിശദീകരിച്ചത്. മാലിന്യ സംസ്കരണം, ജലസംരക്ഷണം, കൃഷി, പരിസ്ഥിതി പുനസ്ഥാപനം എന്നീ മേഖലകൾ കേന്ദ്രീകരിച്ചാണ് ഈ പ്രവർത്തനങ്ങളെല്ലാം നടന്നത്. വിവിധ സർക്കാർ വകുപ്പുകളെയും ഏജൻസികളെയും ഏകോപിപ്പിച്ചു കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടപ്പാക്കുക എന്ന രീതിയാണ് ഹരിതകേരളം മിഷൻ അവലംബിച്ചിരുന്നത്.

ഓരോ കാലഘട്ടത്തിന്റെയും സവിശേഷതകൾ പരിഗണിച്ചും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശേഷി കണക്കിലെടുത്തും കാലാകാലങ്ങളിൽ സംസ്ഥാനതലത്തിൽ തന്നെ അനേകം ക്യാമ്പയിനുകൾ ഇതിനായി ആവിഷ്ക്കരിച്ചിരുന്നു. ഇതോടൊപ്പം ജില്ലയുടെ സവിശേഷമായ ക്യാമ്പയിനുകളും ശ്രദ്ധേയമായിരുന്നു. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്കൂളുകൾ, ഏജൻസികൾ എന്നിവയുടെ നേതൃത്വത്തിൽ പ്രത്യേകമായി ആവിഷ്ക്കരിച്ചു വിജയിപ്പിച്ച പ്രാദേശിക ക്യാമ്പയിനുകളും അതുമായി ബന്ധപ്പെട്ട അനേകം പ്രവർത്തനങ്ങളുമെല്ലാം ചേർന്നാണ് ജില്ലയെ കൂടുതൽ പാരിസ്ഥിതിക സുസ്ഥിര പ്രദേശമാക്കാനുള്ള ഇടപെടലുകൾ നടന്നത്. മികച്ച നേട്ടങ്ങൾ സൃഷ്ടിച്ച ഈ പ്രവർത്തനങ്ങളുടെ നാൾവഴികൾ സംക്ഷിപ്തമായി പട്ടികപ്പെടുത്താനാണ് ഈ അധ്യായത്തിൽ ശ്രമിക്കുന്നത്.

## മിഷൻ പ്രാരംഭഘട്ടത്തിൽ

2016 ഡിസംബർ 8 ഹരിതകേരളം മിഷൻ പദ്ധതി നീലേശ്വരം നഗരസഭയിലെ കോവിലകംചിറ ശുചീകരിച്ചുകൊണ്ട് ആരംഭിച്ചു. തുടർന്ന് ജില്ലയിലെ 38 ഗ്രാമപഞ്ചായത്തുകളിലും 3 നഗരസഭകളിലുമായി മാലിന്യ പരിപാലനം, ജലസംരക്ഷണം, കൃഷി എന്നീ മേഖലകളിൽ 5842 പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്.

## ജലസംരക്ഷണ പ്രവർത്തനങ്ങൾ

ഇനി ഞാൻ ഒഴുകട്ടെ - ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഒരു തോടോ നീർച്ചാലോ തെരഞ്ഞെടുത്ത് ജനകീയമായി ശുചിയാക്കുന്ന കർമ്മപരിപാടിയാണിത്. ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത്, നഗരസഭാ തലങ്ങളിൽ സാങ്കേതിക സമിതികൾ ചേർന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സഹകരണത്തോടയും ജനപങ്കാളിത്തത്തോടെയും ആദ്യഘട്ടത്തിൽ ജില്ലയിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും നീർച്ചാലുകളുടെ പുനരുജ്ജീവനം പ്രവർത്തനം നടന്നു.

## തൽസ്ഥല മണ്ണുജല സംരക്ഷണത്തിന് മുന്നൊരുക്കം - നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ



ഹരിതകേരളം മിഷന്റെ ജലസംരക്ഷണ ഉപമിഷന്റെ നേതൃത്വത്തിൽ ജില്ലയിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ തയ്യാറാക്കി. മഞ്ചേശ്വരം, ഉപ്പള, ഷിറിയ, മൊഗ്രാൽ, ചന്ദ്രഗിരി, ചിത്താരി, നീലേശ്വരം, കാര്യങ്കോട്, കവ്വായി നദീതടങ്ങളിലെ സൂക്ഷ്മ നീർത്തടങ്ങളെ അടിസ്ഥാനമാക്കിയാണ് പ്രാദേശികതലത്തിൽ മാസ്റ്റർ പ്ലാൻ രൂപപ്പെടുത്തിയത്. ഹരിതകേരളം ജില്ലാ ജല സാങ്കേതിക സമിതിയുടെ നേതൃത്വത്തിൽ ബ്ലോക്ക്, നഗരസഭ, ഗ്രാമപഞ്ചായത്ത് തല സമിതികളാണ് പ്രവർത്തനങ്ങൾ ഏറ്റെടുത്തത്. ജലസേചന വകുപ്പിലെ എഞ്ചിനീയർമാരാണ് ഓരോ തലത്തിലുമുള്ള കൺവീനർമാരായി പ്രവർത്തിച്ചത്. ലാന്റ് യൂസ് ബോർഡിൽ നിന്നും സെസ്സിൽ നിന്നും ലഭിച്ച വാട്ടർഷെഡ് അറ്റ്ലസ് ഉപയോഗപ്പെടുത്തിയാണ് സൂക്ഷമ നീർത്തടങ്ങളെ വേർതിരിച്ചത്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംഘാടക സമിതികൾ രൂപീകരിച്ച് ഓരോ തലത്തിലും നീർത്തട നടത്തം സംഘടിപ്പിച്ച് വിവരശേഖരണം നടത്തി. 2017 ലെ “ജലജീവനം അതിജീവനം” എന്ന പേരിൽ നടത്തിയ ജലസഭകളിൽ “ജലമാണ് ജീവൻ” ബ്രോഷറുകൾ വിതരണം ചെയ്തിരുന്നു. 7206 അയൽക്കൂട്ടങ്ങളിൽ 99678 പേർ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രാദേശിക നിർദ്ദേശങ്ങളും ജലസഭകളിൽ നിന്നും ലഭിച്ചു. ദ്വിതീയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ മാസ്റ്റർ പ്ലാനുകൾ ജലസഭകളിൽ അവതരിപ്പിച്ച് അംഗീകാരം നേടി. ഗ്രാമപഞ്ചായത്തു തലത്തിൽ തയ്യാറാക്കിയ പ്ലാനുകൾ ഏകോപിപ്പിച്ച് ബ്ലോക്കുതല സാങ്കേതിക സമിതികൾ മാസ്റ്റർ പ്ലാൻ തയ്യാറാക്കി. ഓരോ നീർത്തടങ്ങളുടെയും പൊതുവിവരങ്ങൾ, നിലവിലുള്ള അവസ്ഥ, പ്രകൃതിവിഭവ സംരക്ഷണം, തൽസ്ഥല മണ്ണ് ജലസംരക്ഷണം, സമഗ്ര കാർഷിക വികസന കർമ്മപരിപാടികൾ, ഹ്രസ്വകാല, ദീർഘകാല സമീപനങ്ങൾ എന്നിവ പ്ലാനിൽ വിശദീകരിച്ചു.

തുടർന്ന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി മുഖേന നീരുറവ് സമഗ്ര മാസ്റ്റർപ്ലാൻ തയ്യാറാക്കാനും ജലബജറ്റ്, ജില്ലാ ജലസുരക്ഷാ പ്ലാൻ എന്നിവ തയ്യാറാക്കാനും ഈ രേഖകൾ ഏറെ പ്രയോജനപ്പെട്ടു. നീർത്തട മാസ്റ്റർപ്ലാൻ അടിസ്ഥാനമാക്കിയുള്ള നിർവ്വഹണത്തിന് വിവിധ വകുപ്പുകളുടെ ഏകോപനം അനിവാര്യമാണ്.

ഹരിതകേരളം മിഷന്റെ ഭാഗമായി മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ജലസേചന വകുപ്പ്, ഭൂജല വകുപ്പ്, മണ്ണ് സംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, ഫിഷറീസ് വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഏകോപനത്തിലൂടെ വിവിധ പ്രവർത്തനങ്ങൾ നടന്നു. അധ്യായം ഒന്നിൽ സൂചിപ്പിച്ചത് പോലെ ഒന്നാംഘട്ടത്തിൽ തോടുകളുടെ നവീകരണം, കുളം നവീകരണം, കുളം നിർമ്മാണം, കിണർ റീചാർജ്ജിംഗ്, ജലസേചന കനാൽ നവീകരണം, വൃഷ്ടി പ്രദേശ പരിപാലനം, ചെക്ക്ഡാം/വി.സി.ബി നിർമ്മാണവും നവീകരണവും, താത്കാലിക തടയണ നിർമ്മാണം, ക്വാറികളിലെ ജല ഉപയോഗം(മത്സ്യക്കൃഷി) എന്നീ ജലസംരക്ഷണ പ്രവർത്തനങ്ങളാണ് നടന്നത്.

ജലസംഗമം- ഹരിതകേരളം മിഷൻ ജലസംരക്ഷണ ഉപമിഷനുമായി ബന്ധപ്പെട്ട് ജില്ലയിൽ നടത്തിയ മികച്ച പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുന്നതിനും ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുമായി ഏകദിന ശിൽപശാല 29-01-2019 ഡി.പി.സി ഹാളിൽ "ജില്ലാ ജലസംഗമം" എന്ന പേരിൽ നടന്നു.



### ജലസഭ

ഹരിത കേരളം മിഷന്റെ ഭാഗമായി ജലസംരക്ഷണ പ്രവർത്തനത്തിന് ജനങ്ങളെ സജ്ജരാക്കുന്നതിനായി കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ നടന്ന പ്രവർത്തനമാണ് ജലസഭ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഓരോ വാർഡും കേന്ദ്രീകരിച്ച് ഏറ്റെടുക്കാവുന്ന ജലസംരക്ഷണ പ്രവർത്തനങ്ങൾ നിർണ്ണയിക്കുകയും അവ ജലസഭ ചേർന്ന ശേഷം നടപ്പിലാക്കുകയുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടത്. ഇതിനായി കുടുംബശ്രീ ബാലസഭകൾ പ്രത്യേകം വിളിച്ചു ചേർക്കുകയും കുട്ടികളെ ജലസംരക്ഷണ പ്രവർത്തനത്തിന് സജ്ജരാക്കുകയും ചെയ്തു. 'ജലമാണ് ജീവൻ' എന്ന ലഘുലേഖ ജലസഭയിൽ പങ്കെടുത്ത എല്ലാവർക്കും വിതരണം ചെയ്തു..



തെളിനീരൊഴുകും നവകേരളം : 2020 വർഷത്തിൽ തെളിനീരൊഴുകും നവകേരളം ക്യാമ്പയിൻ നടത്തി. ഇനി ഞാൻ ഒഴുകട്ടെ ക്യാമ്പയിനിന്റെ തുടർച്ചയായി തന്നെയാണ് ഈ ക്യാമ്പയിനും നടന്നിട്ടുള്ളത്. കാസറഗോഡ് ജില്ലയിൽ പരിശോധിച്ച 3108 ടെസ്റ്റുകളിൽ 2486 സാമ്പിളുകളിൽ ഇ.കോളി ബാക്ടീരിയയുടെ സാന്നിദ്ധ്യം കണ്ടെത്തുകയുണ്ടായി. 80% വെള്ളത്തിലും ഇ.കോളി കണ്ടെത്തിയത് ജനങ്ങളെ ആശങ്കാകുലരാക്കി. നീർച്ചാലുകളും പുഴകളും കുളങ്ങളുമൊക്കെ വീണ്ടെടുക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്താൻ ഈ പ്രവർത്തനം കൊണ്ട് സാധിച്ചു.

ജലബജറ്റിൽ നിന്ന് ജലസുരക്ഷ പ്ലാനിലേക്ക് : കാസറഗോഡ്, മഞ്ചേശ്വരം ബ്ലോക്കുകൾ ഭൂജല ലഭ്യതയിൽ ക്രിട്ടിക്കൽ സെമിക്രിട്ടിക്കൽ തലത്തിലാണ്. മഴ കൂടുതലായി ലഭിക്കുന്നുവെങ്കിലും വരൾച്ച നേരിടുന്ന പ്രദേശങ്ങളും ധാരാളമുണ്ട് എന്ന അവസ്ഥ മനസ്സിലാക്കിയാണ് കോഴിക്കോട് സി.ഡബ്ല്യു.





ആർ.ഡി.എം ന്റെ രീതിശാസ്ത്രം ഉപയോഗിച്ച് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജില്ലാ ജല സാങ്കേതിക സമിതിയുടെ മേൽനോട്ടത്തിൽ ജില്ലയിലെ 41 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജലബജറ്റ് തയ്യാറാക്കിയത്. ആദ്യഘട്ടത്തിൽ കാഞ്ഞങ്ങാട് ബ്ലോക്കും ഒപ്പമുള്ള അഞ്ച് ഗ്രാമപഞ്ചായത്തുകളും ജലബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് ആദ്യമായി മുഴുവൻ നഗരസഭകളിലും ഗ്രാമപഞ്ചായത്തുകളിലും ജലബജറ്റ് തയ്യാറാക്കിയത് കാസറഗോഡ് ജില്ലയിലാണ്. തുടർന്ന് ബ്ലോക്ക്-പഞ്ചായത്ത് തലത്തിൽ ഏകോപിപ്പിച്ച് ജലബജറ്റ് തയ്യാറാക്കി ജലസഭയിൽ അവതരിപ്പിച്ചു. 2024 ഒക്ടോബർ 31 ന് ജില്ലാതലത്തിൽ ജില്ലാ ജലബജറ്റ് തയ്യാറാക്കി. ജില്ലാ പഞ്ചായത്ത് ഈ തുടർപ്രവർത്തനത്തിന് നേതൃത്വം നൽകി. തുടർന്ന് ജില്ലയിലെ നദികളെ അടിസ്ഥാനമാക്കി ജലസുരക്ഷാ പ്ലാൻ തയ്യാറാക്കി തുടർപ്രവർത്തനങ്ങൾ അംഗീകരിച്ചു. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പ്രതിമാസ അവലോകനം നടത്തുകയും ജലശക്തി അഭിയാൻ പ്രവർത്തനങ്ങളുമായി ഏകോപിപ്പിക്കുകയും ചെയ്തു വരുന്നുണ്ട്.

## മാലിന്യ സംസ്കരണ ഉപമിഷൻ

### ശുചിത്വ രംഗത്ത് എന്നും മുന്നിൽ

ഹരിതകേരളം മിഷൻ കാസറഗോഡ് ജില്ലാതല ഉദ്ഘാടനത്തെ തുടർന്ന് ജില്ലയിലെ 41 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മുഴുവൻ വാർഡുകളിലും മാലിന്യകൂമ്പാരങ്ങൾ നീക്കം ചെയ്തു. സ്വാപ്പ് മേളകൾ, ഓഫീസ്, വിദ്യാലയ പരിസരം ശുചീകരണം, പ്ലാസ്റ്റിക് ശേഖരിച്ച് പുനഃചംക്രമണ കേന്ദ്രങ്ങൾക്ക് കൈമാറൽ, ബോധവല്ക്കരണ പ്രവർത്തനങ്ങൾ, കിണറുകൾ, തോടുകൾ, കുളങ്ങൾ എന്നിവ ശുചിയാക്കൽ തുടങ്ങിയ പ്രവർത്തനങ്ങളും നടന്നു. മാലിന്യമുക്തം നവകേരളവും, വലിച്ചെറിയൽ മുക്ത സംസ്ഥാനവും സാധ്യമാക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങളുമായാണ് ഹരിതകേരളം മിഷൻ തുടക്കം കുറിച്ചത്. 5842 പ്രവർത്തനങ്ങളാണ് ആദ്യ ദിവസം ആരംഭിച്ചത്. ഇതിൽ 2888 പൊതുശുചീകരണവും 592 ജലാശയ ശുചീകരണവുമായിരുന്നു.




സ്വാപ്പ് ഷോപ്പുകൾ: ഉപയോഗ്യമായതും എന്നാൽ ഉടമയ്ക്ക് ആവശ്യമില്ലാത്തതുമായ തുണികൾ, കളിപ്പാട്ടങ്ങൾ തുടങ്ങിയവ ഒരു കേന്ദ്രത്തിൽ സംഭരിച്ച് ആവശ്യക്കാർക്ക് എടുക്കാവുന്ന സംവിധാനമായാണ് സ്വാപ്പ് ഷോപ്പ് ആരംഭിച്ചത്. വലിച്ചെറിയൽ ശീലത്തിന് നല്ലൊരളവിൽ തടയിടാൻ 2017ൽ ആരംഭിച്ച ഈ ക്യാമ്പയിൻ സഹായിച്ചു. വിലകൂടിയ കല്യാണവസ്ത്രങ്ങൾ പോലും പരസ്പരം കൈമാറുന്ന ആവേശകരമായ അനുഭവം ഇന്നും തുടരുന്നുവെന്നത് ഏറെ പ്രതീക്ഷാനിർഭരമാണ്. കാഞ്ഞങ്ങാട്, നീലേശ്വരം, കാസറഗോഡ് മുനിസിപ്പൽ തലത്തിൽ സ്വാപ്പ് ഷോപ്പുകൾ സജീവമാണ്. 2017 ൽ ആദ്യം 39 സ്വാപ്പ് മേളകൾ സംഘടിപ്പിക്കുകയുണ്ടായി.

മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം: 2017 ആഗസ്റ്റ് 15 ന് ഹരിതകേരളം മിഷന്റെ ആരംഭ വർഷത്തിൽ ഏറ്റെടുത്ത ജനകീയ ക്യാമ്പയിനാണ് മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം. വിദ്യാലയങ്ങൾ വഴി ഈ ആശയം പ്രചരിപ്പിച്ചു. SPC, NSS, ശുചിത്വ ക്ലബ്ബ് എന്നിവയിലൂടെ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങൾ നടത്തി. വലിച്ചെറിയുന്നതിനെതിരെയുള്ള പ്രചാരണം, റോഡ്, ടൗണുകൾ എന്നിവയുടെ ശുചീകരണം, തരംതിരിച്ച് മാലിന്യം കൈമാറുന്നതിനുള്ള ബോധവല്ക്കരണത്തിനായി ഗൃഹസന്ദർശനം എന്നിവ സംഘടിപ്പിച്ചു. ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് സംവിധാനം ഒരുക്കേണ്ടതിന്റെ പ്രാധാന്യം ഇതോടനുബന്ധിച്ചുള്ള സർവ്വേയിൽ നിന്ന് വ്യക്തമായി. പഞ്ചായത്ത് വിദ്യാഭ്യാസ സമിതിയിൽ പ്രവർത്തനങ്ങളുടെ അവലോകനവും നടന്നു.

### ഗ്രീൻ പ്രോട്ടോക്കോൾ (ഹരിതപെരുമാറ്റച്ചട്ടം)

ഹരിതചട്ടം സംബന്ധിച്ച ക്യാമ്പയിൻ മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം എന്ന പ്രവർത്തനത്തിന്റെ തുടർച്ചയായിരുന്നു. ആഘോഷങ്ങൾ, ഉത്സവങ്ങൾ, പൊതുപരിപാടികൾ, വിവാഹം എന്നിവയിൽ ഡിസ്പോസിബിൾ കപ്പ്, പ്ലേറ്റ് എന്നിവ ഉപയോഗിച്ച് വലിച്ചെറിയുന്നതിനെതിരെയും കത്തിക്കുന്നതിനെതിരെയും വ്യാപകമായ ക്യാമ്പയിൻ പ്രവർത്തനം സംഘടിപ്പിച്ചു. ഓഫീസുകൾ, സ്കൂളുകൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ എന്നിവയിൽ ഗ്രീൻ പ്രോട്ടോക്കോൾ കർശനമാക്കി. ഗവ: ഉത്തരവ് ഇറങ്ങിയതിനനുസരിച്ച് സ്ഥാപനങ്ങളിൽ നോഡൽ ഓഫീസർമാരെ നിയമിച്ചു.



ഗ്രീൻപ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ

ഹരിതചട്ടം നാടിനും നാട്ടാർക്കും: ഹരിതകേരളത്തെ മലിനമാക്കുന്നവർക്കെതിരെ സ്വീകരിക്കേണ്ടുന്ന നിയമനടപടികൾ പ്രചരിപ്പിക്കുന്നതിനുവേണ്ടി വളരെ വിപുലമായ ക്യാമ്പയിനാണ് ജില്ലാ ഭരണകൂടവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഏറ്റെടുത്തത്. എല്ലാ ചടങ്ങുകളും കർശനമായി ഹരിതചട്ടം പാലിച്ചു നടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ വിപുലമായ ബോധവല്ക്കരണ പ്രവർത്തനങ്ങൾ നടത്തി. ഹരിത നിയമങ്ങൾ എന്ന പുസ്തക പ്രകാശനം 2019 ജനുവരി 26 ന് നടന്നു. തുടർന്ന് വിവിധ ഓഫീസുകൾ, വിദ്യാലയങ്ങൾ, കുടുംബശ്രീ അയൽക്കൂട്ടം, അങ്കണവാടികൾ എന്നിവിടങ്ങളിലും സംഘടനാ യോഗങ്ങളിലും ഹരിതചട്ടം സംബന്ധിച്ച പ്രചരണം നടത്തി. ചട്ടംപാലിക്കേണ്ടുന്ന ആവശ്യകതയോടൊപ്പം നിയമം ലംഘിച്ചാലുണ്ടാകുന്ന പിഴ സംബന്ധിച്ചും പ്രചരിപ്പിക്കുന്നതിന് സാധിച്ചു. മാലിന്യമുക്ത കേരളത്തിന് ഇത് ഏറെ സഹായിച്ച ക്യാമ്പയിനായിരുന്നു.

ശുചിത്വ പദവി:- മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം, ഹരിതചട്ടം നാടിനും നാട്ടാർക്കും എന്നിവയുടെ തുടർച്ചയായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമ്പൂർണ്ണ ശുചിത്വത്തിനായുള്ള പ്രോജക്ടുകൾ നടപ്പിലാക്കി. ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കൽ, ഹരിതകർമ്മസേന പ്രവർത്തനങ്ങൾ, ജലാശയശുചീകരണം, പൊതുയിട ശുചീകരണം എന്നീ പ്രവർത്തനങ്ങൾ മാലിന്യമുക്തം നവകേരളം പഞ്ചായത്തുതല സമിതിയുടെ നേതൃത്വത്തിൽ മുന്നോട്ടു കുതിച്ചു. ശുചിത്വ മിഷൻ, കേന്ദ്ര ധനകാര്യകമ്മീഷൻ എന്നീ ഫണ്ടുകൾ ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ജലാശയ ശുചീകരണ പ്രവർത്തനങ്ങൾക്ക് മുതൽകൂട്ടായി. ഈ പ്രവർത്തനങ്ങൾ ജില്ലാതല ഏകോപന സമിതിയുടെ നേതൃത്വത്തിൽ വിലയിരുത്തി, അതാത് മേഖലകളിൽ ഇടപെട്ട് വിടവുകൾ പരിഹരിക്കുന്നതിന് കഴിഞ്ഞു.

പിലിക്കോട്, മടിക്കൈ, വലിയപറമ്പ, കിനാനൂർ - കരിന്തളം തുടങ്ങിയ ഗ്രാമപഞ്ചായത്തുകൾ വമ്പിച്ച ജനപങ്കാളിത്തത്തോടെ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ആദ്യഘട്ടത്തിൽ ശുചിത്വ പദവി നേടി. തുടർന്ന് നീലേശ്വരം, കാഞ്ഞങ്ങാട്, പരപ്പ, കാറഡുക്ക ബ്ലോക്കുകളിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളും ശുചിത്വ പദവി നേടി. അതിനെ തുടർന്ന് ബ്ലോക്കു തല ശുചിത്വ പദവി പ്രഖ്യാപനവും നടന്നു. അവസാന ഘട്ടത്തിൽ കാസറഗോഡ്, മഞ്ചേശ്വരം ബ്ലോക്കുകളിലെ ഗ്രാമപഞ്ചായത്തുകളിൽ നിലനില്ക്കുന്ന വിടവുകൾ പരിഹരിച്ച് ശുചിത്വ പദവിയിലേക്കെത്തുകയും ബ്ലോക്കു തല പ്രഖ്യാപനങ്ങൾ




നടത്തുകയും ചെയ്തു. ഇതോടൊപ്പം കമനീയം കാഞ്ഞങ്ങാട്, ചേലുള്ള ബജാർ പാങ്ങുള്ള ബജാർ, ഹരിത - ശുചിത്വ നീലേശ്വരം എന്നീ പേരുകളിൽ യഥാക്രമം കാഞ്ഞങ്ങാട്, കാസറഗോഡ്, നീലേശ്വരം നഗരസഭകളുടെ നേതൃത്വത്തിൽ ജനകീയമായി പ്രവർത്തന പരിപാടികൾ നടന്നു. ഇതേ തുടർന്ന് 3 നഗരസഭകളും ശുചിത്വ പദവിയിലേക്കെത്തി. ജില്ലയിലെ 38 ഗ്രാമപഞ്ചായത്തുകളും 3 നഗരസഭകളും ശുചിത്വപദവിയിലെത്തിയതിനെ തുടർന്ന് കാസറഗോഡ് ജില്ല ശുചിത്വപദവി പ്രഖ്യാപനം നടത്തി.

ശുചിത്വ മികവ്:- ശുചിത്വ മാലിന്യ സംസ്കരണ രംഗത്ത് മാതൃകാപരവും അനുകരണീയവുമായ ഇടപെടലുകൾ നടത്തി മികവ് പ്രകടിപ്പിച്ച തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നതിനും ജില്ലയിലെ മറ്റു തദ്ദേശ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ശുചിത്വ മികവുകളുടെ ജില്ലാ സംഗമം 2019 ഫെബ്രുവരി 15 ന് നടന്നു. ഹരിതകേരളം മിഷൻ ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശുചിത്വ മാലിന്യ പരിപാലന രംഗത്ത് നടപ്പാക്കിയ മികവുകൾ ഇതിന്റെ ഭാഗമായി അവതരിപ്പിക്കുകണ്ടായി.

ഹരിതായനം:- ഹരിതകേരളം മിഷന്റെ വാർഷികത്തോടനുബന്ധിച്ച് ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളും സന്ദേശങ്ങളും പ്രചരിപ്പിക്കുന്നതിനായി ഹരിതായനം പരിപാടി നടന്നു. വിവിധ കേന്ദ്രങ്ങളിൽ നടന്ന പ്രദർശനത്തിൽ 2914 പേർ പങ്കെടുത്തു.

ഹരിത നിയമാവലി ക്യാമ്പയിൻ:- മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും അവ ലംഘിച്ചാൽ ലഭിക്കുന്ന ശിക്ഷകളും വ്യക്തമാക്കിക്കൊണ്ടുള്ള ഹരിത നിയമാവലി ക്യാമ്പയിന്റെ ഭാഗമായി ജില്ലയിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും ജനപ്രതിനിധികൾക്കുള്ള പരിശീലനം കിലയുടെ സഹകരണത്തോടെ 28-02-2019 ന് കാസർകോട് കളക്ട്രേറ്റിൽ സംഘടിപ്പിച്ചു. 18 തദ്ദേശ സ്ഥാപനങ്ങളിൽ നിന്നായി 40 പ്രതിനിധികൾ പങ്കെടുത്തു.

പെൻസിൽക്യാമ്പ്- വിദ്യാർത്ഥികളിൽ മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് അവബോധം വളർത്തുന്നതിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ പ്രവർത്തനമാണ് പെൻസിൽക്യാമ്പ്. പഞ്ചായത്തു തലത്തിലും വാർഡുതലത്തിലും സംഘടിപ്പിച്ച ക്യാമ്പുകളിൽ 15344 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു.



ഇ-വേസ്റ്റ്, ഹാർഡ് വേസ്റ്റ് ശേഖരണവും കൈമാറ്റവും:- ക്ലീൻ കേരള കമ്പനിയുടെ നേതൃത്വത്തിൽ ജില്ലയിൽ നിന്ന് 30.12.2018 - 29.09.2021 കാലയളവിൽ 6296.5 കിലോ ഗ്രാം ഇ-മാലിന്യങ്ങളും 493 കിലോ ഗ്രാം ഹസാർഡ് മാലിന്യങ്ങളും കൈമാറിയിട്ടുണ്ട്. തുടർന്നും കൈറ്റ് പൊതുവിദ്യാഭ്യാസവകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ വിദ്യാലയങ്ങളിൽ നിന്നും ഹരിതകേരളം മിഷൻ മുഖാന്തരം ഇ-വേസ്റ്റ് സമാഹരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറി.

ജാഗ്രതോത്സവം:- മാലിന്യങ്ങളെ പ്രകൃതി സൗഹൃദമാക്കി മാറ്റി ഉപയോഗിക്കുക എന്നതും, മാലിന്യ സംസ്കരണ രീതികളുടെ അവബോധം ജനങ്ങളിലേക്ക് എത്തിക്കുക എന്നതുമാണ് ജാഗ്രതോത്സവത്തിന്റെ ലക്ഷ്യം. ജില്ലയിലെ 41 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജാഗ്രതോത്സവം നടന്നു.



മഴക്കാലപൂർവ്വശുചീകരണം:- മഴക്കാലപൂർവ്വശുചീകരണത്തിന്റെ ഭാഗമായി ജില്ലാ- ബ്ലോക്ക് തലങ്ങളിൽ വിഇഒ, അസിസ്റ്റന്റ് സെക്രട്ടറി, റിസോഴ്പേഴ്സൺമാർ എന്നിവരെ പങ്കെടുപ്പിച്ച് ജില്ലാ-ബ്ലോക്ക്തല ശിൽപ്പശാലകൾ മാർച്ച് മാസത്തിൽ നടത്തി. തുടർന്ന് ജനപ്രതിനിധികൾ, ഹരിതകർമ്മസേന അംഗങ്ങൾ, സന്നദ്ധ പ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ ശിൽപ്പശാലകൾ നടത്തുകയും ശുചീകരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ചെയ്തു. ജലാശയങ്ങൾ, നീർച്ചാലുകൾ, പൊതുഇടങ്ങൾ എന്നിവ ശുചീകരിച്ചു. എല്ലാ പൊതുസ്ഥാപനങ്ങളും വിദ്യാലയങ്ങളും ശുചീകരണ പ്രവർത്തനത്തിൽ പങ്കാളികളായി. പൊതു സ്ഥലങ്ങളിലും വീടുകളിലും ഓഫീസുകളിലും നിക്ഷേപിച്ചിരിക്കുന്ന റീസൈക്ലിംഗിനു പറ്റാത്ത മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയുണ്ടായി. വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നായി 1,281,440 കിലോ മാലിന്യങ്ങൾ നീക്കം ചെയ്തു. തുടർന്ന് എല്ലാ വർഷങ്ങളിലും മഴക്കാലപൂർവ്വശുചീകരണ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തി. കാറഡുക്ക ബ്ലോക്കിലെ 105 വാർഡുകളിലും പരപ്പ ബ്ലോക്കിലെ 82 വാർഡുകളിലും കാഞ്ഞങ്ങാട് ബ്ലോക്കിലെ 92 വാർഡുകളിലും നീലേശ്വരം ബ്ലോക്കിലെ 89 വാർഡുകളിലും കാസറഗോഡ് ബ്ലോക്കിലെ 103 വാർഡുകളിലും മഞ്ചേശ്വരം ബ്ലോക്കിലെ 90 വാർഡുകളിലും മാതൃകപരമായ പ്രവർത്തനങ്ങൾ നടന്നു. നഗരസഭകളിൽ ശുചിത്വസമിതികളുടെ നേതൃത്വത്തിൽ ക്യാമ്പയിൻ സംഘടിപ്പിച്ചു.

നവകേരള പുരസ്കാരം:- മുഖ്യമന്ത്രിയുടെ 100 ദിന കർമപരിപാടിയുടെ ഭാഗമായി ഖരമാലിന്യ സംസ്കരണത്തിന് ഫലപ്രദമായ സൗകര്യങ്ങൾ ഒരുക്കിയ തദ്ദേശ സ്ഥാപനങ്ങൾക്ക് നവകേരളം പുരസ്കാരം നൽകുന്നതിന് തീരുമാനിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ജില്ലയിൽ മികച്ച പ്രവർത്തനം നടത്തിയ ബേഡഡുക്ക ഗ്രാമ പഞ്ചായത്തിനേയും നീലേശ്വരം നഗരസഭയേയും തിരഞ്ഞെടുത്ത് പുരസ്കാരങ്ങൾ കൈമാറി.

വലിച്ചെറിയൽ മുക്തകേരളം :- 2023 ജനുവരി 26 മുതൽ ആരംഭിച്ച വലിച്ചെറിയൽ മുക്ത കേരളം ജനകീയ കാമ്പയിൻ ജില്ലയിൽ ഏറെ ആവേശകരമായി നടന്നു. മുന്നോടിയായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കൺവെൻഷനുകൾ ചേർന്ന് കാമ്പയിൻ ആസൂത്രണം ചെയ്തു. അതോടൊപ്പം ശുചീകരിക്കേണ്ടുന്ന സ്ഥാപനങ്ങൾ, മാലിന്യകൂനകൾ, തോടുകൾ, നീർച്ചാലുകൾ എന്നിവ കണ്ടെത്തി സംഘാടകസമിതികൾ രൂപീകരിച്ചു. ജനുവരി 26 മുതൽ 30 വരെ വിപുലമായ കാമ്പയിൻ നടന്നു. ജില്ലയിൽ 41 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ 254 പ്രദേശങ്ങളിൽ 4156 പ്രവർത്തകർ ചേർന്ന് 61973.6 സ്വകെയർ മീറ്റർ പ്രദേശം ശുചീകരിക്കുകയും 73335 kg മാലിന്യങ്ങൾ ശേഖരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയും ചെയ്തു.

ശുചിത്വ മാലിന്യസംസ്കരണ ഉപമിഷന്റെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിന് ജില്ലാതലത്തിൽ ഏകോപനസമിതി യോഗം മാസത്തിൽ ചുരുങ്ങിയത് രണ്ട് തവണയെങ്കിലും ചേർന്നിരുന്നു. ഡെപ്യൂട്ടി ഡയറക്ടർ (പഞ്ചായത്ത്), ജില്ലാ പ്ലാനിംഗ് ഓഫീസർ, ഡിഎംഒ, ശുചിത്വമിഷൻ ജില്ലാകോർഡിനേറ്റർ, വിദ്യാഭ്യാസ ഉപഡയറക്ടർ, മലിനീകരണ നിയന്ത്രണ ബോർഡ്, സി കെ സി എൽ, കുടുംബശ്രീ എന്നിവർ ചേർന്നാണ് യോഗം നടത്തിയത്. കൺവീനറായി ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ പ്രവർത്തിച്ചു. ശുചിത്വമേഖല പ്രവർത്തനങ്ങളെ യഥാസമയം വിലയിരുത്താനും തുടർനടപടികൾ കൈക്കൊള്ളുന്നതിനും സഹായകമായി.

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ : കാസറഗോഡ് ജില്ലയിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മാലിന്യ സംസ്കരണ രംഗത്ത് മുന്നേറിയിട്ടുണ്ട്. ഈ മുന്നേറ്റത്തിന് മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ വളരെയധികം സഹായിച്ചിട്ടുണ്ട്. ജനങ്ങളുടെ സഹകരണത്തോടെ നടത്തിയതു വഴി വലിയ മാറ്റങ്ങളാണ് വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടന്നിട്ടുള്ളത്. 2017 ൽ ഹരിതകർമ്മസേനയെ നിയമിക്കുന്നതോടെയാണ് പ്രവർത്തനങ്ങളുടെ ആക്കം കൂടിയത്. തുടർന്ന് അവർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ, ഉപകരണങ്ങൾ, എം.സി.എഫ്, മിനി എം.സി.എഫുകൾ സ്ഥാപിക്കൽ എന്നിവയെല്ലാം ശുചിത്വ മിഷന്റെ സഹായത്തോടുകൂടി നടത്തി. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ കൺവീനറായി തദ്ദേശ സ്വയംഭരണസ്ഥാപനതല

ജോയിന്റ് ഡയറക്ടർ, ജില്ലാ പ്ലാനിംഗ് ഓഫീസർ, കുടുംബശ്രീ മിഷൻ, ശുചിത്വമിഷൻ ജില്ലാ കോർഡിനേറ്റർ, പൊല്യൂഷൻ കൺട്രോൾ ബോർഡ്, നഗരസഭ സെക്രട്ടറി എന്നിവർ ഉൾപ്പെടുന്ന ജില്ലാതല നിർവഹണ സമിതി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. കിലയുടെ നേതൃത്വത്തിൽ ഹരിതകർമ്മസേനയ്ക്ക് പരിശീലനങ്ങൾ നൽകി. വാതിൽപ്പടി സേവനത്തിലൂടെ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവമാലിന്യങ്ങൾ യൂസർഫീ സഹിതം ശേഖരിക്കുവാൻ തുടങ്ങി. ആദ്യഘട്ടത്തിൽ യൂസർഫീ നൽകാൻ തയ്യാറാകാത്ത നിരവധി ആളുകൾ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് ഹരിതകർമ്മസേനയെ ജനം അംഗീകരിച്ചിട്ടുണ്ട്. ഇപ്പോൾ ഹരിതമിത്രം ആപ്പ് ഉപയോഗിച്ചാണ്















വാതിൽപ്പടി സേവനം നടത്തുന്നത്. സമിതിയുടെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനഫലമായി 2537 ഓഫീസുകൾ, 12175 അയൽക്കൂട്ടങ്ങൾ, 34 ടൌണുകൾ, 182 പൊതുഇടങ്ങൾ, 14 ടൂറിസം കേന്ദ്രങ്ങൾ എന്നിവ മാലിന്യമുക്തമാക്കി ഹരിതപ്രഖ്യാപനങ്ങൾ നടത്തി.

ഹരിത വിദ്യാലയം ശുചിത്വ വിദ്യാലയം : മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ നടത്തിയ മറ്റൊരു ക്യാമ്പയിനാണ് ഹരിതവിദ്യാലയം ശുചിത്വ വിദ്യാലയം. ഇതിനായി ഓരോ ഉപജില്ലയിലും ഹെഡ്മാസ്റ്റർമാർക്ക് പരിശീലനം നൽകുകയുണ്ടായി. വിദ്യാലയങ്ങളിൽ ഉണ്ടാകുന്ന അജൈവ മാലിന്യങ്ങൾ സമാഹരിച്ച് തരംതിരിച്ച് ഹരിതകർമ്മസേനക്ക് നൽകൽ, അതിനാവശ്യമായ ബിന്നുകൾ സ്ഥാപിക്കൽ, ജൈവമാലിന്യങ്ങൾ ഏതെങ്കിലും ഒരു ഉപാധി ഉപയോഗിച്ച് കമ്പോസ്റ്റാക്കൽ, മലിനജലം ശാസ്ത്രീയമായി സംസ്കരിക്കൽ, മാലിന്യങ്ങൾ കത്തിക്കുകയോ വലിച്ചെറിയുകയോ ചെയ്യാതിരിക്കൽ, ആകർഷകമായ പൂന്തോട്ടം, ഔഷധത്തോട്ടം, ജൈവവൈവിധ്യ ഉദ്യാനം, പച്ചത്തുരുത്ത് എന്നിവയുണ്ടാക്കൽ, സ്കൂളിനാവശ്യമായ വൈദ്യുതി



സോളാർ പാനൽ മുഖേന ഉണ്ടാക്കൽ, സ്കൂളിൽ നടക്കുന്ന പരിപാടികളിലെല്ലാം ഹരിതചട്ടം പാലിക്കൽ, ജലസംരക്ഷണ പ്രവർത്തനങ്ങൾ തുടങ്ങിയവ ഏറ്റെടുത്ത് നടപ്പിലാക്കുന്ന വിദ്യാലയത്തെയാണ് ഹരിതവിദ്യാലയം ശുചിത്വ വിദ്യാലയം എന്ന് പറയുന്നത്. ഇത്തരത്തിൽ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളെ ബോധവല്ക്കരിച്ചപ്പോൾ വലിയ മാറ്റങ്ങൾ വിദ്യാലയങ്ങളിൽ ഉണ്ടാക്കാൻ സാധിച്ചു. മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി ജില്ലയിലെ വിദ്യാലയങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളിലും മോണിറ്ററിംഗ് നടത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 656 വിദ്യാലയങ്ങളും 65 കലാലയങ്ങളും ഹരിതപ്രഖ്യാപനം നടത്തിയിട്ടുണ്ട്.

## കൃഷി ഉപമിഷൻ

### തരിശു രഹിത ഗ്രാമം/നഗരസഭ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉപയോഗ ശൂന്യമായ തരിശു നിലങ്ങൾ കണ്ടെത്തുകയും അവ ജനകീയ പങ്കാളിത്തത്തോടു കൂടി കൃഷിയോഗ്യമാക്കുകയും ചെയ്യുന്ന പദ്ധതിയാണ് തരിശു രഹിത ഗ്രാമം പദ്ധതി. 16 ഗ്രാമപഞ്ചായത്തുകളെ തരിശു രഹിത ഗ്രാമമായും 2 നഗരസഭകളെ തരിശു രഹിത നഗരമായും പ്രഖ്യാപിച്ചിട്ടുണ്ട്.

### ഹരിത സമൃദ്ധി

വീടുകളിലെ പച്ചക്കറി കൃഷി വ്യാപനമാണ് ഹരിതസമൃദ്ധി വാർഡു കൊണ്ട് ലക്ഷ്യമിടുന്നത്. 2019-20 ൽ 41 തദ്ദേശ സ്ഥാപനങ്ങളിലായി 42 വാർഡുകൾ കണ്ടെത്തിയിട്ടുണ്ട്. തുടർന്ന് 163 വാർഡുകളും ഹരിതസമൃദ്ധി വാർഡ് പ്രഖ്യാപനം നടത്തി.

### ഹരിത ഐ.ടി.ഐ

സംസ്ഥാനത്തെ ഐ.ടി.ഐ ക്യാമ്പസുകളെ ഹരിതാഭമാക്കുന്നതിനു വേണ്ടി ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതിയാണ് ഹരിത ഐ.ടി.ഐ. ജില്ലയിലെ 10 ഐടിഐ കളെ ഹരിത ഐ.ടി.ഐയായി പ്രഖ്യാപിച്ചു. ജൈവ അജൈവ മാലിന്യസംസ്കരണ ഉപാധികൾ സ്ഥാപിക്കൽ, പച്ചത്തുരുത്തുകളുടെ നിർമ്മാണം, വലിച്ചെറിയൽ മുക്ത ക്യാമ്പയിൻ എന്നിവ ഐടിഐകളിൽ നടപ്പാക്കി.

### ഹരിതം സഹകരണം

സഹകരണ സംഘങ്ങൾ സ്വന്തം നിലയിൽ 173.61 ഏക്കർ നെൽകൃഷിയും, 52.72 ഏക്കർ പച്ചക്കറി കൃഷിയും 3.9 ഏക്കർ വാഴകൃഷിയും 37.31 ഏക്കർ കിഴങ്ങുവർഗ്ഗവിള കൃഷിയും, 20.35 ഏക്കർ മറ്റു കൃഷികളും ചെയ്തിട്ടുണ്ട്. കാർഷിക മേഖലയ്ക്ക് മുതൽ കൂട്ടാവുന്ന പ്രവർത്തനങ്ങളാണ് സഹകരണ വകുപ്പ് ഹരിതം സഹകരണത്തിലൂടെ നടത്തിയിട്ടുള്ളത്. ഈ പ്രവർത്തനങ്ങളിലൂടെ സഹകരണസ്ഥാപനങ്ങൾ ഹരിതസ്ഥാപനങ്ങളായി മാറി.

### പൊതുമേഖലാ സ്ഥാപനകൃഷി

പൊതുമേഖല വ്യവസായങ്ങളുടെ തരിശ് നിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിലൂടെ പച്ചക്കറികളടക്കമുള്ള കൃഷിയുടെ വ്യാപനം സാധ്യമാക്കുക എന്ന നിലയ്ക്കാണ് പൊതുമേഖലാ സ്ഥാപനകൃഷി രൂപകല്പന ചെയ്തത്. ഉദുമ സ്പിന്നിംഗ് മില്ലിൽ ഒരു ഏക്കർ സ്ഥലത്ത് വിവിധങ്ങളായ പച്ചക്കറികളും അര ഏക്കർ സ്ഥലത്ത് കിഴങ്ങും വാഴയും കൃഷി ചെയ്തിട്ടുണ്ട്. കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്തിലെ കെ സി സി പി എൽ ൽ 6 ഏക്കർ സ്ഥലത്ത് വാഴ, ഫാഷൻ ഫ്രൂട്ട് എന്നിവ കൃഷി ചെയ്തു വരുന്നു. മികച്ച ഹരിതവ്യവസായ സ്ഥാപനത്തിനുള്ള അവാർഡ് കെ സി സി പി എൽ നു ലഭിച്ചു.

ബേഡഡുക്ക ഗ്രാമപഞ്ചായത്ത് ബേഡകം റൈസ് എന്ന പേരിലും അജാനൂർ പഞ്ചായത്ത് അന്നം അരി എന്ന പേരിലും കിനാനൂർ കരിന്തളം പഞ്ചായത്ത് കെ.കെ.റൈസ് എന്ന പേരിലുംകാഞ്ഞങ്ങാട് നഗരസഭയിലെ അതിയാമ്പൂർ റൈസ് എന്ന പേരിലും അരി വിപണിയിൽ ഇറക്കിയിരുന്നു.

### സുഭിക്ഷ കേരളം

സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി ജില്ലയിൽ 1174.97 ഹെക്ടർ സ്ഥലം കണ്ടെത്തി കൃഷിക്ക് ഉപയുക്തമാക്കിയിട്ടുണ്ട്. കൃഷിഭവന്റെ നേതൃത്വത്തിൽ കാർഷിക സേന രൂപവത്കരിച്ച് ഈ പ്രവർത്തനത്തിന് ആക്കം കൂട്ടി.

### ആയുഷ് മിഷനുമായി സഹകരിച്ച് കൊണ്ടുള്ള ഔഷധത്തോട്ട നിർമ്മാണം

കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന ആയുഷ്മാൻ ഭാരത് പദ്ധതിയുടെ ഭാഗമായി കാസർകോട് ജില്ലയിലെ 6 ഹെൽത്ത് വെൽനെസ് സെൻററുകളിലാണ് ഔഷധ സസ്യ ഉദ്യാനങ്ങൾ ഒരുക്കിയത്.

### ആയിരം പച്ചത്തുരുത്തുകൾ ഒരുക്കാം

സംസ്ഥാന സർക്കാരിന്റെ 4 മിഷനുകളിൽ ഒന്നായ ഹരിതകേരളം മിഷൻ ഏറ്റെടുത്തിട്ടുള്ള മാലിന്യ സംസ്കരണം, ജലസംരക്ഷണം, കൃഷി എന്നീ മൂന്നു മേഖലകളെയും പ്രതിനിധാനം ചെയ്യുന്ന തീർത്തും നവീനമായ ഒരു കാഴ്ചപ്പാടാണ് പച്ചത്തുരുത്തുകൾ. കാലാവസ്ഥാ വ്യതിയാനത്തെ നേരിടുന്നതിനുള്ള പ്രാദേശിക പ്രതിരോധ മാതൃക സൃഷ്ടിക്കലിന്റെ മുഖ്യകണ്ണിയായി രൂപപ്പെടുന്നവയാണ്; ജൈവ വൈവിധ്യത്തിന്റെ പച്ചത്തുരുത്തുകൾ. നിലവിലുള്ള കാർഷിക ഭൂമിയുടേയോ വനഭൂമിയുടേയോ ഘടനക്ക് മാറ്റമൊന്നും വരുത്താതെ, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉപയോഗശൂന്യമായി ഒഴിച്ചിട്ടിരിക്കുന്ന പൊതു / സ്വകാര്യ സ്ഥലങ്ങളിൽ പ്രദേശത്തിന്റെ സവിശേഷതകൾക്കിണങ്ങുന്ന വൃക്ഷങ്ങൾ നട്ടുവളർത്തി രൂപപ്പെടുത്തിയെടുക്കുന്ന ചെറു വനങ്ങളെയാണ് പച്ചത്തുരുത്തുകൾ എന്നു



പറയുന്നത്. കാസറഗോഡ് ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും താല്പര്യത്തോടെ ഏറ്റെടുത്ത ഒരു പ്രവർത്തനമാണ് പച്ചത്തുരുത്തുകൾ ഉണ്ടാക്കൽ. സംസ്ഥാനത്ത് ആയിരം പച്ചത്തുരുത്തുകൾ ഉണ്ടാക്കാനുള്ള പദ്ധതിയിൽ ആദ്യ 2 വർഷങ്ങളിൽ തന്നെ 440 പച്ചത്തുരുത്തുകൾ ഉണ്ടാക്കി കാസറഗോഡ് ജില്ല ഒന്നാം സ്ഥാനത്തെത്തി. മടിക്കൈ പഞ്ചായത്തായിരുന്നു ഏറ്റവും കൂടുതൽ പച്ചത്തുരുത്തുകൾ ഉണ്ടാക്കിയത്. തുടർന്നുള്ള വർഷങ്ങളിലും ധാരാളം പേർ ഈ രംഗത്ത് പ്രവർത്തിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിൽ 874 പച്ചത്തുരുത്തുകൾ ജില്ലയിലുണ്ട്. പച്ചത്തുരുത്തുകളുടെ വിസ്തീർണ്ണം 34228 സെന്റാണ്. പച്ചത്തുരുത്തുകളിൽ എല്ലാം കൂടി ആകെ 186892 മരങ്ങളുണ്ട്. പച്ചത്തുരുത്തുകളിൽ മുളംതുരുത്ത്, ശലഭോദ്യാനം, വിദ്യാവനം, വസുധ പച്ചത്തുരുത്ത്, കാവുകൾ, കണ്ടൽ വനങ്ങൾ, ദേവഹരിതം പച്ചത്തുരുത്ത്, ജൈവ വൈവിധ്യ ഉദ്യാനം, മിയാവാക്കി പച്ചത്തുരുത്ത്, ഓർമ്മത്തുരുത്ത് എന്നിവ ഉൾപ്പെടുന്നു.

## ഒരു തൈ നടാം ജനകീയ വൃക്ഷവത്കരണം ക്യാമ്പയിൻ

ഹരിതകേരളം മിഷന്റെ നിർദ്ദേശപ്രകാരം ഏറ്റെടുത്ത മറ്റൊരു ക്യാമ്പയിനാണ് ഒരു തൈ നടാം ജനകീയ ക്യാമ്പയിൻ. 2025 ജൂൺ 5 ന് പരിസ്ഥിതി ദിനത്തിലാണ് ആരംഭിച്ചത്. തദ്ദേശ സ്വയംഭരണ



സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്ന ഈ ക്യാമ്പയിൻ ലക്ഷ്യമിട്ടിരുന്നത്. കേരളമൊട്ടാകെ ഒരു കോടി വൃക്ഷത്തൈകൾ നടുക എന്നതായിരുന്നു. അതിനനുസരിച്ച് ഓരോ ജില്ലക്കും ടാർജറ്റ് നിശ്ചയിച്ചിട്ടുണ്ടായിരുന്നു. വിദ്യാലയങ്ങൾ, സ്ഥാപനങ്ങൾ, കുടുംബശ്രീ, തൊഴിലുറപ്പ് എന്നിങ്ങനെ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളും ഈ ക്യാമ്പയിനിന്റെ ഭാഗമായിട്ടുണ്ട്. ഡിസംബർ 31 വരെ നീണ്ടുനിന്ന ഈ ക്യാമ്പയിനിന്റെ ഭാഗമായി ജില്ലയിൽ 666612 മരങ്ങൾ നടുവാൻ സാധിച്ചിട്ടുണ്ട്.

**കുട്ടിക്കൊരു കുഞ്ഞിത്തൈ**

ഒരു തൈ നടാം ക്യാമ്പയിൻ വിജയിപ്പിക്കുന്നതിന് കാസറഗോഡ് ജില്ലയിൽ നടത്തിയ മറ്റൊരു ക്യാമ്പയിനായിരുന്നു കുട്ടിക്കൊരു കുഞ്ഞിത്തൈ. മധ്യവേനലവധിക്ക് സ്കൂളടക്കുമ്പോൾ തന്നെ വീട്ടിൽ നഴ്സറിയുണ്ടാക്കി തൈകൾ ഉണ്ടാക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ഭൂരിഭാഗം കുട്ടികളും വീടുകളിൽ തൈകളുണ്ടാക്കിയിരുന്നു. മെയ് മാസത്തിൽ വേനൽ മഴ കിട്ടിയതിനാൽ ധാരാളം വൃക്ഷത്തൈകൾ ശേഖരിക്കാനും സാധിച്ചു. നഴ്സറിയിൽ ഉണ്ടാക്കിയതും ശേഖരിച്ചതുമായ എല്ലാ തൈകളും വിദ്യാലയങ്ങളിൽ കൊണ്ടുവരികയും എല്ലാ വിദ്യാർത്ഥികൾക്കും തൈകൾ കിട്ടത്തക്ക വിധത്തിൽ വിതരണം ചെയ്യുകയും ചെയ്തു. കുട്ടികൾ സ്കൂൾ കോമ്പൗണ്ടിലും, പൊതുസ്ഥലത്തും, വീടുകളിലുമായി തൈകൾ നടുകയുണ്ടായി. ഓരോ കുട്ടിയും അവൻ നട്ട തൈയുടെ ഡയറി - എന്റെ മരം - തയ്യാറാക്കി വരുന്നു

**ചങ്ങാതിക്കൊരു തൈ**

2025 ആഗസ്റ്റ് 3 ന് ലോക സൗഹൃദദിനത്തിൽ വിദ്യാലയങ്ങളിൽ ചെയ്ത മറ്റൊരു പ്രവർത്തനമാണ് ചങ്ങാതിക്കൊരു തൈ. ഓരോ സ്കൂളിലും കുട്ടികൾ ചങ്ങാതിക്കു വേണ്ടി ഒരു തൈ സംഘടിപ്പിച്ചു കൊണ്ടുവരുന്നു. സ്കൂൾ അസംബ്ലിയിൽ വെച്ച് ചങ്ങാതിക്ക് തൈ കൈമാറുന്നു. ചങ്ങാതിയുടെ ഓർമ്മക്കായി ഓരോ കുട്ടിയും വീട്ടുവളപ്പിലാണ് തൈ നട്ടത്. ഭൂരിഭാഗം വിദ്യാലയങ്ങളും ഈ പ്രവർത്തനം ഏറ്റെടുത്തു നടത്തിയിട്ടുണ്ട്.








C4U [Children Create Carbon free Culture] : കാസറഗോഡ് ജില്ലയിൽ നടന്ന ഒരു തനത് ക്യാമ്പയിനാണ് C4U [Children Create Carbon free Culture]. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് നടന്ന ഒരു വ്യത്യസ്തമായ പ്രവർത്തനമാണിത്. കാർബൺ ന്യൂട്രൽ ആശയം വിദ്യാർത്ഥികളിൽ എത്തിക്കുന്നതിനുള്ള വിപുലമായ ഒരു ക്യാമ്പയിനാണിത്. എല്ലാ വിദ്യാലയങ്ങളിലും ഇതുമായി ബന്ധപ്പെട്ട ബോധവല്ക്കരണ ക്ലാസ്സുകൾ നടത്തി. ഹരിതഗൃഹവാതകങ്ങളുടെ ക്രമാതീതമായ വർധനവ് നിയന്ത്രിക്കുന്നതിന് ചെയ്യേണ്ട കാര്യങ്ങൾ - പാചകത്തിനൊഴികെയുള്ള കത്തിക്കൽ ഒഴിവാക്കൽ, മരങ്ങൾ ധാരാളം വെച്ചു പിടിപ്പിക്കൽ, ജലാശയങ്ങൾ മലിനമാവാതെ സൂക്ഷിക്കൽ, പരിസര ശുചീകരണം, അജൈവ പാഴ് വസ്തുക്കൾ സൂക്ഷിച്ച് ഹരിതകർമ്മസേനക്ക് കൈമാറൽ എന്നിവ ക്ലാസ്സിൽ പ്രതിപാദിച്ചു. ഇതിന്റെ ഭാഗമായി വിദ്യാർത്ഥികൾ അജൈവ മാലിന്യ ശേഖരണത്തിൽ ഹരിത കർമ്മസേനക്കൊപ്പം സഹകരിച്ചു.

### നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ

കേരളത്തിൽ 151 ഗ്രാമപഞ്ചായത്തുകളിലും ഒരു നഗരസഭയിലും നടക്കുന്ന ക്യാമ്പയിനാണ് നെറ്റ്സീറോ കാർബൺ കേരളം- ജനങ്ങളിലൂടെ. കാസറഗോഡ് ജില്ലയിൽ 12 പഞ്ചായത്തുകളിലാണ് ക്യാമ്പയിൻ നടക്കുന്നത്. പിലിക്കോട്, ചെറുവത്തൂർ, വലിയപറമ്പ, തൃക്കരിപ്പൂർ, കയ്യൂർ - ചീമേനി, കിനാനൂർ - കരിന്തളം, മടിക്കൈ, പുല്ലൂർ - പെരിയ, ബേഡഡുക്ക, മുളിയാർ, ദേലമ്പാടി, പുത്തിഗെ എന്നീ പഞ്ചായത്തുകളാണ് ക്യാമ്പയിൻ ഏറ്റെടുത്തത്. ക്യാമ്പയിൻ ഏറ്റെടുത്തിട്ടുള്ള 12 പഞ്ചായത്തുകളിലും



പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നു. ഊർജ്ജസംരക്ഷണം, പരിസ്ഥിതി പുനഃസ്ഥാപനം, കൃഷി, മാലിന്യസംസ്കരണം തുടങ്ങിയ പ്രവർത്തനങ്ങളാണ് ഈ ക്യാമ്പയിനിന്റെ ഭാഗമായി ഏറ്റെടുത്തിട്ടുള്ളത്. ജൈവ - അജൈവ മാലിന്യ സംസ്കരണങ്ങൾക്കായി വിവിധ പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നുണ്ട്. ആധുനിക സൗകര്യങ്ങളോടു കൂടിയ എംസിഎഫുകൾ നെറ്റ് സീറോ പഞ്ചായത്തുകളിലെല്ലാം ഒരുക്കിയിട്ടുണ്ട്. ബെയിലിംഗ് മെഷീൻ, വെയിംഗ് മെഷീൻ, ട്രോളി, റസ്റ്റ് റൂം, ടോയ്ലറ്റ്, കുടിവെള്ളം, അഗ്നി സുരക്ഷാ സംവിധാനങ്ങൾ, ഇലക്ട്രിക് ഓട്ടോറിക്ഷ തുടങ്ങിയ സൗകര്യങ്ങളാണ് എം.സി.എഫിൽ ഒരുക്കിയിട്ടുള്ളത്. എല്ലാ വാർഡുകളിലും മിനി എം.സി.എഫുകൾ സ്ഥാപിച്ചിട്ടുണ്ട്. അജൈവ മാലിന്യശേഖരണ പരിപാടി ഫലപ്രദമായി നടന്നുവരുന്നു. പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ കലണ്ടർ പ്രകാരം ശേഖരിച്ചുവരുന്നു.

### തെങ്ങിന് തടം മണ്ണിന് ജലം

പ്രധാനപ്പെട്ട ഒരു ജലസംരക്ഷണ പ്രവർത്തനമെന്ന നിലയിലാണ് "തെങ്ങിന് തടം മണ്ണിന് ജലം" ക്യാമ്പയിൻ ആരംഭിച്ചത്. കാലവർഷം അവസാനിച്ച് തുലാവർഷത്തിന് മുമ്പായാണ് തെങ്ങിന് തടമെടുക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഒരു ക്യാമ്പയിനായി ഈ തടമെടുക്കൽ പ്രചാരത്തിൽ വന്നതോടെ ഭൂരിഭാഗം പറമ്പുകളിലും തെങ്ങിനും കവുങ്ങിനും തടമെടുത്തു. തൊഴിലുറപ്പു പ്രവർത്തനത്തിന്റെ ഭാഗമായി ഫീൽഡ് ബണ്ട് നിർമ്മാണവും നടത്തുന്നുണ്ട്. ഇത്



ജലസംരക്ഷണ പ്രവർത്തനത്തിന്റെ മാതൃകപരമായ പ്രവർത്തനമായി മാറുകയും വലിയതോതിൽ മണ്ണിൽ ജലം കിനിഞ്ഞിറങ്ങുന്നതിനും തെങ്ങുകളുടെയും കവുങ്ങുകളുടെയും വിള വർധനവിന് സഹായകമാവുകയും ചെയ്തു.

## ജില്ലയുടെ തനതു പരിപാടികൾ

### ഹരിതജയിൽ

ഹരിതകേരളം മിഷൻ ലക്ഷ്യമിടുന്ന ഭൂരിഭാഗം പ്രവർത്തനങ്ങളും മാതൃകാപരമായി നടത്തി ഹൊസദുർഗ്ഗ് ജില്ലാ ജയിൽ ഹരിത ജയിലായി പ്രഖ്യാപിച്ചിട്ടുണ്ട്.

### ഹരിത സ്പർശത്തിന് ഞാനും എൻറെ വിദ്യാലയവും

2018 ലെ പ്രളയത്തിന്റെ ഭാഗമായി വിദ്യാലയങ്ങളുടെ നേതൃത്വത്തിൽ പാഴ് വസ്തുക്കൾ ശേഖരിച്ച് അവ വിറ്റു കിട്ടുന്ന തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകുകയുണ്ടായി. 115411 രൂപയാണ് ജില്ലാ കളക്ടർക്ക് കൈമാറിയത്.




സ്നേഹതൂലിക ഹരിതാക്ഷരം- ഹരിതകേരളം മിഷൻറെയും ഹൊസദുർഗ് ജില്ലാ ജയിലിൻറെയും സംയുക്താഭിമുഖ്യത്തിൽ ജയിലിലെ അന്തേവാസികൾ നിർമ്മിച്ച പേപ്പർപേനകൾ വയനാട് ജില്ലയിലെ പ്രളയബാധിത പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് കൈമാറിയ പദ്ധതിയാണിത്.

**പെൻഫ്രണ്ട്**

എഴുതി തീർന്ന പ്ലാസ്റ്റിക് പേനകൾ ശേഖരിച്ച് പുനചംക്രമണത്തിന് കൈമാറുന്ന പദ്ധതി. ജില്ലയിൽ 300 ലധികം വിദ്യാലയങ്ങളിലും 50 ഓളം ഓഫീസുകളിലും പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഇതുവരെയായി 9860 കിലോ പേനകൾ അംഗീകൃത സ്ക്രാപ്പ് വ്യാപാരികൾക്ക് കൈമാറിയിട്ടുണ്ട്.






**കപ്പി(കാസറഗോഡ് യുനീക്ക് പ്രോഗ്രാം ഫോർ പ്ലാസ്റ്റിക്ക് ബോട്ടിൽ ഫ്രീ യജ്ഞ)**

ജില്ലയിലെ വിവിധ വിദ്യാലയങ്ങളിൽ നടപ്പാക്കിയ പ്രസ്തുത പരിപാടിയുടെ ഭാഗമായി അരലക്ഷം പ്ലാസ്റ്റിക് കുപ്പികൾ അംഗീകൃത സ്ക്രാപ്പ് വ്യാപാരികൾക്ക് കൈമാറി.



**നൈപുണ്യ കർമ്മസേന**

ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ ഇലക്ട്രിക്കൽ, എ.സി. മെക്കാനിക്ക്, പ്ലംബർ, വെൽഡിംഗ്, ഇലക്ട്രോണിക്സ്, കാർപെൻററി തുടങ്ങിയ തൊഴിലുകളിൽ നൈപുണ്യം നേടിയ 73 ട്രെയിനികളും, 12 സ്കിൽഡ് വർക്കർമാരും അവരുടെ മേൽനോട്ടത്തിനായി 12 ഇൻസ്ട്രക്ടർമാരും അടങ്ങിയ നൈപുണ്യ കർമ്മസേന തൃശൂർ,എറണാകുളം ജില്ലകളിലെ പ്രളയബാധിത പ്രദേശങ്ങളിൽ സേവനം നൽകി.

### ടീച്ചറും കുട്ട്യോളും

2020 ൽ കാസറഗോഡ് ജില്ലയിൽ നടന്ന ഒരു തനത് പ്രവർത്തനമാണ് ടീച്ചറും കുട്ട്യോളും. ഓരോ വിദ്യാലയത്തിലും ഹരിതകർമ്മസേന സന്ദർശിച്ച് അജൈവ മാലിന്യങ്ങൾ തരംതിരിക്കുന്ന വിധം പഠിപ്പിക്കുന്ന വ്യത്യസ്തമായ ഒരു ക്യാമ്പയിനായിരുന്നു ഇത്. തുടർന്ന് കുട്ടികൾ ഗ്രൂപ്പായി വാതിൽപ്പടി സേവനത്തിൽ ഹരിത കർമ്മസേനയെ സഹായിച്ചു. അതുവഴി അജൈവ മാലിന്യ ശേഖരണം നടത്തുന്നതിനുള്ള കാരണങ്ങളും അത് വലിച്ചെറിഞ്ഞാലുള്ള ദോഷങ്ങളും മാലിന്യങ്ങൾ സമ്പത്താണെന്ന കാര്യവും കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുവാൻ സാധിച്ചു.



### വിവര - വിദ്യാഭ്യാസ - ആശയവിനിമയ പ്രവർത്തനങ്ങൾ [IEC] :

ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചപ്പോൾ തന്നെ സമാന്തരമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വിവര- വിദ്യാഭ്യാസ-ആശയവിനിമയ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. വിവിധ ക്യാമ്പയിനുകൾ വിജയത്തിലേക്ക് എത്തുന്നതിന് പ്രധാന കാരണം ബോധവല്ക്കരണ ക്ലാസ്സുകളായിരുന്നു. വിദ്യാലയങ്ങൾ, ക്ലബ്ബുകൾ, വായനശാലകൾ, കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ എന്നിവ കേന്ദ്രീകരിച്ചാണ് ബോധവല്ക്കരണ ക്ലാസ്സുകൾ നടത്തുന്നത്. അതുപോലെ തന്നെ ആശയവിനിമയത്തിനുള്ള ധാരാളം ബോർഡുകൾ തയ്യാറാക്കി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പരമാവധി സ്ഥലങ്ങളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ ഓരോ ക്യാമ്പയിനുമായി ബന്ധപ്പെട്ടും ധാരാളം പോസ്റ്ററുകളും വീഡിയോകളും സോഷ്യൽ മീഡിയ വഴി പ്രചരിപ്പിക്കുന്നുണ്ട്.

ക്യാമ്പയിന്റെ ഭാഗമായി ജില്ലയിൽ പ്രത്യേക ന്യൂസ് ലെറ്റർ തയ്യാറാക്കി പ്രചരിപ്പിച്ചിട്ടുണ്ട്. ജില്ലയിലെ പിന്നിട്ട പത്തുവർഷങ്ങളിൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചെയ്ത പ്രവർത്തനങ്ങളിലെ സംക്ഷിപ്ത റിപ്പോർട്ട് കാസറഗോഡ് നവകേരളത്തിന്റെ ഹരിതകവാടം എന്ന പേരിൽ തയ്യാറാക്കിയത് നിലവിലുള്ള ഭരണസമിതികൾക്കും പുതുതായി ഭരണസാരഥ്യം ഏറ്റെടുത്തവർക്കും പ്രയോജനപ്പെടുന്ന വിധമാണ് പ്രസ്തുത പുസ്തകത്തിന്റെ രൂപകൽപ്പന.

ജില്ലാ ജലബജറ്റും ജലസുരക്ഷാ പ്ലാനും തയ്യാറാക്കി ഭാവി പ്രവർത്തനങ്ങൾ ക്രമീകരിച്ചത് വിപുലമായ തുടർപ്രവർത്തനങ്ങൾക്ക് വിവിധ വകുപ്പുകളുടെ ജില്ലാതല ഏകോപനത്തിനും സഹായകമാകും.

കേരള സർക്കാർ ഹരിതകേരളം മിഷൻ രൂപീകരിച്ച് പ്രവർത്തിച്ചതിന്റെ ഫലമായി താഴെ പറയുന്ന നേട്ടങ്ങൾ ഉണ്ടാക്കാൻ സാധിച്ചു.

- ★ മാലിന്യസംസ്കരണ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞു.
- ★ മാലിന്യങ്ങൾ വലിച്ചെറിയുന്നത് കുറഞ്ഞു.
- ★ മാലിന്യങ്ങൾ കത്തിക്കുന്നത് കുറഞ്ഞു.
- ★ ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിച്ച് വളമാക്കാൻ തുടങ്ങി.
- ★ അജൈവമാലിന്യങ്ങൾ ശേഖരിച്ച് റീസൈക്ലിംഗിന് കൊണ്ടുപോകാൻ കഴിയുന്നു.
- ★ ഒരു വാർഡിൽ ചുരുങ്ങിയത് 2 വീതം ഹരിതകർമ്മസേന അംഗങ്ങളെ നിയോഗിച്ച് പ്രവർത്തനമാരംഭിച്ചു. 2025 ൽ ഹരിതകർമ്മസേനാംഗങ്ങളുടെ എണ്ണം 1549 ആയി വർധിച്ചു. 1797 മിനി എം സി എഫുകളും 40 സ്ഥിരം എം.സി.എഫുകളും സ്ഥാപിച്ചു.
- ★ മാലിന്യ സംസ്കരണ രംഗത്ത് സംരംഭങ്ങൾ ആരംഭിച്ചു.
- ★ സമൂഹത്തിന്റെ വിവിധ വിഭാഗങ്ങൾക്ക് ശുചിത്വ ബോധവല്ക്കരണം നടത്താൻ കഴിഞ്ഞു.
- ★ 2537 ഓഫീസുകളും 656 വിദ്യാലയങ്ങളും 300 വായനശാലകളും ഹരിത സ്ഥാപനങ്ങളാക്കുവാൻ സാധിച്ചു.
- ★ പ്രധാനപ്പെട്ട 34 ടൗണുകളെ ഹരിതസുന്ദര ടൗണുകളാക്കി മാറ്റാനും നിലനിർത്താനും സാധിച്ചു.
- ★ ദ്രവമാലിന്യങ്ങൾ സോക്ക് പിറ്റിലൂടെ സംസ്കരിക്കുന്നതിന് സാധിച്ചു.
- ★ വലിയപറമ്പ ഗ്രാമപഞ്ചായത്ത് എല്ലാ വീടുകളിലും സോക്ക്പിറ്റുള്ള ആദ്യഗ്രാമപഞ്ചായത്തായി മാറി.
- ★ കൂടുതലായി മലിനജലം ഉല്പാദിപ്പിക്കുന്ന സ്ഥാപനങ്ങളിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുവാൻ സാധിച്ചു.
- ★ ചിക്കൻ വേസ്റ്റ് സംസ്കരിക്കുന്നതിന് ജില്ലയിൽ അനന്തപുരത്ത് പ്ലാന്റ് സ്ഥാപിച്ചു. അതുവഴി ചിക്കൻ വേസ്റ്റ് ശേഖരിക്കുവാനും സംസ്കരിക്കുവാനും കഴിയുന്നു.
- ★ ജില്ലയിലെ 2376.25 കി.മീ നീളത്തിൽ നീർച്ചാൽ പുനരുജ്ജീവനം നടത്തി.
- ★ കാസറഗോഡ് ജില്ലയെ ഹരിതാഭമാക്കിക്കൊണ്ട് ജില്ലയിലുടനീളം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലുമായി 819 പച്ചത്തുരുത്തുകൾ ഉണ്ടാക്കി, കാർബൺ എമിഷൻ കുറക്കുവാൻ കഴിഞ്ഞു.
- ★ ജില്ലയിൽ എല്ലാ പഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും ജില്ലാതലത്തിലും ജലബജറ്റ് തയ്യാറാക്കി. അതിന്റെ അടിസ്ഥാനത്തിൽ ജലസുരക്ഷാ പ്ലാൻ തയ്യാറാക്കുകയും ചെയ്തു. അതിനനുസരിച്ച് പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കാനും കഴിഞ്ഞു.
- ★ ജില്ലയിൽ എല്ലാ ഭാഗത്തും നീർച്ചാലുകളിൽ 83 സ്ഥിരമായതും 4499 താൽക്കാലികവുമായ തടയണകൾ നിർമ്മിച്ച് കുത്തിയൊലിച്ചു പോകുന്ന വെള്ളത്തെ തടഞ്ഞുനിർത്തി ഭൂമിക്കടിയിലേക്ക് റീച്ചാർജ് ചെയ്യുവാൻ കഴിഞ്ഞു.
- ★ 2016 മുതൽ 2021 വരെ കുളം നവീകരണം – 473 എണ്ണം, കുളം നിർമ്മാണം -1016 എണ്ണം, കിണർ റീചാർജ്ജിംഗ് – 2666 എണ്ണം, ജലസേചന കനാൽ നവീകരണം -84 എണ്ണം, വൃഷ്ടി പ്രദേശ പരിപാലനം – 89408 എണ്ണം 2982.05 ഹെക്ടർ, ചെക്ക്ഡാം/വിസിബി നിർമ്മാണം – 116 എണ്ണം, താൽക്കാലിക തടയണ നിർമ്മാണം -1848 എണ്ണം എന്നിവ ഏറ്റെടുത്തു നടത്തുവാൻ സാധിച്ചു.

- ★ 2021 ഏപ്രിൽ മുതൽ 2025 ഒക്ടോബർ വരെ 479 പുതിയ കുളം, 167 കുളം പുനരുജ്ജീവനം, 1028 കിണർ റീചാർജ്ജിംഗ്, 1455 പുതിയ കിണർ, 83 സ്ഥിരം തടയണ, 2651 താൽക്കാലിക തടയണ എന്നിവ ഏറ്റെടുത്തു നടത്തുവാൻ സാധിച്ചു.
- ★ ജില്ലയിൽ 12 വിദ്യാലയങ്ങളിൽ ജലഗുണനിലവാര പരിശോധനാ ലാബുകൾ സ്ഥാപിക്കുവാനും അതുവഴി ജനങ്ങൾക്ക് ഗുണനിലവാരമുള്ള വെള്ളം ഉറപ്പുവരുത്താനും സാധിച്ചു. 1187 പരിശോധനകൾ നടത്തിയിട്ടുണ്ട്.
- ★ ജില്ലയിലെ 12 പഞ്ചായത്തുകളിൽ നെറ്റ് സീറോ കാർബൺ കേരളം പദ്ധതി നടപ്പിലാക്കുകയും അതുവഴി കാർബൺ എമിഷൻ കുറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞു.
- ★ ആദ്യഘട്ടത്തിലെ 11 ഗ്രാമപപഞ്ചായത്തിലെ 321 അങ്കണവാടികളിലും അംഗൻജ്യോതി ഉപകരണങ്ങൾ വിതരണം ചെയ്തു. ഊർജ്ജസംരക്ഷണക്ലാസുകൾ സംഘടിപ്പിച്ചു.
- ★ വായനശാലകൾ, ക്ലബ്ബുകൾ, സ്കൂളുകൾ, ടാക്സി സ്റ്റാന്റുകൾ കേന്ദ്രീകരിച്ച് 340 ഊർജ്ജ സംരക്ഷണ ക്ലാസ്സുകൾ നടത്തുവാൻ കഴിഞ്ഞു.
- ★ സ്ഥാപനങ്ങളിലെല്ലാം ഊർജ്ജ സർവ്വേ നടത്തി കാർബൺ എമിഷൻ കുറക്കാൻ ഏറ്റെടുക്കേണ്ട പ്രോജക്ടുകൾ തയ്യാറാക്കി.
- ★ നെറ്റ്സീറോ പഞ്ചായത്തുകളിലെ 231 സ്ഥാപനങ്ങളിൽ നെറ്റ്സീറോ കാർബൺ സർവ്വേ നടത്തി. കാർബൺ എമിഷൻ കുറയ്ക്കേണ്ട ആവശ്യകത ബോധ്യപ്പെടുത്തി.
- ★ നെറ്റ്സീറോ കാർബൺ നെഗറ്റീവ് സ്റ്റാറ്റസിലേക്ക് 17 സ്ഥാപനങ്ങളെ ഉയർത്തുവാൻ കഴിഞ്ഞു.

## പൂർണമായി വിജയിക്കാതെ പോയ ക്യാമ്പയിൻ/ പ്രവർത്തനങ്ങൾ

കാസറഗോഡ് ജില്ലയെ സംബന്ധിച്ചിടത്തോളം ഹരിതകേരളം മിഷൻ രൂപീകരണത്തിന് ശേഷം സംസ്ഥാനത്ത് നിന്ന് നിർദ്ദേശിച്ച എല്ലാ ജനകീയ ക്യാമ്പയിനുകളും വിജയിപ്പിക്കാനുള്ള തീവ്രമായ ഇടപെടൽ നടന്നിട്ടുണ്ട്. അതുപോലെ ചില തനതു ക്യാമ്പയിനുകളും ഏറ്റെടുത്തു നടത്തിയിട്ടുണ്ട്. എങ്കിലും നിർവഹണഘട്ടത്തിലെ സമയക്രമം, തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം, മറ്റു വകുപ്പുകളുടെ പ്രവർത്തനങ്ങളുമായിട്ടുള്ള ആവർത്തനം തുടങ്ങിയവ മൂലം ചില ക്യാമ്പയിനുകൾ വേണ്ടത്ര ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞില്ല. അത്തരത്തിലുള്ള ക്യാമ്പയിനുകളെക്കുറിച്ച് താഴെ പ്രതിപാദിക്കുന്നു.

### തെങ്ങിന് തടം മണ്ണിന് ജലം :

പ്രധാനപ്പെട്ട ഒരു ജലസംരക്ഷണ പ്രവർത്തനമെന്ന നിലയിലാണ് "തെങ്ങിന് തടം മണ്ണിന് ജലം" ക്യാമ്പയിൻ ആരംഭിച്ചത്. ജില്ലയിൽ പൊതുവെ കാലവർഷം അവസാനിച്ച് തുലാവർഷത്തിന് മുൻപ് തെങ്ങിന് തടമെടുക്കുന്ന രീതിയാണുള്ളത്. കൃഷി വകുപ്പിന്റെയും ഗവേഷണസ്ഥാപനങ്ങളുടെയും നിർദ്ദേശവും ഇതുതന്നെയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഒരു ക്യാമ്പയിനായി തടമെടുക്കൽ പ്രചാരത്തിൽ വന്നതോടെ ഭൂരിഭാഗം പറമ്പുകളിലും തെങ്ങിനും കവുങ്ങിനും തടമെടുത്ത് വളം ചേർക്കൽ ആരംഭിച്ചു. തൊഴിലുറപ്പു പ്രവർത്തനത്തിന്റെ ഭാഗമായി ഫീൽഡ് ബണ്ട് നിർമ്മാണവും നടത്തുന്നുണ്ട്.

എന്നാൽ ഈ ക്യാമ്പയിൻ പൂർണ്ണ വിജയത്തിലെത്തിയില്ല. പ്രവർത്തന ബാഹുല്യം കാരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടത്ര ഇടപെടാൻ കഴിഞ്ഞിട്ടില്ല. തടമെടുത്ത പറമ്പുകളുടെയും തെങ്ങുകളുടെയും എണ്ണവും മറ്റും കൃത്യമായി കണക്കെടുക്കുവാനും കഴിഞ്ഞിട്ടില്ല. കർഷക കൂട്ടായ്മകളുടെ രൂപീകരണവും പ്രസക്തിയെ കുറിച്ചുള്ള ചർച്ചയും വേണ്ട രീതിയിൽ നടത്താൻ സാധിച്ചിട്ടില്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ചട്ടത്തിൽ ഉൾപ്പെടാത്തത് കൊണ്ട് ഏകോപനസാധ്യത ലഭിച്ചില്ല. വരും വർഷങ്ങളിൽ ഏറ്റവും നല്ല രീതിയിൽ നടത്തുവാൻ

സാധിക്കേണ്ടതുണ്ട്. ബേഡഡുക്ക ഗ്രാമപഞ്ചായത്തിൽ ജില്ലയുടെ തനത് തെങ്ങിനമായ “ബേഡകം തെങ്ങ് “ ഇനത്തിന്റെ തടമെടുക്കൽ കാർഷിക കർമ്മസേനയുടെ നേതൃത്വത്തിൽ നടന്നു. ഒട്ടുമിക്ക ഗ്രാമപഞ്ചായത്തുകളിലും ഈ കാലയളവിൽ തെങ്ങുകൾക്കും കവുങ്ങിനും തടമെടുത്ത് ജലസംരക്ഷണ ഇടപെടൽ നടത്തിയിട്ടുണ്ടെങ്കിലും വാർഡുതലത്തിലുള്ള യോഗം ചേർന്ന് ഒരു ക്യാമ്പയിനായി ഏകോപിച്ച് പൂർത്തിയാക്കൽ പ്രഖ്യാപനം നടത്താൻ കഴിഞ്ഞില്ല.

## ജലഗുണനിലവാര പരിശോധന ക്യാമ്പയിൻ :

കാസറഗോഡ് ജില്ലയിൽ ഹരിതകേരളം മിഷന്റെ ഇടപെടലിന്റെ ഭാഗമായി ജില്ലാ പഞ്ചായത്ത് 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 12 വിദ്യാലയങ്ങളിൽ ജലഗുണനിലവാര പരിശോധന ലാബ് ആരംഭിച്ചിട്ടുണ്ട്. പ്രൊജക്ടിന്റെ ഭാഗമായി പ്രസ്തുത ലാബുകളിലേക്കാവശ്യമായ ഫർണിച്ചറുകളും വാഷ്ബേസിനും കെമിക്കലുകളും പരിശോധനാ കിറ്റും നൽകുകയും അധ്യാപകർക്ക് പരിശീലനം സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മിക്ക ഹയർസെക്കണ്ടറി വിദ്യാലയങ്ങളിലും സ്ഥിരമായ രസതന്ത്രം അധ്യാപകർ ഇല്ലാത്തതും പരിശീലനം നേടിയവർ സ്ഥലംമാറി പോകുന്നതും ജലപരിശോധനയുടെ എണ്ണം ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുന്നതിന് തടസമായി. കെമിക്കലുകളുടെ കാലാവധി കഴിഞ്ഞതും മുൻവർഷം ജലപരിശോധന കുറയാൻ കാരണമായി. ഈ വർഷം പ്രസ്തുത വിദ്യാലയങ്ങളിലെല്ലാം കെമിക്കൽസും കിറ്റുകളും ലഭ്യമാക്കിയിട്ടുണ്ട്. എൻ എസ് എസ് വളണ്ടീയർമാരുടെ സേവനം പ്രാദേശികമായി കിണർവെള്ളം ശേഖരിച്ച് എത്തിക്കാൻ സഹായകമായി. അധ്യാപകർക്കുള്ള തുടർപരിശീലനങ്ങളിലൂടെ ആയിരത്തോളം പരിശോധനകൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. ജലമാണ് ജീവൻ ക്യാമ്പയിന്റെ മൂന്നാംഘട്ടമായി ജലഗുണനിലവാര പരിശോധനക്ക് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. വരും നാളുകളിൽ ഈ ക്യാമ്പയിനും വിജയത്തിലേക്കെത്തിക്കേണ്ടതുണ്ട്.

# ഹരിതകേരളം മിഷനിലൂടെ സാധ്യമായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണം

അധികാരവികേന്ദ്രീകരണത്തിലൂടെ ശാക്തീകരിക്കപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ കരുത്തിൽ, വികസന പാതയിൽ ഏറെ മുന്നേറാൻ കേരളത്തിലെ ഇതര ജില്ലകളെ അപേക്ഷിച്ച് അടിസ്ഥാന സൗകര്യങ്ങളിലും പശ്ചാത്തല മേഖലയിലും പിന്നിലായിരുന്ന കാസർഗോഡ് ജില്ലയ്ക്ക് സാധിച്ചിട്ടുണ്ട്. ജനകീയാസൂത്രണത്തിന്റെ പിൻബലത്തിൽ പ്രാദേശിക പ്രശ്നങ്ങൾക്ക് പ്രാദേശികമായിത്തന്നെ പരിഹാരങ്ങൾ കണ്ടെത്തി നടപ്പിലാക്കിയതിലൂടെ ജില്ലയിലെ 48 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വലിയ പുരോഗതിയാണ് കൈവരിച്ചത്. എന്നിരുന്നാലും, വിവിധ കാരണങ്ങളാൽ അഭിസംബോധന ചെയ്യാൻ കഴിയാതെ പോയ വികസന വിടവുകൾ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ 2016-ൽ സംസ്ഥാന സർക്കാർ നവകേരളം കർമ്മപദ്ധതിക്ക് രൂപം നൽകി. ഇതിന്റെ ഭാഗമായി നിലവിൽ വന്ന ഹരിതകേരളം മിഷൻ, കഴിഞ്ഞ ഒമ്പത് വർഷത്തിലധികമായി കാസർഗോഡ് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിന് സഹായകമായ നിരവധി പിന്തുണാ സംവിധാനങ്ങൾ ഒരുക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ചു.

കാലാവസ്ഥാ വ്യതിയാനം ചെറുക്കുന്നതിനും പരിസ്ഥിതി പുനഃസ്ഥാപനത്തിനുമായി ഏകോപിതമായ പദ്ധതികളുടെ അഭാവം ഹരിതകേരളം മിഷന്റെ വരവിനു മുൻപ് ജില്ലയിൽ പ്രകടമായിരുന്നു. മടിക്കൈ, പിലിക്കോട്, കയ്യൂർ ചീമേനി, ബേഡഡുക്ക തുടങ്ങിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ നേതൃത്വത്തിൽ ചില ഒറ്റപ്പെട്ട പദ്ധതികളും പരിപാടികളും മാതൃകാപരമായി നടപ്പിലാക്കിയിരുന്നു. കൂടാതെ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്ന് പ്രകൃതിവിഭവ സംരക്ഷണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനും ഉതകുന്ന മികച്ച പ്രവർത്തനങ്ങൾ ജില്ലയിൽ നടന്നിട്ടുണ്ട്. ഇതിൽ മടിക്കൈ പഞ്ചായത്ത് ജനകീയമായി തയ്യാറാക്കിയ നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ സംസ്ഥാനത്തിന് തന്നെ മാതൃകയായിരുന്നു. എങ്കിലും, ജില്ല നേരിടുന്ന വ്യാപകമായ പ്രതിസന്ധികളെ പരിഹരിക്കാൻ ഇത്തരം

ഇടപെടലുകൾക്ക് ഒരു പൊതുവായ ചട്ടക്കൂട് ആവശ്യമായിരുന്നു. ഹരിതകേരളം മിഷന്റെ വരവോടെ ലഭ്യമായ ശാസ്ത്രീയവും പ്രായോഗികവുമായ പിന്തുണാ സംവിധാനങ്ങൾ വെള്ളം, വൃത്തി, വിളവ് എന്നീ മൂന്ന് പ്രധാന മേഖലകളിൽ കാസർഗോഡ് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ എങ്ങനെ കരുത്തുറ്റതാക്കി എന്ന് തുടർന്ന് പരിശോധിക്കാം.

## വെള്ളം (ജലസംരക്ഷണം)

ജലസംരക്ഷണ പ്രവർത്തനങ്ങളുടെ യഥാർത്ഥ പ്രാധാന്യം ജനങ്ങളിലേക്ക് എത്തുന്നതിലും അത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമായി മാറുന്നതിലും ഹരിതകേരളം മിഷന്റെ ഇടപെടലുകൾ വലിയ പങ്കുവഹിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ ഖരമാലിന്യങ്ങൾ നിറഞ്ഞ് നീരൊഴുക്ക് തടസ്സപ്പെട്ട പുഴകളും തോടുകളും മലിനജലം കെട്ടിക്കിടക്കുന്ന ജലസ്രോതസ്സുകളും ജില്ലയിലെ പതിവ് കാഴ്ചയായിരുന്നു. ജലാശയങ്ങളിലേക്ക് നേരിട്ട് തുറന്നിരുന്ന ശൗചാലയ പൈപ്പുകളും വർധിച്ചുവന്ന ഇ.കോളി ബാക്ടീരിയയുടെ സാന്നിധ്യവും വലിയൊരു ആരോഗ്യപ്രശ്നമായി നിലനിന്നിരുന്നുവെങ്കിലും ഇവ വൃത്തിയാക്കുന്നതിനോ ശാശ്വത പരിഹാരം കാണുന്നതിനോ ഉള്ള ഏകോപിതമായ ശ്രമങ്ങൾ തദ്ദേശതലത്തിൽ ഉണ്ടായിരുന്നില്ല. തുലാവർഷം കഴിയുമ്പോഴേക്കും പുഴകളും ജലാശയങ്ങളും വറ്റിവരളുന്ന അവസ്ഥയുണ്ടാവുകയും, ടാങ്കർ ലോറികളിൽ കുടിവെള്ളം വിതരണം ചെയ്യാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർബന്ധിതരാവുകയും ചെയ്തിരുന്നു.

തൊഴിലുറപ്പ് മിഷൻ അടക്കമുള്ള ഏജൻസികളെ ഏകോപിപ്പിച്ചുകൊണ്ടുള്ള വിപുലമായ ശുചീകരണ പ്രവർത്തനങ്ങൾ അക്കാലത്ത് പരിമിതമായിരുന്നു. ജലസ്രോതസ്സുകളുടെ പുനരുജ്ജീവനത്തിനായി സാങ്കേതിക സമിതികൾ രൂപീകരിച്ച് ശാസ്ത്രീയമായ ആസൂത്രണം നടത്തുന്നതിനെക്കുറിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ചിന്തകൾ രൂപപ്പെട്ടിരുന്നില്ല. കൂടാതെ, ജലസംരക്ഷണത്തിന്റെ ഭാഗമായി നടപ്പിലാക്കേണ്ട വൃക്ഷവൽക്കരണത്തെയോ കൃഷിയിടങ്ങളെ തരിശ് രഹിതമാക്കുന്നതിനെയോ ഈ പ്രവർത്തനങ്ങളുടെ ഭാഗമായി അന്ന് പരിഗണിച്ചിരുന്നില്ല. എന്നാൽ ഹരിതകേരളം മിഷന്റെ വരവോടെ, ജലസ്രോതസ്സുകളെ വീണ്ടെടുക്കുന്നത് കേവലം ശുചീകരണത്തിനപ്പുറം ഒരു ജനകീയ പ്രസ്ഥാനമായി മാറുകയും, സാങ്കേതിക



സമിതികളുടെയും തൊഴിലുറപ്പ് പദ്ധതിയുടെയും സഹായത്തോടെ ജലസംരക്ഷണ മേഖലയിൽ ശാസ്ത്രീയമായ ആസൂത്രണം നടത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രാപ്തമാവുകയും ചെയ്തു.

## മറികടക്കുന്നതിനുള്ള മിഷൻ പ്രവർത്തനങ്ങൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള നീർച്ചാലുകളും തോടുകളും പുഴകളുമെല്ലാം മാലിന്യരഹിതമാക്കി ജലസമൃദ്ധമാക്കേണ്ടത് ആ സ്ഥാപനങ്ങളുടെ പ്രാഥമിക ഉത്തരവാദിത്തമാണെന്ന പൊതുബോധം സൃഷ്ടിക്കുന്നതിൽ ഹരിതകേരളം മിഷന്റെ ക്യാമ്പയിനുകൾ വലിയ പങ്കുവഹിച്ചു. ഇതിന്റെ ഭാഗമായി വർഷങ്ങളായി അടിഞ്ഞുകൂടിയിരുന്ന മാലിന്യങ്ങൾ നീക്കം ചെയ്ത് നീർച്ചാലുകളുടെ സ്വാഭാവിക ഒഴുക്ക് വീണ്ടെടുക്കുക എന്ന ലക്ഷ്യത്തോടെ 'ഇനി ഞാൻ ഒഴുകട്ടെ' ക്യാമ്പയിന് തുടക്കം കുറിച്ചു. തുടർന്ന് നടപ്പിലാക്കിയ 'തെളിനീരൊഴുകും നവകേരളം', 'നീരുറവ്', 'മാലിന്യമുക്തം നവകേരളം' എന്നീ ജനകീയ ക്യാമ്പയിനുകളിലൂടെയും വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെയും ജില്ലയിൽ 1970.33 കിലോമീറ്റർ നീർച്ചാലുകൾ ശുചീകരിക്കാൻ സാധിച്ചു. ജലസ്രോതസ്സുകളുമായുള്ള ജനങ്ങളുടെ ആത്മബന്ധം വീണ്ടെടുക്കുന്നതിനായി സംഘടിപ്പിച്ച 'പുഴനടത്തം', 'ജലസംഗമം' തുടങ്ങിയ പരിപാടികൾ ഈ പ്രവർത്തനങ്ങൾക്ക് വലിയ ജനകീയ അടിത്തറ പാകി.

ജലസംരക്ഷണ പ്രവർത്തനങ്ങളിൽ ശാസ്ത്രീയമായ ആസൂത്രണം ഉറപ്പാക്കുന്നതിനായി പഞ്ചായത്തുകളിൽ ഗ്രാമപഞ്ചായത്ത് തല സാങ്കേതിക സമിതികളും (GPLTC), ബ്ലോക്ക് തലത്തിൽ സാങ്കേതിക സമിതികളും (BLTC) രൂപീകരിച്ചു. ഈ സമിതികളുടെ യോഗങ്ങളിൽ മൈനർ ഇറിഗേഷൻ, തൊഴിലുറപ്പ് മിഷൻ, പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം എന്നിവരെ ഒരേ വേദിയിൽ കൊണ്ടുവരാൻ സാധിച്ചതോടെ വിവിധ വകുപ്പുകൾക്കിടയിൽ കൃത്യമായ ഏകോപനം സാധ്യമായി. നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാനുകളുടെ രൂപീകരണത്തിലൂടെ ഫസ്റ്റ് ഓർഡർ അരുവികളെ പുനരുജ്ജീവിപ്പിക്കാനും, പശ്ചാത്തല മേഖലകളിൽ വലിയ തോതിലുള്ള വൃക്ഷവൽക്കരണ പരിപാടികൾ തൊഴിലുറപ്പ് മിഷന്റെ സഹായത്തോടെ നടപ്പിലാക്കാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞു. തൊഴിലുറപ്പ് പദ്ധതിയുമായി ഏകോപിപ്പിച്ച് കുളങ്ങളും കിണറുകളും നിർമ്മിക്കുന്നതിനുള്ള പ്രത്യേക പദ്ധതി തയ്യാറാക്കുകയും,



ഇതിന്റെ ഭാഗമായി 2021 മുതൽ 2025 വരെയുള്ള കാലയളവിൽ 479 കുളങ്ങളും 1455 കിണറുകളും ജില്ലയിൽ പുതുതായി നിർമ്മിക്കുകയും ചെയ്തു.

വരൾച്ചാ പ്രതിരോധത്തിന്റെ ഭാഗമായി പച്ചത്തുരുത്തുകൾ വ്യാപകമാക്കുന്നതിൽ പഞ്ചായത്ത് ഭരണസമിതികൾ സജീവമായി ഇടപെട്ടു. സർക്കാർ സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ, പൊതുയിടങ്ങൾ, സ്വകാര്യ വ്യക്തികളുടെ പറമ്പുകൾ എന്നിവിടങ്ങളിൽ പച്ചത്തുരുത്തുകൾ യാഥാർത്ഥ്യമാക്കി. പച്ചത്തുരുത്തുകളും കാർഷിക പ്രവർത്തനങ്ങളും ഏറ്റെടുക്കാൻ ദേവാലയ സമിതികളുമായി ബന്ധപ്പെട്ടതിലൂടെ 22 'ദേവഹരിതം' പച്ചത്തുരുത്തുകളും 3 കൃഷിയിടങ്ങളും രൂപീകരിക്കാൻ സാധിച്ചു. ഇതിനുപുറമെ, ജില്ലാ ഭരണകൂടത്തിന്റെ മുൻകൈയിൽ കാസർഗോഡിനെ 'ബാംബൂ കാപ്പിറ്റൽ' ആയി മാറ്റുന്നതിനായി തരിശുഭൂമികളിൽ വ്യാപകമായി മുളത്തൈകൾ വച്ചുപിടിപ്പിച്ചു.

മലിനീകരിക്കപ്പെട്ട ജലാശയങ്ങൾ ശാസ്ത്രീയമായി പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ഇല്ലാതിരുന്ന ഘട്ടത്തിലാണ് ഹരിതകേരളം മിഷൻ 'തെളിനീരൊഴുകും നവകേരളം' പദ്ധതി ആരംഭിച്ചത്. പുഴകളിൽ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നതിനും പുഴയരികിലെ മണ്ണിടിച്ചിൽ ഒഴിവാക്കുന്നതിനും നേരിട്ടിരുന്ന ഫണ്ടിന്റെ ലഭ്യതക്കുറവ് തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തിയും മൈനർ ഇറിഗേഷൻ വകുപ്പിന്റെ സവിശേഷ പ്രോജക്ടുകളിലൂടെയും പരിഹരിക്കാൻ കഴിഞ്ഞു. ഈ വകുപ്പുതല ഏകോപനം പുഴ ശുചീകരണത്തിനും 'ഇനി ഞാൻ ഒഴുകട്ടെ' പദ്ധതിയുടെ വിജയകരമായ തുടർച്ചയ്ക്കും വലിയ സഹായമായി. കുടുംബശ്രീ മിഷൻ, തൊഴിലുറപ്പ് പദ്ധതി പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ, ജനനേതാക്കൾ തുടങ്ങിയവരുടെ വിപുലമായ കൂട്ടായ്മയിലൂടെയാണ് ഈ ശുചീകരണ പ്രവർത്തനങ്ങളെല്ലാം കാസർഗോഡ് ജില്ലയിൽ ജനകീയമായി നടപ്പിലാക്കിയത്.

### മഴവെള്ള റീചാർജിങ്

വാർഷിക ശരാശരി 3200 മുതൽ 3500 മില്ലിമീറ്റർ വരെ മഴ ലഭിക്കുന്ന ജില്ലയായിരുന്നിട്ടും, കാസർഗോഡ് നേരിട്ടിരുന്ന രൂക്ഷമായ വേനൽക്കാല കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനുള്ള ആസൂത്രിത ശ്രമങ്ങൾ മുൻപ് പരിമിതമായിരുന്നു. എന്നാൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ വിവിധ പഞ്ചായത്തുകളിലും ബ്ലോക്കുകളിലും മഴവെള്ള കൊയ്ത്ത് നടപ്പിലാക്കുന്നതിനായി



പ്രത്യേക പ്രോജക്ടുകൾ ആവിഷ്കരിച്ചതോടെ ഈ രംഗത്ത് വലിയ മാറ്റമുണ്ടായി. ജല ഉപയോഗവും ലഭ്യതയും കണക്കാക്കിയുള്ള 'ജല ബജറ്റിന്റെ' (Water Budget) രൂപീകരണം ഈ മേഖലയിൽ ഒരു കുതിച്ചുചാട്ടത്തിന് തന്നെ വഴിയൊരുക്കി.

ജല ബജറ്റ് പ്രവർത്തനങ്ങൾ എല്ലാ ഗ്രാമപഞ്ചായത്തുകളിലും മഴവെള്ള റീചാർജിങ് പദ്ധതികൾക്ക് തുടക്കമിടാൻ വലിയ രീതിയിൽ സഹായകമായിട്ടുണ്ട്. ഇതിന്റെ വിജയകരമായ ഉദാഹരണമാണ് കാഞ്ഞങ്ങാട് ബ്ലോക്ക്. കാഞ്ഞങ്ങാട് ബ്ലോക്കിന് കീഴിലെ അഞ്ച് പഞ്ചായത്തുകളിൽ 40 എണ്ണം വീതം മഴവെള്ള റീചാർജിങ് പ്രവർത്തനങ്ങൾ ഇതിനോടകം പൂർത്തീകരിച്ചു കഴിഞ്ഞു. മഴവെള്ളം മണ്ണിലേക്ക് ഇറക്കി വിടുന്നതിലൂടെ ഭൂഗർഭ ജലവിതാനം ഉയർത്താനും വേനൽക്കാലത്തെ ജലക്ഷാമം നേരിടാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്ന ഇത്തരം ശാസ്ത്രീയ ഇടപെടലുകൾ ജില്ലയിലുടനീളം വ്യാപിപ്പിക്കാൻ മിഷന്റെ പിന്തുണയിലൂടെ സാധിച്ചു.

### ജലബജറ്റും ജലസുരക്ഷാ പ്ലാനും

കാസർഗോഡ്, മഞ്ചേശ്വരം ബ്ലോക്കുകൾ ഭൂജല വിനിയോഗത്തിന്റെ കാര്യത്തിൽ യഥാക്രമം 'ക്രിട്ടിക്കൽ', 'സെമി ക്രിട്ടിക്കൽ' വിഭാഗങ്ങളിലാണെന്ന ദേശീയ ഭൂജല വകുപ്പിന്റെ പഠന റിപ്പോർട്ടുകൾ ജില്ല നേരിടുന്ന ഗൗരവകരമായ ജലപ്രതിസന്ധിയെയാണ് സൂചിപ്പിക്കുന്നത്. ജില്ലയിലെ ഭൂജല ചൂഷണവും വിനിയോഗവും ഒട്ടും സുരക്ഷിതാവസ്ഥയിലല്ലെന്ന തിരിച്ചറിവിൽ നിന്നാണ് ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുള്ള ശാസ്ത്രീയമായ പഠനങ്ങൾക്ക് ഹരിതകേരളം മിഷൻ തുടക്കമിട്ടത്. പൂർണ്ണമായ ജനകീയ പിന്തുണയോടെ തയ്യാറാക്കിയ ജലബജറ്റ്, നദീതട അടിസ്ഥാനത്തിലുള്ള കർമ്മപദ്ധതികൾ ആവിഷ്കരിക്കാനും മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങളിൽ തദ്ദേശസ്ഥാപനങ്ങൾക്ക് കരുത്തു പകരാനും സഹായിച്ചു. ദേശീയതലത്തിൽ തന്നെ ആദ്യമായാണ് ഒരു ജില്ല ജനകീയ പങ്കാളിത്തത്തോടെ ഇത്തരമൊരു ജലസുരക്ഷാ പ്ലാൻ തയ്യാറാക്കുന്നത്.

ഒരു പഞ്ചായത്തിൽ പത്തു വർഷക്കാലയളവിൽ ലഭിക്കുന്ന ശരാശരി മഴയളവും, വിവിധ സ്രോതസ്സുകളിലൂടെയുള്ള ജലലഭ്യതയും, ഓരോ പ്രദേശത്തിന്റെയും ജല ആവശ്യകതയും തമ്മിൽ പൊരുത്തപ്പെടുത്തിക്കൊണ്ട് ജലം മിച്ചമാണോ കമ്മിയാണോ എന്ന് കൃത്യമായി പരിശോധിക്കാനാണ് ജലബജറ്റിലൂടെ ലക്ഷ്യമിട്ടത്. കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തും അതിന് കീഴിലുള്ള ഗ്രാമപഞ്ചായത്തുകളുമാണ് ആദ്യഘട്ടത്തിൽ ജലബജറ്റ് തയ്യാറാക്കി സംസ്ഥാനതലത്തിൽ മാതൃകയായത്. ഇതിന്റെ തുടർച്ചയായി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് 'നീരുറവ്' എന്ന പേരിൽ സമഗ്ര മാസ്റ്റർ പ്ലാൻ തയ്യാറാക്കി. തൊഴിലുറപ്പ് പദ്ധതിയിലെ പ്രകൃതിവിഭവ സംരക്ഷണ പ്രോജക്ടുകളെല്ലാം നീരുറവ് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കിയത്.

ജില്ലാ സാങ്കേതിക സമിതിയുടെ നേതൃത്വത്തിൽ ജില്ലയിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും നൽകിയ പരിശീലനത്തിന്റെ ഫലമായി ജലബജറ്റ് നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞു. ഗ്രാമപഞ്ചായത്ത് തലത്തിൽ തയ്യാറാക്കിയ ബജറ്റുകൾ ബ്ലോക്ക്, ജില്ലാ തലങ്ങളിൽ ക്രോഡീകരിച്ചു. ഇതിനുപുറമെ, ഓരോ പ്രദേശത്തെയും ജലപ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും ചർച്ച ചെയ്യുന്നതിനായി 'ജലസഭകൾ' സംഘടിപ്പിച്ചു. ഈ സഭകളിലെ നിർദ്ദേശങ്ങൾ ക്രോഡീകരിച്ചുകൊണ്ട്, വിവിധ വകുപ്പുകളുടെ പദ്ധതികൾ കൂടി ഉൾപ്പെടുത്തി ജില്ലയിലെ 9 നദികളെ അടിസ്ഥാനമാക്കിയുള്ള സമഗ്രമായ 'ജില്ലാ ജലസുരക്ഷാ പ്ലാൻ' തയ്യാറാക്കി. ജലസംരക്ഷണത്തിൽ ശാസ്ത്രീയമായ ആസൂത്രണം നടപ്പിലാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കിയ ഏറ്റവും പ്രധാനപ്പെട്ട പിന്തുണാ സംവിധാനമാണിത്.

### ജലാശയ പുനരുജ്ജീവനം

മലിനമായ ജലാശയങ്ങളും നീർച്ചാലുകളും ജില്ല നേരിട്ടിരുന്ന പ്രധാന വെല്ലുവിളികളായിരുന്നു. ഇവയെ ശാസ്ത്രീയമായി മാലിന്യമുക്തമാക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനുമുള്ള സാങ്കേതിക



സഹായത്തിന്റെ കുറവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രകടമായിരുന്നു. എന്നാൽ ഹരിതകേരളം മിഷന്റെ തുടക്കം മുതലുള്ള ഇടപെടലുകൾ വഴി, മലിനമാക്കപ്പെട്ട കുളങ്ങളും തോടുകളും വീണ്ടെടുത്ത് അവയുടെ ജലസംഭരണ ശേഷി ഉയർത്താൻ തദ്ദേശ സ്ഥാപനങ്ങൾക്ക് സാധിച്ചു. ഇതിന്റെ മികച്ച ഉദാഹരണമാണ് കാഞ്ഞങ്ങാട് ആലാമിപ്പള്ളി ബസ് സ്റ്റാൻഡ് പരിസരത്ത് നാശോന്മുഖമായി കിടന്നിരുന്ന കുളം. ജലസേചന വകുപ്പ് അനുവദിച്ച ഫണ്ട് വിനിയോഗിച്ച് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഈ കുളം പുനരുജ്ജീവിപ്പിച്ചത് ആരെയും ആകർഷിക്കുന്ന രീതിയിലുള്ള ജലസമൃദ്ധമായ ജലസ്രോതസ്സായി മാറി.

ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് സമഗ്രതയും തുടർച്ചയും ഉറപ്പാക്കുന്നതിനായി പഞ്ചായത്തുകളിൽ വിവിധ വകുപ്പുകളുടെ പങ്കാളിത്തത്തോടെ ഗ്രാമപഞ്ചായത്ത് തല സാങ്കേതിക സമിതികളും (GPLTC), ബ്ലോക്ക് തല സാങ്കേതിക സമിതികളും (BLTC) രൂപീകരിച്ചു. ഈ സംഘടനാ സംവിധാനം ശക്തിപ്പെട്ടതോടെ ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് പുതിയ ഊർജ്ജം ലഭിച്ചു. വലിയ നിർമ്മാണ പ്രവർത്തനങ്ങൾക്കൊപ്പം തന്നെ, ജലലഭ്യത ഉറപ്പാക്കാൻ വി.സി.ബി (VCB) കൾ, താൽക്കാലിക തടയണകൾ എന്നിവ വ്യാപകമായി നിർമ്മിക്കാനും മിഷന്റെ ഇടപെടലുകൾ വഴി സാധിച്ചു.

ശാസ്ത്രീയമായ മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങളെ തൊഴിലുറപ്പ് പദ്ധതിയുമായി ഫലപ്രദമായി ഏകോപിപ്പിച്ചു എന്നതാണ് മറ്റൊരു പ്രധാന നേട്ടം. ഇതിന്റെ ഭാഗമായി മഴക്കുഴികൾ, മൺവരമ്പുകൾ, കൃഷി ആവശ്യത്തിനുള്ള കുളങ്ങൾ, ഭൂമി തട്ടുതിരിക്കൽ തുടങ്ങിയ പ്രവൃത്തികൾ വ്യാപകമായി നടപ്പിലാക്കി. ഈ പ്രവർത്തനങ്ങൾ ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനും കാർഷിക മേഖലയ്ക്ക് കരുത്തുപകരാനും ജില്ലയിലെ തദ്ദേശ ഭരണകൂടങ്ങളെ സഹായിച്ചു.

## തെങ്ങിനു തടം മണ്ണിനു ജലം

ജലസംരക്ഷണത്തിനായി വൈവിധ്യമാർന്ന മാർഗ്ഗങ്ങൾ തേടുന്നതിനിടയിൽ ഹരിതകേരളം മിഷൻ 2024-ൽ ആവിഷ്കരിച്ച ശ്രദ്ധേയമായ പദ്ധതിയായിരുന്നു 'തെങ്ങിനു തടം മണ്ണിനു ജലം' ക്യാമ്പയിൻ. ജലസംരക്ഷണ രംഗത്ത് ഏറെ പുതുമയാർന്നതും പ്രായോഗികവുമായ ഒരു പ്രവർത്തനമാണിത്. കാർഷിക മേഖലയിലെ 'കേരഗ്രാമം' പദ്ധതിയുമായി ഈ ക്യാമ്പയിനെ ഫലപ്രദമായി ഏകോപിപ്പിക്കാൻ സാധിച്ചു. ഇതിലൂടെ കർഷകർക്കിടയിൽ ജലസംരക്ഷണത്തിന്റെ പ്രാധാന്യം എത്തിക്കുന്നതിനും, തൊഴിലുറപ്പ് പദ്ധതിയിലെ മൺവരമ്പ് നിർമ്മാണമുൾപ്പെടെയുള്ള പ്രവൃത്തികൾ പ്രയോജനപ്പെടുത്തി തെങ്ങുകൾക്കും കവുങ്ങുകൾക്കും ശാസ്ത്രീയമായി തടമെടുക്കാനും കഴിഞ്ഞു.

മഴവെള്ളം മണ്ണിലേക്ക് ആഴ്ന്നിറങ്ങുന്നതിനും തെങ്ങിൻതടങ്ങളിൽ ഈർപ്പം നിലനിർത്തുന്നതിനും സഹായിക്കുന്ന ഈ പ്രവർത്തനം ജില്ലയിലെ ജലസംരക്ഷണ ഭൂപടത്തിൽ വലിയ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കർഷകരെ കൂടി പങ്കാളികളാക്കി നടപ്പിലാക്കിയ ഈ പദ്ധതി, വരും വർഷങ്ങളിലും കൂടുതൽ ജനകീയമായി തുടരേണ്ടതിന്റെ ആവശ്യകത മിഷൻ അടിവരയിടുന്നു.

## ഹരിതകേരളം ജലസേചന പദ്ധതികൾ

ജില്ലയിലെ ജലാശയങ്ങൾ നവീകരിക്കുന്നതിനും ജലസംരക്ഷണത്തിനായി പുതിയ നിർമ്മിതികൾ ഒരുക്കുന്നതിനും ഹരിതകേരളം മിഷന്റെ ഇടപെടലുകൾ വഴി സാധിച്ചിട്ടുണ്ട്. സംസ്ഥാന ബജറ്റിൽ 'ഹരിതകേരളം' എന്ന ശീർഷകത്തിന് കീഴിൽ അനുവദിച്ച പ്രത്യേക ഫണ്ട് വിനിയോഗിച്ച് ചെറുകിട ജലസേചന വകുപ്പ് (Minor Irrigation Department) മുഖേന നിരവധി പ്രവർത്തനങ്ങളാണ് കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കിയത്. ജലസംരക്ഷണ മേഖലയിൽ നിലനിന്നിരുന്ന അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് പരിഹരിക്കാൻ ഈ പദ്ധതികൾ വലിയ തോതിൽ സഹായകമായി.

പ്രധാനമായും ഉപയോഗശൂന്യമായി കിടന്നിരുന്ന ജലസ്രോതസ്സുകളെ വീണ്ടെടുക്കുന്നതിനാണ് ഈ പദ്ധതി മുൻഗണന നൽകിയത്. ഇതിന്റെ ഏറ്റവും മികച്ച ഉദാഹരണമാണ് കാഞ്ഞങ്ങാട്





ആലാമിപ്പള്ളിയിലെ കുളം. നാശോന്മുഖമായ അവസ്ഥയിലായിരുന്ന ഈ കുളം ഹരിതകേരളം പദ്ധതിയിലൂടെ നവീകരിക്കുകയും കൃഷി ആവശ്യങ്ങൾക്കും മറ്റും ഉപയുക്തമാകുന്ന രീതിയിൽ ജലസമൃദ്ധമാക്കി മാറ്റുകയും ചെയ്തു. ഇത്തരത്തിൽ ജലസേചന വകുപ്പിന്റെ സാങ്കേതിക സഹായവും ബജറ്റ് വിഹിതവും തദ്ദേശസ്ഥാപനങ്ങളുടെ ആവശ്യങ്ങളുമായി സംയോജിപ്പിച്ചത് ജില്ലയിലെ ജലലഭ്യത ഉറപ്പാക്കുന്നതിൽ നിർണ്ണായകമായി മാറി.

### വൃത്തി (മാലിന്യ സംസ്കരണം)

ഖരമാലിന്യങ്ങൾ ശേഖരിക്കുകയും സംസ്കരിക്കുകയും ചെയ്യുക എന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യമായ ചുമതലയാണെങ്കിലും, 2010 വരെ നഗരപ്രദേശങ്ങളിൽ മാത്രമാണ് ഈ രംഗത്ത് എന്തെങ്കിലും തരത്തിലുള്ള ഇടപെടലുകൾ നടന്നിരുന്നത്. എന്നാൽ വർദ്ധിച്ചുവരുന്ന ജനസാന്ദ്രതയും പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ അമിതമായ ഉപയോഗവും ഗ്രാമപ്രദേശങ്ങളിലും മാലിന്യ സംസ്കരണം അനിവാര്യമാക്കി. 2008-ൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ 'സീറോ വേസ്റ്റ് കാസർഗോഡ്' എന്ന ലക്ഷ്യത്തോടെ ചില പ്രവർത്തനങ്ങൾ ആവിഷ്കരിച്ചുവെങ്കിലും അവ പൂർണ്ണതോതിൽ ലക്ഷ്യം കണ്ടിരുന്നില്ല. ഹരിതകേരളം മിഷന്റെ തുടക്കത്തിന് മുമ്പ് ജില്ലയിൽ അജൈവ പാഴ്വസ്തുക്കൾ സുരക്ഷിതമായി സംസ്കരിക്കാനുള്ള സംവിധാനങ്ങൾ വളരെ പരിമിതമായിരുന്നു. മംഗൽപാടിയിലെ ജൈവമാലിന്യ സംസ്കരണ സംവിധാനവും കുമ്പളയിലെ ബയോഗ്യാസ് പ്ലാന്റും മാറ്റിനിർത്തിയാൽ, മാലിന്യങ്ങൾ ഒരിടത്ത് കൂട്ടിയിടുന്ന പതിവ് രീതിയാണ് ഭൂരിഭാഗം ഇടങ്ങളിലും നിലനിന്നിരുന്നത്.

ഹരിതകേരളം മിഷന്റെ ഇടപെടലുകൾക്ക് മുമ്പ് ജില്ല നേരിട്ടിരുന്ന പ്രശ്നങ്ങൾ അതീവ ഗുരുതരമായിരുന്നു. മാലിന്യം നിറഞ്ഞ തെരുവുകൾ, ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കളുടെ ആധിക്യം, വഴിയോരങ്ങളിൽ വലിച്ചെറിയപ്പെടുന്ന മാലിന്യക്കെട്ടുകൾ, പ്ലാസ്റ്റിക് കൂമ്പാരങ്ങൾ കത്തിക്കുന്ന

രീതി എന്നിവ സർവ്വസാധാരണമായിരുന്നു. വീടുകളിൽ നിന്ന് മാലിന്യം ശേഖരിക്കുന്ന സംവിധാനം നിലവിലില്ലാത്തതിനാൽ സന്നദ്ധ സംഘടനകൾ ശേഖരിക്കുന്ന തരംതിരിക്കാത്ത മാലിന്യങ്ങൾ പണം നൽകി അന്യസംസ്ഥാനങ്ങളിലേക്ക് കയറ്റി അയക്കുകയായിരുന്നു പതിവ്. ശുചിത്വ മിഷന്റെയും ആരോഗ്യപ്രവർത്തകരുടെയും പരിശോധനകൾ നടന്നിരുന്നുവെങ്കിലും മാലിന്യപ്രശ്നത്തിന് ഒരു ശാശ്വത പരിഹാരം കാണാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിരുന്നില്ല.

ഈ സാഹചര്യത്തെ മറികടക്കാൻ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ 'മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം' എന്ന ബൃഹത്തായ ക്യാമ്പയിന് തുടക്കം കുറിച്ചു. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ശുചിത്വ ക്ലാസുകളും പ്രതിജ്ഞകളും സംഘടിപ്പിച്ചു. കുടുംബശ്രീ ബാലസഭാംഗങ്ങൾക്കായി 'പെൻസിൽ' ക്യാമ്പയിനും, വിദ്യാലയങ്ങളിലും ഓഫീസുകളിലും ഉപയോഗിച്ച പേനകൾ ശേഖരിക്കാൻ 'പെൻഫ്രണ്ട്' പദ്ധതിയും നടപ്പിലാക്കി.

ഏറ്റവും നിർണ്ണായകമായ മാറ്റം 2017-ൽ അജൈവ മാലിന്യ ശേഖരണത്തിനായി വാതിൽപ്പടി സേവനം നൽകുന്ന ഹരിതകർമ്മസേനയ്ക്ക് രൂപം നൽകിയതാണ്. കുടുംബശ്രീ മിഷൻ വഴി വാർഡുകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടവരെ ഉൾപ്പെടുത്തി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും സേന രൂപീകരിച്ചു. 2019 ആയപ്പോഴേക്കും 3 മുനിസിപ്പാലിറ്റികളിലും 30 ഗ്രാമപഞ്ചായത്തുകളിലും സേന പ്രവർത്തനം ആരംഭിച്ചു. മംഗൽപാടി, മഞ്ചേശ്വരം, മീഞ്ച, ബെള്ളൂർ, കുംപഡാജെ, മുളിയാർ, കള്ളാർ, ഈസ്റ്റ് എളേരി, ചെങ്കള, ബളാൽ തുടങ്ങിയ പഞ്ചായത്തുകളിൽ സേനാംഗങ്ങളെ ലഭിക്കാൻ പ്രയാസം നേരിട്ടുവെങ്കിലും ജനപ്രതിനിധികളുടെയും ഭരണസമിതികളുടെയും പ്രത്യേക ഇടപെടലിലൂടെ ഹരിതകർമ്മസേനയെ വിജയകരമായി നിയമിക്കാനും മാലിന്യ സംസ്കരണത്തിൽ പുതിയൊരു സംസ്കാരം കെട്ടിപ്പടുക്കാനും ജില്ലയ്ക്ക് സാധിച്ചു.

ഹരിതകർമ്മസേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കൃത്യമായ സാങ്കേതിക സഹായവും ഏകോപനവും മിഷൻ ഉറപ്പാക്കി. ജില്ലയിലെ 41 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 28 എണ്ണത്തിലും ക്ലീൻ കേരള കമ്പനിയാണ് ഹരിതസഹായ സ്ഥാപനമായി പ്രവർത്തിക്കുന്നത്. ബാക്കിയുള്ള പഞ്ചായത്തുകളിൽ ഗ്രീൻവേംസ്, ഗ്രീൻസൊല്യൂഷൻസ്, തിരുവോണം, ഒലീന തുടങ്ങിയ ഏജൻസികൾ സാങ്കേതിക പിന്തുണ നൽകുന്നു. ഡിജിറ്റൽ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് കാസർഗോഡ് നഗരസഭയിൽ 'നെല്ലിക്ക' എന്ന സ്വകാര്യ ആപ്പും, മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ 'ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ്പും' ഉപയോഗിച്ചാണ് വാതിൽപ്പടി ശേഖരണവും നിരീക്ഷണവും നടത്തുന്നത്. ഇത് മാലിന്യ ശേഖരണ പ്രക്രിയയിൽ കൂടുതൽ സുതാര്യതയും കൃത്യതയും കൊണ്ടുവന്നു.



ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലും വലിയ പുരോഗതി ജില്ല കൈവരിച്ചിട്ടുണ്ട്. ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ തരംതിരിക്കുന്നതിനായി ജില്ലയിലുടനീളം 1797 മിനി എം.സി.എഫുകൾ (MCF) സ്ഥാപിച്ചു. ചെറുവത്തൂർ, മംഗൽപാടി, പടന്ന, മഞ്ചേശ്വരം, ബദിയടുക്ക എന്നീ പഞ്ചായത്തുകളിൽ ഒഴികെ മറ്റെല്ലായിടത്തും തുടക്കത്തിൽ തന്നെ എം.സി.എഫുകൾ നിർമ്മിക്കപ്പെട്ടിരുന്നു. എന്നാൽ മിഷന്റെ നിരന്തരമായ ഇടപെടലുകളുടെ ഫലമായി 2025 ആകുമ്പോഴേക്കും ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും സ്ഥിരമോ താൽക്കാലികമോ ആയ എം.സി.എഫ് സംവിധാനം ഉറപ്പാക്കാൻ സാധിച്ചു.

സേനാംഗങ്ങളുടെ സുരക്ഷയ്ക്കും അന്തസ്സിനും മുൻഗണന നൽകിക്കൊണ്ട് അവർക്ക് യൂണിഫോമും ആവശ്യമായ സുരക്ഷാ ഉപകരണങ്ങളും ലഭ്യമാക്കി. കൂടാതെ, സേവനത്തിലൂടെ ലഭിക്കുന്ന വരുമാനം കുറവായ ഇടങ്ങളിൽ 'വയബിലിറ്റി ഗ്യാപ്പ് ഫണ്ട്' (VGF) നൽകിക്കൊണ്ട് അവർക്ക് നിശ്ചിത വരുമാനം ഉറപ്പുവരുത്താനും മിഷൻ മുൻകൈയെടുത്തു. ഇത്തരം പ്രവർത്തനങ്ങളിലൂടെ ഹരിതകർമ്മസേനയുടെ പ്രവർത്തനം സുസ്ഥിരമാക്കാനും മാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്ഥാപനങ്ങളെ സ്വയംപര്യാപ്തമാക്കാനും മിഷന് കഴിഞ്ഞു.

അജൈവ മാലിന്യ സംസ്കരണ പ്രക്രിയ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ബ്ലോക്ക് തലത്തിലും പഞ്ചായത്ത് തലത്തിലും റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ (RRF) ശക്തിപ്പെടുത്താൻ ഹരിതകേരളം മിഷന്റെ ഇടപെടലുകൾ വഴി സാധിച്ചു. ജില്ലയിൽ നീലേശ്വരം ബ്ലോക്ക് തല ആർ.ആർ. എഫിന്റെ പ്രവർത്തനം മാതൃകാപരമായ രീതിയിൽ ശക്തമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിനുപുറമെ ബേഡഡുക്ക, കിനാനൂർ കരിന്തളം, മംഗൽപാടി, പള്ളിക്കര, മഞ്ചേശ്വരം എന്നിവിടങ്ങളിലും ആർ.ആർ. എഫ് സംവിധാനങ്ങൾ നിലവിലുണ്ട്. ഇവ അതത് പഞ്ചായത്തുകളെ കേന്ദ്രീകരിച്ചാണ് നിലവിൽ പ്രവർത്തിച്ചു വരുന്നത്.

മാലിന്യ ശേഖരണത്തിന്റെയും തരംതിരിക്കലിന്റെയും പ്രാധാന്യം കണക്കിലെടുത്ത് എം.സി.എഫുകളുടെ വലിപ്പത്തിലും ഭൗതിക സാഹചര്യങ്ങളിലും വലിയ മാറ്റങ്ങൾ കൊണ്ടുവന്നു. ആരംഭഘട്ടത്തിൽ നിശ്ചിത വിസ്തീർണ്ണമുള്ള എം.സി.എഫുകൾ എല്ലാ പഞ്ചായത്തുകളിലും ലഭ്യമായിരുന്നില്ലെങ്കിലും,



നിലവിൽ മിക്കയിടങ്ങളിലും 4000 ചതുരശ്ര മീറ്ററിൽ അധികം വിസ്തൃതിയുള്ള വിപുലമായ എം.സി.എഫ് സംവിധാനങ്ങൾ ഒരുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിച്ചു.

സംഭരണശാലകളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനൊപ്പം തന്നെ അവയെ ആധുനികവൽക്കരിക്കാനും മിഷൻ മുൻകൈയെടുത്തു. ആദ്യഘട്ടത്തിൽ ഇല്ലാതിരുന്ന ബെയിലിംഗ് മെഷീൻ, കൺവെയർ ബെൽറ്റ്, ട്രോളികൾ, വലിയ സംഭരണികൾ, സോർട്ടിംഗ് ടേബിളുകൾ തുടങ്ങിയ അത്യാധുനിക യന്ത്രസാമഗ്രികളും അടിസ്ഥാന സൗകര്യങ്ങളും ഭൂരിഭാഗം എം.സി.എഫുകളിലും ഇപ്പോൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, പ്രവർത്തനങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നതിനും ഡിജിറ്റലൈസ് ചെയ്യുന്നതിനുമായി എം.സി.എഫ് ഓഫീസുകളിൽ കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള അനുബന്ധ സൗകര്യങ്ങൾ ഒരുക്കാൻ കഴിഞ്ഞു എന്നത് ഈ മേഖലയിലെ വലിയൊരു മുന്നേറ്റമാണ്.

തദ്ദേശസ്വയംഭരണ വകുപ്പ്, ശുചിത്വ മിഷൻ എന്നിവയുടെ ധനസഹായവും ഹരിതകേരളം മിഷന്റെ അക്കാദമിക പിന്തുണയും മാലിന്യ സംസ്കരണ മേഖലയുടെ ആധുനികവൽക്കരണത്തിന് വലിയ കരുത്തുപകർന്നു. ജൈവമാലിന്യ സംസ്കരണത്തെക്കുറിച്ച് പൊതുജനങ്ങൾക്കും വ്യാപാരികൾക്കും കൃത്യമായ ധാരണയില്ലാതിരുന്ന മുൻകാലങ്ങളിൽ, ഹോട്ടലുകളിൽ നിന്നുള്ള പാഴ്ജലവും ഭക്ഷ്യാവശിഷ്ടങ്ങളും നഗരങ്ങളെ മലിനമാക്കുകയും തെരുവ് നായ്ക്കളുടെയും എലി-പെരുച്ചാഴികളുടെയും ശല്യം വർദ്ധിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ കുടുംബശ്രീ, വിദ്യാലയങ്ങൾ, ഗ്രാമസഭകൾ എന്നിവയിലൂടെ നടത്തിയ തീവ്രമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ വീടുകളിലും സ്ഥാപനങ്ങളിലും സ്വന്തമായി ജൈവമാലിന്യ സംസ്കരണ ഉപാധികൾ വേണമെന്ന ചിന്താഗതിയിലേക്ക് ജനങ്ങളെ നയിച്ചു.

ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി ശുചിത്വ മിഷൻ, സി.എസ്.ആർ (CSR), ധനകാര്യ കമ്മീഷൻ ഫണ്ടുകൾ വിനിയോഗിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ റിംഗ് കമ്പോസ്റ്റ്, ബയോബിൻ, കിച്ചൺ ബിൻ, പൈപ്പ് കമ്പോസ്റ്റ് തുടങ്ങിയ ഉപാധികൾ വ്യാപകമായി വിതരണം ചെയ്തു. ഇതിനുപുറമെ, തൊഴിലുറപ്പ് പദ്ധതിയുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെയും നേതൃത്വത്തിൽ സോക്പിറ്റുകളും ബയോഗ്യാസ് പ്ലാന്റുകളും വീടുകളിലും സ്ഥാപനങ്ങളിലും നിർമ്മിച്ചു നൽകി.

ദ്രവമാലിന്യ സംസ്കരണ രംഗത്തും (Liquid Waste Management) ജില്ല ശ്രദ്ധേയമായ ചുവടുവെപ്പുകളാണ് നടത്തുന്നത്. ചെറുവത്തൂർ, ബേഡഡുക്ക എന്നിവിടങ്ങളിൽ എഫ്.എസ്.ടി.പി (FSTP - Faecal Sludge Treatment Plant) സ്ഥാപിക്കാനുള്ള പ്രാഥമിക നടപടികൾ പൂർത്തിയായി. കയ്യൂർ സി.എച്ച്.സി, ചെറുവത്തൂർ, തൃക്കരിപ്പൂർ, മംഗൽപാടി താലൂക്ക് ആശുപത്രികൾ ഉൾപ്പെടെ 20 സ്ഥാപനങ്ങൾക്ക് സ്ഥാപനതല എസ്.ടി.പി (STP) കൾ നിർമ്മിക്കാൻ ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകി. ഇതിൽ ചീമേനി മുണ്ട്യ, നീലേശ്വരം താലൂക്ക് ആശുപത്രി, തൃക്കരിപ്പൂർ സെന്റ് പോൾസ് എ.യു.പി.എസ് എന്നിവിടങ്ങളിൽ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഗ്രേ വാട്ടർ (Graywater) പരിപാലനത്തിനായി ഡി.പി.സി അംഗീകാരം നൽകിയ എട്ട് പ്രവൃത്തികൾ ജില്ലയിൽ പുരോഗമിക്കുന്നു.

പൊതുജന സൗകര്യാർത്ഥം വിവിധ തദ്ദേശ സ്ഥാപനങ്ങളിലായി 36 വഴിയോര വിശ്രമ കേന്ദ്രങ്ങളും (ടേക്ക് എ ബ്രേക്ക്) 50-ലധികം പൊതു ശൗചാലയങ്ങളും മിഷന്റെയും തദ്ദേശ സ്ഥാപനങ്ങളുടെയും ഏകോപനത്തിലൂടെ ജില്ലയിൽ സജ്ജമാക്കിയിട്ടുണ്ട്. ഇത്തരം സംയോജിത ഇടപെടലുകളിലൂടെ മാലിന്യ സംസ്കരണ രംഗത്ത് സമ്പൂർണ്ണ ശാക്തീകരണം കൈവരിക്കാൻ ജില്ലയിലെ തദ്ദേശ ഭരണകൂടങ്ങൾക്ക് സാധിച്ചു.

ഹരിതചട്ടം (Green Protocol) പരിപാലിക്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ മുൻനിർത്തി നടത്തിയ വിപുലമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ ജില്ലയിൽ വലിയ മാറ്റങ്ങൾ കൊണ്ടുവന്നു. ഇതിന്റെ ഭാഗമായി ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് കവറുകൾ, ഡിസ്പോസിബിൾ പ്ലേറ്റുകൾ, ഗ്ലാസുകൾ എന്നിവയുടെ ഉപയോഗം ഗണ്യമായി കുറയ്ക്കാൻ സാധിച്ചു. നൂറിൽ കൂടുതൽ

ആളുകൾ പങ്കെടുക്കുന്ന പരിപാടികൾ നടത്തുമ്പോൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മുൻകൂട്ടി അറിയിച്ച് അനുമതി വാങ്ങണമെന്ന നിർദ്ദേശം ഹരിതചട്ട പാലനം കർശനമാക്കാൻ സഹായിച്ചു. പ്ലാസ്റ്റിക് വസ്തുക്കൾക്ക് പകരമായി പരിസ്ഥിതി സൗഹൃദമായ ബദൽ ഉൽപ്പന്നങ്ങൾ പ്രചരിപ്പിക്കുന്നതിന് മിഷൻ നൽകിയ പിന്തുണ തദ്ദേശ സ്ഥാപനങ്ങൾക്ക് വലിയ കൈത്താങ്ങായി മാറി.

'ഒത്തുചേർന്ന് ഒരുക്കാം വൃത്തിയുള്ള നാടും വീടും' എന്ന പരിപാടിയുടെ ഭാഗമായി വാർഡ് ശുചിത്വ സമിതികളെയും കുടുംബശ്രീ അയൽക്കൂട്ടങ്ങളെയും മാലിന്യ സംസ്കരണ പ്രക്രിയയിൽ സജീവമായി പങ്കാളികളാക്കി. ഹരിതകേരളം മിഷന്റെയും ശുചിത്വ മിഷന്റെയും നേതൃത്വത്തിൽ ഇവർക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകുകയും, ഹരിതസഹായ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പാഴ്വസ്തുക്കൾ തരംതിരിച്ച് കൈമാറുന്നതിനുള്ള പ്രായോഗിക അറിവ് പകരുകയും ചെയ്തു.

മാലിന്യ ശേഖരണ സംവിധാനങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിന്റെ ഭാഗമായി വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന പാഴ്വസ്തുക്കൾ താൽക്കാലികമായി സംഭരിക്കുന്നതിന് വാർഡുകൾ തോറും മിനി എം.സി.എഫുകൾ (Mini MCF) സ്ഥാപിച്ചു. ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിലവിൽ എം.സി.എഫ് (MCF) സംവിധാനം പ്രവർത്തനസജ്ജമാണ്; ഇതിൽ മൂന്ന് ഇടങ്ങളിൽ താൽക്കാലിക സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്. ഇതിനുപുറമെ, പ്ലാസ്റ്റിക്കുകളും മറ്റ് പാഴ്വസ്തുക്കളും ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി ഒമ്പത് ആർ.ആർ.എഫുകളും (RRF) ജില്ലയിൽ സ്ഥാപിക്കപ്പെട്ടു. ഇത്തരം ശക്തമായ സംവിധാനങ്ങളിലൂടെ മാലിന്യമുക്തമായ ഒരു പ്രാദേശിക പരിസ്ഥിതി കെട്ടിപ്പടുക്കാൻ കാസർഗോഡ് ജില്ലയിലെ തദ്ദേശ ഭരണകൂടങ്ങളെ ഹരിതകേരളം മിഷൻ പ്രാപ്തമാക്കി.

മാലിന്യ സംസ്കരണത്തിൽ ശാശ്വതമായ മാറ്റം കൊണ്ടുവരുന്നതിനായി വിദ്യാർത്ഥികളെ കേന്ദ്രീകരിച്ചുള്ള സവിശേഷമായ പദ്ധതികൾക്ക് ഹരിതകേരളം മിഷൻ ജില്ലയിൽ രൂപം നൽകി. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് സ്കൂൾ വിദ്യാർത്ഥികളിൽ പരിസ്ഥിതി അവബോധം വളർത്തുന്നതിനായി ആവിഷ്കരിച്ച 'ചിൽഡ്രൺ ക്രിയേറ്റ് കാർബൺ ഫ്രീ കൾച്ചർ' (C4U) പ്രോഗ്രാം. ഭാവിയിൽ 'നെറ്റ് സീറോ കാർബൺ' (Net Zero Carbon) ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള ശക്തമായ മുന്നൊരുക്കമായി ഈ പദ്ധതി മാറി. കുട്ടികൾക്കിടയിൽ പ്ലാസ്റ്റിക് തരംതിരിവ് പരിശീലിപ്പിക്കുന്നതിനായി 'ടീച്ചറും കുട്ടിയോളും' എന്ന പരിപാടിയും, വിദ്യാലയങ്ങളിലും സ്ഥാപനങ്ങളിലും ഉപയോഗശൂന്യമായ പ്ലാസ്റ്റിക് പേനകൾ ശേഖരിക്കാൻ 'പെൻഫ്രണ്ട്' ബോക്സുകളും സ്ഥാപിച്ചു. അജൈവ മാലിന്യങ്ങൾ തരംതിരിക്കുന്നതിനും പരിസ്ഥിതി സൗഹൃദമായ ബദൽ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുമായി ജില്ലയിലുടനീളം ശില്പശാലകൾ സംഘടിപ്പിച്ചു. കോളേജ്, ഐ.ടി.ഐ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ബ്ലോക്ക്തല കർമ്മസേനകൾ രൂപീകരിച്ചതും ഹരിത നിയമങ്ങളെക്കുറിച്ച് ബോധവൽക്കരണം നൽകിയതും ശുചിത്വ പ്രവർത്തനങ്ങളെ വേഗത്തിലാക്കാൻ തദ്ദേശ സ്ഥാപനങ്ങളെ സഹായിച്ചു.

മാലിന്യങ്ങൾ ശാസ്ത്രീയമായി തരംതിരിക്കാൻ പരിജ്ഞാനമില്ലാതിരുന്ന ഒരു സമൂഹത്തെയാണ് ഹരിതകർമ്മസേനയ്ക്ക് തുടക്കത്തിൽ അഭിമുഖീകരിക്കേണ്ടി വന്നത്. എന്നാൽ ഹരിതകേരളം മിഷന്റെ നിരന്തരമായ ഇടപെടലുകളിലൂടെ 'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം' എന്ന മനോഭാവത്തിലേക്ക് പൊതുസമൂഹത്തെ മാറ്റിയെടുക്കാൻ സാധിച്ചു. പോസ്റ്ററുകൾ, സോഷ്യൽ മീഡിയ ക്യാമ്പയിനുകൾ, ഫ്ലാഷ് മോബുകൾ, ബോധവൽക്കരണ ക്ലാസുകൾ, കലാജാഥകൾ എന്നിവയിലൂടെ മാലിന്യ സംസ്കരണ സന്ദേശം താഴെത്തട്ടിലെത്തിച്ചു. ഇതിനുപുറമെ ഷോർട്ട് ഫിലിം നിർമ്മാണം, വീഡിയോ മത്സരങ്ങൾ, റിപ്പയറിംഗ് ഷോപ്പുകൾ, പരിസ്ഥിതി സംരക്ഷണ സന്ദേശ യാത്രകൾ, സൈക്കിൾ റാലികൾ, ശുചിത്വ സഭകൾ തുടങ്ങിയ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ സമൂഹ ബോധവൽക്കരണത്തിൽ വലിയ സ്വാധീനം ചെലുത്തി. ഇത്തരം ഫലപ്രദമായ ഇടപെടലുകളിലൂടെ മാലിന്യ സംസ്കരണത്തെ ഒരു ജനകീയ സംസ്കാരമായി മാറ്റാൻ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞു.

## മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ

മാലിന്യ സംസ്കരണ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരാൻ 'മാലിന്യമുക്തം നവകേരളം' ജനകീയ ക്യാമ്പയിനിലൂടെ സാധിച്ചു. മാലിന്യങ്ങൾ വലിച്ചെറിയുന്നതും കത്തിക്കുന്നതുമായ പഴയ രീതികൾ ഗണ്യമായി കുറയുകയും, ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിച്ച് വളമാക്കി മാറ്റുന്ന സംസ്കാരം വ്യാപകമാവുകയും ചെയ്തു. അജൈവമാലിന്യങ്ങൾ കൃത്യമായി ശേഖരിച്ച് പുനരുപയോഗത്തിനായി (Recycling) കൈമാറുന്ന പ്രവർത്തനങ്ങൾ ഹരിതകർമ്മസേനയുടെ നേതൃത്വത്തിൽ സജീവമായി. ഇത് മാലിന്യ സംസ്കരണ മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിരവധി ആളുകൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും വഴിയൊരുക്കി.

ക്യാമ്പയിന്റെ ഭാഗമായി ജില്ലയിലെ 2537 ഓഫീസുകൾ, 656 വിദ്യാലയങ്ങൾ, 65 കലാലയങ്ങൾ, 300 വായനശാലകൾ എന്നിവയെ 'ഹരിത സ്ഥാപനങ്ങളായി' (Green Institutions) മാറ്റാൻ കഴിഞ്ഞു എന്നത് വലിയൊരു നേട്ടമാണ്. ജില്ലയിലെ പ്രധാനപ്പെട്ട 34 ടൗണുകളെ 'ഹരിത സുന്ദര ടൗണുകളായി' മാറ്റുകയും അവ കൃത്യമായി പരിപാലിച്ചു പോരുകയും ചെയ്യുന്നു. ദ്രവമാലിന്യ സംസ്കരണത്തിനായി സോക്പിറ്റുകളും, കൂടുതൽ മലിനജലം ഉൽപ്പാദിപ്പിക്കുന്ന സ്ഥാപനങ്ങളിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളും (STP) സ്ഥാപിച്ചു. ചിക്കൻ വേസ്റ്റ് സംസ്കരണത്തിനായി അനന്തപുരത്ത് സ്ഥാപിച്ച പ്രത്യേക പ്ലാന്റ് ജില്ലയിലെ മാംസമാലിന്യ പ്രശ്നത്തിന് വലിയ പരിഹാരമായി. പുഴകളും നീർച്ചാലുകളും കായലുകളും മാലിന്യമുക്തമാക്കി വീണ്ടെടുക്കുന്നതിനും ഈ ക്യാമ്പയിൻ വലിയ പങ്കുവഹിച്ചു.




ഈ പ്രവർത്തനങ്ങളെല്ലാം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും കൃത്യമായ ഏകോപനം ഉറപ്പാക്കുന്നതിനുമായി തദ്ദേശസ്വയംഭരണ വകുപ്പ് (LSGD) ഡെപ്യൂട്ടി ഡയറക്ടർ ചെയർമാനായും ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ കൺവീനറായും ജില്ലാ ഏകോപന സമിതിയും കാമ്പയിൻ സെക്രട്ടറിയേറ്റും പ്രവർത്തിച്ചു വരുന്നു. ഈ ഭരണപരമായ പിന്തുണ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ലക്ഷ്യപ്രാപ്തിയിലേക്ക് നയിക്കുന്നതിൽ നിർണ്ണായകമായി.

സാനിറ്ററി മാലിന്യങ്ങൾ മൂലമുണ്ടാകുന്ന ആരോഗ്യ-പരിസ്ഥിതി പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനായി സംസ്ഥാന സർക്കാർ ബജറ്റിലൂടെ അനുവദിച്ച ഫണ്ട് വിനിയോഗിച്ച് ഹരിതകേരളം മിഷൻ ജില്ലയിൽ വിപുലമായ പദ്ധതികൾ നടപ്പിലാക്കി. വലിച്ചെറിയപ്പെടുന്ന സാനിറ്ററി പാഡുകൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി ജില്ലയിലെ 'നെറ്റ് സീറോ' പഞ്ചായത്തുകൾക്ക് മുൻഗണന നൽകിക്കൊണ്ട് 15 ഹൈസ്കൂളുകളിൽ അത്യാധുനിക ഡബിൾ ചേമ്പർ ഇൻസിനറേറ്ററുകൾ സ്ഥാപിച്ചു. ഇത് വിദ്യാലയങ്ങളിലെ ശുചിത്വ പരിപാലനത്തിന് വലിയ സഹായമായി.

മാലിന്യമുണ്ടാക്കുന്ന വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ 'മെൻസ്ട്രുവൽ കപ്പുകളുടെ' (Menstrual Cups) പ്രചാരണത്തിനും വിതരണത്തിനും മിഷൻ മുൻകൈയെടുത്തു. ജില്ലയിലെ



എല്ലാ ഗവൺമെന്റ് കോളേജുകളിലും, തിരഞ്ഞെടുത്ത 50 ശതമാനം സ്വകാര്യ കോളേജുകളിലുമായി 16 ഇടങ്ങളിൽ 300 വീതം മെൻസ്ട്രുവൽ കപ്പുകൾ വിദ്യാർത്ഥിനികൾക്കായി വിതരണം ചെയ്തു. ഇതിനുപുറമെ 10 ഹയർ സെക്കൻഡറി സ്കൂളുകൾ, 3 പോളിടെക്നിക്കുകൾ, 6 ഐ.ടി.ഐകൾ, കാഞ്ഞങ്ങാട് നഴ്സിംഗ് സ്കൂൾ, 6 കുടുംബശ്രീ അയൽക്കൂട്ടങ്ങൾ എന്നിവിടങ്ങളിലും കപ്പുകൾ ലഭ്യമാക്കി.

കേവലം വിതരണത്തിൽ ഒതുങ്ങാതെ, മെൻസ്ട്രുവൽ കപ്പുകളുടെ ഉപയോഗത്തെക്കുറിച്ച് വിദഗ്ധർ നയിച്ച വിശദമായ ക്ലാസുകൾക്കും പരിശീലനങ്ങൾക്കും ശേഷമാണ് ഇവ വിതരണം ചെയ്തത്. പ്രതിമാസം വലിയ തോതിൽ ഉപയോഗിച്ച് വലിച്ചെറിയപ്പെടുന്ന സാനിറ്ററി പാഡുകൾക്ക് പകരമായി സുസ്ഥിരവും പരിസ്ഥിതി സൗഹൃദവുമായ മെൻസ്ട്രുവൽ കപ്പുകൾ സ്വീകരിക്കാൻ സ്ത്രീകളെ പ്രേരിപ്പിച്ചതിലൂടെ മാലിന്യ ലഘൂകരണത്തിൽ വലിയൊരു ചുവടുവെപ്പ് നടത്താൻ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിച്ചു.

### വിളവ് (കൃഷി)

മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ വൈവിധ്യമാർന്ന ഭൂപ്രകൃതിയുള്ള കാസർഗോഡ് ജില്ലയിൽ തോട്ടവിളകളും നെൽവയലുകളും തെങ്ങ്-കവുങ്ങ് തോട്ടങ്ങളും പച്ചക്കറി കൃഷികളും സമൃദ്ധമായി നിലനിന്നിരുന്നു. എന്നാൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ ദുരന്തഫലങ്ങൾ ജില്ലയിലെ കൃഷിയിടങ്ങളെയാണ് ആദ്യമായി ബാധിച്ചത്. വർദ്ധിച്ചുവരുന്ന ജലദൗർലഭ്യം, കൃഷി ചെലവിലെ വർദ്ധനവ്, ആവശ്യമായ പ്രോത്സാഹനങ്ങളുടെ കുറവ്, നഗരവൽക്കരണം എന്നിവയും പച്ചക്കറികൾ സ്വയം കൃഷി ചെയ്യുന്നതിനോടുള്ള വിമുഖതയും കാരണം ഫലഭൂയിഷ്ഠമായ പറമ്പുകളും പാടങ്ങളും തരിശിടുന്ന സാഹചര്യം ജില്ലയിൽ വ്യാപകമായി.

കൃഷിഭൂമി തരിശിടുകയോ അല്ലെങ്കിൽ അവ നികത്തി റിയൽ എസ്റ്റേറ്റ് ആവശ്യങ്ങൾക്കായി കൈമാറുകയോ ചെയ്യുന്ന രീതി ജില്ലയുടെ കാർഷിക പാരമ്പര്യത്തിന് വലിയ ഭീഷണിയായി മാറി. ആസൂത്രണ പ്രക്രിയയിൽ 'സ്ഥല-ജല മാനേജ്മെന്റിന്' (Land and Water Management) കൃത്യമായ സ്ഥാനം ലഭിക്കാത്തതും, പാടശേഖര സമിതികളുടെയും കർഷകരുടെയും അടിസ്ഥാന പ്രശ്നങ്ങൾ ഗൗരവമായി അഭിസംബോധന ചെയ്യപ്പെടാത്തതും കാർഷിക മേഖലയിലെ വെല്ലുവിളികൾ വർദ്ധിപ്പിച്ചു.

വർദ്ധിച്ചുവരുന്ന അന്തരീക്ഷ താപനിലയെയും അത് കൃഷിയിലുണ്ടാക്കുന്ന പ്രതിസന്ധികളെയും പ്രതിരോധിക്കാനുള്ള ശാസ്ത്രീയമായ സമീപനം മുൻപ് ഉണ്ടായിരുന്നില്ല. കാലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കുന്ന പാരിസ്ഥിതിക ആഘാതങ്ങളെക്കുറിച്ചുള്ള പരിജ്ഞാനമില്ലായ്മ കർഷകരെയും തദ്ദേശ



സ്വയംഭരണ സ്ഥാപനങ്ങളെയും ഒരുപോലെ ബാധിച്ചു. ഇത്തരത്തിൽ കാർഷിക മേഖല നേരിട്ടിരുന്ന പ്രതിസന്ധികളെ മറികടക്കാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കാർഷിക ശാക്തീകരണത്തിലേക്ക് നയിക്കാനും ഹരിതകേരളം മിഷൻ സ്വീകരിച്ച നടപടികൾ തുടർന്നുള്ള ഭാഗങ്ങളിൽ പരിശോധിക്കാം.

## മറികടക്കുന്നതിനുള്ള മിഷൻ പ്രവർത്തനങ്ങൾ

കാർഷിക മേഖലയിലെ പ്രതിസന്ധികൾ പരിഹരിക്കുന്നതിനായി ഹരിതകേരളം മിഷൻ നടപ്പിലാക്കിയ 'നീർത്തടാധിഷ്ഠിത ആസൂത്രണം' ജലസംരക്ഷണത്തോടൊപ്പം കൃഷി വർദ്ധിപ്പിക്കുന്നതിനും വലിയ സഹായകമായി. അതത് പ്രദേശത്തെ മണ്ണിനും കാലാവസ്ഥയ്ക്കും അനുയോജ്യമായ വിളകളെ മിഷൻ പ്രോത്സാഹിപ്പിച്ചു. ഇതിന്റെ ഭാഗമായി ജില്ലയിലെ വിവിധ പഞ്ചായത്തുകളിലായി 205 ഹരിതസമൃദ്ധി വാർഡുകൾ പ്രഖ്യാപിച്ചു. വാർഡിലെ എല്ലാ വീടുകളിലും പച്ചക്കറി കൃഷി ആരംഭിക്കാൻ ഈ പദ്ധതി വലിയ പ്രേരണയായി. വിദ്യാലയങ്ങളിലും കലാലയങ്ങളിലും കൃഷി യൂണിറ്റുകൾ രൂപീകരിച്ചത് പുതിയ തലമുറയിൽ കാർഷികാഭിമുഖ്യം വളർത്താൻ സഹായിച്ചു. 'സുഭിക്ഷ കേരളം' പദ്ധതിയുടെ ഭാഗമായി ബേഡകം, അജാനൂർ, ബല്ല, അതിയാമ്പൂർ എന്നീ പ്രദേശങ്ങളിലെ അരി ബ്രാൻഡ് ചെയ്ത് വിപണിയിലെത്തിച്ചത് ശ്രദ്ധേയമായ നേട്ടമാണ്. തൽസ്ഥല മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലൂടെ കൃഷി-പരിസ്ഥിതി പുനഃസ്ഥാപനം ശക്തിപ്പെടുത്താൻ മിഷന്റെ നേതൃത്വത്തിൽ നടന്ന യോഗങ്ങൾ വഴി സാധിച്ചു.

മുൻകാലങ്ങളിൽ പരിസ്ഥിതി ദിനത്തിൽ വെച്ചുപിടിപ്പിക്കുന്ന തൈകൾ പരിചരണമില്ലാതെ നശിച്ചുപോകുന്ന അവസ്ഥയ്ക്ക് പരിഹാരമായാണ് 'ജനകീയ വൃക്ഷവൽക്കരണം' എന്ന ആശയം മിഷൻ മുന്നോട്ടുവെച്ചത്. പൊതുസ്ഥാപനങ്ങളിലും ഇടങ്ങളിലും വെച്ചുപിടിപ്പിച്ച തൈകൾ ജനപങ്കാളിത്തത്തോടെ സംരക്ഷിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തി. അതോടൊപ്പം, വൈവിധ്യമാർന്ന സസ്യങ്ങൾ വെച്ചുപിടിപ്പിച്ച് 'പച്ചത്തുരുത്തുകൾ' നിർമ്മിക്കുന്ന പദ്ധതി പ്രാവർത്തികമാക്കി. നിലവിലുള്ള കാവുകളിലും ചെറുവനങ്ങളിലും മരങ്ങൾ നശിച്ചുപോയ ഇടങ്ങളിൽ പുതിയവ വെച്ചുപിടിപ്പിച്ച് അവയെ ഹരിതാഭമാക്കി മാറ്റി.

ആഗോളതാപനത്തെ പ്രതിരോധിക്കാൻ ലക്ഷ്യമിട്ട് 'ഒരു തൈ നടാം' എന്ന ജനകീയ ക്യാമ്പയിനും വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് 'കുട്ടിക്കൊരു കുഞ്ഞിത്തൈ' എന്ന പ്രത്യേക പദ്ധതിയും മിഷൻ ആവിഷ്കരിച്ചു. കുടുംബശ്രീ, സന്നദ്ധ പ്രവർത്തകർ, ഗ്രന്ഥാലയങ്ങൾ, തൊഴിലുറപ്പ് തൊഴിലാളികൾ എന്നിവരുടെ സജീവ പങ്കാളിത്തത്തോടെ ജില്ലയിലുടനീളം 4,41,145 തൈകളാണ് ഈ ക്യാമ്പയിന്റെ ഭാഗമായി വെച്ചുപിടിപ്പിച്ചത്. ഇത് ജനങ്ങൾക്കിടയിൽ വൃക്ഷവൽക്കരണത്തെക്കുറിച്ചുള്ള വലിയൊരു പൗരബോധം സൃഷ്ടിച്ചു.



പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങൾ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും നേരിട്ട് എത്തിക്കുന്നതിനായി ബ്ലോക്ക് അടിസ്ഥാനത്തിൽ റിസോഴ്സ് പേഴ്സൺമാർക്ക് ചുമതല നൽകി. ഉദ്യോഗസ്ഥരെയും ജനപ്രതിനിധികളെയും ഏകോപിപ്പിച്ച് വെള്ളം, വൃത്തി, വിളവ് എന്നീ മേഖലകളിൽ മാറ്റങ്ങൾ കൊണ്ടുവരാൻ ഇവരുടെ ഇടപെടലുകളിലൂടെ സാധിച്ചു. ആസൂത്രണത്തിലും പദ്ധതി നിർവ്വഹണത്തിലും ഹരിതകേരളം മിഷൻ ടീം നൽകിയ പിന്തുണ കാസർഗോഡ് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണപരമായ മികവ് വർദ്ധിപ്പിക്കുന്നതിനും ശാക്തീകരണത്തിനും വലിയ തോതിൽ സഹായകമായിട്ടുണ്ട്.

# സുസ്ഥിര പരിസ്ഥിതിക്കായുള്ള ഭാവി പ്രവർത്തനങ്ങൾ

## കാസറഗോഡ് നവകേരളത്തിന്റെ ഹരിതകവാടം

ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കൊണ്ട് ദൈവത്തിന്റെ സ്വന്തം നാടാണെങ്കിലും ജനസംഖ്യ വർധനവ് മൂലവും അതിലോലമായ ഭൂപ്രകൃതി മൂലവും കാലാവസ്ഥ വ്യതിയാനവും വൈവിധ്യമാർന്ന പരിസ്ഥിതി പ്രശ്നങ്ങളും നേരിടുന്ന ജില്ലയാണ് കാസറഗോഡ്. ആവാസവ്യവസ്ഥയിൽ ഉണ്ടായിട്ടുള്ള അനിയന്ത്രിത ഇടപെടലുകൾ പ്രശ്ന സങ്കീർണത വർധിപ്പിക്കുന്നു. എന്നാൽ പ്രാദേശികതലം മുതൽ ജനകീയവും ശാസ്ത്രീയവുമായ പരിസ്ഥിതി പുനസ്ഥാപന ഇടപെടലുകൾ മൂലം സമാന പ്രശ്നങ്ങളുള്ള ഇതര ഭൂവിഭാഗങ്ങളിൽ നിന്നും നമ്മുടെ നാടിനെ മാറ്റി മറിക്കുകയാണ്. സുസ്ഥിരത കൈവരിക്കുന്നതിനുള്ള പ്രവർത്തനത്തിൽ നിരവധി തടസങ്ങളുണ്ട്. ഹരിതകേരളം മിഷന്റെ പത്തു വർഷത്തെ പ്രവർത്തനങ്ങൾ കൊണ്ട് വലിയൊരു മാറ്റം പരിസ്ഥിതി പുനഃസ്ഥാപന രംഗത്ത് കാസറഗോഡ് ജില്ലയിൽ ഉണ്ടായിട്ടുണ്ട്. വലിച്ചെറിയപ്പെടുന്ന പാഴ് വസ്തുക്കൾ നിറഞ്ഞ വഴിയോരങ്ങളും മലിനമായ പുഴയോരങ്ങളും മുറ്റത്തൊരു പച്ചക്കറി പോലും നട്ടു പിടിപ്പിക്കാത്ത വീടുകളും ഉള്ള പ്രദേശങ്ങളാണ് അധികവും ഉണ്ടായിരുന്നത്. അതിൽ നിന്നെല്ലാം വ്യത്യസ്തമായി വൃത്തിയുള്ള ടൗണുകളും, ശുചിത്വപൂർണ്ണമായ നീർച്ചാലുകളും, പച്ചക്കറികളാൽ സമൃദ്ധമായ വീട്ടുമുറ്റങ്ങളും വ്യാപകമായിട്ടുള്ള പ്രദേശമായി മാറിയിരിക്കുന്നു.



ഹരിതകേരളം മിഷൻ മുന്നോട്ടുവച്ച വെള്ളം, വൃത്തി, വിളവ് എന്നീ മേഖലകളിലെ സവിശേഷമായ ഇടപെടലുകൾ പ്രവൃത്തി പഥത്തിൽ എത്തിക്കാൻ സാധിച്ചിട്ടുണ്ട്. എങ്കിലും ഇനിയും ഏറെ മുന്നേറാനുണ്ട്.

## കൃഷി പരിസ്ഥിതി പുനഃസ്ഥാപനം

കാലാവസ്ഥ വ്യതിയാനത്തിന്റെയും അശാസ്ത്രീയമായ ജല ഭൂവിനിയോഗത്തിന്റെയും ഫലമായി വരൾച്ചയും വെള്ളപ്പൊക്കവും ജീവിതത്തിന്റെ ഭാഗമായി കഴിഞ്ഞു. ഇതിനെ പ്രതിരോധിക്കാനുള്ള ബോധവൽക്കരണ ശ്രമങ്ങളും പ്രായോഗിക പ്രവർത്തനങ്ങളും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തുടരുന്നുണ്ട്. ഹരിതസമൃദ്ധി, തരിശുരഹിത ഗ്രാമം, നെറ്റ് സീറോ കാർബൺ ജനങ്ങളിലൂടെ ക്യാമ്പയിന്റെ ഭാഗമായുള്ള കാർഷിക മേഖലയിലെ ഇടപെടലുകൾ, പച്ചത്തുരുത്ത് തുടങ്ങിയ പ്രവർത്തനങ്ങൾ മെച്ചപ്പെട്ട നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ സംഘടിപ്പിച്ചത് ഒരളവോളം പ്രയോജനപ്രദമായിട്ടുണ്ട്. എന്നാൽ കൂടുതൽ കാര്യക്ഷമമായി കർഷകരുടെയും മറ്റ് വിദഗ്ധരുടെയും പിന്തുണയോടെ ശക്തമാക്കേണ്ടതുണ്ട്.

ത്രിതല പഞ്ചായത്തുകളുടെയോ, നഗരസഭകളുടെയോ, കൃഷി വകുപ്പിന്റെയോ പിന്തുണയോടെ പാടശേഖര സമിതികളുടെ നേതൃത്വത്തിൽ പ്രത്യേകമായി കൂട്ടായ്മയോടെയുള്ള ആസൂത്രണവും നിർവഹണവും നെൽകൃഷി രംഗത്ത് സാധ്യമാക്കാം.

നെൽകൃഷിക്ക് ഉപയോഗിക്കാൻ സാധിക്കുന്ന എല്ലാ വയലുകളുടെയും ഉടമസ്ഥത, വിസ്തൃതി, കൃഷി രീതി എന്നിവ സംബന്ധിച്ച വിവരങ്ങൾ സമയബന്ധിതമായി ശേഖരിച്ച് പദ്ധതികൾ ആസൂത്രണം നടത്തണം.

തരിശുഭൂമി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാണെങ്കിലും കൃഷിയോഗ്യമായവയുടെ കൃത്യമായ ഡാറ്റ ഗ്രാമസർവ്വെയിലൂടെ കണ്ടെത്തി ക്രോഡീകരിച്ച് ഡിജിറ്റലായി സൂക്ഷിക്കണം. തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് കർമ്മപദ്ധതിയുണ്ടാക്കണം. ഇതിനു കാർഷിക കർമ്മസേനകൾ പ്രാദേശിക തലത്തിൽ രൂപീകരിക്കാം. ജില്ലാതലത്തിലും ബ്ലോക്ക്തലത്തിലും വിദഗ്ധരുടെ പിന്തുണയും ഉണ്ടാകണം.

എല്ലാ കുടുംബങ്ങളിലും (വാടകയ്ക്കോ ഫ്ലാറ്റുകളിലോ ആയാൽ പോലും) പച്ചക്കറി കൃഷി ശാസ്ത്രീയമായി ചെയ്യുന്നതിനുള്ള മനോഭാവം വളർത്തിയെടുക്കണം. സ്വയം പര്യാപ്തമായ ജില്ലയായി മാറുന്നതിന് സമഗ്ര കാർഷിക പ്ലാൻ തയ്യാറാക്കാം.

വാർഡ് സമിതി, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവ വഴി ഭക്ഷ്യസുരക്ഷയ്ക്ക് ഉതകുന്ന കാർഷിക പരിപാടികൾ ഉൾപ്പെടുന്ന സുഭിക്ഷ കേരളം പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കണം.

കൃഷിയുക്തമായ സ്ഥലങ്ങൾ പാർപ്പിടത്തിനോ അനിവാര്യമല്ലാത്ത സാമൂഹിക ആവശ്യങ്ങൾക്കോ വേണ്ടി നികത്തപ്പെടുന്നത് ഒഴിവാക്കണം. കൃഷി ഭൂമി കൃഷി ചെയ്യാനുള്ളതാണ് എന്ന് നയം രൂപീകരിക്കണം. കാലാവസ്ഥ വ്യതിയാനത്തിന്റെ ഭാഗമായി വർധിച്ചുവരുന്ന താപനിലയെ ക്രമപ്പെടുത്തുന്നതിന് വൃക്ഷവൽക്കരണം ഒരു ശീലമായി ഏറ്റെടുക്കാൻ എല്ലാവരെയും പ്രാപ്തരാക്കണം. നിലവിലുള്ള വനഭൂമിയെ നിലനിർത്തുകയും വനഭൂമിയിലെ ശോഷണം കുറയ്ക്കുന്നതിനുമുള്ള ഫലപ്രദമായ ഇടപെടലുകൾ വനംവകുപ്പ് മുഖേന നടപ്പാക്കണം. അതോടൊപ്പം അതിജീവനത്തിനുള്ള ചെറുവനങ്ങൾ എന്ന നിലയിൽ സാധ്യമായ ഇടങ്ങളിൽ പച്ചത്തുരുത്തുകൾ വ്യാപകമാക്കുകയും വേണം. ഓർമ്മത്തുരുത്ത്, ഓർമ്മമരം തുടങ്ങിയ പദ്ധതികൾ വ്യക്തികൾ, കുടുംബങ്ങൾ, സ്ഥാപനങ്ങൾ എന്നിവയിലൂടെ വ്യാപിപ്പിക്കണം.

വംശനാശം നേരിടുന്ന സസ്യങ്ങൾ സംരക്ഷിക്കുന്നവരെ പ്രോത്സാഹിപ്പിക്കുകയും ആദരിക്കുകയും ചെയ്യേണ്ടതുണ്ട്.

കാർബൺ സംഭരണത്തിനുതകുന്ന വൃക്ഷലതാദികൾ വെച്ചുപിടിപ്പിച്ച് പരിപാലിക്കുന്നവരെ കാർബൺ ക്രെഡിറ്റ് പദ്ധതിയിലൂടെ അംഗീകരിക്കണം.

നെൽകൃഷിയുടെ വർധനവ് പ്രധാന ലക്ഷ്യമായി ഏറ്റെടുക്കാവുന്നതാണ്. നെൽകൃഷിയിടങ്ങളുടെ വിസ്തീർണ്ണം വർധിപ്പിക്കാൻ പ്രോത്സാഹന നടപടികൾ സ്വീകരിക്കാം. അതു വഴി ഭക്ഷ്യോല്പാദനം വർധിപ്പിക്കാൻ കഴിയും. ഫാർമേഴ്സ് പ്രോഡ്യൂസർ കമ്പനി രൂപീകരിച്ച് വിപണന രംഗത്ത് ഇടപെടാൻ സാധിക്കണം. അതോടൊപ്പം മറ്റ് വിളകളും പ്രോത്സാഹിപ്പിക്കണം. മില്ലറ്റ് കൃഷിയും ഒരു സാധ്യതയാണ്. കാർഷിക രംഗത്ത് നാം ഏറ്റെടുത്ത ഹരിത സമൃദ്ധി വാർഡ്, തരിശുരഹിത ഗ്രാമം, ദേവഹരിതം, പച്ചത്തുരുത്ത് വ്യാപനം എന്നിവ ഏറെ ശ്രദ്ധേയമാണ്. ബോധവൽക്കരണത്തിലൂടെയും പ്രാദേശികമായ ഇടപെടലുകളുടെയും കുറെ അധികം നേട്ടങ്ങൾ ഉണ്ടാക്കിയെടുക്കാൻ സാധിച്ചുവെങ്കിലും മാലിന്യ സംസ്കരണ രംഗത്ത് നടപ്പാക്കിയത് പോലെ ഒരു ക്യാമ്പയിൻ ആയി ഇവ നടത്താൻ സാധിച്ചില്ല എന്നുള്ളത് ഒരു പരിമിതിയാണ്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ എല്ലാ വിഭാഗം ജനങ്ങളിലും കാലാവസ്ഥ വ്യതിയാനത്തിന്റെയും കാർബൺ ആധിക്യത്തിന്റെയും പ്രതിരോധ പ്രവർത്തനമായി കാർഷിക രംഗത്തെ പ്രവർത്തനങ്ങളെ ജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കേണ്ടതുമുണ്ട്. അതിന് എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെയും ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഏകോപിപ്പിച്ച് ക്യാമ്പയിനുകൾ ഏറ്റെടുക്കണം.

നെറ്റ് സീറോ കാർബൺ കേരളം - ജനങ്ങളിലൂടെ ക്യാമ്പയിനിന്റെ ഭാഗമായി ഏറ്റെടുത്തിട്ടുള്ള പ്രവർത്തനങ്ങൾ സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ ഉൾപ്പെട്ട കാർബൺ ഉദ്ഗമനം കുറക്കുന്നതിനുള്ള പ്രവർത്തനം സജീവമാക്കിയിട്ടുണ്ട്. നിലവിൽ 12 ഗ്രാമ പഞ്ചായത്തുകളിലാണ് ഏകോപിത രീതിയിലുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നത്. പരിസ്ഥിതി പുനസ്ഥാപനത്തിന് ഉതകുന്ന പ്രവർത്തനങ്ങളോടൊപ്പം ഊർജ്ജസംരക്ഷണത്തിന് സഹായകമായ ഇടപെടലുകളും നടന്നിട്ടുണ്ട്. ജില്ലയിലെ 17 സ്ഥാപനങ്ങൾ കാർബൺ നെഗറ്റീവ് തലത്തിലേക്ക് ഉയർന്നു എന്നത് ഏറെ പ്രതീക്ഷാനിർഭരമാണ്. പരമാവധി വിദ്യാലയങ്ങളും സാധ്യമാകുന്ന സർക്കാർ സ്ഥാപനങ്ങളും കാർബൺ തുലിതമാക്കുന്നതിനും സാധ്യമാക്കേണ്ടതുണ്ട്. ഇതോടൊപ്പം ബഹുജനങ്ങളുടെ ഇടപെടലുകളും എല്ലാ അർത്ഥത്തിലും കാർബൺ പുറം തള്ളൽ കുറക്കുന്നതിന് ഇടയാകണം. കാസറഗോഡ് ജില്ലാപഞ്ചായത്ത് വിദ്യാലയങ്ങൾ ഉൾപ്പെടെയുള്ള എല്ലാ ഘടകസ്ഥാപനങ്ങളിലും കാർബൺ ന്യൂട്രലാക്കുന്നതിന് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതുപോലെ ജില്ലയിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആവശ്യമായ പഠന പ്രവർത്തനങ്ങൾ നടത്തി പ്രവർത്തന കലണ്ടർ തയ്യാറാക്കണം. പരമാവധി യൂണിറ്റുകളെ കാർബൺ നെഗറ്റീവ് ആക്കുക എന്നതായിരിക്കണം ലക്ഷ്യം. യൂണിറ്റുകളെന്നാൽ വീടുകൾ, സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, കൃഷി ഫാമുകൾ എന്നിവയെല്ലാം ഉൾപ്പെടും. ഇതിനു സഹായമാകുന്ന രൂപത്തിൽ സോളാർ സംവിധാനം വ്യാപകമാക്കണം. വാഹന ഉപയോഗത്തിലും സവിശേഷ ശ്രദ്ധയുണ്ടാക്കണം.

### മാലിന്യസംസ്കരണം

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ മികച്ച നിലയിൽ മുന്നേറിയ ജില്ലയാണ് കാസറഗോഡ്. 2537 സ്ഥാപനങ്ങൾ, 12175 അയൽക്കൂട്ടങ്ങൾ, 182 പൊതുയിടങ്ങൾ, 32 ടൗണുകൾ, 14 ടൂറിസം കേന്ദ്രങ്ങൾ,656 വിദ്യാലയങ്ങൾ, 65 കലാലയങ്ങൾ എന്നിവയെല്ലാം സമ്പൂർണ്ണ ശുചിത്വമുള്ള ഹരിത സംവിധാനങ്ങളായി പ്രഖ്യാപിക്കുവാൻ കഴിഞ്ഞു. തുടർന്ന് മാലിന്യ സംസ്കരണ രംഗത്ത് അടിസ്ഥാനസൗകര്യ വികസനത്തിനാണ് ഊന്നൽ നൽകിയത്. മൂന്നു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥിര എം.സി.എഫ് സ്ഥാപിക്കാൻ കഴിയാതെ വന്നെങ്കിലും താത്ക്കാലിക സംവിധാനങ്ങൾ രൂപപ്പെടുത്തി മുന്നേറ്റം ഉണ്ടാക്കാൻ സാധിച്ചു.

ജില്ലയിലെ മഞ്ചേശ്വരം ബ്ലോക്കിലെ പഞ്ചായത്തുകളിൽ പാതയോരങ്ങളിൽ വൻതോതിൽ വലിച്ചെറിയപ്പെട്ട ജൈവ - അജൈവ മാലിന്യങ്ങളാണ് പരിഹരിക്കാൻ പ്രയാസമായ ഒരു പ്രശ്നമായി ഏറെക്കാലം നിലനിന്നത്. ഫ്ലാറ്റുകളുടെ മാലിന്യ സംസ്കരണ സൗകര്യങ്ങളുടെ കുറവും പൊതുജനങ്ങളുടെ അവബോധം ഇല്ലായ്മയുമാണ് ഇതിനു കാരണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിമിതിയും പ്രധാന ഘടകമായി മാറി. ഫലപ്രദമായ ഇടപെടൽ ജില്ലാ തലത്തിലും ഗ്രാമപഞ്ചായത്തു തലത്തിലും അത്യാവശ്യമാണ്. കാര്യക്ഷമമായ വിജിലൻസ് മോണിറ്ററിംഗും പിഴചുമത്തലും ഒഴിവാക്കാൻ കഴിയില്ല.

എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഖരമാലിന്യശേഖരണത്തിനുള്ള സംവിധാനങ്ങൾ സുസ്ഥിരതയോടെ ഉണ്ടാക്കാൻ സാധിച്ചുവെങ്കിലും ജൈവമാലിന്യ സംസ്കരണത്തിന് എല്ലായിടങ്ങളിലും പൂർണ്ണത കൈവരിക്കാൻ സാധിച്ചിട്ടില്ല. വിവിധ വകുപ്പുകളുടെയും മിഷനുകളുടെയും ഏകോപനത്തോടെ ജൈവ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നടത്തിയ ഗൃഹ സർവ്വെ യഥാർത്ഥ വസ്തുതകൾ പൂർണ്ണമായും പ്രതിഫലിക്കുന്നതായിരുന്നില്ല. അതിന്റെ തുടർച്ചയായി കമ്പോസ്റ്റ് കുഴികൾ ജൈവമാലിന്യ സംസ്കരണ ഉപാധികളുടെ വിതരണം എന്നിവ ജനകീയ ക്യാമ്പയിനായി ഏറ്റെടുക്കാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തയ്യാറാകേണ്ടതാണ്.

ഹരിതനിയമങ്ങൾ സംബന്ധിച്ച പുസ്തകം ഉപയോഗിച്ച് വിവിധതലങ്ങളിൽ പരിശീലനങ്ങളും ബോധവൽക്കരണവും നടത്തിയത് വലിച്ചെറിയൽ മുക്ത തദ്ദേശസ്വയംഭരണ പ്രഖ്യാപനത്തിന് ഏറെ സഹായിച്ചു. പഞ്ചായത്ത് രാജ് നിയമങ്ങളിലടക്കം പിന്നീട് കൊണ്ടുവന്ന നിയമഭേദഗതികൾ ഉൾപ്പെടുത്തി ബോധവൽക്കരണവും എൻഫോഴ്സ്മെന്റ് പ്രവർത്തനവും ശക്തിപെടുത്തണം. പഞ്ചായത്ത്/മുൻസിപ്പൽ വിജിലൻസ് സ്ക്വാഡും ദുർബലമാണ്. ജനകീയമായി ഇടപെടാനുള്ള പ്രത്യേക വാട്സ്ആപ്പ് നമ്പറും വേണ്ടത്ര പ്രയോജനപ്പെടുത്തിയിട്ടില്ല. ബോധവല്ക്കരണം വളരെ മെച്ചപ്പെട്ട രീതിയിൽ നടപ്പാക്കണം.

എല്ലാ ഭവനങ്ങളിലും സ്ഥാപനങ്ങളിലും ജൈവ മാലിന്യ ഉപാധികൾ ഉണ്ടെന്നും അവിടെ ശാസ്ത്രീയമായ രീതിയിൽ സംസ്കരിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തുന്നതിന് ക്യാമ്പയിൻ ഇനിയും തുടരേണ്ടതുണ്ട്. ജൈവ വളത്തിന്റെ ഉല്പാദനവും ഒപ്പം പച്ചക്കറി കൃഷിയുടെ വ്യാപനവും ഏകോപിപ്പിച്ച് സുസ്ഥിര സംവിധാനമായി മാറ്റണം. ഇതിന് ഇനോക്കുലം ലഭ്യമാകേണ്ടത് അത്യാവശ്യമാണ്.

എല്ലാ വീടുകളിലേക്കും സ്ഥാപനങ്ങളിലേക്കും യഥാസമയം ജൈവമാലിന്യ സംസ്കരണത്തിനായുള്ള ഇനോക്കുലം വിതരണം ഹരിതകർമ്മസേനയുടെ സംരംഭ പ്രവർത്തനമായി മാറ്റിയെടുക്കാൻ പരിശീലനം സംഘടിപ്പിക്കുകയും കൃത്യമായി വിപണനം ഉറപ്പാക്കുകയും വേണം.

ഹോട്ടലുകൾ, പച്ചക്കറിക്കടകൾ, വിദ്യാലയങ്ങൾ തുടങ്ങിയവയിലെ ജൈവമാലിന്യങ്ങൾ സ്ഥിരമായി ശേഖരിച്ച് സംസ്കരിക്കുന്നതിനുള്ള ശൃംഖലാ സംവിധാനവും സുസ്ഥിരമായി രൂപപ്പെടുത്തിയെടുക്കേണ്ടതുണ്ട്. ജില്ലാ പഞ്ചായത്ത് ഹയർ സെക്കന്ററി സ്കൂളുകളിൽ സ്ഥാപിച്ചിട്ടുള്ള തുമ്പൂർമുഴികളുടെ മാതൃക വ്യാപകമാക്കാം. ഇവയുടെ ഉപയോഗം കാര്യക്ഷമമാക്കുകയും വേണം.

നിലവിൽ രണ്ട് ചിക്കൻ റെൻഡറിംഗ് പ്ലാന്റുകൾ ഉണ്ടെങ്കിലും മത്സ്യമാർക്കറ്റുകൾ, അറവുശാലകൾ, കോഴിക്കടകൾ എന്നിവയിലെ ജൈവ മാലിന്യങ്ങളും കൃത്യതയോടെ ഏറ്റെടുത്ത് സംസ്കരിക്കുന്നതിനുള്ള പൊതു/ സ്വകാര്യ സംരംഭങ്ങൾ സുസ്ഥിരമാക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംരംഭകരുമായി കണ്ണി ചേർക്കേണ്ടതുമുണ്ട്.

ദ്രവ മാലിന്യ സംസ്കരണ രംഗത്തും ഏറെ മുന്നോട്ടു പോകേണ്ടതുണ്ട്. വലിയപറമ്പ പഞ്ചായത്തിലും മറ്റും നടത്തിയ മാതൃകയിൽ സോക്ക് പിറ്റുകൾ എംജിഎൻആർഇജി, എൽഎസ്ജിഡി എഞ്ചിനീയറിംഗ് വിഭാഗം, ശുചിത്വ മിഷൻ എന്നിവയുടെ നേതൃത്വത്തിൽ നിർമ്മിക്കാവുന്നതാണ്. നിലവിൽ എല്ലാ വീടുകളിലും സ്ഥാപിതമായിട്ടില്ല. ഹോട്ടലുകൾ, തട്ടുകടകൾ, പ്രധാന പൊതു സ്ഥാപനങ്ങൾ എന്നിവയിൽ പുറത്തേക്ക് ഒഴുകുന്ന മലിന ജലത്തെ സംസ്കരിക്കുന്നതിനുള്ള സ്ഥിര സംവിധാനം ഉണ്ടാക്കിയെടുക്കണം. പട്ടണപ്രദേശങ്ങളായി രൂപം കൊണ്ടിരിക്കുന്ന ഗ്രാമീണ കവലകളിൽ ഡ്രൈനേജ് നിർമ്മാണവും അവയിൽ നിന്നുള്ള മാലിന്യം നീരൊഴുക്കുകളിലേക്ക് വ്യാപിക്കാതെ സ്ഥിരമായി സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങളും രൂപപ്പെടുത്തി എടുക്കേണ്ടതുണ്ട്. ആശുപത്രികളിലും ബൾക്ക് വേസ്റ്റ് ജനറേറ്റർമാരായ സ്ഥാപനങ്ങളിലും STPകളും സമാന സംവിധാനങ്ങളും ഏർപ്പെടുത്തേണ്ടതാണ്.

സെപ്റ്റിക് ടാങ്കുകളുടെ ഉപയോഗം ഉറപ്പുവരുത്തലും നിശ്ചിത കാലയളവിൽ മനുഷ്യമല മാലിന്യങ്ങൾ നീക്കം ചെയ്ത് സംസ്കരിക്കുന്നതിനുമുള്ള എഫ് എസ് ടി പി കൾ സ്ഥാപിക്കുകയും

വേണം. രണ്ട് ഇടങ്ങളിലായി ഇപ്പോൾ സർക്കാർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. കുട്ടികളുടെയും മുതിർന്നവരുടെയും സാനിറ്ററി പാഡുകൾ കൃത്യതയോടെ ശേഖരിച്ച് സംസ്കരിക്കുന്നതിനുള്ള പ്ലാന്റുകൾ ജില്ലയിൽ ഉണ്ടാവേണ്ടതുണ്ട്. രണ്ട് ഡബിൾ ചേംബർ ഇൻസിനറേറ്ററുകൾ നിർമ്മാണപ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. സുസ്ഥിര ശേഖരണ സംവിധാനവും രൂപപ്പെടുത്തേണ്ടതാണ്. കൂടുതൽ കേന്ദ്രങ്ങളിൽ ഇത് സ്ഥാപിക്കുന്നതിനായി ത്രിതല പഞ്ചായത്തുകളും നഗരസഭകളും പ്രത്യേകം പദ്ധതികൾ തയ്യാറാക്കേണ്ടതുണ്ട്.

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി ഹരിതവിദ്യാലയം, ഹരിതഓഫീസ്, ഹരിതഅയൽക്കൂട്ടം, ഹരിതഗ്രന്ഥാലയം, ഹരിതടൌൺ തുടങ്ങി മാതൃകപരമായി രൂപീകരിച്ചുവെങ്കിലും സുസ്ഥിരതക്കുള്ള പദ്ധതികൾ തയ്യാറാക്കി തുടർച്ച ഉറപ്പുവരുത്തണം.

### ഹരിതകർമ്മ സേനാ പ്രവർത്തന മാർഗ്ഗരേഖ

[GO (P) 1498/2020 dtd 12.10.2020] പ്രകാരം നിർദ്ദേശിച്ച സംരംഭകഗ്രൂപ്പുകളുടെയും കൺസോർഷ്യം ഭാരവാഹികളുടെയും നിയമാനുസൃതമായ തെരഞ്ഞെടുപ്പുകൾ നടന്നിട്ടില്ല. ഇതിന് ഏത് ഏജൻസിയാണ് നേതൃത്വം നൽകേണ്ടതെന്നും തെരഞ്ഞെടുപ്പ് നടപടിക്രമങ്ങളുടെ അവ്യക്തതയും നിലനിൽക്കുന്നുണ്ട്. കൺസോർഷ്യത്തിന്മേൽ പഞ്ചായത്ത് ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും ചട്ടവിരുദ്ധമായ ഇടപെടലും തുടരുന്നുണ്ട്. സ്വയംഭരണ അധികാരങ്ങളോട് കൂടി കൺസോർഷ്യത്തിന് പ്രവർത്തിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുണ്ട്.

### ജലസംരക്ഷണം

12 ഓളം നദികളും അവയ്ക്ക് 100 ഓളം കൈവഴികളുമുള്ള ജലസമ്പന്നമാണ് ജില്ല. ഹരിതകേരളം മിഷൻ ജില്ലാ പഞ്ചായത്തിന്റെയും ജില്ലാതല സാങ്കേതിക സമിതിയുടെയും സഹകരണത്തോടെ ജില്ലാ ജലസുരക്ഷാ പ്ലാൻ തയ്യാറാക്കി സമഗ്രമായ തുടർപ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ജില്ലയിലെ വലിയ പട്ടണങ്ങളിലെ ഓടകളിൽ നിന്നുള്ള ദ്രവ മാലിന്യം ജലാശയങ്ങളിലേക്ക് കാലവർഷാരംഭത്തിൽ എത്തിച്ചേരാതെ സംസ്കരിക്കുന്നതിനുള്ള ശൃംഖല സംവിധാനം വേണം.

ജലസംരക്ഷണ രംഗത്ത് നീരുറവ് പദ്ധതിയുടെ ഭാഗമായി ആസൂത്രണം നടത്തി നീർത്തടാധിഷ്ഠിത രേഖകൾ തയ്യാറാക്കിയിട്ടുണ്ട്. മാപ്പത്തോൺ രേഖപ്പെടുത്തലിന്റെ മാതൃകയിൽ ഫസ്റ്റ് ഓർഡർ മുതൽ പുഴ വരെയുള്ള എല്ലാ നീരൊഴുക്കുകളുടെയും ഭൂപടങ്ങൾ തയ്യാറാക്കുകയും പ്രാദേശിക നീർച്ചാൽ സംരക്ഷണസമിതികൾ രൂപീകരിച്ച് ജലലഭ്യത ഉറപ്പുവരുത്തേണ്ട പ്രവർത്തനങ്ങൾ ക്യാമ്പയിനായി ഏറ്റെടുക്കേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട ഏജൻസികളുടെ ജില്ലാതലം മുതലുള്ള ഏകോപനവും പ്രധാനമാണ്. ഒന്നിലധികം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഏകോപനത്തിലൂടെ നദീതട ജലപുനരുജ്ജീവന പ്രവർത്തനങ്ങൾ, ജല സുരക്ഷാപ്ലാൻ ആസൂത്രണവും നടത്തിപ്പും, വൻ ജനകീയ ക്യാമ്പയിൻ ആക്കി മാറ്റണം. ഇനി ഞാൻ ഒഴുകട്ടെ, തെളിനീര് ഒഴുകും നവകേരളം എന്നിവയെല്ലാം ഈ രംഗത്തുള്ള മികച്ച പ്രവർത്തനങ്ങളാണ്. ഇവയ്ക്ക് സമയബന്ധിതമായ തുടർച്ചയുണ്ടാവണം. നിലവിൽ തയ്യാറാക്കിയ ജലബജറ്റും പുതുക്കി കാലാനുസൃതമാക്കണം.

തീരദേശങ്ങളിൽ അടിഞ്ഞുകൂടുന്ന ഖരമാലിന്യങ്ങളും ജൈവ മാലിന്യങ്ങളും ശേഖരിച്ച് സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. കടൽത്തീര ശുചീകരണത്തിന് തുടർച്ചയായുള്ള പദ്ധതികൾ അനിവാര്യമാണ്.

പുഴകളും അവയുടെ ചെറുതും വലുതുമായ എല്ലാ കൈവഴികളും മാലിന്യമുക്തമായി പരിരക്ഷിക്കുവാനുള്ള ഉത്തരവാദിത്വം അവയുടെ പാർശ്വങ്ങളിൽ താമസിക്കുന്ന ജനതയുടെ കൂടി ഉത്തരവാദിത്തമായി മാറ്റിയെടുക്കേണ്ടതുണ്ട്.

ഒന്ന്, രണ്ട്, മൂന്ന്, നാല് എന്നിങ്ങനെ ക്രമത്തിൽ നീർച്ചാലുകൾ തരംതിരിച്ചതിൽ ഓരോന്നിനെ സംബന്ധിച്ചുള്ള വിവരങ്ങളും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി

വെക്കണം. കൈത്തോടുകളും ചെറു നീർച്ചാലുകളും സുഗമമായി ഒഴുകിപ്പോകുന്നതിന് അത് സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ കൂടി ആയാൽ പോലും തടസ്സങ്ങൾ നീക്കുകയും ജലസംഭരണശേഷി വർധിപ്പിക്കുകയും ചെയ്യണം. സമഗ്ര നീർത്തടാധിഷ്ഠിത പദ്ധതി ഭൂമിയുടെ ചെരുവിനനുസരിച്ച് ആസൂത്രണം ചെയ്യുകയും കൃഷിവകുപ്പ്, തൊഴിലുറപ്പ് പദ്ധതി എന്നിവ വഴി തൽസ്ഥല മണ്ണ് ജലസംരക്ഷണ പദ്ധതിയായി നിർവഹിക്കുകയും ചെയ്യണം. തോടുകളുടെയും പുഴകളുടെയും പാർശ്വ വശങ്ങൾ ജല മണ്ണ് സംരക്ഷണത്തിന് സഹായകരമായ രീതിയിൽ പരിപാലിക്കേണ്ടതുണ്ട്.

പൊതുജലാശയങ്ങളിൽ നിന്ന് മോട്ടോറുകൾ ഉപയോഗിച്ച് അശാസ്ത്രീയമായ രീതിയിൽ കൃഷിയിടങ്ങളിലേക്ക് ജലസേചനം നടത്തുന്ന പ്രവണത നിരുത്സാഹപ്പെടുത്തുകയും കണികാ ജലസേചനം പോലുള്ള ശാസ്ത്രീയ ജലസേചന ഉപാധികൾ ഏറ്റെടുക്കാൻ കർഷകരെ സഹായിക്കുകയും വേണം.

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ രൂപീകരിച്ച കാലാവസ്ഥ വ്യതിയാനം ജൈവ വൈവിധ്യ സംരക്ഷണം വർക്കിംഗ് ഗ്രൂപ്പ് ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഹരിതകേരളം മിഷന്റെ പ്രവത്തനങ്ങൾ ഈ വർക്കിംഗ് ഗ്രൂപ്പിന്റെ മെച്ചപ്പെടുത്തലിലൂടെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സുസ്ഥിരമായി ഏറ്റെടുക്കാൻ സാധിക്കും. മാത്രമല്ല ത്രിതലപഞ്ചായത്ത് സംവിധാനങ്ങളിൽ ഇവയെ ഏകോപിപ്പിക്കാൻ റിസോഴ്സ് പേഴ്സൺമാർ ഉണ്ടാവുന്നത് ഗുണകരമാവും. വിവിധ മിഷനുകളെ തദ്ദേശ സ്വയംഭരണതലത്തിൽ ഏകോപിപ്പിക്കുന്നതിന് ഏകോപന സംവിധാനം എന്ന നിലയിൽ ഹരിതകേരളം മിഷൻ യോഗങ്ങൾ സംഘടിപ്പിക്കുവാൻ സംവിധാനമൊരുക്കണം. ബ്ലോക്ക് പഞ്ചായത്തുകളിലെ ഏകോപനത്തിനുള്ള ചുമതല ഏറ്റെടുക്കാൻ സാധിക്കും.